www.malankaralibrary.com

# ഫാ. ജോഷ്വാ താവളത്തിൽ ഒ.ഐ.സി. (1905- 1983) സന്ന്യാസ പൗരോഹിത്യാദർശങ്ങളുടെ ആൾരൂപം



ഫാ. ഡോ. ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി.

എഡിറ്റർ

www.malankaralibrary.com

www.malankaralibrary.com

# ഫാ. ജോഷ്വാ താവളത്തിൽ ഒ.ഐ.സി.
# സന്ന്യാസ പൗരോഹിത്യാദർശങ്ങളുടെ ആൾരൂപം

ഫാ.ഡോ.ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി.
എഡിറ്റർ

പന്തളം, 2021

www.malankaralibrary.com

**Fr. Joshua Thavalathil OIC - Sannya Paurohithya Aadarshangalude Aalroopam**

Biography and Vision of Fr.JoshuaThavalathil OIC: Sharing by Family Members and Confreres

(Articles in Malayalam and English)

**Editor**
Fr. Dr. James Puthuparampil OIC

**Publisher**
Babu K.Thomas, Poozhickad, Pandalam

**First Edition**
February, 2021

**Lay out**
Mrs.Viji Rajan

**Illustrations**
Madhu, Alleppey

**Design & Cover Page**
Mrs.Shani Roopesh

**Printed at**
Bethany Press, Kottayam

Copies 500
(Private Circulation only)

www.malankaralibrary.com

# ഉള്ളടക്കം

**എഡിറ്റോറിയൽ** 5

**അവതാരിക –** ഫാ. ഡോ. മത്തായി കടവിൽ ഒ.ഐ.സി 9

**ജീവചരിത്രം –** ഫാ. ഡോ. ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി 16

**ഫാ. ജോഷ്വായുടെ കത്തുകൾ**

- മിശിഹാനുകരണ സമൂഹാംഗങ്ങൾക്ക് – 19–12–1959 58
- മിശിഹാനുകരണ സമൂഹാംഗങ്ങൾക്ക് – 21–12–1964 62
- കുടുംബാംഗത്തിന് 30–11–1970 65
- സമൂഹാദ്ധ്യക്ഷൻ – 1983 67

**സ്മരണകളുടെ പുനഃപ്രസിദ്ധീകരണം**

- ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് ഒ.ഐ.സി. 68
- ഫാ. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി. 73
- എ.ജി. ചെറിയാൻ 76

**അനുസ്മരണാഗാനം**

- ശ്രീമതി വിജി രാജൻ 82

**കുടുംബാംഗങ്ങളുടെ അനുഭവങ്ങൾ, ഓർമ്മക്കുറിപ്പുകൾ**

- സി. സ്കൊളാസ്റ്റിക്കാ എസ്. ഐ.സി. 83
- സി. ഹാക്കിം എസ്.ഐ.സി. 85
- സി. പൗളാ എസ്.ഐ.സി. 87
- സി. പാസ്കൽ എസ്.ഐ.സി. 89
- ചെറിയാൻകുഞ്ഞ്, പെരുപായ്ക്കാട്ട് 93
- ത്രേസ്യാമ്മ ജോസഫ് 97
- ഫാ. റ്റി. വൈ. ഗീവർഗീസ്, കാർമ്മൽ ദയറാ, കിഴക്കേ കല്ലട 100
- ബാബു കെ. തോമസ് 102
- ഫാ. ഡോ. തോമസ് റജി പടിഞ്ഞാറ്റേമേലേതിൽ ഒ.ഐ.സി. 104
- ഡോ. ലളിതാ ജോർജ്ജ് 109

**ആശ്രമസ്ഥരുടെ അനുഭവങ്ങൾ, ഓർമ്മക്കുറിപ്പുകൾ**

- ഫാ. ജോൺ ബോസ്കോ കുറ്റിയിൽ ഒ.ഐ.സി. 112
- ഫാ. മൈക്കിൾ വരിക്കോലിത്തറയിൽ ഒ.ഐ.സി. 114

www.malankaralibrary.com


- ഫാ. ഫിലിപ്പ്നേരി ഒ.ഐ.സി. 121
- ഫാ. ഡോ. ജോർജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി. 123
- ഫാ. ജയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി. 129
- ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി. 132
- ഫാ. സഖറിയാസ് നന്ത്യാട്ട് ഒ.ഐ.സി. 134
- ഫാ. വറുഗീസ് തറമുട്ടം ഒ.ഐ.സി. 138
- ബ്ര. കുര്യാക്കോസ് കാവിളയിൽ ഒ.ഐ.സി. 141
- ഫാ. വില്ല്യം നെടുമ്പുറത്ത് ഒ.ഐ.സി. 150
- ഫാ. ഇഗ്നേഷ്യസ് കടിയംകുന്നിൽ ഒ.ഐ.സി. 152
- ഫാ. ഡോ. വർഗീസ് വിജയാനന്ദ് ഒ.ഐ.സി. 157
- Fr. Dr. Francis Assisi Samuel OIC 160
- John D. Kavinal 162
- Fr. William Nedumpurath OIC 163
- Fr. Mathew Manaluvila OIC 165

**Thavalathil Family Tree** 172

**Photo Session** 181

www.malankaralibrary.com

# എഡിറ്റോറിയൽ

ബഥനി ആശ്രമത്തിൽ 15-ാമത്തെ അംഗമായി 1924-ൽ പ്രവേശനം നേടിയ താവളത്തിൽ ജോഷ്വാ റാങ്കോടുകൂടെ FA പാസ്സായ വ്യക്തി യായിരുന്നു. വിദ്യാഭ്യാസ യോഗ്യതയ്ക്ക് ആനുപാതികമായ ഗുണ നിലവാരം അദ്ദേഹത്തിന്റെ ജീവിതത്തിലും ദർശനത്തിലും ദൃശ്യമായിരുന്നു. കുടുംബ-സാമൂഹിക ബന്ധങ്ങളിൽ കാത്തുസൂക്ഷിക്കേണ്ട അകലം പാലിച്ചു കൊണ്ട് വ്യക്തിജീവിതത്തിൽ ഏകാഗ്രത, ദൈവഭക്തി, സുകൃതാഭ്യസനം എന്നിവയിൽ ഫാ.ജോഷ്വാ തഴക്കം നേടി. സന്ന്യാസ ജീവിതത്തിന്റെ ഉത്തുംഗ ശൃംഗത്തിലേക്ക് ഉയർന്നു കൊണ്ടിരുന്ന ജോഷ്വാ അച്ചൻ മലങ്കര സഭയും ബഥനി സന്ന്യാസി സമൂഹവും അദ്ദേഹത്തെ ഏല്പിച്ച എല്ലാ ഉത്തര വാദിത്വങ്ങളും നിർവഹിക്കുന്നതിനുള്ള ചുമതലാബോധവും കാര്യക്ഷമതയും നേടിയ താപസനായിരുന്നു.

1927 മുതൽ ആശ്രമത്തിലെ 'ഗുരു അച്ചൻ', പുല്ലാട് ബഥനി ആശ്രമ ത്തിൽ 'ആബൂനാ', ബഥനി ട്രസ്റ്റിന്റെ സെക്രട്ടറി, ധനകാര്യദർശി എന്നീ ചുമതലകൾ നിർവ്വഹിച്ച ഫാ.ജോഷ്വാ 25 വയസ്സ് തികയുന്നതിനു മുമ്പു തന്നെ ബഥനി ആശ്രമ ചരിത്രത്തിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ച സന്ന്യാസിയാണ്. ('ആബൂനാ' എന്ന സ്ഥാനം ബഥനി ആശ്രമത്തിൽ ഉപയോഗിച്ചിരുന്നത് 'കൊച്ചുപിതാവ്' എന്ന അർത്ഥത്തിലാണ്. സമൂഹസ്ഥാപകനും പ്രഥമ സമൂഹാദ്ധ്യക്ഷനുമായ ഫാ.പി.റ്റി.ഗീവർഗീസ് 'ആശ്രമ ശ്രേഷ്ഠൻ' - ആബട്ട് - എന്ന പദത്തിനു തുല്യമായ 'ആബോ' എന്ന പേരിലാണ് അറിയപ്പെട്ടിരു ന്നത്. പുനരൈക്യത്തിനു ശേഷം, ആശ്രമസ്ഥരുടെ തലവനായി ഒരാളെ തിരഞ്ഞെടുത്ത് ആശ്രമത്തിന്റെ ചുമതലകൾ അദ്ദേഹത്തിലൂടെ നിർവ്വഹിക്ക പ്പെടണമെന്ന് മാർ ഈവാനിയോസ് തിരുമേനി തീരുമാനിക്കുകയും അതനുസരിച്ച് 1933-ൽ വെണ്ണിക്കുളത്ത് - പുല്ലാട് ബഥനി ആശ്രമത്തിൽ വച്ച് - ഫാ.ജോഷ്വായെ ആശ്രമ ശ്രേഷ്ഠനായി തിരഞ്ഞെടുക്കുകയും ചെയ്തു. അങ്ങനെ മാർ ഈവാനിയോസ് തിരുമേനിക്കു ശേഷം ബഥനിയുടെ സുപ്പീരിയർ ജനറലായി ഫാ.ജോഷ്വാ തിരഞ്ഞെടുക്കപ്പെട്ടു. 1948-ൽ ബഥനി ആശ്രമം ഇന്റർഡയോസിസൻ സമൂഹമായി രൂപീകരിക്കപ്പെട്ടതിനു ശേഷമാണ് കത്തോലിക്കാ സഭയിൽ സന്ന്യാസസമൂഹങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതു പോലെ സ്വതന്ത്രഭരണം ബഥനി ആശ്രമ സിനാക്സിസ് തിരഞ്ഞെടുക്കുന്ന സമൂഹാദ്ധ്യക്ഷനിൽ നിക്ഷിപ്തമാകുന്നത്. അക്കാലം വരെ സമൂഹ സ്ഥാപകന്റെ പ്രതിനിധിയായും തിരുവല്ലാ രൂപതാദ്ധ്യക്ഷന്റെ പ്രതിനിധിയായും ബഥനി ആശ്രമത്തിന്റെ ഡയോസിസൻ സമൂഹങ്ങൾക്ക്

www.malankaralibrary.com

'സുപ്പീര്യർ ജനറൽമാർ' നേതൃത്വം കൊടുത്തിരുന്നു). മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി ഉദ്ഘാടനം ചെയ്യുന്നതിന് പാമ്പദോർ സിനിമാ ശാല പാളയം സെന്റ് മേരീസ് പ്രോ-കത്തീഡ്രൽ ദൈവാലയമായി രൂപപ്പെടുത്തുന്നതിനും അതിരൂപതാ കാര്യാലയം പ്രവർത്തിക്കുന്നതിന് കവടിയാറിൽ കെട്ടിടം വാടകയ്ക്കെടുത്ത് സജ്ജമാക്കുന്നതിനും നിയോഗം ലഭിച്ച വ്യക്തി എന്ന നിലയിൽ പുനരൈക്യപ്രസ്ഥാനത്തിനു വേണ്ടി ഫാ. ജോഷ്വാ നിർവഹിച്ചിട്ടുള്ള ശുശ്രൂഷകൾ ശ്രദ്ധാർഹമാണ്. തെക്കൻ പ്രദേശങ്ങളിൽ അക്രൈസ്തവരുടെ ഇടയിലുള്ള സുവിശേഷീകരണ ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കാൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയാൽ നിയോഗിക്കപ്പെട്ട വൈദികൻ, ബഥനി ആശ്രമത്തിന്റെ കാനോനിക സ്ഥാപനത്തിനായി ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, ബിഷപ്പ് ജോസഫ് മാർ സേവേറിയോസ്, മാർപാപ്പായുടെ ഇന്ത്യയിലെ പ്രതിനിധി എന്നിവരുമായി സമയോചിതമായ കത്തിടപാടുകൾ നടത്തിക്കൊണ്ടിരുന്ന ബഥനി ആശ്രമസ്ഥരിൽ പ്രമുഖൻ, ഇന്റർ ഡയോസിസൻ മിശിഹാനുകരണ സന്ന്യാസി സമൂഹത്തിന്റെ രണ്ടാമത്തെയും നാലാമത്തെയും സുപ്പീരിയർ ജനറൽ, നവശിഷ്യഗുരു, ആദ്ധ്യാത്മികോപദേഷ്ടാവ്, ബഥനി ആശ്രമ മന്ദിരങ്ങളിലെ കണക്കിന്റെ ഓഡിറ്റർ എന്നിങ്ങനെ ആശ്രമജീവിതത്തിന്റെ മനോഹാരിത നുകർന്നുകൊണ്ട്, ബഥനിയുടെ കാവലാളും മലങ്കര കത്തോലിക്കാ സഭയിലെ തീക്ഷ്ണമതിയായ സുവിശേഷകനുമായി ഫാ.ജോഷ്വാ പ്രവർത്തിച്ചു. പുനരൈക്യപ്രസ്ഥാനത്തിനു വേണ്ടി ബന്ധനസ്ഥനായ ആശ്രമസ്ഥനാണ് ഫാ. ജോഷ്വാ.

**ഗ്രന്ഥരചനയ്ക്കുള്ള പ്രചോദനം**

ശ്രീമാൻ ജോർജ്ജ് താവളത്തിൽ, സി.പാസ്കൽ എസ്.ഐ.സി., അച്ചന്റെ അനന്തിരവൻ ബാബു തോമസ് എന്നിവർ ഫാ.ജോഷ്വാ താവളത്തിൽ ഒ.ഐ.സി.യുടെ ഓർമ്മക്കുറിപ്പുകൾ ശേഖരിച്ച് പ്രസിദ്ധീകരിക്കണമെന്ന് ഞാൻ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണ നടപടികളുടെ ചരിത്രകമ്മീഷന്റെ ചുമതല വഹിച്ചുകൊണ്ടിരുന്ന കാലം മുതൽ (2010–2015) എന്നോട് പറഞ്ഞിരുന്നു. ബഥാന്യൻ ആദ്ധ്യാത്മികത മനസ്സിലാക്കുന്നതിനുള്ള ഒരു സ്രോതസ്സാണ് ജോഷ്വാ അച്ചന്റെ വീക്ഷണവും ജീവിതവുമെന്ന് മാർ ഈവാനിയോസ് തിരുമേനിയുടെ ജീവചരിത്രവും ബഥനി ആശ്രമ ചരിത്രവുമായി ബന്ധപ്പെട്ട രേഖകളും പഠിക്കുമ്പോൾ മനസ്സിലാക്കുന്നതിന് എനിക്കു സാധിച്ചു. ജോലിയുടെ ബാഹുല്യം നിമിത്തം 2020 ഡിസംബർ വരെ ആ വിഷയത്തിൽ എന്തെങ്കിലും ചെയ്യാനുള്ള സാവകാശം ലഭിച്ചില്ല. ബഥനി ആശ്രമ ചരിത്ര ഗ്രന്ഥം പ്രസിദ്ധം ചെയ്തത് ആശ്രമത്തിന്റെ 20-ാം ജനറൽ സിനാക്സിസിൽ (26 ജനുവരി 2021 മുതൽ) വച്ചായിരുന്നു. ജനറൽ സിനാക്സിസിൽ സ്വീകരിച്ച വിഷയം 'നവീകരിക്കപ്പെട്ട മിഷൻ ദർശനവും ദൗത്യവും ബഥനിയുടെ ശാക്തീകരണത്തിന്' (A Renewed Vision of Mission for Empowering Bethanians) എന്നതായിരുന്നു. ഈ വിഷയം പഠിക്കുന്നതിന് ഫാ.ജോഷ്വാ തയ്യാറാക്കിയിരുന്ന സന്ന്യാസജീവിതം

www.malankaralibrary.com

സംബന്ധിച്ച രേഖകൾ ഉപകാരപ്രദമാണെന്ന് മനസ്സിലാക്കുകയും മുതിർന്ന ആശ്രമസ്ഥരുമായി ജോഷ്വാ അച്ചന്റെ വീക്ഷണവും ജീവിതവും പ്രതിപാദിക്കുന്ന ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നതിനെപ്പറ്റി ആലോചിക്കുകയും ചെയ്തു. ആ നിർദ്ദേശം വളരെ സ്വീകാര്യമാണെന്നും അതിനു വേണ്ട സഹായം ചെയ്തു തരാമെന്നും ബന്ധപ്പെട്ട എല്ലാവരും പ്രതികരിച്ചു. 15 ലേഖനങ്ങൾ ലഭ്യമാവുകയാണെങ്കിൽ സ്മരണിക പ്രസിദ്ധീകരിക്കാമെന്നായിരുന്നു ഉദ്ദേശ്യം. പ്രസിദ്ധീകരണ സാദ്ധ്യതയുണ്ടെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ ഫെബ്രുവരി മാസം 5-ാം തീയതി നവജീവൻ പ്രൊവിൻഷ്യൽ സുപ്പീര്യർ ഫാ. മാത്യു ജേക്കബ് തിരുവാലിലുമായി ഈ വിഷയം ചർച്ച ചെയ്യുകയും അദ്ദേഹത്തിന്റെ അനുവാദപ്രകാരം പ്രസിദ്ധീകരണത്തിനുള്ള ക്രമീകരണങ്ങൾ ആരംഭിക്കുകയും ചെയ്തു. 2021 ജനുവരി 30 മുതൽ ഫെബ്രുവരി 10 വരെയുള്ള ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് Autograph ഉൾപ്പെടെ 25-ലധികം ലേഖനങ്ങൾ ഇതിനായി ലഭിച്ചു. അങ്ങനെ മാനുഷികമായ കണക്കുകൂട്ടലുകൾക്കതീതമായി ലഭിച്ച അനുഗ്രഹത്തോടുകൂടെ ഈ പുസ്തകം പ്രസിദ്ധീകരിക്കുമ്പോൾ 38 വർഷങ്ങൾക്കു മുമ്പ് ഈ ലോകവാസം പൂർത്തിയാക്കിയ ജോഷ്വാ അച്ചന്റെ വ്യക്തിത്വവും ദർശനവും പഠന വിഷയമാക്കേണ്ടത് ദൈവേഷ്ട മാണെന്ന ബോധ്യം വർദ്ധിക്കുന്നു.

**ഉള്ളടക്കം**

ജോഷ്വാ അച്ചന്റെ ജീവചരിത്രം, നാല് Autograph (സ്വയംകൃത കത്തുകൾ), ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് ഒ.ഐ.സി ജോഷ്വാ അച്ചന്റെ ശവസംസ്കാരവേളയിൽ നടത്തിയ ചരമപ്രസംഗം, ഫാ.ജയിംസ് മാമ്മൂട്ടിൽ പ്രസിദ്ധീകരിച്ച ഒരു അനുസ്മരണം എന്നിവ ഈ ഗ്രന്ഥത്തിൽ പുനഃപ്രസിദ്ധം ചെയ്യുന്നു. സന്ന്യാസാശ്രമാംഗങ്ങളല്ലാത്ത ദൈവമക്കളുടെ ആത്മീയ വളർച്ചയ്ക്കായി മാർ ഈവാനിയോസ് തിരുമേനി ആരംഭിച്ച ബഥനി തൃതീയാശ്രമം 'ബഥനി സന്നദ്ധസേവാസംഘം' എന്ന പേരിൽ ബഥനി ആശ്രമസ്ഥർ പുനരുജ്ജീവിപ്പിച്ചു നടത്തിക്കൊണ്ടിരുന്നു. ബഥനി സന്നദ്ധ സേവാസംഘത്തെപ്പറ്റി അതിന്റെ സജീവപ്രവർത്തകനായിരുന്ന ശ്രീമാൻ എ.ജി. ചെറിയാൻ 1978-ൽ എഴുതിയ ഒരു ലേഖനവും ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു. ഫാ.ജോഷ്വാ ഉൾപ്പെടെയുള്ള ആശ്രമസ്ഥർ വിശ്വാസികളുടെ ആത്മീയ വളർച്ചയിൽ ദത്തശ്രദ്ധരായിരുന്നതിന്റെ സാക്ഷ്യമായി ഈ ലേഖനം മനസ്സിലാക്കിയതിനാലാണ് ജോഷ്വാ അച്ചനെക്കുറിച്ചുള്ള ഈ ലഘുഗ്രന്ഥത്തിൽ അതു ചേർത്തിരിക്കുന്നത്. ജോഷ്വാ അച്ചന്റെ കുടുംബാംഗങ്ങളുടെയും ബഥനി ആശ്രമസ്ഥരുടെയും അനുഭവങ്ങളും ഓർമ്മകളുമാണ് മറ്റ് ലേഖനങ്ങൾ. ഈ ലേഖനങ്ങളുടെ ടൈപ്പ് സെറ്റിംഗ് നിർവഹിച്ച ഹൈന്ദവ സഹോദരിയായ ശ്രീമതി വിജി രാജൻ, ഫാ.ജോഷ്വായെക്കുറിച്ച് ഒരു എഴുതിയ അനുസ്മരണ ഗാനം എഴുതാൻ പ്രചോദിതയായി. ആ ഗീതവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ ഗ്രന്ഥത്തിൽ ജോഷ്വാ അച്ചന്റെ ലഭ്യമായ ഫോട്ടോകൾ ചേർത്തിട്ടുണ്ട്. അദ്ദേഹത്തിന് ഏഴ് സഹോദരങ്ങളുണ്ടായിരുന്നു. നാലും അഞ്ചും

www.malankaralibrary.com

തലമുറയിൽപ്പെടുന്നവർ ഇപ്പോഴുണ്ട്. മൂപ്പുമുറയനുസരിച്ച് അവരുടെ പേരുകൾ, അവരുടെ പിൻതലമുറക്കാരുടെ പേരുകൾ എന്നിവ ഈ ചരിത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അവർക്ക് ജോഷ്വാ അച്ചനുമായി തങ്ങൾക്കുള്ള ബന്ധം മനസ്സിലാക്കാൻ ഈ പ്രതിപാദനം സഹായിക്കുമെന്നു കരുതുന്നു. ജോഷ്വാ അച്ചന്റെ സഹോദരങ്ങളുടെ കുടുംബാംഗങ്ങൾക്കു പുറമെ, താവളത്തിൽ കിഴക്കേതിൽ കുടുംബവുമായി ബന്ധമുള്ള സന്ന്യസ്തരുടെയും വൈദികരുടെയും ഫോട്ടോയും ചേർത്തിട്ടുണ്ട്. ഫാ.ജോഷ്വാ തന്റെ സമർപ്പണ ജീവിതത്തിൽ പ്രാധാന്യം കൊടുത്ത ബഥനി ആശ്രമത്തിന്റെ പ്രേഷിത പ്രവർത്തനങ്ങളും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും അദ്ദേഹത്തിന്റെ പിൻഗാമികളായ ആശ്രമസ്ഥർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട ഒരു ലേഖനവും അതുമായി ബന്ധപ്പെട്ട ചില ഫോട്ടോകളും ഇതിൽ ചേർത്തിട്ടുണ്ട്.

**കൃതജ്ഞതാപൂർവ്വം**

സുമനസ്സുകളായ വിവിധ വ്യക്തികളുടെ സഹായ സഹകരണങ്ങൾ കൊണ്ടാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ സാധിച്ചത്. ഒന്നാമതായി, വിവര ശേഖരണത്തിന് ബഥനി ജനറലേറ്റ് ആർക്കൈവിലെ രേഖകൾ പരിശോധിക്കുന്നതിന് അനുവാദം നൽകിയത് സമൂഹാദ്ധ്യക്ഷൻ ഡോ. മത്തായി കടവിലാണ്. അനുവാദം നൽകിയതിനു പുറമേ, ഈ ഗ്രന്ഥത്തിന് ഒരു അവതാരികയും എഴുതി അനുഗ്രഹിച്ചിരിക്കുന്നു. അപ്രകാരം ഈ ഗ്രന്ഥരചനയെ പ്രോത്സാഹിപ്പിച്ച ജനറാളച്ചനോടുള്ള കടപ്പാട് നിസ്സീമമാണ്. കുടുംബാംഗങ്ങളെപ്പറ്റിയുള്ള വിവരണങ്ങളും ഫോട്ടോകളും മി. ജോർജ്ജ് താവളത്തിൽ, സി. പാസ്കൽ എസ്.ഐ.സി., മി. ബാബു തോമസ്, മി.ജോൺ കെ.ദാനിയേൽ, മി. വിൻസെന്റ് വർഗ്ഗീസ് എന്നിവരാണ് ശേഖരിച്ചു തന്നത്. എന്റെ സന്ന്യാസ സഹോദരന്മാരായ ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി., ഫാ.ഡോ.റ്റൈറ്റസ് ജോൺ ഒ.ഐ.സി., ഫാ. മാത്യു മണലുവിള ഒ.ഐ.സി., ഫാ.ദാനിയേൽ തോമസ് കല്ലിൽ ഒ.ഐ.സി., എന്നിവരുടെ ഔദാര്യപൂർവ്വമായ സഹായ സഹകരണങ്ങൾ നന്ദിയോടെ ഓർക്കുന്നു. കൃത്യസമയത്ത് ടൈപ്പ് സെറ്റിംഗ് ലേ-ഔട്ട് എന്നിവ നിർവ്വഹിച്ച ശ്രീമതി വിജി രാജൻ, ശ്രീമതി ഷാനി രൂപേഷ് എന്നിവരോടും ഭംഗിയായി അച്ചടി നിർഹിച്ച ബഥനി പ്രസ്സ് അധികാരികളോടും സ്റ്റാഫ് അംഗങ്ങളോടുമുള്ള കൃതജ്ഞതയും അറിയിക്കുന്നു.

ഫാ.ജോഷ്വാ താവളത്തിൽ ജീവിക്കുകയും, പിൻതലമുറയ്ക്ക് കൈമാറുകയും ചെയ്ത ക്രൈസ്തവ സാക്ഷ്യം മുറുകെ പിടിച്ചുകൊണ്ട് ദൈവനാമ മഹത്വത്തിനായി ജീവിക്കുന്നതിന് അനുവാചകർക്ക് ഈ ഗ്രന്ഥം പ്രചോദനമാകുമെന്ന് പ്രത്യാശിക്കുന്നു.

**ഫാ. ഡോ. ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി.**
എഡിറ്റർ

www.malankaralibrary.com



## അവതാരിക

# ഫാ.ജോഷ്വാ ഒ.ഐ.സി.: പുനരൈക്യാനന്തര ബഥനിയെ പരിപോഷിപ്പിച്ച താപസ ശ്രേഷ്ഠൻ

**ഫാ. ഡോ. മത്തായി കടവിൽ ഒ.ഐ.സി.**
സുപ്പീര്യർ ജനറൽ, ബഥനി ആശ്രമം

ബഥനിക്ക് ലഭിച്ച വരദാനമാണ് ഫാ.ജോഷ്വാ താവളത്തിൽ ഒ.ഐ.സി. സമൂഹസ്ഥാപകനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവും, തെയോഫിലോസ് പിതാവും, മെത്രാൻ പദവി സ്വീകരിച്ചതോടെ വൈദിക പരിശീലന കാലത്തുതന്നെ നവസന്ന്യാസ ഗുരുവായി നിയോഗിക്കപ്പെട്ട വ്യക്തി. രണ്ടു പുണ്യപിതാക്കന്മാരുടെയും ചിന്തകളും സ്വപ്നങ്ങളും ആവഹിച്ചെടുക്കുന്നതിനും അതു പുത്തൻ തലമുറയിലേക്ക് കൈമാറുന്നതിനും ജോഷ്വാ അച്ചൻ പുലർത്തിയ നിഷ്ഠ 'ബഥനിയ്ക്ക് അനുഗ്രഹമായി. പുനരൈക്യാനന്തരം മലങ്കര സഭയുടെ പ്രവർത്തനങ്ങളെ തിരുവനന്തപുരം പ്രദേശത്ത് അരക്കിട്ടുറപ്പിച്ചശേഷം പുനരൈക്യാനന്തര ബഥനിയെ ശക്തിപ്പെടുത്തുന്നതിനായി ജോഷ്വാ അച്ചൻ നടത്തിയ ആത്മാർപ്പണം ബഥനിയുടെ വളർച്ചയ്ക്ക് അടിസ്ഥാനമിട്ടു.

ചരിത്രപഠനത്തിൽ വായ്മൊഴികളും വരമൊഴികളും വളരെ പ്രധാനപ്പെട്ടതാണ്. 1919-ൽ ആരംഭിച്ച ബഥനിയുടെ 2019 വരെയുള്ള ചരിത്രം വിവിധ രചനകളുടെ അടിസ്ഥാനത്തിൽ ഇതിനകം ക്രോഡീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ഈ പുസ്തകരചനയുടെ പ്രത്യേകത വരമൊഴിയോടൊപ്പം വായ്മൊഴികളുടെ കൂടെ ഒരു സമാഹരണം കൂടിയാണെന്നതാണ്. ജോഷ്വാഅച്ചനെ സംബന്ധിച്ച കാര്യങ്ങൾ അദ്ദേഹത്തെ അറിയുകയും മനസിലാക്കുകയും ചെയ്യുന്നവർ പങ്കുവയ്ക്കുന്നുവെന്നതാണ് ഈ ഗ്രന്ഥത്തിന്റെ പ്രത്യേകത. ജോഷ്വാ അച്ചനെ സംബന്ധിച്ച നിരീക്ഷണങ്ങളുടെയും അനുഭവങ്ങളുടെയും പങ്കുവയ്ക്കൽ ബഥനിയെക്കുറിച്ചും ബഥാന്യൻ ആദ്ധ്യാത്മികതയക്കുറിച്ചുമുള്ള ഒരു പഠനം കൂടിയാണ്. ഈ അവസരത്തിൽ അച്ചനെ സംബന്ധിച്ച നാല് ചിന്തകൾ പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

### ബഥാന്യൻ ആദ്ധ്യാത്മികതയ്ക്കു ഭാഷ്യം രചിച്ച ജോഷ്വാ അച്ചൻ

ബഥനി ആശ്രമം ഒരു സ്വതന്ത്ര പ്രസ്ഥാനമായിരുന്നു. 1930-ൽ ബഥനി ട്രസ്റ്റിന്റെ സെക്രട്ടറിയും ധനകാര്യദർശിയുമായി നിയോഗിക്കപ്പെട്ടത് ബഹുമാനപ്പെട്ട ജോഷ്വാ അച്ചനായിരുന്നു. 1930 ഫെബ്രുവരി 20-ന് പെരുന്നാട് മുണ്ടൻമലയിൽ ചേർന്ന ബഥനിയുടെയും ബഥനിയുടെ അഭ്യുദയകാംക്ഷികളുടെയും കൂടിവരവായ ബഥനി യോഗം മുതൽ ബഥനി ട്രസ്റ്റിന്റെ വിശദമായ

www.malankaralibrary.com

റിപ്പോർട്ടുകളും നിശ്ചയങ്ങളും കൃത്യമായി എഴുതി സൂക്ഷിക്കുന്നതിൽ ജോഷ്വാ അച്ചൻ ജാഗ്രത പുലർത്തിയിരുന്നു. ജോഷ്വാ അച്ചൻ യോഗ റിപ്പോർട്ടും നിശ്ചയങ്ങളും രേഖപ്പെടുത്തിയതോടൊപ്പം അതിലൂടെ ബഥനി യുടെ ആദർശത്തെയും ജീവിതക്രമത്തെയും മനസ്സിലാക്കാൻ സഹായിക്കുന്ന സൂചനകളും കൃത്യമായി നല്കുന്നതിന് ശ്രദ്ധിച്ചു. ബഥനിയുടെ നാൾവഴികൾ അതിന്റെ സ്ഥാപനം മുതൽ ജോഷ്വാ അച്ചൻ എഴുതിയിരുന്നു. ഇതെഴുതുവാൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവോ, തെയോഫിലോസ് തിരു മേനിയോ അദ്ദേഹത്തെ ചുമതലപ്പെടുത്തിയതാകാം. 1980 വരെ ജോഷ്വാ അച്ചൻ ഈ ചുമതല വിശ്വസ്തതയോടെ നിർവ്വഹിച്ചു. ബഥനിയുടെ നാൾവഴി കൾ ബഥനിയുടെ ജീവിദാർശത്തെയും അത് എപ്രകാരം ആദ്യ തലമുറ അനുഷ്ഠിച്ചുവെന്നതിനെക്കുറിച്ചും വ്യക്തമായ സൂചനകൾ നല്കുന്നുണ്ട്. ബഥനി അഭിമുഖീകരിച്ച പ്രതിസന്ധികളെക്കുറിച്ചും അംഗങ്ങളുടെയിടയിൽ പ്രകടമായിരുന്ന അഭിപ്രായഭിന്നതകളെക്കുറിച്ചും മറയില്ലാതെ, എന്നാൽ വസ്തുനിഷ്ഠമായി രേഖപ്പെടുത്തുവാൻ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചു. ആരെയും വേദനിപ്പിക്കാതെയും, കുറ്റപ്പെടുത്താതെയും എന്നാൽ പ്രശ്നങ്ങ ളുടെ ഗൗരവം ചോരാതെ വസ്തുതകളെ രേഖപ്പെടുത്താൻ ജോഷ്വാ അച്ചൻ കാണിച്ച വൈദഗ്ദ്ധ്യം പ്രശംസനീയമാണ്. പില്ക്കാലത്ത് ജനറൽ ചാപ്റ്റർ നിർദ്ദേശമനുസരിച്ച് നാൾവഴികളുടെ സഹായത്തോടെ തയ്യാറാക്കിയ ചരിത്ര പുസ്തകത്തിന്റെ കയ്യെഴുത്ത് പ്രതിയാണ് 'ബഥനി ആശ്രമത്തിന്റെ നാൾവഴി കളിലൂടെ' എന്ന പേരിൽ എബി ഏബ്രഹാം അച്ചന്റെ സഹായത്തോടെ ജയിംസച്ചൻ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചത്. ട്രസ്റ്റ് റിപ്പോർട്ടിലൂടെയും, ബഥനിയുടെ നാൾവഴികളിലൂടെയും ബഥനിയുടെ ആദർശത്തെയും ജീവിത ക്രമത്തെയും പ്രതിപാദിക്കുന്ന ജോഷ്വാ അച്ചൻ ഇതിലൂടെ ബഥാന്യൻ ആദ്ധ്യാത്മികതയെക്കുറിച്ചുള്ള പ്രഥമ ഭാഷ്യമാണ് രചിച്ചത്.

**ബഥനിയുടെ ഗുരുവച്ചൻ**

ബഥനിയുടെ പ്രഥമ നവസന്ന്യാസ ഗുരു തെയോഫിലോസ് തിരുമേനി യായിരുന്നു. അദ്ദേഹം മേല്പട്ട സ്ഥാനത്തേക്കുയർത്തപ്പെടുകയും ബഥനി പ്പള്ളികളുടെ അജപാലനശുശ്രൂഷയുടെ നിയോഗം ഏറ്റെടുക്കുകയും ചെയ്ത തോടെ ബഥനിയിലെ നവസന്ന്യാസപരിശീലനത്തിന്റെ ചുമതല 1928-ൽ ജോഷ്വാ അച്ചന് നല്കപ്പെട്ടു. 1930-ൽ ബഥനി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതുവരെ മുണ്ടൻമലയിൽ ജോഷ്വാ അച്ചൻ ഈ ശുശ്രൂഷ തുടർന്നു. പുനരൈക്യത്തെ തുടർന്ന് 1931-33; 48-50; 68-71 കാലയളവിലും ജോഷ്വാ അച്ചൻ ബഥനിയുടെ നോവിസ് മാസ്റ്ററായി ശുശ്രൂഷ ചെയ്തു. ബഥനിയുടെ ആരംഭം മുതൽ കത്തോലിക്കാ സഭയിലെ ആത്മീയ ഗ്രന്ഥങ്ങൾ ഉപയോഗിച്ചാണ് ബഥനിയിൽ സന്ന്യാസ പരിശീലനം നല്കിയിരുന്നത്. ആരംഭത്തിൽ വി. തോമസ് അകെമ്പീസിന്റെ ക്രിസ്താനുകരണം, വി.ബസ്സേ

www.malankaralibrary.com

ലിയോസിന്റെയും ഇതര സഭാപിതാക്കന്മാരുടെയും രചനകൾ, ഫ്രാൻസിസ് അസ്സീസി, ഇഗ്നേഷ്യസ് ലയോള, അൽഫോൻസ് ലിഗോരി തുടങ്ങിയവരുടെ കൃതികൾ എന്നിവയും ബഥനിയുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. മൗനം ധ്യാനം, യാമനമസ്കാരം, വ്യക്തിപരമായ പ്രാർത്ഥനകൾ, ഇതര ഭക്താഭ്യാസങ്ങൾ തുടങ്ങിയവ ബഥനി ആശ്രമസ്ഥരുടെ ജീവിതശൈലിയായി രൂപപ്പെടുത്തുന്നതിൽ ജോഷ്വാ അച്ചൻ നിർണ്ണായക പങ്ക് വഹിച്ചു. കർമ്മ ലീത്താ സഭയിൽ പരിശീലനം സിദ്ധിച്ച ജോൺ അച്ചൻ നോവിസ് മാസ്റ്റർ എന്ന നിലയിൽ ചെയ്ത സംഭാവനകൾ ഇവിടെ വിസ്മരിക്കുന്നില്ല. ജോഷ്വാ അച്ചൻ വിദ്യാർത്ഥികൾക്ക് പകർന്നുകൊടുത്ത ബഥാന്യൻ ആദ്ധ്യാത്മികത സ്വന്തജീവിതത്തിൽ അനുഷ്ഠിച്ചുകൊണ്ട് സഹസന്ന്യാസികൾക്ക് ഒരു മാതൃകാ സന്ന്യാസിയായി ജീവിക്കുന്നതിന് അദ്ദേഹം എക്കാലവും പരിശ്രമി ച്ചിട്ടുണ്ട്.

പുനരൈക്യപ്പെട്ടതിനുശേഷം നോവിഷ്യേറ്റിൽ Adolphe Tanquerey രചിച്ച The Spiritual life: A Treatise on Ascetical & Mystical Theology എന്ന ഗ്രന്ഥമാണ് അച്ചൻ പ്രധാനമായും ഉപയോഗിച്ചത്. ആത്മീയ ജീവിതത്തെ സംബന്ധിച്ച് 20-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട പുസ്തകങ്ങളിൽ ഒരു ക്ലാസിക്ക് ആയിട്ടാണ് Tanquerey-യുടെ ആദ്ധ്യാത്മിക ജീവിതമെന്ന പുസ്തകം കരുതപ്പെടുന്നത് (മാത്യു മങ്കുഴിക്കരയച്ചൻ 1955-ൽ ആദ്ധ്യാത്മിക ജീവിതം എന്ന പേരിൽ ഈ പുസ്തകം മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്). ആദ്ധ്യാത്മിക ജീവിതത്തെ അടിസ്ഥാനപ്പെടുത്തി ജോഷ്വാ അച്ചൻ നല്കിയ ക്ലാസുകൾ ബഥനിയുടെ രണ്ടാം തലമുറ ഏറെ വിലമതിച്ചിരുന്നതായി കേൾക്കുന്നതിന് സാധിച്ചിട്ടുണ്ട്. ബഥനിയുടെ ആരംഭകാലത്ത് തെയോഫിലോസ് തിരുമേനി ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സിന്റെ സഹായത്തോടെ ചിട്ടപ്പെടുത്തിയ ആത്മീയ ശിക്ഷണക്രമവും, പുനരൈക്യാനന്തരം ആദ്ധ്യാത്മിക ജീവിതത്തെ സംബന്ധിച്ച കത്തോലിക്കാ സഭയുടെ പ്രബോധനങ്ങളെ അടിസ്ഥാന പ്പെടുത്തി ജോഷ്വാ അച്ചൻ ക്രമപ്പെടുത്തിയ പാഠഭാഗങ്ങളും ബഥനിയുടെ ആദ്ധ്യാത്മിക ജീവിതത്തിന് അടിത്തറ ഇടുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തി. പാശ്ചാത്യസഭയിൽ നിന്നുള്ള ഇത്തരം ബൗദ്ധിക സ്വാധീനങ്ങൾ സ്വീകരിച്ച അവസരത്തിൽ തന്നെ സുറിയാനി പാരമ്പര്യമനുസരിച്ചുള്ള പ്രാർ ത്ഥനാക്രമത്തിനും, സുറിയാനി രാഗ (എക്കാറ) മനുസരിച്ച് അത് ചൊല്ലുന്ന തിലും ജോഷ്വാ അച്ചൻ പ്രത്യേക നിഷ്ഠ പുലർത്തിയിരുന്നു. ഇതോടൊപ്പം ഭാരതീയ ആദ്ധ്യാത്മികതയനുസരിച്ചുള്ള സംസ്കാരികാനുരൂപണത്തിലും അച്ചൻ ഏറെ ശ്രദ്ധപുലർത്തി. മൗനത്തിനും, ധ്യാനത്തിനും, സൗമ്യമായ ഇടപെടലുകളിലൂടെ വ്യക്തിബന്ധങ്ങളെ കാത്തു സൂക്ഷിക്കുന്നതിലും അച്ചൻ നല്കിയ മാതൃക ഏറെ പ്രശംസനീയമാണ്.

www.malankaralibrary.com

**ബഥനിയുടെ നേതൃശുശ്രൂഷയിൽ**

ബഥനി സന്ന്യാസി സമൂഹത്തിന്റെ അദ്ധ്യക്ഷപദം ആദ്യത്തെ മുപ്പതു വർഷം (1919-48) സമൂഹസ്ഥാപകനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് സ്തുത്യർഹമായി നിർവ്വഹിച്ചു. പിതാവിനുശേഷം ഈ ശുശ്രൂഷ ഏറ്റെടുക്കുന്നത് പെരിയ ബഹുമാനപ്പെട്ട ജോൺ കുഴിനാപ്പുറത്ത് അച്ചനായിരുന്നു. ആരോഗ്യപരമായ കാരണങ്ങളാൽ അച്ചന്റെ ശുശ്രൂഷ ഒരു വർഷം മാത്രമേ നീണ്ടുനിന്നുള്ളൂ (1948-'49). 1949-ൽ ചേർന്ന രണ്ടാം ജനറൽ സിനാക്സിസ് ജോഷ്വാ താവളത്തിൽ അച്ചനെയാണ് സമൂഹാദ്ധ്യക്ഷനായി തിരഞ്ഞെടുത്തത്. പുനരൈക്യത്തെ തുടർന്ന് രണ്ടു രൂപതകളിലായി സ്വതന്ത്രമായി പ്രവർത്തിച്ച ബഥനിയെ ഇന്റർഡയോസിസൻ സംവിധാനത്തിലൂടെ ഒന്നിപ്പിച്ചതിനുശേഷം (1948) അത് കർമ്മപഥത്തിൽ വരുത്തുന്നതിനുള്ള ചരിത്ര നിയോഗമാണ് ഈ തെരഞ്ഞെടുപ്പിലൂടെ സമൂഹം ജോഷ്വാ അച്ചനെ ഭരമേൽപ്പിച്ചത്.

ബഥനിയെ സംബന്ധിച്ചിടത്തോളം ഏറെ പ്രതിസന്ധികൾ അനുഭവിച്ച ഒരു കാലഘട്ടമായിരുന്നു ഇത്. ഓരോ രൂപതകളിലായി പ്രവർത്തിച്ചിരുന്ന ബഥനിയെ ഒരു സമൂഹാദ്ധ്യക്ഷന്റെ കീഴിൽ സ്വതന്ത്രമായി പ്രവർത്തിക്കുവാൻ പര്യാപ്തമായ വിധത്തിൽ ബഥനിയുടെ വി.നിയമവും ആചാരനുഷ്ഠാനവും ബഥനിയുടെ സിനാക്സിസ് തയ്യാറാക്കിയത് പിതാക്കന്മാർ പൂർണ്ണമായും അംഗീകരിച്ചില്ല. പകരം പിതാക്കന്മാർ ഒരു നിയമം തയ്യാറാക്കി ബഥനി ആശ്രമത്തെ ഏല്പിച്ചു. ഇത് ബഥനി ആശ്രമത്തിനും സ്വീകാര്യമായില്ല. ഈ പ്രതിസന്ധി ഘട്ടത്തിൽ പിതാക്കന്മാരോടുള്ള ആദരവിന് കോട്ടംവരുത്താതെ തന്നെ ബഥനിയുടെ സ്വത്വം സംരക്ഷിക്കുകയെന്ന ഗൗരവതരമായ ഉത്തരവാദിത്വമാണ് ജോഷ്വാ അച്ചൻ നിർവ്വഹിച്ചത്. ബഥനിയിൽ രൂപപ്പെട്ട ഈ പ്രതിസന്ധിയെ ദലഗാദ് അപ്പസ്തോലിക്കയുടെയും പൗരസ്ത്യ തിരുസംഘത്തിന്റെയും ശ്രദ്ധയിൽ പെടുത്തുകയും സഭയും സമൂഹവും തമ്മിലുള്ള ബന്ധത്തിൽ ഉലച്ചിൽ സംഭവിക്കാതെ ബഥനിയുടെ സ്വതസംരക്ഷണത്തിനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തു. ഈ അവസരത്തിലാണ് ഈ പ്രതിസന്ധിയെ പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ 1551-ൽ ഫാ. സാലസ് TOCD-യെ അഭിവന്ദ്യ പിതാക്കന്മാർ നിയോഗിച്ചത്. ഈ കാലയളവിൽ തന്നെ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി മോൺ.അഗസ്റ്റിൻ ലൊംബാർഡിയെ 1953-ൽ അപ്പസ്തോലിക്ക് വിസിറ്റേറ്ററായി റോമിൽ നിന്നും നിയമിച്ചു. സമൂഹത്തെക്കുറിച്ചും സമൂഹവും സഭയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ആഴത്തിൽ പഠിച്ച മോൺ.ലൊംബാർഡി സമൂഹജീവിതത്തെ ചിട്ടയായി ക്രമീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നല്കി. തുടർന്ന് പീറ്റർ കോഴിമണ്ണിൽ അച്ചനെ മോൺ.ലൊംബാർഡി സമൂഹാദ്ധ്യക്ഷനായി നിയമിച്ചു.

www.malankaralibrary.com

അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഭരണത്തെ തുടർന്ന് 1959-ൽ ചേർന്ന നാലാം സിനാക്സിസ് ബഥനി സമൂഹത്തിന്റെ അദ്ധ്യക്ഷനായി ജോഷ്വാ അച്ചനെ വീണ്ടും തിരഞ്ഞെടുത്തു. 1959 മുതൽ 1965 വരെ ബഥനിയെ നയിച്ചത് ബഹു.ജോഷ്വാ അച്ചനായിരുന്നു. ബഥനിയുടെ ഉൾഭരണസ്വാതന്ത്ര്യം സംരക്ഷിക്കപ്പെട്ട ശേഷം ചുമതലയേറ്റ ജോഷ്വാ അച്ചൻ ബഥനിയുടെ ആരംഭ ചൈതന്യത്തിന് അല്പംപോലും കോട്ടം വരുത്താതെ കാലാനുസൃതം ബഥനിയെ നവീകരിക്കുകയും ബഥനിയുടെ വളർച്ചക്ക് ശക്തമായ അടിത്തറ പാകുകയും ചെയ്തു. ഇക്കാലയളവിൽ നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിനും ബഥനിയുടെ കാനോനാകൾ അനുസരിച്ച് ബഥനിയുടെ ഭരണ നിർവ്വഹണം നടത്തുന്നതിനും ജോഷ്വാ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചു.

ബഥനിയിലെ സന്ന്യാസപരിശീലനം ക്രമമായി നടത്തുന്നതിനും, പുതിയ മിഷൻ പ്രവർത്തനങ്ങൾ കേരളത്തിലും പൂനായിലും ഏറ്റെടുക്കുന്നതിനും ജോഷ്വാ അച്ചൻ നേതൃത്വം വഹിച്ചു; സിറിൽ മലഞ്ചരുവിലച്ചനെയും (സിറിൾ മാർ ബസ്സേലിയോസ് കാതോലിക്കാ ബാവാ) അത്തനേഷ്യസച്ചനെയും റോമിൽ പഠിക്കാനായച്ചു. ആൻഡ്രൂസച്ചനെ മാർ ഈവാനിയോസ് കോളേജിലും മറ്റു ചിലരെ സെക്കുലർ വിഷയങ്ങൾ പഠിക്കാനായും ജോഷ്വാ അച്ചൻ നിയോഗിച്ചു. നേതൃത്വപരമായ ശുശ്രൂഷകൾക്ക് ബഥനിയെ ഒരുക്കുന്നതിന് ജോഷ്വാ അച്ചൻ ഏറെ പരിശ്രമിച്ചു. പുനരൈക്യാനന്തര ബഥനിയുടെ ആരംഭത്തിൽ നോവിസ് മാസ്റ്ററായും ബഥനി സുവർണ്ണ ജൂബിലിയിലേക്ക് പ്രവേശിക്കുന്നതിന് മുമ്പുള്ള കാലയളവിൽ ജനറലായും പ്രവർത്തിച്ച ജോഷ്വാ അച്ചൻ ബഥനിയുടെ അടിത്തറ ഉറപ്പിക്കുന്നതിന് ചെയ്ത സംഭാവനകൾ ബഥനിയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ ഏറ്റവും നിർണ്ണായകമായിരുന്നു.

**വിശുദ്ധിയുടെ വഴിയിൽ**

ബഥനിയുടെ ചരിത്രത്തിലെ വായ്മൊഴികളുടെയും വരമൊഴികളുടെയും അടിസ്ഥാനത്തിലാണ് ഇതുവരെ എഴുതിയ കാര്യങ്ങൾ പരാമർശിച്ചത്. ഇനിയും ഞാൻ കണ്ടറിഞ്ഞ ജോഷ്വാ അച്ചനെക്കുറിച്ച് ഏതാനും വരികൾ കുറിക്കട്ടെ.

ഞാൻ ആദ്യമായി ജോഷ്വാ അച്ചനെ കാണുന്നത് 1979-'80 പഠന കാലയളവിലാണ്. ഒന്നാം വർഷ വൈദിക വിദ്യാർത്ഥിയായി കോട്ടയത്ത് പഠിക്കുന്ന അവസരത്തിൽ തിരുവല്ല ആശ്രമം സന്ദർശിക്കുകയുണ്ടായി. അന്നവിടെ താമസിച്ചിരുന്ന പഴയ തലമുറയിൽപ്പെട്ട ഏബ്രഹാം അച്ചൻ, കോശിയച്ചൻ, പൗലോസച്ചൻ, സിപ്രിയാൻ ബ്രദർ തുടങ്ങിയവരെ സന്ദർശിച്ചശേഷം എല്ലാവരും ഞങ്ങളെ ജോഷ്വാ അച്ചന്റെ മുറിയിലേക്കാനയിച്ചു. അവിടെ നാളാഗമക്കുറിപ്പുകൾ എഴുതുന്ന ബുക്കിൽ ഞങ്ങളുടെ ഓരോരുത്തരുടെയും

www.malankaralibrary.com

പേരുകൾ എഴുതിച്ചേർത്തു. ആശ്രമപ്രവേശനം സിദ്ധിച്ചവരുടെ ഗണത്തിൽ നിന്നും ജോഷ്വാ അച്ചന്റെ നാളാഗമ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട അവസാന ബാച്ച് ഞങ്ങളുടേതാണ് എന്ന് കരുതുന്നു. വളരെ സൂക്ഷ്മത യോടെ കൃത്യമായി പേരും ഇടവകയും ചോദിച്ചറിഞ്ഞ് രേഖപ്പെടു ത്തിയ ശേഷം ആശ്രമ ജീവിതത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ച് പറഞ്ഞ ചില കാര്യങ്ങൾ ഇന്നും മനസ്സിൽ നിറഞ്ഞ് നിൽക്കുന്നു.

ജോഷ്വാ അച്ചനെ വീണ്ടും കാണുന്നത് പ്രീഡിഗ്രി പഠനത്തിനായി നാലാഞ്ചിറയിൽ 1981 മെയ് മാസം അവസാനം എത്തിയപ്പോഴാണ്. വെളുപ്പിന് അഞ്ചു മണിക്ക് വി.കുർബാന അർപ്പിക്കുന്ന ജോഷ്വാ അച്ചൻ ഞങ്ങൾക്ക് ഒരു അതിശയമായിരുന്നു. വാർദ്ധക്യസഹജമായ ക്ഷീണം ഉള്ളതിനാൽ സമൂഹമായി നടത്തുന്ന പ്രാർത്ഥനകളിൽ നിന്നും വിടുതൽ ലഭിച്ചിട്ടു ണ്ടെങ്കിലും ഓററ്ററിയിൽ (side chapel) ഇരുന്നുകൊണ്ട് പ്രാർത്ഥനകളിൽ ധ്യാനപൂർവ്വം ലയിച്ചിരിക്കുമായിരുന്നു. ഒഴിവുസമയങ്ങളിൽ പത്രങ്ങളും ദൈവശാസ്ത്ര മാസികകളും അച്ചൻ ശ്രദ്ധയോടെ വായിക്കുന്നത് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. പതിഞ്ഞ സ്വരത്തിൽ ഞങ്ങളുടെ അടുക്കൽ വരികയും ചില പ്പോഴൊക്കെ ചെറിയ ഉപദേശങ്ങൾ തരികയും ചെയ്യുമായിരുന്നു. 'അലസത ചെകുത്താന്റെ പണിപ്പുരയാണ്' അതിനാൽ പഠനത്തിലും, പ്രാർത്ഥനയിലും ജോലികളിലും സദാ വ്യാപൃതരായിരിക്കണമെന്ന് അച്ചൻ ഞങ്ങളെ ഉപദേശിച്ചു. സുകൃതജപങ്ങൾ ചെറിയ പ്രാർത്ഥനകൾ ഉരുവിടുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഞങ്ങളോട് പറയുമായിരുന്നു.

1982–1983 പഠന വർഷത്തിന്റെ രണ്ടാം സെമസ്റ്ററിൽ ഇൻഫർമോറി യനായി ഞാൻ നയോഗിക്കപ്പെടുകയുണ്ടായി. ഇതിന്റെ ഭാഗമായി അച്ചന്റെ മരണത്തിനുമുമ്പുള്ള നാലഞ്ചുമാസം രാത്രി സമയങ്ങളിൽ അച്ചന് കൂട്ട് കിടക്കാനുള്ള നിയോഗവും എനിക്കായിരിക്കുന്നു. രാത്രി പത്തുമണി വരെ പഠിച്ചശേഷം അച്ചന്റെ മുറിയിൽ ചെന്നാൽ മതിയായിരുന്നു. ദൃഢമൗനം പാലിക്കുന്നതിൽ നിഷ്ഠ പുലർത്തിയിരുന്ന വ്യക്തിയാണ് ജോഷ്വാ അച്ചൻ. എങ്കിലും ഉണർന്ന് കിടക്കുകയാണെങ്കിൽ പതിഞ്ഞ സ്വരത്തിൽ ബ്രദർ പഠനമൊക്ക കഴിഞ്ഞ് ക്ഷീണിച്ചു വന്നതല്ലേ; കിടന്നുറങ്ങിക്കൊള്ളാൻ പറയു മായിരുന്നു. പ്രഭാതത്തിൽ ഉണരുന്ന ജോഷ്വാ അച്ചൻ എന്നെ ശല്യപ്പെടു ത്താതിരിക്കാൻ മുറിയിലെ ലൈറ്റ് ഓൺ ചെയ്യാതെ ടോർച്ചിന്റെ സഹായ ത്തോടെ വാച്ചിലെ സമയം നോക്കിയിരുന്നു. അദ്ദേഹത്തെ ശുശ്രൂഷിക്കാൻ നിയോഗിക്കപ്പെട്ടവർക്ക് പോലും ഒരു ബുദ്ധിമുട്ടുമുണ്ടാക്കാതെ സ്വന്തം കാര്യങ്ങൾ നിർവ്വഹിച്ചിരുന്ന ജോഷ്വാ അച്ചന്റെ കരുതൽ മായാത്ത ഓർമയായി നിലകൊള്ളുന്നു. ഇക്കാലയളവിൽ 'ദിവ്യാതിഥി' അഥവാ മ്ശിഹാനുകരണ ധ്യാനങ്ങൾ എന്ന പേരിൽ അച്ചൻ എഴുതി പ്രസിദ്ധീകരിച്ച

www.malankaralibrary.com

പുസ്തകത്തെക്കുറിച്ച് അച്ചനോട് സംസാരിക്കുവാൻ ഇടയായിട്ടുണ്ട്. ഓരോ ദിവസത്തെയും ധ്യാനത്തിനുശേഷം ധ്യാനത്തിൽ ലഭിച്ച ഉൾക്കാഴ്ചകൾ ഒരു ബുക്കിൽ എഴുതുന്ന പതിവ് അച്ചനുണ്ടായിരുന്നു. ഇത് അറിയാവുന്ന സിറിൽ തിരുമേനിയാണ് തെരഞ്ഞെടുത്ത ധ്യാനക്കുറിപ്പുകൾ പുസ്തകമാക്കാൻ അച്ചനെ പ്രേരിപ്പിച്ചത് എന്ന് സന്തോഷത്തോടെ പങ്കുവച്ചു. ജോഷ്വാ അച്ചന്റെ പ്രത്യേക ശൈലിയിൽ ആത്മീയ ഗ്രന്ഥങ്ങൾ വായിച്ച് നോട്ട് തയ്യാറാക്കണ മെന്നും ധ്യാനചിന്തകൾ എഴുതി വയ്ക്കണമെന്നും അച്ചൻ ഉപദേശിച്ചു. PDC പഠനകാലയളവിൽ വളരെയേറെ പുസ്തകങ്ങൾ വായിക്കു ന്നതിനും കുറിപ്പു കൾ തയ്യാറാക്കുന്നതിനും അച്ചന്റെ ഉപദേശങ്ങൾ എന്നെ പ്രേരിപ്പിച്ചുവെന്നത് സന്തോഷപൂർവ്വം ഓർക്കുന്നു.

ജോഷ്വാ അച്ചനെ ഏത് സമയത്തും പൂർണ്ണ സന്ന്യാസവസ്ത്രം ധരിച്ച് മാത്രമേ കാണാൻ കഴിയുമായിരുന്നുള്ളു. ശുഭ്രവസ്ത്രധാരിയായി സുസ്മേര ഭാവത്തോടെ സൗമ്യമായി ഇടപെടുന്ന ജോഷ്വാ അച്ചനെ കൈപിടിച്ച് പാർലറിലേക്കും നാലുകെട്ടിലൂടെയും 'നടത്തിയിരുന്നത്' പ്രസാദകരമായ ഒരനുഭവമായിരുന്നു. ഒന്നിനെക്കുറിച്ചും പരാതികളില്ലാത്ത, എല്ലാറ്റിനെയും ദൈവികപദ്ധതിയുടെ ഭാഗമായി കാണുകയും പ്രവർത്തിക്കുകയും ചെയ്തി രുന്ന ജോഷ്വാ അച്ചൻ പ്രാർത്ഥനാ ശകലങ്ങൾ ഉരുവിട്ടുകൊണ്ടാണ് തന്റെ നിത്യസമ്മാനത്തിനായി യാത്രയായത്. വിശുദ്ധിയുടെ പരിമളം പകർത്തി തന്റെ പിതാവിന്റെ സന്നിധിയിലേക്ക് പിൻവാങ്ങിയ ജോഷ്വാ അച്ചൻ ഉൾപ്പെടെയുള്ളവരുടെ പ്രാർത്ഥനയും ജീവിതമാതൃകയും ബഥനിയുടെ ഊർജ്ജസ്രോതസ്സായി നിലകൊള്ളുന്നു. അച്ചനെക്കുറിച്ചുള്ള ഈ ഓർമ്മ ക്കുറിപ്പ് അച്ചനെ കൂടുതൽ അറിയുന്നതിനും പഠിക്കുന്നതിനുമുള്ള ഒരവസര മാകട്ടെയെന്നാശംസിക്കുന്നു. ബഥനി ആശ്രമത്തെ സംബന്ധിച്ച 'ജോഷ്വാ ഭാഷ്യം' ബഥനിക്ക് മാത്രമല്ല സന്ന്യാസവഴിയിൽ, ആത്മീയ വഴിയിൽ യാത്ര ചെയ്യുന്നവർക്കെല്ലാം ഒരു മാർഗ്ഗദീപമായിരിക്കട്ടെ. ഈ ഉദ്യമത്തിന് നേതൃത്വം വഹിച്ച ജയിംസ് പുതുപ്പറമ്പിലച്ചൻ ബഥനിയുടെ നൂറുവർഷ ങ്ങളെക്കുറിച്ച് നടത്തിയ പഠന സപര്യയിൽ നിന്നുമാണ് ബഥനിയുടെ ജോഷ്വാ മാതൃകയെ അവതരിപ്പിക്കുവാൻ പ്രേരിതമായതെന്ന് കരുതുന്നു. അച്ചൻ ഏറ്റെടുത്ത ഈ വലിയ പരിശ്രമം സഭയ്ക്കും സമൂഹത്തിനും ഒരു മുതൽകൂട്ടാകുമെന്നതിന് സംശയമില്ല. ഈ അവസരത്തിൽ ജയിംസച്ചനെ പ്രത്യേകമായി അഭിനന്ദി ക്കുന്നു. ഈ ഉദ്യമത്തിൽ അച്ചനോടൊപ്പം ചേർന്ന കുടുംബാംഗങ്ങളേയും ഓർമ്മക്കുറിപ്പുകളെഴുതിയ ഓരോരുത്തരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

□

www.malankaralibrary.com

# ഫാ. ജോഷ്വാ ഉത്തമ മാതൃകയായിരുന്ന സന്ന്യാസ ശ്രേഷ്ഠൻ



ഫാ. ഡോ. ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി

മലങ്കര സഭയിൽ സന്ന്യാസ സമർപ്പണത്തിലും പൗരോഹിത്യ ശുശ്രൂഷയിലും സ്വന്തമായ വ്യക്തിമുദ്ര പതിപ്പിച്ച ഒരു ബഥനി സന്ന്യാസിയാണ്. 37 വർഷങ്ങൾക്കുമുമ്പ് നിത്യസമ്മാനത്തിനായി നമ്മെ വിട്ടു പിരിഞ്ഞ ഫാ. താവളത്തിൽ ജോഷ്വാ ഒ.ഐ.സി. വിദ്യാഭ്യാസ യോഗ്യതയ്ക്ക് ആനുപാതികമായ ഗുണനിലവാരം അദ്ദേഹത്തിന്റെ ജീവിതത്തിലും, ദർശനത്തിലും ദൃശ്യമായിരുന്നു. കുടുംബ-സാമൂഹിക ബന്ധങ്ങളിലും, വ്യക്തിജീവിതത്തിലും കാത്തുസൂക്ഷിക്കേണ്ട അകലം പാലിച്ചും ഏകാഗ്രത, ദൈവഭക്തി, സുകൃതാഭ്യസനം എന്നിവയിൽ തഴക്കം നേടിയും സന്ന്യാസ ജീവിതത്തിന്റെ ഉത്തുംഗശൃംഗത്തിലേക്കു ഉയർന്ന ജോഷ്വാ അച്ചൻ മലങ്കര സഭയ്ക്കും, ബഥനി പ്രസ്ഥാനത്തിനും വേണ്ടി ഏതു ജോലിയും അത് അർഹിക്കുന്ന പ്രാധാന്യത്തോടെ നിർവഹിക്കാനുള്ള കർമനിരത നേടിയെടുത്ത വ്യക്തിയായിരുന്നു.

1927-ൽ പെരുന്നാട് ബഥനി ആശ്രമത്തിൽ വച്ച് സന്ന്യാസപ്രതിഷ്ഠ നടത്തിയ ജോഷ്വാ അച്ചന്റെ വൈദികപട്ടം 1929-ലായിരുന്നു. ആശ്രമത്തിലെ ഗുരു, വെണ്ണിക്കുളത്ത് ഹ്രസ്വകാലത്തേയ്ക്ക് 'ആബൂനാ,' ബഥനി ട്രസ്റ്റിന്റെ ധനകാര്യദർശി, അതിന്റെ സെക്രട്ടറി, മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി ഉദ്ഘാടനം ചെയ്യപ്പെട്ട പാളയം സെന്റ് മേരീസ് പ്രോ-കത്തീഡ്രൽ ദേവാലയസ്ഥാപന ക്രമീകരണങ്ങൾ ചെയ്ത ആശ്രമസ്ഥൻ, തിരുവനന്തപുരം അതിരൂപതയുടെ തെക്കൻപ്രദേശങ്ങളിൽ സുവിശേഷീകരണ ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കാൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയാൽ നിയോഗിക്കപ്പെട്ട വൈദികൻ, ബഥനി ആശ്രമത്തിന്റെ കാനോനിക സ്ഥാപനത്തിനായി ആർച്ചുബിഷപ്പ് മാർ ഇവാനിയോസ്, ബിഷപ്പ് മാർ സേവേറിയോസ്, മാർപാപ്പയുടെ ഇന്ത്യയിലെ പ്രതിനിധി എന്നിവരുമായി സമയോചിതമായ കത്തിടപാടുകൾ നടത്തിക്കൊണ്ടിരുന്ന ബഥനി ആശ്രമസ്ഥരിൽ പ്രമുഖൻ, ഇന്റർഡയോസിസൻ മിശിഹാനുകരണ സന്ന്യാസി സമൂഹത്തെ വിവിധ ഘട്ടങ്ങളിൽ നയിച്ച സമൂഹാദ്ധ്യക്ഷൻ, ആദ്ധ്യാത്മികോപദേഷ്ടാവ്, ബഥനി ആശ്രമത്തിന്റെ കണക്കിന്റെ ഓഡിറ്റർ എന്നിങ്ങനെ ശുശ്രൂഷയിലുള്ള വൈവിധ്യം കൊണ്ടും, സമർപ്പണ ജീവിതത്തിന്റെ വൈശിഷ്ട്യത്താലും അനന്യ വ്യക്തിത്വത്തിന്റെ ഉടമയാണ് ബ. ജോഷ്വാ അച്ചൻ.

www.malankaralibrary.com



**1. ജനനവും ബാല്യവും**

തുമ്പമൺ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗങ്ങളായിരുന്നു നരിയാപുരത്ത് താവളത്തിൽ കിഴക്കേതിൽ ചാണ്ടിയും ഭാര്യ ആച്ചിയമ്മയും. വിപുലമായ കൃഷികൾക്കു പുറമെ ശ്രീമാൻ ചാണ്ടിയ്ക്ക് തേങ്ങാ വ്യാപാരവും ഉണ്ടായിരുന്നു. കൊപ്രാ കച്ചവടം നടത്തിയിരുന്നത് ആലപ്പുഴയിലായിരുന്നു. ചാണ്ടി–ആച്ചിയമ്മ ദമ്പതികൾക്ക് എട്ടു മക്കളുണ്ടായിരുന്നു. 1905 മാർച്ച് 15–ന് ഏഴാമത്തെ മകനായി ജനിച്ച ഉണ്ണൂണ്ണിയാണ് ജോഷ്വാ എന്ന മാമോദീസാ നാമം സ്വീകരിക്കുകയും പിന്നീട് ആശ്രമസ്ഥനായിത്തീരുകയും ചെയ്ത ഫാ.ജോഷ്വാ.

**2. വിദ്യാഭ്യാസം**

ജോഷ്വായുടെ പ്രാഥമിക വിദ്യാഭ്യാസം നരിയാപുരം ഗവൺമെന്റ് എൽ.പി. സ്കൂളിലായിരുന്നു. ബുദ്ധിസാമർത്ഥ്യം കൊണ്ടും പഠന വിഷയങ്ങളിൽ കാട്ടിയ താല്പര്യം കൊണ്ടും ഉണ്ണൂണ്ണി അദ്ധ്യാപകരുടെയും സഹപാഠി കളുടെയും സ്നേഹവും മതിപ്പും നേടിയിരുന്നു. ബഹുമാനപ്പെട്ട ദാനിയേൽ അയ്യനേത്ത് അച്ചന്റെ പിതാവ് ഈ സ്കൂളിൽ ഉണ്ണൂണ്ണിയുടെ അദ്ധ്യാപകനായിരുന്നു. ഉണ്ണൂണ്ണിയുടെ ഹൈസ്കൂൾ പഠനം തിരുവല്ല എം.ജി.എം. ഹൈസ്കൂളിലായിരുന്നു. പഠനത്തിൽ സമർത്ഥനായിരുന്ന ഉണ്ണൂണ്ണിക്ക് ഉപരി പഠനത്തിന് അവസരം കൊടുത്ത് ഉന്നത സ്ഥാനത്ത് എത്തിക്കാൻ പിതാവ് ആഗ്രഹിച്ചിരുന്നു. അതിനുള്ള സാഹചര്യം അടുത്തെങ്ങും ലഭിക്കാഞ്ഞതിനാൽ ഹൈസ്കൂൾ പഠനത്തിനായി തിരുവല്ലാ എം.ജി.എം. സ്കൂളിലേക്കും കോളേജ് പഠനത്തിനായി കോട്ടയം സി. എം. എസ്. കോളേജിലേയ്ക്കും അയച്ചു. പന്തളത്തിന് പുറത്തേക്ക് വിദ്യാഭ്യാസത്തിന് പോയ ആദ്യത്തെ നരിയാപുരത്തുകാരനാണ്



www.malankaralibrary.com

താവളത്തിൽ കിഴക്കേതിൽ ഉണ്ണൂണ്ണി. രണ്ടു സ്ഥലങ്ങളിലും ബോർഡിംഗിൽ താമസിച്ചു കൊണ്ടായിരുന്നു പഠനം നടത്തിയത്. F A (First exam in Arts) പരീക്ഷ റാങ്കോടുകൂടി പാസ്സായി. (Intermediate എന്നും ഈ പഠനത്തെ വിശേഷിപ്പിച്ചിരുന്നു). റാങ്കോടുകൂടിയാണ് ഉണ്ണൂണ്ണി F A പരീക്ഷ പാസ്സായത് (ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ & ഫാ. ആന്റണി പടിപ്പുരയ്ക്കൽ, സ്മരണാഞ്ജലി, കോട്ടയം, 2019, പേജ് 46-48).

### 3. സന്ന്യാസ വിളി: ഹൃദയത്തിന്റെ തിരഞ്ഞെടുപ്പ്

പഠനം പൂർത്തിയാക്കിയ ഉണ്ണൂണ്ണി തിരുവിതാംകൂറിൽ വിഖ്യാതമായിത്തീർന്ന മാക്കാംകുന്ന് കൺവെൻഷനിൽ പങ്കെടുത്തത് അദ്ദേഹത്തിന്റെ ജീവിത ത്തിലെ ഒരു വഴിത്തിരിവായിരുന്നു. ബഥനി ആശ്രമ സ്ഥാപകനായ ആബോ ഗീവർഗീസ്, മാക്കാംകുന്ന് കൺവെൻഷനിലെ സ്ഥിരം പ്രസംഗകനായിരുന്നു. സി.എം.എസ്. കോളേജിൽ പഠിക്കുന്ന സമയത്ത് ആബോ ഗീവർഗീസ്, പ്രത്യേക ക്ഷണിതാവായി വന്ന് ജീവിത ലക്ഷ്യത്തെപ്പറ്റി എടുത്ത ക്ലാസ്സുകൾ ജീവിതത്തെ സ്വാധീനിച്ചിരുന്നതിനാൽ അദ്ദേഹത്തിന്റെ സന്ദേശം കേൾക്കുന്നതിന് കൂടുതൽ സന്ദർഭങ്ങൾ ലഭിക്കണമെന്ന് ഉണ്ണൂണ്ണി ആഗ്രഹിച്ചിരുന്നു. FA പരീക്ഷ കഴിഞ്ഞു വീട്ടിലെത്തിയ കാലത്ത് ഇടവക ദേവാലയത്തിൽ നിന്ന് ആബോ ഗീവർഗീസ് മാക്കാംകുന്ന് കൺവെൻഷനിൽ പ്രസംഗിക്കുന്ന കാര്യം അറിയുകയും പ്രസംഗം കേൾക്കാൻ തീരുമാനിക്കുകയും ചെയ്തു.



സന്ന്യാസ ജീവിതം തിരഞ്ഞെടുക്കാൻ സഹായകമായ ഈ അനുഭവത്തെക്കുറിച്ച് ഫാ ജോഷ്വാ മദർ സൾഗാ എസ്.ഐ.സി. യ്ക്ക് കുറിച്ചു കൊടുത്ത വിവരണം താഴെ ചേർക്കുന്നു.

തുമ്പമൺ ഭദ്രാസന ഇടവകയുടെ പത്തനംതിട്ടയിലെ ഓർത്തഡോക്സ് പള്ളി സ്ഥിതി ചെയ്യുന്ന ചെറിയ കുന്നാണ് മാക്കാംകുന്ന്. നരിയാപുരത്ത് നിന്ന് 6 മൈൽ ദൂരമുണ്ട് മാക്കാംകുന്നിലേക്ക്. മലങ്കര സഭയിലെ വൈദിക ഗണത്തിലെ പ്രഥമ എം.എ. ബിരുദധാരിയും സെറാമ്പൂർ കോളേജ് പ്രൊഫസറുമായിരുന്ന ഫാ. പി.റ്റി. ഗീവർഗീസ്, ആ ഉദ്യോഗം രാജിവച്ച് സന്ന്യാസ പ്രസ്ഥാനം ആരംഭിച്ചത് സഭാമക്കൾ വളരെ പ്രതീക്ഷയോടെ

www.malankaralibrary.com

വീക്ഷിച്ച സംഭവമായിരുന്നു. ആ ത്യാഗവര്യനെ കാണണം, ഭക്തിരസം തുളുമ്പുന്ന പ്രസംഗം കേൾക്കണം എന്ന ആഗ്രഹത്താൽ, കോവിലാറ് ഇറങ്ങിക്കയറി ഉണ്ണൂണ്ണി മാക്കാംകുന്നിലെത്തിയപ്പോഴേക്കും ക്ഷീണിച്ചു വശായി. 'അദ്ദേഹം വന്നോ?' 'അദ്ദേഹം എപ്പോൾ വരും?' എന്നിങ്ങനെയുള്ള ചോദ്യശരങ്ങൾ യോഗശാലയിൽ അലതല്ലി. കൃശഗാത്രനായ ഒരു യോഗിവര്യൻ മറുവശത്തുകൂടെ പ്രസംഗ പീഠത്തിൽ പ്രത്യക്ഷപ്പെട്ടതോടെ ശബ്ദ കോലാഹലം നിലച്ചു. മൊട്ടുസൂചി നിലത്തു വീണാൽ കേൾക്കാൻ കഴിയത്തക്കവണ്ണം രംഗം നിശബ്ദമായി. സകല കണ്ണുകളും പ്രസംഗ പീഠത്തിലേയ്ക്ക് തിരിഞ്ഞു. അവിടെ നിന്ന് പ്രവഹിച്ചുകൊണ്ടിരുന്ന ഭക്തിരസ പ്രദാനമായ വാഗ്ധോരണിയിൽ ജനങ്ങൾ കേട്ട സന്ദേശം, "ജീവിതത്തിന് ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യ പ്രാപ്തിക്കായി സർവാത്മനാ പ്രവർത്തിക്കണം" എന്നതായിരുന്നു. പ്രസംഗത്തിലെ മറ്റ് വിഷയങ്ങളൊന്നും ഓർമ്മയിലില്ലെങ്കിലും നല്ലതുപോലെ പ്രാർത്ഥിച്ചുകൊണ്ടാണ് ഉണ്ണൂണ്ണി വീട്ടിലേക്കു മടങ്ങിയത്. ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെട്ട ഒരു ജീവിതം നയിക്കണമെന്നുള്ള നിശ്ചയം അന്ന് മനസ്സിൽ രൂപം കൊണ്ടതാണ്. (മദർ സൾഗാ എസ്.ഐ.സി ആന്നിയിൽ, പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ, എഡിറ്റർ, തരകൻ ആന്നിയിൽ, പുനലൂർ, 1990, പേജ് 60-61)

മകൻ ഒരു ഉയർന്ന ഉദ്യോഗസ്ഥനായിത്തീരണമെന്നാഗ്രഹിച്ചിരുന്ന പിതാവിന്റെ അനുവാദത്തോടെ സന്ന്യാസ ജീവിതം നയിക്കാനാവുകയില്ലെന്നു മനസ്സിലാക്കിയിരുന്ന ഉണ്ണൂണ്ണി, അപ്പനെ അറിയിക്കാതെയാണ് പെരുന്നാട് മുണ്ടൻ മലയിൽ ആശ്രമ പ്രവേശനം നടത്തിയത്. ഇതേപ്പറ്റി മനസ്സിലാക്കിയ പിതാവ് മകനെ തിരികെക്കൊണ്ടുവരാനായി പെരുന്നാട് ബഥനി ആശ്രമത്തിലെത്തി. ഉണ്ണൂണ്ണിയെ ആ തീരുമാനത്തിൽ നിന്നു പിന്തിരിപ്പിക്കാൻ അപ്പനു സാധിച്ചില്ല. മകന്റെ തീരുമാനത്തിൽ അതൃപ്തനായ ചാണ്ടി പിന്നീട് ഉണ്ണൂണ്ണിയുടെ കാര്യത്തിൽ ഇടപെട്ടിട്ടില്ല; താല്പര്യം കാണിച്ചിട്ടുമില്ല. മകന്റെ സന്ന്യാസ ദൈവവിളിയെ അമ്മ പ്രോത്സാഹിപ്പിക്കുകയും അപ്പന്റെ അറിവുകൂടാതെ, ഉണ്ണൂണ്ണിയുടെ ജ്യേഷ്ഠനായ ഗീവർഗീസ് ചാണ്ടിയെ പെരുന്നാട്ടിലേക്ക് അയച്ച് കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്യാറുണ്ടായിരുന്നു. താൻ ഉദ്യോഗസ്ഥനായി കുടുംബത്തിൽ തുടർന്നിരുന്നെങ്കിൽ ലഭിക്കാവുന്നതിനേക്കാൾ കൂടുതൽ അനുഗ്രഹങ്ങൾ നല്കി കുടുംബാംഗങ്ങളെ അനുഗ്രഹിക്കണമെന്നു പ്രാർത്ഥിച്ചിരുന്ന അദ്ദേഹം കുടുംബാംഗങ്ങളെ സന്ദർശിക്കാറില്ലായിരുന്നു. പിതാവ് മരിച്ച് കുറെക്കാലം കഴിഞ്ഞ്, 1942-ൽ ജ്യേഷ്ഠൻ രോഗബാധിതനായി. ആ വിവരമറിഞ്ഞ് 1942 ആഗസ്റ്റ് 7-ന് ഫാ. ജോഷ്വാ തിരുവനന്തപുരത്തു നിന്ന് വീട്ടിലേക്കു പുറപ്പെട്ടു. അച്ചൻ പുറപ്പെട്ട ദിവസം തന്നെ ജ്യേഷ്ഠൻ മരിച്ച് അടക്കപ്പെട്ടതിനാൽ അദ്ദേഹത്തിന് കാണാൻ കഴിഞ്ഞില്ല. അന്നു തന്നെ ഫാ. ജോഷ്വാ തിരുവല്ലായിലെത്തി. പുരുഷന്മാർ മരിച്ചുപോയ ആ കുടുംബത്തിലെ അവസ്ഥയെപ്പറ്റി ബഥനി ആശ്രമത്തിലെ

www.malankaralibrary.com

സെക്രട്ടറി ഇങ്ങനെ കുറിച്ചിരുന്നു. "പിതാവും സഹോദരന്മാരെല്ലാവരും മരിച്ചു. കുടുംബം ഒരു വക അനാഥസ്ഥിതിയിൽ ആയിരിക്കുന്നു. കൊച്ചുകുട്ടികളും അവരുടെ അമ്മമാരും മാത്രമേ ഉള്ളൂ" (ബഥനി ജനറലേറ്റ് ആർക്കൈവ് 20.5.4). ജ്യേഷ്ഠന്റെ മരണത്തിനുശേഷം വർഷത്തിൽ ഒരിക്കൽ അദ്ദേഹം കുടുംബാം ഗങ്ങളെ സന്ദർശിച്ചിരുന്നു.

**4. പരിശീലനം, സന്ന്യാസ പ്രതിഷ്ഠ, വൈദിക പട്ടം**

1924 ആഗസ്റ്റ് മാസം 21-ാം തീയതി പെരുന്നാട് ബഥനി ആശ്രമത്തിൽ അർത്ഥിയായിത്തീർന്ന ഉണ്ണൂണ്ണി, മാമോദീസാ പേരായ ജോഷ്വാ എന്ന പേരിലാണ് പിന്നീട് അറിയപ്പെട്ടത്. ആശ്രമസ്ഥാപകനായ ആബോ ഗീവർഗീസിന്റെ മുഖദാവിൽ നിന്ന് കേട്ട കാര്യങ്ങൾ അർത്ഥത്തിലും അരൂപിയിലും സ്വായത്തമാക്കുന്ന കാര്യത്തിൽ ഉണ്ണൂണ്ണിക്ക് അനുദിനം ഉത്സാഹം വർദ്ധിച്ചുകൊണ്ടിരുന്നു. ദൈവനാമ മഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും വേണ്ടി ജീവിതത്തിലെ ഓരോ നിമിഷവും പ്രയോജനപ്പെടുത്തിയിരുന്ന ജോഷ്വാ ആബോ ഗീവർഗീസും, ആശ്രമത്തിൽ 'ഗുരുവച്ചൻ' ആയി നിയമിക്കപ്പെട്ട ഫാ. യാക്കോബ് കളപ്പുരയ്ക്കലും എടുക്കുന്ന ക്ലാസ്സിലെ നോട്ടുകളും വ്യക്തിപരമായി നല്കിയിരുന്ന ഉപദേശങ്ങളും ചിട്ടയായി എഴുതി സൂക്ഷിക്കുകയും അവ ജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്തിരുന്നു. പെരുന്നാട്ടിൽ സ്ഥാപിതമായ ബഥനിപ്പള്ളിയിലെ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തിരുന്ന ആശ്രമ വൈദികരോടൊപ്പം ഇടവക ജനത്തിന്റെ വിശ്വാസ പരിശീലനത്തിന് അദ്ദേഹം ഇക്കാലയളവിൽ നേതൃത്വം നല്കി. ഗോഗുൽത്തായിൽ യേശുതമ്പുരാൻ അർപ്പിച്ച കുരിശിലെ ബലി തന്റെ ജീവിതത്തിൽ സ്വായത്തമാക്കുന്നതിനായി - സന്ന്യാസ ജീവിതം നയിക്കുന്നതിനായി - 'യാഗപ്പശുവിനു' സമമായി സ്വയം സമർപ്പിക്കുന്നതിനായി - ജോഷ്വാ സാധു അനുദിനം ശുഷ്കാന്തിയോടെ തപോനിഷ്ഠകളിൽ തഴക്കം നേടി. 1927-ൽ തൽക്കാല വ്രതസ്ഥനായിരിക്കെത്തന്നെ നവശിഷ്യ ഗുരുവായി ജോഷ്വാ സാധുവിനെ ആശ്രമാദ്ധ്യക്ഷൻ നിയമിച്ചു. പാചകം,



www.malankaralibrary.com

കൃഷി, കന്നുകാലി പരിപാലനം മറ്റ് ഗാർഹിക ജോലികൾ എന്നിവയിലെല്ലാം, അദ്ദേഹത്തിന്റെ ഗുരുവായിരുന്ന കളപ്പുരയ്ക്കൽ യാക്കോബ് അച്ചനിൽ നിന്ന് കുറ്റമില്ലാത്ത വിധത്തിലുള്ള പരിശീലനം ജോഷ്വാ ശെമ്മാശൻ സ്വായത്ത മാക്കിയിരുന്നു. എം.ഡി. സെമിനാരി സ്കൂൾ പ്രിൻസിപ്പാളായിരിക്കെ, മദ്രാസിലെ പ്രത്യേക തയ്യൽക്കടയിൽ തയ്പിച്ചെടുത്ത കുപ്പായം ദിവസത്തിൽ പല പ്രവാശ്യം മാറ്റി ഉപയോഗിച്ചിരുന്ന 'എം.എ. അച്ചൻ,' 'ആബോ ഗീവർഗീസ്' ആയി ആശ്രമ ജീവിതം നയിച്ചപ്പോൾ ഏറ്റവും താല്പര്യത്തോടെ ആശ്രമത്തിലെ എല്ലാ ജോലികളും ചെയ്തിരുന്നതുകണ്ട ജോഷ്വാ, തൊഴി ലിന്റെ മാഹാത്മ്യത്തെക്കുറിച്ച് ആഴത്തിൽ ഗ്രഹിക്കുകയും അഭ്യസിക്കുകയും ചെയ്തിരുന്നു. സന്ന്യാസജീവിതം നയിച്ചു കൊണ്ടിരുന്ന മകന്റെ കാര്യങ്ങൾ അറിയാൻ, അമ്മയുടെ നിർദ്ദേശപ്രകാരം, പെരുന്നാട് ആശ്രമം സന്ദർശിച്ച മൂത്ത സഹോദരൻ ഗീവർഗീസ് ഒരിക്കൽ ചെല്ലുമ്പോൾ ജോഷ്വാ ശെമ്മാശൻ കന്നുകാലിത്തൊഴുത്ത് വൃത്തിയാക്കിക്കൊണ്ടിരിക്കുകയായിരുന്നു. അത്തരം താണ ജോലികൾ സമർത്ഥനും, ബുദ്ധിമാനുമായ മകൻ ചെയ്യേണ്ടി വന്നതിൽ ദുഃഖിച്ച മാതാവ്, ആ കാര്യത്തെപ്പറ്റി ആ കാലത്തൊന്നും അപ്പനോട് പറഞ്ഞിരുന്നില്ല.

അതിസ്വാഭാവിക കുടുംബമായ സന്ന്യാസിസമൂഹത്തിൽ എല്ലാവരും സമന്മാരും, എല്ലാ ജോലികളും പ്രധാനപ്പെട്ടതുമാണ്. എല്ലാവരും അത് ഉത്സാഹത്തോടെ ചെയ്തിരുന്നു. വിനയം, ലാളിത്യം, ദാരിദ്ര്യം എന്നീ പുണ്യ ങ്ങളുടെ ഭാഗമായി ആശ്രമത്തിലെ ജോലികൾ ആശ്രമസ്ഥർ തന്നെയായിരുന്നു നിർവ്വഹിച്ചിരുന്നതെങ്കിലും ആദ്ധ്യാത്മിക ജീവിതത്തിനായിരുന്നു ഒന്നാം സ്ഥാനം നല്കിയിരുന്നത്. ജോലികൾ ചെയ്യുമ്പോൾ സംസാരിക്കുമായിരു ന്നില്ല. ദൈവസാന്നിദ്ധ്യസ്മരണ നിലനിർത്തിക്കൊണ്ട്, ദൈവനാമ മഹത്വത്തി നായിട്ടാണ് ഓരോ ജോലിയും ചെയ്യുന്നതെന്ന വിചാരം മനസ്സിൽ സൂക്ഷി ച്ചിരുന്നു. അങ്ങനെ ചെയ്യുന്ന ജോലിതന്നെ ഒരു പുണ്യപ്രവൃത്തിയാണെന്ന തത്വം സന്ന്യാസികൾ മനസ്സിലാക്കിയിരുന്നു. മാർ ഈവാനിയോസ് തിരുമേനി റമ്പാൻപട്ടം സ്വീകരിച്ച വേളയിൽ നടത്തിയ ഒരു രഹസ്യ പ്രതിജ്ഞ ആശ്രമസ്ഥർ തങ്ങളുടെ ആദർശവും, ആഗ്രഹവുമാക്കി മാറ്റിയിരുന്നു. അത് ഇപ്രകാരമായിരുന്നു. "മോറാനേശുമ്ശിഹാ, അവിടുന്നു തന്നെ സർവോപരി എന്നാളും എന്റെ പരമാനന്ദം. മോറാനേശുമ്ശിഹാ, അവിടുന്നു തന്നെ സർവോപരി എന്നാളും എന്റെ നിധി. മോറാനേശുമ്ശിഹാ, അവിടുന്നു തന്നെ സർവോപരി എന്നാളും എന്റെ സർവസ്വവുമാകുന്നു (ഫാ. ഏബ്രഹാം പടിഞ്ഞാറേ മണ്ണിൽ ഒ.ഐ.സി, മാർ ഈവാനിയോസ്: ബഥനി സ്ഥാപകനും പുനരൈക്യശില്പിയും, കോട്ടയം, 2018, പേജ് 51)

www.malankaralibrary.com

### 4.1 ജോഷ്വാ ശെമ്മാശൻ നവശിഷ്യഗുരു



ഫാ.ജോഷ്വാ 1927-ൽ നവ സന്ന്യാസികളുടെ ഗുരുവായി നിയമിത നായപ്പോൾ, നവശിഷ്യ ഗുരുവിനെ പ്പറ്റിയും ദൗത്യത്തെപ്പറ്റിയും അദ്ദേഹ ത്തിനുണ്ടായിരുന്ന വീക്ഷണം തന്റെ ഗുരുവായിരുന്ന കളപ്പുരയ്ക്കൽ യാക്കോബ് ശെമ്മാശന്റെ ജീവചരിത്രം എഴുതിയപ്പോൾ പരാമർശിച്ചിട്ടുണ്ട്. അത് ഇപ്രകാരമായിരുന്നു: "ശിഷ്യ ന്മാരെ സത്പന്ഥാവിൽ നയിക്കുവാൻ ആഗ്രഹിക്കുന്നവർ, ഒന്നാമതായി അവ ർക്ക് ഉത്തമമാതൃകകളായിരിക്കേണ്ടതാ ണല്ലൊ. സന്ന്യാസാർത്ഥികളെ ആശ്രമ നിയമങ്ങളും സന്ന്യാസനിഷ്ഠകളും അഭ്യസിപ്പിക്കുക എന്നതാണ് ഗുരു വിന്റെ ചുമതല. ഏതെങ്കിലും നിയമം മറന്നു പോയാൽ ഗുരുവിനെ നോക്കിയാൽ മതിയാകും എന്നു പറയത്തക്ക വണ്ണം അത്ര തീക്ഷ്ണമായി അദ്ദേഹം തപോജീവിതം അനുഷ്ഠിച്ചു വന്നു. പരിചയമില്ലാത്ത ആർക്കെങ്കിലും ആശ്രമഗുരുവിനെ കാണണമെങ്കിൽ ആശ്രമത്തിൽ അധികം പ്രയാസമുള്ളതും ദുർഘടവും, മനുഷ്യ ദൃഷ്ടിയിൽ ഹീനവുമായ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ആളിനെ നോക്കിയാൽ മതിയാവുമായിരുന്നു." (ഫാ. ജോഷ്വാ, 'യാക്കോബ് മാർ തെയോഫിലോസ് തിരുമേനി', ബഥനി ആശ്രമത്തിന്റെ നാൾവഴികളിലൂടെ, എഡിറ്റേഴ്സ്, ഫാ. ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി. & ഫാ. എബി ഏബ്രഹാം ഒ.ഐ.സി., കോട്ടയം, 2018, പേജ് 282-283). ഫാ.ജോഷ്വായുടെ നവശിഷ്യഗുരുവായിരുന്ന യാക്കോബ് ശെമ്മാശ്ശന്റെ പ്രവർത്തന ശൈലി ഫാ.ജോഷ്വാ ആശ്രമത്തിലെ മൂന്ന് തലമുറകളെ പരിശീലിപ്പിക്കുമ്പോഴും അദ്ദേഹത്തിന്റെയും ശൈലിയാക്കി മാറ്റിയിരുന്നു.

### 4.2 ഫാ. ജോഷ്വായുടെ നിത്യവ്രതവാഗ്ദാനം

നവസന്ന്യാസികളുടെ സന്ന്യാസ പ്രതിഷ്ഠ കഴിഞ്ഞപ്പോൾ അഭിവന്ദ്യ പിതാവ് ഇങ്ങനെ പറഞ്ഞു. "ഫാ. ജോഷ്വായും സെറാഫിയോൻ ശെമ്മാശനും (ഏപ്രിൽ 7-ന് സന്ന്യാസ പ്രതിഷ്ഠ നടത്തിയ സന്ന്യാസി) കൂടെ കാറിൽ കയറി കൊള്ളുക. നേരം വെളുക്കുമ്പോഴേക്കും നമ്മൾ തിരുവിതാംകൂറിന്റെ അതിർത്തി കടന്ന് എറണാകുളത്ത് എത്തണം. നിരണം ഫിലിപ്പ് നമ്മെ പിടിക്കാൻ വാറണ്ടും കൊണ്ടു നടക്കുന്നു. റോമിലേക്കു വിടാതിരിക്കാനുള്ള

www.malankaralibrary.com

യാക്കോബായക്കാരുടെ തന്ത്രമാണ്." വേട്ടക്കാരിൽ നിന്ന് രക്ഷപ്പെട്ട ഇരയെപ്പോലെ എറണാകുളം ആർച്ചുബിഷപ്സ് ഹൗസിലെത്തിയ മാർ ഈവാനിയോസ് തിരുമേനിയെയും ഫാ. ജോഷ്വായെയും, സെറാഫിയോൻ ശെമ്മാശനെയും പുനരൈക്യപ്രസ്ഥാനത്തിന്റെ വലിയ അഭ്യുദയകാംക്ഷിയായിരുന്ന മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനി സ്വാഗതം ചെയ്തു. ആശ്രമത്തിന്റെ നവശിഷ്യഗുരുവും ബഥനി ട്രസ്റ്റിന്റെ സെക്രട്ടറിയും ധനകാര്യദർശിയുമായിരുന്ന ഫാ. ജോഷ്വായുടെ നിത്യവ്രതവാഗ്ദാനം അതുവരെയും നടന്നിട്ടില്ലായിരുന്നു. റോമാ സന്ദർശനത്തിനു മുമ്പായി അദ്ദേഹത്തിന്റെ നിത്യവ്രതവാഗ്ദാനം നടത്തണമെന്നാഗ്രഹിച്ച മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ എറണാകുളം കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് 1932 ഏപ്രിൽ 7-ാം തീയതി ഏറ്റവും ലളിതമായ രീതിയിൽ ഫാ. ജോഷ്വാ നിത്യവ്രതവാഗ്ദാനം നടത്തി.

**5. നവശിഷ്യഗുരുവിന്റെ വൈദിക പരിശീലനം, പൗരോഹിത്യ സ്വീകരണം**

ഫാ. ജോഷ്വാ താല്ക്കാല വ്രതസ്ഥനായിരുന്ന കാലത്ത് നവശിഷ്യഗുരുവിന്റെ ചുമതലകൾ നിർവഹിക്കുമ്പോൾത്തന്നെ പൗരോഹിത്യജീവിതത്തിനാവശ്യമായ പരിശീലനവും അദ്ദേഹം നേടിയിരുന്നു. മല്പാന്മാരുടെ ശിക്ഷണത്തിൽ ഗുരുകുല വിദ്യാഭ്യാസമായിരുന്നു അക്കാലത്ത് വൈദിക പരിശീലനത്തിന് സ്വീകരിച്ചിരുന്ന രീതി. ആരാധനാക്രമം, അനുഷ്ഠാന രീതികൾ എന്നിവയ്ക്ക് ആധികാരികത ഉണ്ടായിരുന്ന ദൈവശാസ്ത്രജ്ഞനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും, മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുമായിരുന്നു വൈദിക പരിശീലന കാര്യത്തിലും ഫാ.ജോഷ്വായ്ക്ക് ശിക്ഷണം കൊടുത്തിരുന്നത്. നയിക്കുക, പഠിപ്പിക്കുക, വിശുദ്ധീകരിക്കുക എന്നീ പൗരോഹിത്യ ധർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനാവശ്യമായ ജ്ഞാനവും വിശുദ്ധിയും സമ്പാദിക്കുകയായിരുന്നു വൈദിക പരിശീലനത്തിന്റെ ലക്ഷ്യം. ഗുരുക്കന്മാർ എടുത്തിരുന്ന ക്ലാസുകൾക്കു പുറമെ, അന്ത്യോക്യൻ ആരാധന ക്രമമനുസരിച്ചുള്ള ആരാധനാ രീതികൾ, പെരുന്നാളുകൾ, നോമ്പ്, ഉപവാസം, ഇടവക ഭരണം, സഭാ ചരിത്രം എന്നീ വിഷയങ്ങളിലെല്ലാം ദൈവശാസ്ത്ര ഗ്രന്ഥങ്ങളുടെ സഹായത്തോടെ ജോഷ്വാ ശെമ്മാശൻ അറിവു നേടിയിരുന്നു. വ്രതവാഗ്ദാന ദിവസമായ 1927 ജൂലൈ 2-ാം തീയതി തന്നെ മാർ ഈവാനിയോസ് തിരുമേനി അദ്ദേഹത്തിന് കോറൂയോ പട്ടം നല്കി. മാർ തെയോഫിലോസ് തിരുമേനിയാണ് അദ്ദേഹത്തിന് ഹെവ്പദിയാക്കിനോ പട്ടം (6-4-1929) നല്കിയത്. 1929 ഏപ്രിൽ 10-ാം തീയതി മാർ ഈവാനിയോസ് തിരുമേനിയിൽ നിന്നു ശെമ്മാശപ്പട്ടം സ്വീകരിച്ച ജോഷ്വാ ശെമ്മാശന് മൂന്നു ദിവസങ്ങൾക്കു ശേഷം 1929 ഏപ്രിൽ 13-ന് മാർ ഈവാനിയോസ് തിരുമേനി വൈദികപട്ടം കൊടുത്തു.

www.malankaralibrary.com

ഫാ. യാക്കോബ് കളപ്പുരയ്ക്കൽ, ഫാ. ഏബ്രഹാം, ഫാ. ബർസ്ക്കീപ്പാ, ഫാ. ബർസ്ലീബാ, ഫാ. ഗീവർഗീസ് എന്നിവർക്കുശേഷം, ആറാമത്തെ ആശ്രമ വൈദികനായിട്ടാണ് ജോഷ്വാ അച്ചൻ പട്ടമേല്ക്കുന്നത്. ഫാ. ജോഷ്വാ നവശിഷ്യ ഗുരുവായി പെരുന്നാട് ആശ്രമത്തിൽ പരിശീലനം കൊടുത്തവരുടെ കൂട്ടത്തിൽ, കുഴിമേപ്പുറത്ത് ജോൺ ശെമ്മാശൻ, ചെമ്പോത്തിനാൽ യോഹന്നാൻ സാധു, ചെറുപുഴത്തോട്ടത്തിൽ നൈനാൻ, ഫാ. പീലിപ്പോസ് വഞ്ചിയിൽ, ജോൺ സാധു കീപ്പള്ളിൽ എന്നിവർ ഉൾ പ്പെടുന്നു. ഫാ. ജോഷ്വായുടെ പട്ടത്വ സ്വീകരണത്തോടെ, കുറുങ്ങാലി, നാറാണംമൂഴി, പെരുന്നാട് ബഥനിപ്പള്ളി എന്നിവിടങ്ങളിൽ ആശ്രമസ്ഥർ ഏറ്റെടുത്തിരുന്ന അജപാലന ശുശ്രൂഷകൾ കുറേക്കൂടി കാര്യക്ഷമമാക്കുന്നതിനു ബഥനിക്കു സാധിച്ചു. ഈ കൂട്ടായ്മകളുടെ ഉത്തരവാദിത്തം ഫാ. ഏബ്രഹാമിനായി രുന്നെങ്കിലും 'ഗുരുവച്ചൻ' ഏറ്റവും തീക്ഷ്ണതയോടെ ഫാ. ഏബ്രഹാമിനെ സഹായിക്കുകയും ഭവന സന്ദർശനങ്ങൾ നടത്തുകയും, പ്രാർത്ഥനാ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തിരുന്നു.

**5.1 ഫാ.ജോഷ്വായുടെ പൗരോഹിത്യ വ്യക്തിത്വ രൂപീകരണം**

ദൈവത്തിന്റെ ഹൃദയത്തിന് ഇണങ്ങിയ ഒരു വൈദികനാകാൻ ഫാ. ജോഷ്വായെ സഹായിച്ചിരുന്നത് മാർ ഈവാനിയോസ് തിരുമേനിയും മാർ തെയോഫിലോസ് തിരുമേനിനും ഫാ. ഏബ്രഹാം പടിഞ്ഞാറേ മണ്ണിലുമായിരുന്നു. ആധുനിക സെമിനാരികളിലെപ്പോലെ പാഠ്യപദ്ധതികൾ അക്കാലത്ത് ഉണ്ടായിരുന്നില്ല. എന്നാൽ തിരുവചനം, ആരാധനാക്രമം, കൂദാശകൾ, സഭാനിയമങ്ങൾ, സഭാചരിത്രം, അജപാലന ശുശ്രൂഷ എന്നീ വിഷയങ്ങളിൽ അദ്ദേഹം ആഴമായ ജ്ഞാനം നേടിയിരുന്നു. സന്ന്യാസജീവിത നിഷ്ഠകളാൽ സ്ഫുടം ചെയ്ത വ്യക്തിത്വം അദ്ദേഹത്തെ വിശുദ്ധനായ ഒരു നേതാവും, ഇടയനും, അദ്ധ്യാപകനുമാക്കിത്തീർക്കാൻ പ്രചോദിപ്പിച്ചുകൊണ്ടി രുന്നു. മലങ്കര സഭയിൽ വൈദികർ പ്രാർത്ഥിക്കുന്നതുപോലെ, "ലോകം മുഴു വന്റെയും പാപപരിഹാരത്തിനും രക്ഷയ്ക്കും വേണ്ടി പിതാവിന് സ്വീകാര്യ ബലിയായി സ്വയം അർപ്പിച്ച നിർമ്മല കുഞ്ഞാടായ മിശിഹാ തമ്പുരാനെ, നിനക്കു പ്രീതികരവും ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ ബലിയർപ്പണത്തിന് അനുരൂപവുമായ ജീവനുള്ള ബലിയായി സ്വയം സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ" എന്ന് എല്ലാ ബലിയർപ്പണത്തിലും പ്രാർത്ഥിച്ചിരുന്ന ഫാ. ജോഷ്വാ അദ്ദേഹം അർപ്പിച്ചിരുന്ന ബലിയ്ക്കു സമമയായ ബലിയായി ഓരോ ദിവസവും ജീവിച്ചിരുന്നു എന്ന സാക്ഷ്യമാണ് അനുഭവസ്ഥർ രേഖ പ്പെടുത്തിയിട്ടുള്ളത്. തകർന്നു കിടന്ന ബലിപീഠം കേടുപോക്കി, വിറകടുക്കി കാളയുടെ കഷണങ്ങൾ വച്ച് ദഹനബലി വസ്തുക്കളിലും വിറകിലും വെള്ളം ഒഴിച്ച ഏലിയായുടെ ബലി കർത്താവിന്റെ അഗ്നി ഇറങ്ങി ദഹിപ്പിച്ചതുപോലെ

www.malankaralibrary.com

(1 രാജാ 18:30-39) സന്ന്യാസ ജീവിതത്തിലൂടെ ദൈവത്തിന് സ്വയം അർപ്പിച്ച അദ്ദേഹത്തിന്റെ ബലിയർപ്പണം സർവ്വശക്തൻ സ്വീകരിച്ചു. അതിനുള്ള സ്വർഗ്ഗത്തിന്റെ അംഗീകാരമായിരുന്നു 1983-ൽ കർത്താവിന്റെ കുരിശിലെ യാഗം സഭാവിശ്വാസികൾ അനുസ്മരിച്ച ദുഃഖവെള്ളിയാഴ്ച ദിവസം അദ്ദേഹം ഇഹലോകവാസം വെടിഞ്ഞത്.

**5.2 ഫാ. ജോഷ്വാ പ്രിൻസിപ്പാൾ!**

പെരുന്നാട് ബഥനി ആശ്രമത്തിന്റെ ആഭിമുഖ്യത്തിൽ നടന്നിരുന്ന സ്കൂളിൽ അഞ്ചാം ക്ലാസ് ആരംഭിച്ചതിനെപ്പറ്റി ജോഷ്വാച്ചൻ എഴുതിയിരിക്കുന്ന കുറിപ്പ് ഇപ്രകാരമാണ്. ഗുരു പ്രിൻസിപ്പാളായി. "പുതുതായി തുടങ്ങുന്ന അഞ്ചാം ക്ലാസ്സിന് ശരിയായ ഒരാരംഭം കുറിക്കുന്നതിനായി ഗുരു കഞ്ഞികുടി കഴിഞ്ഞ് സത്രത്തിൽ പോവുകയും 4 മണിവരെ അവിടെ താമസിക്കുകയും ചെയ്തു. ഇന്ന് വന്ന 6 കുട്ടികളെ പഠിപ്പിച്ചു. ബോർഡും ബഞ്ചും ആശ്രമത്തിൽ നിന്നു കൊണ്ടു പോയി."

**6. പുനരൈക്യം**

വി. തോമ്മാ ശ്ലീഹായിൽ നിന്ന് സുവിശേഷ സന്ദേശം ശ്രവിച്ച ഭാരത ക്രൈസ്തവരിൽ ഒരു വിഭാഗം അന്ത്യോക്യൻ ആരാധനക്രമം സ്വീകരിച്ചതും സാർവത്രിക സഭാകൂട്ടായ്മയിൽ നിന്ന് അകലാനിടയായതും സുവിശേഷ സാക്ഷ്യത്തിന്റെ തിളക്കത്തിന് മങ്ങലേല്പിച്ച ചരിത്രമാണ്. അന്ത്യോക്യൻ ആരാധനക്രമം സ്വീകരിച്ച മലങ്കരസഭ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ രണ്ടു കക്ഷികളായി തിരിഞ്ഞ്, ഇരുകൂട്ടരും തങ്ങളുടെ അധീശത്വം അംഗീകരിച്ചു കിട്ടാൻ നടത്തിയ ശ്രമങ്ങൾ അധികാരത്തിനും, സ്ഥാപനങ്ങൾ കൈയ്ക്കലാക്കുന്നതിനുമുള്ള പ്രായോഗിക സമീപനത്തിലേക്കു നയിച്ചു. രണ്ടു കക്ഷികളുടെയും, നേതാക്കൾക്ക് കാവൽക്കാരും, അംഗരക്ഷകരും വേണ്ടി വന്ന ബലപ്രയോഗത്തിലേക്കു കാര്യങ്ങൾ തിരിഞ്ഞു. അതിന്റെ തുടർച്ചയായി, 'മെത്രാൻ കക്ഷിയുടെ' നേതാവായിരുന്ന വട്ടശ്ശേരിൽ തിരുമേനിയുടെ അംഗരക്ഷകൻ സഭയുടെ ആസ്ഥാനകേന്ദ്രമായിരുന്ന കോട്ടയം പഴയ സെമിനാരിയുടെ മുറ്റത്തുവച്ച് കൊല ചെയ്യപ്പെടുകയും ചെയ്തു. വട്ടശ്ശേരിൽ തിരുമേനിയുടെ കൂടെ നിന്ന് സഭയെ ബലപ്പെടുത്താൻ പരിശ്രമിച്ച ആബോ ഗീവർഗീസ്, ഈ പ്രതിസന്ധികൾക്ക് കാരണമായ ദൈവശാസ്ത്രപരവും, സഭാപരവും, ചരിത്രപരവുമായ കാരണങ്ങൾ മനസ്സിലാക്കുകയും, അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ സഭാനേതാക്കന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും ചെയ്തു. തിരുവചന പഠനത്തിന്റെയും സഭാചരിത്രം, ആരാധനാപാരമ്പര്യം എന്നിവയുടെയും അടിസ്ഥാനത്തിൽ തിരുസഭയെപ്പറ്റിയുള്ള ദൈവികോദ്ദേശ്യം അദ്ദേഹത്തിന് മനസ്സിലായി. വി. പത്രോസാകുന്ന പാറമേൽ യേശു സ്ഥാപിച്ച സഭയാണ് ക്രിസ്തുവിന്റെ സഭ. യേശു ഒരു സഭ മാത്രമെ സ്ഥാപിച്ചു

www.malankaralibrary.com

ള്ളുവെന്നും, യേശുവിൽ വിശ്വസിക്കുന്നവരെല്ലാവരും ഒന്നായിരിക്കണമെന്നു മുള്ളതാണ് യേശുവിന്റെ തിരുഹിതം (യോഹ 17:22) എന്നു മനസ്സിലാക്കിയ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ വി.പത്രോസിന്മേൽ സ്ഥാപിതമായ സഭയിൽ നിന്ന് വിഭജിക്കപ്പെട്ടിരിക്കുന്നതാണ് അന്ത്യോക്യൻ മലങ്കരസഭയിലെ പ്രശ്നങ്ങളുടെ അടിസ്ഥാന കാരണം എന്നും ആ പ്രശ്നം പരിഹരിക്കുന്നതിന് വി.പത്രോസ് ശ്ലീഹായുടെ പിൻഗാമിയായ മാർപാപ്പായുടെ നേതൃത്വം അംഗീകരിക്കുന്ന സഭൈക്യത്തിലേക്ക് മലങ്കര സഭ കടന്നുവരുന്നതിനായി പുത്തൻകൂർ വിഭാഗത്തിന്റെ നേതാക്കന്മാർ നടത്തിയ പരിശ്രമങ്ങൾ യാഥാർത്ഥ്യമാക്കുകയാണ് വേണ്ടതെന്നും തീരുമാനിച്ചു. സഭൈക്യത്തിന്റെ ആവശ്യകത മനസ്സിലാക്കിയിരുന്ന അഞ്ചാം മാർത്തോമ്മായും, ആറാം മാർത്തോമ്മയും (1770) കത്തോലിക്കാ പുനരൈക്യത്തിന് പരിശ്രമം നടത്തിയിട്ടുള്ളവരാണ്. പുലിക്കോട്ട്  മാർ ദിവന്നാസ്യോസ് തിരുമേനിയും 19-ാം നൂറ്റാണ്ടിന്റെ അവസാനം മലങ്കര സഭയ്ക്ക് നേതൃത്വം കൊടുത്ത ചേപ്പാട്ട് മാർ ദിവന്നാസ്യോസ് തിരുമേനിയും പുനരൈക്യത്തിനു വേണ്ടി പരിശ്രമിച്ച പിതാക്കന്മാരാണ്. യാക്കോബായക്കാരുടെ കാനൻ പുസ്തകത്തിൽ താഴെ കാണുന്ന വാചകമുണ്ട്. "ലോകത്തിന്റെ നാലു ഭാഗങ്ങളിലുമായി നാലു പാത്രിയാർക്കീസുമാർ ഉണ്ടായിരിക്കണം; അവരെല്ലാവരുടെയും തലവനും നേതാവും റോമിലെ പാത്രിയാർക്കീസായിരിക്കണം."

1925-ൽ ബഥനി ആശ്രമസ്ഥാപകൻ ആബോ ഗീവർഗീസ് ബഥനി മെത്രാനായി വാഴിക്കപ്പെട്ടതിനുശേഷം, മലങ്കര സഭാപിതാക്കന്മാർ മുൻകാലങ്ങളിൽ നടത്തിയ കാത്തോലിക്കാ സഭാപുനരൈക്യ ശ്രമങ്ങൾ പുനരാരംഭിക്കേണ്ടതിന്റെ ആവശ്യകത മെത്രാൻ കക്ഷിയുടെ കത്തോലിക്കാ സഭയുമായി ഐക്യപ്പെടുന്നതിനുള്ള കത്തിടപാടുകൾ നടത്തുന്നതിന് സുന്നഹദോസ് ബഥനി മെത്രാനെ ചുമതലപ്പെടുത്തി. സുന്നഹദോസ് സെക്രട്ടറിയെന്ന നിലയിൽ അദ്ദേഹം കത്തിടപാടുകൾ നടത്തിക്കൊണ്ടിരുന്നു. സുന്നഹദോസിനെ ബോധ്യപ്പെടുത്തി. കത്തോലിക്കാസഭയുമായുള്ള പുനരൈക്യശ്രമങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് അനുകൂല മറുപടി റോമിൽ നിന്നും ലഭിച്ചപ്പോൾ മാർ ഈവാനിയോസ് തിരുമേനിയും, മാർ തെയോഫിലോസ് തിരുമേനിയും ഒഴികെയുള്ളവർ പുനരൈക്യത്തിൽ നിന്നു പിന്മാറി. അതുകൊണ്ട് ആശ്രമസ്ഥർ പെരുന്നാട് ബഥനിമല വിട്ടിറങ്ങി (1930 ആഗസ്റ്റ് 20) പ്രവാസികളായി വെണ്ണിക്കുളത്ത് താമസിച്ചു. 1930 സെപ്റ്റംബർ 20-ന് പുനരൈക്യപ്പെട്ട മാർ ഈവാനിയോസ് തിരുമേനി മാതാപിതാക്കളെയും, തിരുമൂലപുരത്തുണ്ടായിരുന്ന ബഥനി സിസ്റ്റേഴ്സിനെയും കത്തോലിക്കാ സഭയിലേക്കു സ്വീകരിച്ചതിനു ശേഷം, വെണ്ണിക്കുളത്തു വച്ച് ബഥനി ആശ്രമസ്ഥരെ കത്തോലിക്കാ സഭയിലേക്കു സ്വീകരിച്ചു. കത്തോലിക്കാ സഭാംഗങ്ങളായി എന്ന കാരണത്താൽ ബഥനിത്തിരുമേനിമാരും ആശ്രമ

www.malankaralibrary.com

സ്ഥരും വിശ്വാസികളും വിവിധ സ്ഥലങ്ങളിൽ ആക്ഷേപത്തിനും, പീഡനത്തിനും ഇരയായി. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ക്ലേശമോ ദുരിതമോ പീഡനമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ ഒന്നും നമ്മെ വേർപെടുത്തുകയില്ലെന്ന പൗലോസ് അപ്പസ്തോലന്റെ മനോഭാവത്തോടെ വിശ്വാസികളും വൈദികരും പുനരൈക്യപ്പെട്ടുകൊണ്ടിരുന്നു. പുനരൈക്യ പ്രസ്ഥാനത്തിന്റെ ശത്രുക്കൾ ആസൂത്രണം ചെയ്ത പല പദ്ധതികളും നേരിടേണ്ടിവന്ന ദുര്യോഗം ജോഷ്വാ അച്ചനുണ്ടായി. ബഥനിപ്പള്ളികളിൽ ശുശ്രൂഷകൾക്കു ചെല്ലുമ്പോൾ നേരിട്ട അനുഭവങ്ങൾ നിരവധിയാണ്. വടശ്ശേരിക്കര ബഥനിപ്പള്ളിയിൽ പതിവുപോലെ ശുശ്രൂഷ നടത്താനായി അദ്ദേഹം ചെല്ലുമ്പോൾ, വി. കുർബാന ചൊല്ലിക്കാതിരിക്കാനുള്ള സകല ഏർപ്പാടുകളും ശത്രുക്കൾ ചെയ്തിരുന്നു. പള്ളിയുടെ പൂട്ട് തല്ലിപ്പൊളിച്ച് പുതിയ പൂട്ട് തറച്ച് പള്ളി ബന്തവസ്സാക്കി. അതു കൂടാതെ കുർബാന ചൊല്ലാൻ അനുവദിക്കുകയില്ല എന്നു പറഞ്ഞുകൊണ്ട് ദിവ്യ ബലിയർപ്പണം തടസ്സപ്പെടുത്തിയിട്ടുണ്ട്. കൂദാശാ കർമ്മങ്ങൾ മാത്സര്യവും, ശക്തിയും പ്രദർശിപ്പിക്കുന്നതിനുള്ള സന്ദർഭമാക്കാതെ ഫാ. ജോഷ്വായും അദ്ദേഹത്തിന്റെ കൂടെ പോയ സാധുവും തിരികെ പോയി.

### 6.1 കത്തോലിക്കാ സഭാകൂട്ടായ്മയിൽ എത്തിയവരുടെ അനുഭവം

പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി സകലതും ഉപേക്ഷിച്ച് പെരുന്നാട് വിട്ടിറങ്ങിയ ആശ്രമസ്ഥരുടെ ജീവിതം തികച്ചും ദുരിത പൂർണമായിരുന്നു. പെരുന്നാട്ടിൽ വച്ചു തന്നെ കാർഷിക വരുമാനം തികയാതിരുന്നതിനാൽ ഓർത്തഡോക്സ് പള്ളികളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിച്ചിരുന്ന പിടിയരി, മാസവരി, സംഭാവനകൾ എന്നിവ കൂടി ലഭിച്ചതുകൊണ്ടാണ് ആശ്രമസ്ഥരുടെ ഉപജീവനവും, അപ്പസ്തോലിക പ്രവർത്തനങ്ങളും 'സാമാന്യം തൃപ്തികരമായി' നടന്നിരുന്നത്. ആശ്രമസ്ഥാപകനായ ബഥനി മെത്രാപ്പോലീത്താ കത്തോലിക്കാ സഭയുമായുള്ള പുനരൈക്യത്തിൽ നിന്ന് പിന്മാറുകയില്ലെന്ന് ബോദ്ധ്യമായതിനുശേഷം വട്ടശ്ശേരിൽ മെത്രാപ്പോലീത്താ യാക്കോബായ സഭയിൽ നിന്നുള്ള സംഭാവനകൾ നിരോധിച്ചതോടെ ആ വരവും നിലച്ചു. പറമ്പിൽ നിന്നുള്ള ആദായവും ഇല്ലാതായി. ആ കാലത്തെ അനുഭവത്തെപ്പറ്റി ഫാ. ജോഷ്വാ വിശേഷിപ്പിച്ചത് "ആശ്രമസ്ഥന്മാർ പട്ടിണിക്ക് ചീട്ട് വാങ്ങിയതായിരുന്നു" എന്നാണ്. ആശ്രമസ്ഥരുടെ പരിതാപകരമായ അവസ്ഥ മനസ്സിലാക്കിയ പുല്ലാട് സ്വദേശി വരിക്കണ്ണാമല നാരായണ വൈദ്യൻ സ്വന്തം കൈയ്യിൽ നിന്ന് തല്ക്കാലത്തേയ്ക്കു പണമിറക്കി നാലര ഏക്കർ സ്ഥലം ആശ്രമസ്ഥന്മാരുടെ താമസത്തിനായി പുല്ലാട്ട് വാങ്ങിക്കൊടുത്തു. പ്രസ്തുത സ്ഥലത്താണ് ഒരു മാസം കൊണ്ട് 'കെട്ടിടം' പണിത് 1930 നവംബർ 6-ന് ആശ്രമസ്ഥർ താമസമാക്കിയത്.

www.malankaralibrary.com

## 6.2. പുനരൈക്യ പ്രസ്ഥാനത്തിന് വേണ്ടി ബന്ധനസ്ഥനായ ബഥാന്യൻ

ബഥനി ആശ്രമം പുനരൈക്യ പ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിലായിരുന്നു. ബഥനി ആശ്രമസ്ഥരുടെ വീരോചിതവും സ്ഥിരതയോടുകൂടിയതുമായ അദ്ധ്വാനം ഈ പ്രസ്ഥാനത്തിന്റെ വളർച്ചക്ക് കാരണമായി. ബഥനിത്തിരുമേനിയും ആശ്രമസ്ഥരും പുനരൈക്യത്തിനു നേരിട്ടിട്ടുള്ള ക്ലേശങ്ങളും സഹനങ്ങളും നിരവധിയാണ്. ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ നിർദ്ദേശപ്രകാരം തുമ്പമൺ പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിക്കാനെത്തിയ ഫാ. ജോഷ്വായെ ശത്രുക്കൾ ബന്ധനസ്ഥനാക്കിയതും അടുത്ത ദിവസം പോലീസ് ഇടപെട്ട് അദ്ദേഹത്തെ മോചിപ്പിച്ചതും താഴെപ്പറയുന്ന വിധത്തിൽ മാർ ഈവാനിയോസ് തിരുമേനി അദ്ദേഹത്തിന്റെ ഓർമ്മക്കുറുപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നു.

> പമ്പുമല ബഥനി പള്ളിയിലെ സ്ഥലം ഇടപ്പള്ളി മണ്ണിൽ ഇടിക്കുള നമ്മുടെ ആവശ്യ പ്രകാരം സ്വന്തം കയ്യിൽ നിന്നും പണമിറക്കി നമ്മുടെ പേരിൽ ആധാരം എഴുതി വാങ്ങിയതായിരുന്നു. നാം കത്തോലിക്കാ സഭയിൽ ചേരുന്നതിനുമുമ്പ് അവിടെ ഒരു പള്ളി സ്ഥാപിച്ചിട്ടുണ്ടായിരുന്നു. കത്തോലിക്കാ സഭയിൽ ചേർന്ന് കുറെനാൾ കഴിഞ്ഞതിനു ശേഷമാണ് ഇടിക്കുളയുടെ പണം തിരികെ കൊടുത്തത്. പണം കൊടുക്കുന്നതിനു മുമ്പ് തന്നെ നാം പമ്പുമല പള്ളിയിൽ എത്തി. അടുത്ത ഞായറാഴ്ച ബഥനി ആശ്രമസ്ഥൻ ഫാ. എബ്ര ഹാമിനെ കുർബാന ചൊല്ലുവാനായി താമസിപ്പിച്ചു. അടുത്ത ഞായറാഴ്ച സ്ഥലത്തുള്ള ഓർത്തഡോക്സുകാരുടെ എതിർപ്പുമൂലം പള്ളി തുറന്ന് കുർബാന ചൊല്ലുവാൻ സാധിക്കാഞ്ഞതുമൂലം വരാന്തയിൽ ഫാ. ഏബ്രഹാം കുർബാന ചൊല്ലി. അതിനടുത്ത ഞായറാഴ്ച അവിടെ വിശുദ്ധ കുർബാന ചൊല്ലുവാൻ ബഥനി ആശ്രമസ്ഥൻ ഫാ. ജോഷ്വായെ ഉള്ളന്നൂർക്കാരൻ ചിറക്കരോട്ട് ഇടിക്കുളയെ കൂട്ടി ശനിയാഴ്ച വൈകിട്ട് പമ്പുമലയ്ക്ക് അയച്ചു. പിറ്റേന്ന് ഞായറാഴ്ച ദിവസം ഫാ.ജോഷ്വായെ പള്ളിയിൽ കയറ്റാതെ തടഞ്ഞു. മണ്ണടിവീട്ടിൽ കൊച്ചുകുഞ്ഞ് (പിന്നീട് അദ്ദേഹം കത്തോലിക്കാ



www.malankaralibrary.com

സഭയിൽ ചേർന്നു) ചെമ്പോലേത്ത് തോമ്മാ കൊച്ച് തണങ്ങാടിയിൽ മുതലായവർ അച്ചന്റെ ചുറ്റുമിരുന്നു. അച്ചനെ അവർ ബന്ധനസ്ഥനാക്കി. എതിർ കക്ഷികളായ അനേകം ആളുകളും പള്ളി പരിസരങ്ങളിൽ കൂടിയിരുന്നു. ഈ സമയത്ത് ഉള്ളന്നൂർ മലഞ്ചരുവിൽ മത്തായി സാറിനെ പന്തളം മുതലാം കാട്ടിൽ വറുഗീസിനെ കൂട്ടി പമ്പുമലയ്ക്ക് നാം അയച്ചു. മാനേജർ ചാക്കോയെ ചേരിയിൽ വർക്കി വക്കീലിനെയും കൂട്ടി പത്തനംതിട്ട പോലീസിനെ കാണുവാനും അയച്ചു. മത്തായി സാർ പമ്പുമല ചെന്ന് അച്ചന്റെ ബന്ധനാവസ്ഥ കണ്ട് അവിടെ നിന്നും പത്തനംതിട്ട പോലീസ് സ്റ്റേഷനിലേക്ക് പോയി, പോലീസ് ഇൻസ്പെക്ടർ മുഹമ്മദിനെ കണ്ട് വിവരം അറിയിക്കുകയും ഹെഡ്കോൺസ്റ്റബിളിനെയും പോലീസുകാരെയും കൊണ്ട് പമ്പുമല യ്ക്ക് വരികയും ഫാ. ജോഷ്വായെ ബന്ധനവിമുക്തനാക്കുകയും പോലീസ് സ്റ്റേഷനിൽ എത്തണമെന്ന് പോലീസ് ആജ്ഞാപിക്കുകയും അവർ എത്തുകയും ചെയ്തു. അവരെ സഹായിക്കാൻ ഓമല്ലൂർ വടുതല അച്ചനും കൈപ്പട്ടൂർ തേരകത്ത് ചെറിയാൻ കുഞ്ഞും മറ്റും എത്തിയിരുന്നു. നമ്മുടെ പള്ളിയിൽ സമാധാന ലംഘനം ഉണ്ടാവുകയില്ലെന്ന് എഴുതി വയ്ക്കണമെന്ന് പമ്പുമലക്കാരോട് പോലീസ് ഇൻസ്പെക്ടർ ആവശ്യ പ്പെടുകയും അവർക്കു വേണ്ട ക്ലാസ് എടുത്തശേഷം എഴുതി ഒപ്പ് ഇടുവിക്കുകയും ചെയ്തു.

### 6.3 പാതിരാത്രിയിലെ വ്രതാനുഷ്ഠാനം

നോവിഷ്യേറ്റ് പരിശീലനത്തിനുള്ള ഒരുക്കങ്ങൾ നടത്തിയ എട്ടു പേർ 1931 ഏപ്രിൽ 5-ന് പുല്ലാട് ബഥനി ആശ്രമത്തിൽ നവശിഷ്യ പരിശീലനം ആരംഭിച്ചു. 1927-ൽ നവശിഷ്യഗുരു ആയി നിയമിതനായ ഫാ. ജോഷ്വാ തന്നെയായിരുന്നു 'ഗുരു'. 1932 ഏപ്രിൽ മാസത്തിലാണ് ഇവർ സന്ന്യാസ പ്രതിഷ്ഠ നടത്തേണ്ടിയിരുന്നത്. വ്രതവാഗ്ദാനത്തിനുള്ള ഒരുക്കമായി 8 പൂർണ്ണ ദിവസത്തെ ധ്യാനം ആരംഭിച്ചു. മാർ ഈവാനിയോസ് തിരുമേനി പരിശുദ്ധ പിതാവിനെ സന്ദർശിക്കാൻ റോമിലേക്കു പോകാൻ തയ്യാറാകുന്ന കാലമായിരുന്നു അത്. യാത്ര തടസ്സപ്പെടുത്തുവാൻ എതിരാളികൾ വിവിധ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അതിലൊന്ന് ഇപ്രകാരമായിരുന്നു. എം. ഡി. സ്കൂൾ നടത്തിപ്പു വകയിൽ തനിക്ക് മാർ ഈവാനിയോസിൽ നിന്ന് ഒരു തുക കിട്ടാനുണ്ട് എന്നുപറഞ്ഞ് നിരണം കെ.എം. ഫിലിപ് ഒരു സിവിൾ കേസ് കൊടുത്തു. തിരുമേനി റോമിലേക്കു തിരിക്കുന്നതിനു മുമ്പ് ഒന്നുകിൽ പണം കിട്ടണം. അല്ലെങ്കിൽ അറസ്റ്റു ചെയ്യണം എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. രണ്ടാമത്തെ ഉദ്ദേശ്യത്തിനാണ് പ്രാബല്യമുണ്ടായിരുന്നത്. അറസ്റ്റു വാറന്റ് കൈപ്പറ്റാൻ ഇടയാകാതെ, തിരുവിതാംകൂർ അതിർത്തി വിടാൻ ശ്രമിച്ചുകൊണ്ടിരുന്ന തിരുമേനിക്ക് വെണ്ണിക്കുളം ആശ്രമത്തിൽ പരിശീലനത്തിലിരുന്ന നവശിഷ്യരുടെ വ്രതാനുഷ്ഠാനം നടത്തിയിട്ടു പോകണമെന്ന് ആഗ്രഹമുണ്ടായിരുന്നു. വ്രതാനുഷ്ഠാനത്തിനുള്ള ഒരുക്ക ധ്യാനം ആരംഭിച്ച പാതിരാത്രിയിൽ മാർ ഈവാനിയോസ് തിരുമേനി ആശ്രമ

www.malankaralibrary.com

ത്തിലെത്തി, വ്രതവാഗ്ദാനത്തിന്, ചാപ്പലിൽ എത്താൻ നവശിഷ്യരെ വിളിക്കാൻ 'ഗുരു' അച്ചനോട് പറഞ്ഞു. "പിതാവേ, അവരുടെ കുപ്പായങ്ങൾ നനച്ചിട്ടിരിക്കുകയാണ്. ഉണങ്ങിയിട്ടില്ല; ഇന്നു വ്രതാനുഷ്ഠാനമുണ്ടാകുമെന്ന് ധരിച്ചിരുന്നില്ല" എന്നു മറുപടി പറഞ്ഞു. വന്ദ്യപിതാവ്, "സാരമില്ല, എല്ലാവരെയും വിളിക്കുക" എന്നു രണ്ടാമത് പറഞ്ഞപ്പോൾ എല്ലാവരെയും വിളിച്ചു വരുത്തി. അങ്ങനെ 1932 ഏപ്രിൽ 7-ാം തീയതി പാതിരാത്രിയിൽ കത്തോലിക്കാ സഭയിൽ പരിശീലനം നടത്തിയ ബഥനി ആശ്രമത്തിലെ നവശിഷ്യർ സന്ന്യാസ പ്രതിഷ്ഠ നടത്തി.

**7. തീക്ഷ്ണമതിയായ പുരോഹിതൻ**

മൂന്നു വർഷത്തെ സന്ന്യാസ പരിശീലനം നടത്തിയ അദ്ദേഹം ആ കാലഘട്ടത്തിലും നവസന്ന്യാസ ഗുരുവായി പ്രവർത്തിച്ച അടുത്ത രണ്ടു വർഷങ്ങളിലും, ആശ്രമത്തിലെ കൃഷി, കാർഷിക ജോലികൾ, കന്നുകാലി പരിപാലനം, പാചകം തുടങ്ങിയ ജോലികൾ ചെയ്തു കൊണ്ട് നിഷ്ഠാപരമായ സന്ന്യാസജീവിതം നയിക്കുമ്പോഴാണ് വൈദികർ പഠിച്ചിരിക്കേണ്ട എല്ലാ വിഷയങ്ങളും സ്വപരിശ്രമത്തിൽ അദ്ദഹം പഠിച്ചത്. 'എനിക്കു വേണ്ടി വിശ്വസ്തനായ ഒരു പുരോഹിതനെ ഞാൻ തിരഞ്ഞെടുക്കും. എന്റെ ഹൃദയാഭിലാഷമനുസരിച്ച് അവൻ പ്രവർത്തിക്കും" എന്നുള്ള വചനം ഫാ. ജോഷ്വായെ സംബന്ധിച്ചിടത്തോളം അന്വർത്ഥമാണ്. ശെമ്മാശനായിരിക്കെ പെരുന്നാട് ബഥനിപ്പള്ളിയിൽ വചന ശുശ്രൂഷ ആരംഭിച്ചു. മലാക്കി പ്രവാചകന്റെ ഗ്രന്ഥത്തിൽ പൗരോഹിത്യ ദൗത്യത്തെപ്പറ്റി പറയുന്നതുപോലെ, "പുരോ ഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷി ക്കണം. ജനം പ്രബോധനം തേടി അവനെ സമീപിക്കണം. അവൻ സൈന്യങ്ങളുടെ കർത്താവിന്റെ ദൂതനാണ്'' (മലാക്കി 2:7) എന്ന യാഥാർത്ഥ്യം മനസ്സിലാക്കി ആഴ മായ വിശ്വാസവും ജ്ഞാനവും അദ്ദേഹം നേടിയെടുത്തു. വൈദികനായ ശേഷം സമീപപ്രദേശങ്ങളിൽ ബഥനി ഏറ്റെടുത്ത അജപാലന ശുശ്രൂഷകളിൽ പൂർണമായും പങ്കുചേർന്നു.



പുനരൈക്യത്തിന്റെ കാലങ്ങളിൽ ബഥനി ആശ്രമസ്ഥർ പുല്ലാട് ബഥനി ആശ്രമം കേന്ദ്രമാക്കിക്കൊണ്ട് കല്ലൂപ്പാറ, പുറമറ്റം, തിരുവല്ലാ, വടശ്ശേരിക്കര,

www.malankaralibrary.com

പരുമല, ചേപ്പാട് എന്നീ പ്രദേശങ്ങളിൽ അജപാലന ശുശ്രൂഷകൾ നിർവഹി ച്ചിരുന്നു. പുല്ലാട് പ്രദേശത്ത് വിജാതി യരുടെ ഇടയിലുള്ള മിഷൻ പ്രവർത്തനത്തിന് പരുമല സ്വദേശി വർഗീസ് ഉപദേശിയും ചേരമരുടെയിടയിൽ നിന്ന് പൗലോസ് പ്രധാനിയും ബഥനിയ്ക്ക് വലിയ സഹായം നല്കിയിരുന്നു. അവരിരുവരുടെയും പരിശ്രമത്താൽ പുല്ലാട് പ്രദേശത്ത് ഒരു പുതിയ മിഷൻ ആരംഭിച്ചു. അവിടെ രൂപീകരിക്കപ്പെട്ട മിഷന്റെ കൗദാശികവും, ആദ്ധ്യാത്മികവുമായ ചുമതലകൾ നിർവഹിച്ചിരുന്നത് ഫാ. ജോഷ്വായായിരുന്നു. ആ കാലത്തു തന്നെ തിരുവല്ലാ രൂപത പുല്ലാട് ഒരു സ്ഥലം വാങ്ങുകയും ലളിതമായ ഒരു ദൈവാലയം പണിയുകയും ചെയ്തു.

### 7.1 ആദ്യ മലങ്കര കത്തോലിക്കാസഭാ വിശ്വാസികൾ: ബഥനി ആശ്രമസ്ഥർ

മാർ ഈവാനിയോസ് തിരുമേനി പരിശുദ്ധ പിതാവിനെ സന്ദർശിച്ച സന്ദർഭത്തിലാണ് തിരുവനന്തപുരം ആസ്ഥാനമാക്കി മലങ്കര ഹയരാർക്കിയും തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ രൂപതയും സ്ഥാപിക്കുന്നതിനുള്ള തീരുമാനം എടുത്തത്. ഒരു മലങ്കര കത്തോലിക്കാ വിശ്വാസിയോ, അതി രൂപതാ സ്ഥാപനത്തിന് ഒരിഞ്ചു സ്ഥലമോ ഇല്ലാതിരുന്നപ്പോഴാണ് തിരുമേനി യുടെ ആഗ്രഹപ്രകാരം പരിശുദ്ധ പിതാവ് ഈ തീരുമാനമെടുത്തത്. 9 മാസ ത്തിനുള്ളിൽ ഈ തീരുമാനം നടപ്പാക്കണമെന്ന് റോമിൽ നിന്ന് അറിയിച്ചി രുന്നു. അതിന്റെ പ്രാരംഭമായി ആശ്രമസ്ഥന്മാരിൽ രണ്ടു പേർ തിരുവനന്ത പുരത്ത് വീട് വാടകയ്ക്കെടുത്ത് താമസം തുടങ്ങണമെന്ന് ബഥനി അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായിരുന്ന പുലിക്കോട്ട് ജോസഫ് റമ്പാച്ചനെ മാർ ഈവാനിയോസ് തിരുമേനി റോമിൽ നിന്ന് അറിയിച്ചു. ഫാ. ബർസ്ലീബായെയും ഹിലാരിയോൺ സാധുവിനെയും അതിനായി തിരുവനന്തപുരത്തേക്ക് അയച്ചു. അവർ കുന്നുകുഴിയിൽ ഒരു വീട് വാടകയ്ക്കെടുത്ത് താമസമാരംഭിച്ചു. വാസസ്ഥലത്തിന്റെ ഒരു മുറി കൂദാശ ചെയ്ത് ചാപ്പലായി ഉപയോഗിക്കുകയും മലങ്കര കത്തോലിക്കാ സഭയുടെ ആരാധനക്രമമനുസരിച്ച് ഫാ. ബർസ്ലീബാ തിരുവനന്തപുരത്ത് ആദ്യമായി വി.കുർബാന അർപ്പിക്കുകയും ചെയ്തു. ഒരാഴ്ച കഴിഞ്ഞ് തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഈ പ്രദേശം കുറെക്കൂടി പരിചയമുള്ള ഫാ. ജോഷ്വായെ സ്ഥിരമായി നിയമിക്കുകയും ഫാ. ബർസ്ലീബായെ പിൻവലിക്കുകയും ചെയ്തു. ഈ കാലത്താണ് ഫാ. ജോൺ പാങ്ങോട്ട് ആശ്രമത്തിൽ നോവി ഷ്യേറ്റ് പരിശീലനം പൂർത്തിയാക്കിയത്. ഫാ. ജോഷ്വാ പാങ്ങോട് ആശ്രമ ത്തിൽ ചെന്ന് ബഥനി സന്ന്യാസി സമൂഹത്തിനു കർമ്മലീത്താ സഭ ചെയ്തു കൊടുത്ത സഹായങ്ങൾക്ക് നന്ദിയർപ്പിച്ചുകൊണ്ട് അദ്ദേഹത്തെ കുന്നുകുഴി യിലെ തന്റെ വസതിയിലേക്കു കൂട്ടിക്കൊണ്ടു വരുകയും രണ്ടു ദിവസങ്ങൾക്കു ശേഷം പുല്ലാട് ബഥനി ആശ്രമത്തിലേക്ക് യാത്രയാക്കുകയും ചെയ്തു.

മാർ ഈവാനിയോസ് തിരുമേനി യൂറോപ്യൻ പര്യടനം കഴിഞ്ഞ്

www.malankaralibrary.com

ഒക്ടോബറിൽ (1932) മടങ്ങിയെത്തുമെന്ന് അറിയിപ്പു കിട്ടി. തിരുമൂലപുരത്തു നിന്ന് പുല്ലാട് ആശ്രമത്തിൽ എത്തി ആശ്രമസ്ഥരുടെ വ്രതാനുഷ്ഠാന കർമ്മം നിർവഹിച്ചിട്ട് റോമിലേക്കു പോയ അദ്ദേഹം തിരുവനന്തപുരം ആർച്ചുബിഷപ്പ് ആയി നിയമിതനായതിനാൽ തിരുവനന്തപുരത്ത് താമസമാക്കാൻ തീരുമാനിച്ചു. കുന്നുകുഴിയിൽ ഫാ. ജോഷ്വാ താമസിച്ചിരുന്ന സ്ഥലം അതിന് അപര്യാപ്തമായതിനാൽ ഡോക്ടർ രാമൻ തമ്പിയുടെ വക വെള്ളയമ്പലത്തുള്ള കെട്ടിടം വാടകയ്ക്കെടുത്ത് അവിടെ താമസമാക്കി. അഭിവന്ദ്യ തിരുമേനിയോടൊപ്പം പുലിക്കോട്ട് ജോസഫ് റമ്പാനും, പ്രോദോത്ത് എന്ന സ്ഥാനം സ്വീകരിച്ചുകൊണ്ട് റോമിൽ നിന്ന് മടങ്ങിയെത്തിയ ഫാ. മറ്റത്തിലും, ചാൻസിലറും സെക്രട്ടറിയുമായി നിയമിതനായ ഫാ. ജോഷ്വായും പുതിയ വാടകക്കെട്ടിടത്തിൽ താമസിച്ചു. ഏറെ താമസിയാതെ പുല്ലാട് ബഥനി ആശ്രമത്തിൽ നിന്ന് മാർ ഈവാനിയോസ് തിരുമേനി കോശി ശെമ്മാശ്ശനെ വരുത്തി അരമന പ്രൊക്യുറേറ്ററായി നിയമിച്ചു.

### 7.2 പാളയം സെന്റ് മേരീസ് ദൈവാലയ സ്ഥാപനം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഹയരാർക്കി സ്ഥാപനത്തിന് ഒരു ദൈവാലയം സ്ഥാപിക്കുന്നതിനായിരുന്നു മാർ ഈവാനിയോസ് തിരുമേനി ആദ്യം ശ്രദ്ധിച്ചത്. അതിനായി പാളയത്ത് പാമ്പദോർ പാലസ് എന്നറിയപ്പെട്ടിരുന്ന സിനിമാക്കെട്ടിടം വിലയ്ക്കുവാങ്ങി. ദൈവാലയം സ്ഥാപിക്കാനും പരസ്യാരാധന നടത്താനും ഗവൺമെന്റിന്റെ അനുവാദം ആവശ്യമായിരുന്നു. സിനിമാശാലയ്ക്ക് ചില മാറ്റങ്ങൾ വരുത്തിയിട്ട് പള്ളിയാക്കാനുള്ള അനുവാദത്തിന് ഗവൺമെന്റിൽ സമർപ്പിച്ച അപേക്ഷയ്ക്ക് 1933 മാർച്ച് 10-ാം തീയതിയാണ് അനുവാദം ലഭിച്ചത്. രാത്രിയിൽ തന്നെ മാർ ഈവാനിയോസ് തിരുമേനി ദൈവമാതാവിന്റെ നാമത്തിൽ ദൈവാലയം കൂദാശ ചെയ്തു. 11-ാം തീയതി നടന്ന ചടങ്ങിൽ അഭിവന്ദ്യ അലോഷ്യസ് മരിയ ബൻസിഗർ തിരുമേനി 'ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി' എന്ന ഭരണഘടന നടപ്പിലാക്കിയതായി പ്രഖ്യാപിച്ചുകൊണ്ട് തിരുവനന്തപുരം അതിരൂപത കാനോനികമായി ഉദ്ഘാടനം ചെയ്തു. ആർച്ചുബിഷപ്പിന്റെ നിർദ്ദേശപ്രകാരം പാളയം സെന്റ് മേരീസ് ദേവാലയ സ്ഥാപനത്തിന് നേതൃത്വം വഹിച്ചത് ഫാ. ജോഷ്വായാണ്. (ജോഷ്വാ അച്ചന്റെ പേരിലാണ് പാളയം ദൈവാലയത്തിന്റെ പ്രമാണം എഴുതപ്പെട്ടിട്ടുള്ളതെന്ന് മേജർ അതിരൂപതാദ്ധ്യക്ഷനായിരുന്ന സിറിൽ ബസ്സേലിയോസ് കാതോലിക്കാ ബാവാ പറഞ്ഞിട്ടുള്ളതായി ശ്രീമാൻ ജോൺ കെ. ദാനിയേൽ അനുസ്മരിക്കുന്നു.) 1936 ഒക്ടോബർ 1-ന് പ്രോ-കത്തീഡ്രൽ വികാരിയായി നിയമിതനായ ഫാ. ജോഷ്വാ അവിടുത്തെ അനുഭവങ്ങൾ ഇങ്ങനെ കുറിച്ചിട്ടുണ്ട്. "10 സെന്റ് സ്ഥലമാണ് പള്ളിയ്ക്കുണ്ടായിരുന്നത്. 8 സെന്റ് സ്ഥലവും പള്ളിയാണ്. 2 സെന്റ് സ്ഥലം ഒഴിഞ്ഞു കിടന്നിരുന്നു. അതിന്റെ പടിഞ്ഞാറെ അറ്റത്ത് ഒരു

www.malankaralibrary.com

ചാർത്ത് ഉണ്ടാക്കി അച്ചന്മാർക്ക് താമസത്തിനായി ഒരുക്കിയിരുന്നു. ഭക്ഷണം ഹോട്ടലിൽ നിന്ന് വാങ്ങി കഴിച്ചിരുന്നു. കേവലം പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള ഈ വസതിയിൽ താമസിച്ചുകൊണ്ട് ഇരുവരും [ഫാ. കോശിയും ഫാ. ജോഷ്വായും] വിശ്വാസികളുടെ ആത്മീയകാര്യങ്ങൾ നിർവഹിച്ചിരുന്നു."

### 7.3 തിരുവനന്തപുരം അതിരൂപതയിലെ മറ്റ് സുവിശേഷ വേലകൾ

1932-ൽ തിരുവനന്തപുരത്ത് താമസമാക്കിയ ബഥാന്യർ വന്ദ്യപിതാവിന്റെ നേതൃത്വത്തിൽ തീക്ഷ്ണമായ വിധത്തിൽ വിവിധ പ്രദേശങ്ങളിൽ സുവി ശേഷ വേലയിൽ വ്യാപൃതരായി. ഉദാഹരണമായി ഫാ. ജോഷ്വാ മണലയം ദൈവാലയത്തിന്റെ ചുമതലക്കാരനായിരിക്കെ ജ്ഞാനസ്നാന സ്വീകരണത്തി നായി ഒരുക്കിയ 116 ആളുകൾക്ക് 1933 നവംബർ മാസത്തിൽ മാർ ഈവാനിയോസ് തിരുമേനി മാമോദീസാ നല്കിയതായി രജിസ്റ്ററിൽ രേഖ പ്പെടുത്തിയിട്ടുണ്ട്. 1935 സെപ്റ്റംബർ 5-ന് മാർ ഈവാനിയോസ് തിരുമേനി അദ്ദേഹത്തെ വട്ടിയൂർക്കാവ് മിഷൻ ഡിസ്ട്രിക്ടിന്റെ വികാരിയായി നിയമിച്ചു. ബഥനി ആശ്രമ രജിസ്റ്ററിലെ സ്ഥിതി വിവരക്കണക്കനുസരിച്ച് 1936-1947 കാലയളവിൽ അദ്ദേഹം 19 മിഷനുകളുടെ ഉത്തരവാദിത്തം നിർവഹിച്ചിട്ടുണ്ട്.

### 7.4 കറ്റാനം മേഖലയിലെ പ്രവർത്തനങ്ങൾ

ബഥനി ആശ്രമത്തിൽ ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനായി മാർ ഈവാനിയോസ് തിരുമേനി തീരുമാനിക്കുകയും അതിനായി കറ്റാനത്ത് ഒരു ആശ്രമം സ്ഥാപിച്ചുകൊണ്ട് അപ്പസ്തോലിക വിദ്യാർത്ഥികളുടെ പരിശീലന ത്തിന് ക്രമീകരണം ചെയ്യുകയുമുണ്ടായി. അതിന്റെ ചുമതല ഏല്പിച്ചത് ഫാ. ജോഷ്വായെ ആയിരുന്നു. 1947 ജൂലൈ 19-ന് അദ്ദേഹം മാർ ഈവാനിയോസ് തിരുമേനിക്ക് എഴുതിയ കത്തിൽ നിന്ന് ആ കാലയളവിലെ പ്രവർത്തനങ്ങളെക്കുറിച്ച് ഗ്രഹിക്കാനാവും. "കറ്റാനം ആശ്രമത്തിൽ 3 അച്ചന്മാരും 4 കുട്ടികളും 2 വേലക്കാരുമുണ്ട്. 4 കുട്ടികളും യാക്കോബായ സഭയിൽ നിന്ന് പുനരൈക്യപ്പെട്ടവരാണ്. തേവലക്കര, പുത്തൻകാവ്, കുടശ്ശനാട്, കല്ലൂപ്പാറ എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് കുട്ടികൾ. കല്ലൂപ്പാറയിൽ നിന്ന് വന്നിട്ടുള്ളത് ബനഡിക്ട് അച്ചന്റെ അനുജനാണ്. ഫിഫ്ത് ഫോം മുതൽ കീഴ്പോട്ടുള്ള ക്ലാസ്സുകളിൽ ഇവർ പഠിക്കുന്നു. ബ. ബർസ്ലീബാ അച്ചൻ കറ്റാനത്തും യോബച്ചൻ വാണാച്ചിറയും പള്ളികൾ നടത്തുന്നു. ഞായറാഴ്ച കറ്റാനം പള്ളിയിൽ കുമ്പസാരം കേൾക്കുക, വി. കുർബാന ചൊല്ലുക, സ്ത്രീസമാജം നടത്തുക, സണ്ടേസ്കൂൾ പഠിപ്പിക്കുക ആദിയായവ ഞാനും നടത്തുന്നുണ്ട്. ബ. കുറത്തിയാട്ട് അച്ചന്റെ അനുജൻ കീവറീച്ചൻ ഇപ്പോഴും കുളച്ചിറ തന്നെയാണ് താമസമെങ്കിലും, ഞാൻ അവിടെ പോകുകയും കുറെ സ്ഥലം കിളച്ച് ഈടി കെട്ടി ശരിപ്പെടുത്തുകയും ചെയ്തു. ആണ്ടു തോറും കുറേശ്ശെ സ്ഥലം ഈ വിധം

www.malankaralibrary.com

ശരിപ്പെടുത്താമെന്നു കരുതുന്നു.”

‘ബനഡിക്ട് അച്ചന്റെ സഹോദരൻ’ എന്നു ജോഷ്വാ അച്ചൻ സൂചിപ്പിച്ചിട്ടുള്ള ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി. ഫാ. ജോഷ്വായുടെ അജപാലന ശുശ്രൂഷയെപ്പറ്റി ഇങ്ങനെ അനുസ്മരിക്കുന്നു. “ഫാ. ജോഷ്വാ പുതുപ്പള്ളിയിൽ മിഷൻ തുടങ്ങി. ഓല മേഞ്ഞ ഷെഡ്ഡിലാണ് പള്ളി ആരംഭിച്ചത്. എന്റെ ബാച്ചിൽ ഫാ. അംബ്രോസ്, ഫാ. ഡൊമനിക്ക്, ഫാ. തോമസ് എന്നിവരടങ്ങുന്ന 9 പേരുണ്ടായിരുന്നു. അപ്പസ്തോലിക വിദ്യാർത്ഥികളായ ഞങ്ങളെയും മിഷനിൽ കൊണ്ടു പോകുമായിരുന്നു.'' ഫാ. ഇഗ്നേഷ്യസ്, ജോഷ്വാ അച്ചന്റെ ദൈവജന ശുശ്രൂഷയെപ്പറ്റി ഇങ്ങനെ സംക്ഷേപിച്ചു: “ഇടവക ജനങ്ങൾ അച്ചന്റെ ശുശ്രൂഷ വളരെ വിലമതിച്ചിരുന്നു.” 1953 മുതൽ 1959 വരെ ഒരിക്കൽ കൂടി ഫാ. ജോഷ്വാ കറ്റാനം ആശ്രമാംഗമായി പ്രവർത്തിച്ചു. ഈ കാലയളവിൽ അദ്ദേഹം കറ്റാനം, ചാരുംമൂട്, കോമല്ലൂർ, വള്ളികുന്നം എന്നീ ഇടവകകളുടെ വികാരിയായിരുന്നു.

### 7.5 തിരുവല്ലാ രൂപതയിലെ ശുശ്രൂഷ

ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയും മാർ സേവേറിയോസ് തിരുമേനിയും 1951-ൽ ബഥനി ആശ്രമത്തിന്റെ അപ്പസ്തോലിക സന്ദർശകനും സുപ്പീരിയർ ജനറലുമായി സംയുക്തമായി നിയമിച്ച ഫാ. ഫ്രാൻസിസ് സാലസ് റ്റി.ഒ.സി.ഡി യുമായി ആലോചിച്ച് മാർ സേവേറിയോസ് തിരുമേനി ചെങ്ങന്നൂർ ബഥനി ജനറലേറ്റിൽ (സെന്റ് തോമസ് മിഷൻ ഹൗസ്) താമസിച്ചു കൊണ്ടിരുന്ന ഫാ. ജോഷ്വായെ നിരണം ഇടവകയുടെ വികാരിയായി നിയമിച്ചു. അതിനടുത്തുള്ള തിരുവല്ല രൂപതയിലെ മറ്റ് ഇടവകകളിലും അദ്ദേഹം ശുശ്രൂഷ ചെയ്തിരുന്നു. നിരണം ദൈവാലയത്തോട് ചേർന്ന് താമസിക്കുന്നതിനുള്ള ക്രമീകരണം ഇല്ലെന്നും, തിരുവല്ലാ ആശ്രമ സുപ്പീരിയറിന്റെ ഔദാര്യത്താൽ ആശ്രമത്തിൽ താമസിക്കുന്നതിന് സാധിക്കുന്നുവെന്നുമാണ്, ആ കാലത്തെ വാസസ്ഥലത്തെക്കുറിച്ച് അദ്ദേഹം എഴുതിയിരിക്കുന്നത്. 1953-ൽ മാർ സേവേറിയോസ് തിരുമേനി ഫാദർ ജോഷ്വായെ നിരണത്തു നിന്ന് വെണ്ണിക്കുളത്തേക്ക് നിയമിച്ചു. അങ്ങനെ രണ്ടാമത് ഒരിക്കൽക്കൂടി ഫാ. ജോഷ്വാ വെണ്ണിക്കുളത്തുള്ള മലങ്കര കത്തോലിക്കാ വിശ്വാസികളുടെ ആത്മീയ നേതൃത്വം വഹിച്ചു. അദ്ദേഹത്തിന്റെ സഹായിയായി ഫാ. ചെറിയാൻ പോളച്ചിറയ്ക്കൽ (പിന്നീട് അഭിവന്ദ്യ സഖറിയാസ് മാർ അത്താനാസിയോസ്) ഈ കാലയളവിൽ അവിടെ ശുശ്രൂഷ നിർവഹിച്ചിട്ടുണ്ട്.

ഇതിനു ശേഷം തിരുവല്ലാ മേഖലയിൽ ഫാ. ജോഷ്വാ അദ്ധ്യാത്മിക ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തിട്ടുള്ളത് 1974 മുതൽ വിശ്രമജീവിതം നയിച്ചുകൊണ്ട് തിരുവല്ലാ ആശ്രമാംഗമായിരിക്കുമ്പോഴാണ് തിരുവല്ലാ ആശ്രമത്തിനു സമീപമുള്ള ഇടവകകളിലെ വികാരിമാരുടെ സഹായിയായും

www.malankaralibrary.com

ആശ്രമത്തിലെ ആദ്ധ്യാത്മിക പ്രവർത്തനങ്ങളിൽ സഹായിച്ചുകൊണ്ട്, പ്രത്യേകിച്ച് ആദ്ധ്യാത്മികോപദേഷ്ടാവ്, കുമ്പസാരക്കാരൻ എന്നീ നിലയിൽ അദ്ദേഹം തന്റെ ദൗത്യം നിർവഹിച്ചുകൊണ്ടിരുന്നു.

ഫാ.ജോഷ്വാ നേതൃത്വം കൊടുത്തിട്ടുള്ള ഇടവകകൾ ഇവയാണ്: പെരുന്നാട് ബഥനി, നാറാണം മൂഴി, പുല്ലാട്, വടശ്ശേരിക്കര, തുമ്പമൺ, നാലാഞ്ചിറ, പാളയം, മണലയം, (വട്ടിയൂർക്കാവ് ജില്ലാ വികാരി), മൂന്നാംമൂട്, ശാസ്തമംഗലം, തമലം, തിരുമല, ഇരുമ്പ, കരകുളം, അരശുപറമ്പ്, കുളപ്പട, വേറ്റിനാട്, വെമ്പായം, കാവടിത്തല, അഞ്ചാമട, കാഞ്ഞിരംപാറ, കുന്നപ്പുഴ, പുത്തൻകാവ്, പുലയനാർകോട്ട, നിരണം, വെണ്ണിക്കുളം, പുതുപ്പള്ളി, കറ്റാനം, ചാരുംമൂട്, കോമല്ലൂർ, വള്ളികുന്നം (ഫാ.ഡോ.ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി., ബഥനി ആശ്രമ ചരിത്രം, 1919–2019, കോട്ടയം, 2020, പേജ് 472).

### 8. ഫാ. ജോഷ്വാ: ബഥനിയുടെ കാവലാൾ

#### 8.1 സുപ്പീരിയർ ജനറൽ

സന്ന്യാസ സമൂഹാദ്ധ്യക്ഷന്മാരിൽ നിക്ഷിപ്തമായിരിക്കുന്നത് ആദ്ധ്യാത്മിക നേതൃത്വമാണ്. 'ആദ്ധ്യാത്മിക പിതാവ്' എന്ന നിലയിൽ തന്റെ അധീനതയിലുള്ള സന്ന്യസ്ഥർക്ക് ആത്മരക്ഷയ്ക്കാവശ്യമായ നിർദ്ദേശങ്ങൾ നല്കി പുണ്യപൂർണത പ്രാപിക്കാൻ അവരെ സഹായിക്കുകയെന്നുള്ളതാണ് അദ്ധ്യക്ഷന്മാരുടെ പ്രഥമ ദൗത്യം. ഓരോരുത്തരുടെയും ആത്മസ്ഥിതി മനസ്സിലാക്കാൻ സഹായിക്കുകയും കുറവുകൾ പരിഹരിക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ – പ്രായശ്ചിത്തങ്ങൾ, സുകൃതങ്ങൾ – നിർദ്ദേശിക്കുകയും ചെയ്യുന്നത് ഈ ഉത്തരവാദിത്വത്തിന്റെ ഭാഗമാണ്. സന്ന്യാസ നിയമപ്രകാരം അനുദിനാവശ്യങ്ങൾ നടക്കുന്നതിനാവശ്യമായ കാര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വവും അദ്ദേഹത്തിനുണ്ട്. സമൂഹാംഗങ്ങളുടെ ആദ്ധ്യാത്മികജീവിതം, താമസം, ഭക്ഷണം, ആരോഗ്യം ആശ്രമത്തിന്റെ അപ്പസ്തോലിക പ്രവർത്തനങ്ങൾ ഇവയെല്ലാം അദ്ദേഹത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്നു. 1919–ൽ തയ്യാറാക്കിയ ബഥനി ആശ്രമത്തിന്റെ ഭരണഘടനയിൽ സുപ്പീര്യറിന്റെ ഉത്തരവാദിത്വത്തെപ്പറ്റി ഇപ്രകാരം വ്യക്തമാക്കിയിരുന്നു. “The Superior shall, during the period of his office have complete control over the entire work of the community and its finances and property. He sees that decisions of the General Chapter are carried into effect. He appoints or removes the various offices-bearers of the Order including the Superiors of branch houses and assigns his sphere of work to each member of the Brotherhood. His orders are to be obeyed both in letter and spirit by all the Brethren” (ഫാ.ഡോ.ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി., പേജ് 334).

ബഥനി ആശ്രമത്തിന്റെ പൊതുതലവൻ എന്ന ചുമതല മൂന്ന് പ്രാവശ്യം ജോഷ്വാ അച്ചൻ നിർവ്വഹിച്ചിട്ടുണ്ട് (1) 1933–1935 (2) 1949–1951) (3) 1959–1965).

www.malankaralibrary.com

ഗണിതശാസ്ത്രത്തിന്റെ കൃത്യതയോടെ തന്റെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ചു എന്നാണ് അക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ മനസ്സിലാവുന്നത്.

എന്തെങ്കിലും പ്രതിസന്ധി നേരിടുമ്പോൾ, ദൈവാശ്രയത്തോടെ അതിന്റെ അടിസ്ഥാന കാരണം മനസ്സിലാക്കുകയും, അത് പരിഹരിക്കുകയും ചെയ്യുന്ന സമീപനമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. പ്രശ്ന പരിഹാരത്തിന് പോംവഴികൾ അദ്ദേഹം കണ്ടെത്തിയിരുന്നു. വേണ്ടവിധത്തിൽ അത് നിർവഹിക്കുന്നതിന് എല്ലാ പരിശ്രമവും നടത്തിയിരുന്നു. പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ലെങ്കിൽ സങ്കീർണ്ണമാകുമെന്ന് അറിയാമായിരുന്ന ജോഷാച്ചൻ തന്റെ ഉത്തരവാദിത്വത്തിലുള്ള ഒരു കാര്യം പോലും ശ്രദ്ധിക്കാതിരുന്നില്ല. കാര്യങ്ങൾ ചെയ്യേണ്ടതുപോലെ ചെയ്യണമെന്ന് നിർബന്ധമുണ്ടായിരുന്ന അദ്ദേഹം മനസാക്ഷിക്കടുത്ത കാരണങ്ങളാൽ തസ്തികകൾ നിർവഹിക്കുന്നതിനുള്ള ബുദ്ധിമുട്ട് സഭാധികാരികളെ അറിയിച്ചു കൊണ്ട് ചുമതലകൾ വിട്ടൊഴിഞ്ഞിട്ടുണ്ട്.

### 8.1.1 ആബൂനാ (സുപ്പീര്യർ ജനറൽ) 1933–1935

മാർ ഈവാനിയോസ് തിരുമേനിയുടെ നിർദ്ദേശമനുസരിച്ച് 1933–ൽ പുല്ലാട് ബഥനി ആശ്രമത്തിൽ വച്ച് നടന്ന പൊതുസമ്മേളനത്തിൽ ഫാ.ജോഷാ 'ആബൂനാ' ആയി തിരഞ്ഞെടുക്കപ്പെട്ടു. ആ ചുമതലയുടെ ഭാഗമായിട്ടാണ് നാലാഞ്ചിറയിൽ ബഥനിക്കുവേണ്ടി വാങ്ങിയ സ്ഥലത്ത് ഷെഡ്ഡുകൾ പണി പൂർത്തിയായി കഴിഞ്ഞപ്പോൾ പുല്ലാട്ട് ബഥനി ആശ്രമത്തിൽ താമസിച്ചിരുന്ന എല്ലാ ആശ്രമസ്ഥരെയും കൂട്ടിക്കൊണ്ട് നാലാഞ്ചിറ ആശ്രമത്തിൽ താമസിപ്പിച്ചത്. ആശ്രമാധിപൻ എന്ന നിലയിൽ നാലാഞ്ചിറയിലും അദ്ദേഹം ചുമതല തുടർന്നു നിർവ്വഹിച്ചു. മാതാപിതാക്കളുടെ എതിർപ്പിനെ അവഗണിച്ച് ആശ്രമപ്രവേശനം തേടിയ കല്ലൂപ്പാറ തങ്ങളത്തുമണ്ണിൽ ഇടിക്കുള വർഗീസിനെ (ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ്) അർത്ഥിയായി ആശ്രമത്തിൽ സ്വീകരിച്ചത് ഫാ. ജോഷാ സുപ്പീരിയർ ജനറലായിരിക്കുമ്പോഴാണ്. 1935–ൽ തൽസ്ഥാനത്തുനിന്ന് പിന്മാറുകയും തുടർന്ന് ഫാ. പീയൂസ് റ്റി.ഒ.സി.ഡി.യെ ആർച്ചുബിഷപ്പ് ആ ചുമതല ഏല്പിക്കുകയും ചെയ്തു.

### 8.1.2 സുപ്പീര്യർ ജനറൽ 1949 – 1951

തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലുമുള്ള ആശ്രമസ്ഥർ ഇന്റർഡയോസിസൻ സമൂഹമായി (ഫാ. ജോൺ കുഴിമേപ്പുറത്തായിരുന്നു ഇന്റർ ഡയോസിസൻ സമൂഹത്തിന്റെ പ്രഥമ സുപ്പീരിയർ ജനറൽ) രൂപീകരിക്കപ്പെട്ടത് 1948–ലാണ്. 1949–ൽ നടന്ന പൊതുസമ്മേളനത്തിൽ വച്ച് ഇന്റർഡയോസിസൻ ബഥനി ആശ്രമത്തിന്റെ രണ്ടാമത്തെ

www.malankaralibrary.com

സമൂഹാദ്ധ്യക്ഷനായി ഫാ. ജോഷ്വാ തിരഞ്ഞെടുക്കപ്പെട്ടു. ചെങ്ങന്നൂർ ദേവാലയത്തിന്റെ വൈദികമന്ദിരമായിരുന്നു ജനറലേറ്റ് മന്ദിരം. മാർ ഈവാനിയോസ് തിരുമേനി ബഥനി ആശ്രമത്തിന്റെ പുരോഗതിക്കായി ബദ്ധശ്രദ്ധനായിരുന്ന കാലമായിരുന്നു അത്. അതിനേ തുടർന്ന് നിരവധി യുവാക്കന്മാർ ആശ്രമത്തിൽ അർത്ഥികളായി പ്രവേശനം തേടി. ആ കാലത്ത് ആശ്രമ പ്രവേശനം തേടിയവരിൽ ഒരാളാണ് ഉള്ളന്നൂർ മലഞ്ചരുവിൽ ജയിംസ് (പിൽക്കാലത്ത് സിറിൽ ബസ്സേലിയോസ് കാതോലിക്കാബാവാ). കാനോനിക മായി ബഥനി ആശ്രമം സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കത്തോലിക്കാ സഭയിൽ നിലവിലിരിക്കുന്ന സന്ന്യാസി സമൂഹങ്ങൾക്കുള്ളതു പോലെ വി.നിയമം തയ്യാറാക്കുന്നതിൽ അദ്ദേഹവും ഭരണസമിതി അംഗങ്ങൾ മുഴുകി. രണ്ടു വർഷങ്ങൾക്കുശേഷം അദ്ദേഹവും ഭരണസമിതിയംഗങ്ങളും തങ്ങളുടെ ചുമതല വിട്ടൊഴിഞ്ഞു.

### 8.1.3 സുപ്പീര്യർ ജനറൽ 1959 – 1965

1959 ജൂൺ മാസം 30 മുതൽ തിരുവനന്തപുരം ബഥനി ആശ്രമത്തിൽ സമ്മേളിച്ച ജനറൽ സിനാക്സിസ് ഫാ. ജോഷ്വായെ ആശ്രമത്തിന്റെ അദ്ധ്യക്ഷനായി തിരഞ്ഞെടുത്തു. ബഥനിയുടെ വിഭവശേഷി (അംഗങ്ങൾ, സ്ഥാവര ജംഗമ വസ്തുക്കൾ, സാമ്പത്തികം) കണക്കിലെടുത്താൽ ഏറ്റവും അനുഗ്രഹദായകമായ ഒരു കാലഘട്ടമായിരുന്നു 1959–1965 എന്നു പറയാൻ കഴിയും. പരിശുദ്ധ സിംഹാസനം 1955–ൽ അംഗീകരിച്ച വി.നിയമമനുസരിച്ച് സിനാക്സിസ് തീരുമാനങ്ങൾ എല്ലാം നടപ്പിലാക്കാൻ ഈ കാലഘട്ടത്തിൽ സാധിച്ചു. തിരുവനന്തപുരം, തിരുവല്ലാ, കറ്റാനം, പൂനാ സ്കൊളാസ്റ്റിക്കേറ്റ് എന്നീ നാല് മന്ദിരങ്ങൾ മത്രമേ 1959 വരെ ബഥനിക്കുണ്ടായിരുന്നുള്ളു. എന്നാൽ സിനാക്സിസ് തീരുമാനമനുസരിച്ച് കുമ്പഴ, വെങ്ങോല, മീനങ്ങാടി എന്നീ സ്ഥലങ്ങളിൽ സൂർദയറാകൾ സ്ഥാപിക്കുന്നതിന് ഈ കാലയളവിൽ സാധിച്ചു. കാഞ്ഞിരംകുളത്ത് ബഥനി മിഷൻ മന്ദിരം സ്ഥാപിതമായി. ആശ്രമജീവിതക്രമം ബലപ്പെടുത്തുന്നതിനും അപ്പസ്തോലിക പ്രവർത്തന ങ്ങൾ കാര്യക്ഷമമാക്കുന്നതിനും പ്രസ്തുത മന്ദിരങ്ങളുടെ സ്ഥാപനത്തിലൂടെ സാധിച്ചു.

1927 മുതൽ ആശ്രമസ്ഥരുടെ പ്രധാന പരിശീലകനായിരുന്ന ഫാ.ജോഷ്വാ ദൈവവിളി പ്രോത്സാഹനത്തിലൂടെയും പരിശീലനപദ്ധതികൾ ശാക്തീകരിക്കുന്നതിലൂടെയും ബഥനി ആശ്രമത്തിന്റെ പുരോഗതി സാധിതമാകുമെന്ന് മനസ്സിലാക്കി. ആശ്രമാദ്ധ്യക്ഷൻ എന്ന നിലയിൽ ഈ മേഖലയിൽ നേരിട്ട ബുദ്ധിമുട്ടിനെപ്പറ്റി അദ്ദേഹം ഇപ്രകാരം കുറിച്ചു: സന്ന്യാസ, വൈദികാർത്ഥികളുടെ സംരക്ഷണം ഏറ്റവും മിതമായ തോതിലെങ്കിലും നടത്തിക്കൊണ്ടു പോകാൻ ചുമതലപ്പെട്ടവർ ക്ലേശമനുഭവിച്ചിട്ടുണ്ട്. സ്കൊളാസ്റ്റിക്സ്, ആസ്പിരൻസ്, പോസ്റ്റുലൻസ്

www.malankaralibrary.com

എന്നിവരുടെ സംരക്ഷണമാണ് പ്രധാന ചിലവിനം. ഇവരുടെ പഠനവും പരിശീലനവും നടത്തുന്നതിനായി തമിഴ്നാട്ടിൽ മുക്കംപാല എന്ന സ്ഥലത്ത് തിരുവനന്തപുരം അതിരൂപതയുടെ വകയായിരുന്ന ബഥനി എസ്റ്റേറ്റിൽ നിന്നും 70000 രൂപാ വില കൊടുത്ത് 32 ഏക്കർ സ്ഥലം 1965-ൽ വാങ്ങി. റബറിന് വിലയിടിവ് ഉണ്ടാകുന്നതുവരെ ബഥനി ആശ്രമത്തിന്റെ സാമ്പത്തിക സ്രോതസ്സായിരുന്നു ഈ എസ്റ്റേറ്റ്. പരിശുദ്ധ സിംഹാസനത്തിൽ നിന്നു ലഭിച്ചിരുന്ന സംഭാവനകൾ കഴിഞ്ഞാൽ, കൃത്യമായ കണക്കു സൂക്ഷിക്കുന്നതിൽ സമൂഹാദ്ധ്യക്ഷൻ നടപ്പിലാക്കിയ സാമ്പത്തിക അച്ചടക്കം, പണമിടപാടുകളിൽ സന്ന്യാസപരമായ സമീപനങ്ങൾ, തത്വങ്ങൾ, കണക്കു സൂക്ഷിക്കുന്നതിൽ അദ്ദേഹം ആവശ്യപ്പെട്ടിരുന്ന കൃത്യത ഇവ മൂലമാണ് ഇങ്ങനെയുള്ള സംരംഭങ്ങൾക്ക് പണം കണ്ടെത്താൻ സാധിച്ചത്. അനുഭവസ്ഥരായ ഫാ. വില്യം, ഫാ. വർഗീസ് തറമുട്ടം, ബ്രദർ കുര്യാക്കോസ് കാവിളയിൽ എന്നിവർ ഈ കാര്യത്തിൽ അവർക്കുള്ള അനുഭവം പങ്കു വഹിച്ചിട്ടുള്ളതിനാൽ ഈ കാര്യത്തെപ്പറ്റി കൂടുതൽ വിവരണങ്ങൾക്ക് മുതിരുന്നില്ല.

പൂനാ പഠനഗൃഹത്തിന്റെ ശേഷിച്ചിരുന്ന കെട്ടിടനിർമാണം, തിരുവനന്തപുരം ബഥനി ആശ്രമത്തിൽ പ്രത്യേകമായ നവശിഷ്യഗൃഹത്തിന്റെ നിർമ്മാണം ഇവയും സന്ന്യാസ വൈദിക പരിശീലനത്തിന്റെ കാര്യങ്ങൾ ഭദ്രമാക്കാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഭരണസമിതി നിർവഹിച്ച കാര്യങ്ങളാണ്.

പരിശീലനഗൃഹത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ക്രമപ്പെടുത്തുന്നതോടൊപ്പം മുൻഭരണസമിതിയുടെ കാലത്ത് നിജപ്പെടുത്തിയ പാഠ്യപദ്ധതി പരിശീലനത്തിന്റെ എല്ലാ മേഖലയിലും - ആസ്പിരൻസി, പോസ്റ്റുലൻസി, നവസന്ന്യാസപരിശീലനം, തല്ക്കാല വ്രതസ്ഥർ, സ്കൊളാസ്റ്റിക്ക് - നടപ്പിലാക്കാൻ വേണ്ട ക്രമീകരണങ്ങളും ചെയ്തു. പരിശീലന മേഖലയിൽ യുവാക്കന്മാരുടെ വളർച്ചയിൽ അവരെ മനസ്സിലാക്കുന്നതിനും സഹായിക്കുന്നിനും യുവവൈദികരെ പരിശീലനത്തിന്റെ ചുമതല ഏല്പിക്കണമെന്നുള്ള സമൂഹത്തിന്റെ താല്പര്യപ്രകാരം പൂനാ സ്കൊളാസ്റ്റിക്കേറ്റിൽ വൈദിക പഠനം പൂർത്തിയാക്കി 1959-ൽ വൈദികപട്ടം സ്വീകരിച്ചവരെ 1960 മുതൽ പരിശീലനത്തിന്റെ ചുമതല ഏല്പിച്ചു.

### 8.2 ദർശനത്തിൽ വ്യക്തതയുള്ള ആശ്രമശ്രേഷ്ഠൻ

സ്വന്തം ജീവിതത്തിൽ സ്വാംശീകരിക്കുന്ന മൂല്യങ്ങളിലൂടെ ഒരാൾക്ക് ഓരോ വിഷയത്തിലുമുള്ള വ്യക്തത മനസ്സിലാക്കാവുന്നതാണ്. അവ ചിന്തകളിൽ രൂപപ്പെട്ട് വാക്കിലും പ്രവൃത്തിയിലും പ്രതിഫലിക്കും. 1953-ൽ ആശ്രമപ്രവേശനം നടത്തുകയും സുപ്പീരിയർ ജനറലും, പ്രൊവിൻഷ്യൽ സുപ്പീരിയറുമായി ആശ്രമത്തെ നയിക്കുകയും ചെയ്ത ഫാ. ജെറോമിന്റെ വാക്കുകൾ

www.malankaralibrary.com

ഫാ.ജോഷ്വാ സ്വന്തജീവിതത്തിൽ സ്വീകരിച്ചിരുന്ന ചിട്ടയെയും മറ്റുള്ളവരിൽ നിന്ന് പ്രതീക്ഷിച്ചിരുന്ന സന്ന്യാസ ശിക്ഷണത്തെയും കുറിച്ച് മനസ്സിലാക്കാൻ സഹായിക്കും. "സന്ന്യാസ ജീവിതത്തിൽ വളരെ നിഷ്ഠയുള്ളയാളും അല്പം കർക്കശക്കാരനുമായിട്ടാണ് ഞാൻ ജോഷ്വാ അച്ചനെ മനസ്സിലാക്കിയിട്ടുള്ളത്. Time Table എല്ലാം കൃത്യമായി പാലിക്കാനും, മൗനം ആദിയായ സന്ന്യാസ നിഷ്ഠകൾ കർശനമായി അനുഷ്ഠിക്കാനും ഉറച്ച മനസ്സുള്ള സന്ന്യാസിയായിരുന്നു അദ്ദേഹം. സ്വന്തം ജീവിതത്തിലും മറ്റുള്ളവരുടെ ജീവിതത്തിലും ആർഭാടവും ധൂർത്തും ഉണ്ടാവരുതെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. പൊതുവേ പറഞ്ഞാൽ അദ്ദേഹം ഒരു മാതൃകാസന്ന്യാസിയായിരുന്നു. അതുപോലെ മറ്റുള്ളവരിൽ നിന്ന് ആവശ്യപ്പെടുകയും ചെയ്യുമായിരുന്നു."

**8.3 സന്ന്യാസാദർശം കാക്കുന്നതിൽ ശ്രദ്ധ**

സന്ന്യാസികൾ തങ്ങളുടെ തനിമ കാത്തു സൂക്ഷിക്കണമെന്ന് ആവശ്യപ്പെടുന്ന ഒരു നേതൃത്വ രീതി അദ്ദേഹത്തിനുണ്ടായിരുന്നു. സ്വന്തം ജീവിതത്തിലും മറ്റുള്ളവർക്ക് നിർദ്ദേശങ്ങൾ കൊടുക്കുമ്പോഴും അദ്ദേഹം ഈ കാര്യം ശ്രദ്ധിച്ചിരുന്നു. ഉദാഹരണമായി വയനാട്ടിൽ പ്രേഷിത ജോലിക്കയയ്ക്കപ്പെട്ടിരുന്ന  വൈദികൻ, അവിടുത്തെ ജനങ്ങളുടെയിടയിൽ കാഷായവസ്ത്രം മതിപ്പുളവാക്കുന്നില്ലെന്നും അതിനാൽ വെള്ളക്കുപ്പായം ധരിക്കാൻ അനുവദിക്കണമെന്നും സമൂഹാദ്ധ്യക്ഷനായിരുന്ന ഫാ. ജോഷ്വായെ അറിയിച്ചു. ബഥനി സന്ന്യാസികൾ എന്തുകൊണ്ടാണ് സന്ന്യാസവസ്ത്രമായി 'കാവി' സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കിക്കൊണ്ട് അത് അവിടെയും ഉപയോഗിക്കണമെന്ന ഉദ്ദേശ്യത്തോടെ താഴെ കൊടുത്തിരിക്കുന്ന മറുപടി സമൂഹാദ്ധ്യക്ഷൻ അദ്ദേഹത്തിന് അയച്ചു കൊടുത്തു. 'Kavi is the symbol of humility. Those who put on this, should be prepared for humiliation. This colour shows that they care little for the praises and flatteries of the world.' (ഫാ. ഡോ. ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി, പേജ് 579). വി.നിയമാനുഷ്ഠാനത്തിൽ അദ്ദേഹം ജീവിച്ചതും സന്ന്യാസി സമൂഹത്തെ നയിച്ചതും ഭരണകാര്യത്തിൽ ഒരു സന്ന്യാസാധികാരി കൊടുക്കേണ്ട ശ്രദ്ധ കൊടുത്തു കൊണ്ടാണ്.

**8.4 വേർതിരിവ് കാണിക്കാത്ത സന്ന്യാസാധികാരി**

നിഷ്പക്ഷതയും സമത്വവും ഉത്തമ നേതാക്കന്മാരുടെ സ്വഭാവ സവിശേഷതയാണ്. ഫാ. ജോഷ്വായ്ക്ക് ഞാൻ പ്രിയങ്കരനാണെന്ന് ഏതെങ്കിലും ശിഷ്യൻ ചിന്തിച്ചാൽ മറ്റ് ശിഷ്യരോട് പ്രിയങ്കരനല്ലായിരുന്നുവെന്ന് വ്യാഖ്യാനിക്കേണ്ടതില്ല. പഠന കാര്യത്തിലും, സ്വഭാവ രൂപീകരണത്തിലും ലഭിച്ച സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് മുന്നേറുന്നതിലും ശിഷ്യർ കാണിക്കുന്ന ശുഷ്കാന്തി ഗുരുക്കന്മാർക്ക് ആനന്ദം നല്കും. അങ്ങനെയുള്ളവരെ ഗുരുക്കന്മാർ പ്രോത്സാഹിപ്പിക്കുകയും പ്രശംസിക്കുകയും ചെയ്യും. എന്നാൽ ഏതെങ്കിലും അനുഷ്ഠാനത്തിൽ നിന്ന് ഒഴിവു ലഭിക്കുന്നതിനോ

www.malankaralibrary.com

എന്തെങ്കിലും പ്രത്യേക ആനുകൂല്യം കരസ്ഥമാക്കുന്നതിനോ നിഷ്പക്ഷത യോടെ ഭരിക്കുന്ന അധികാരികൾ ഈ സത്ഗുണങ്ങൾ കണക്കിലെടുക്കാറില്ല. മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് തീരുമാനങ്ങൾ നടപ്പിലാക്കിയ ഒരു നേതാവായിരുന്ന ഫാ.ജോഷ്വാ. കുടുംബ മഹിമയോ വ്യക്തി സ്വാധീനമോ ഒന്നും ആശ്രമത്തിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ പ്രാധാന്യമർഹിച്ചി രുന്നില്ല. ഫാ.ബർണാർഡ് ജോഷ്വാ അച്ചനെക്കുറിച്ച് പറയുന്ന ആദ്യത്തെ വിശേഷണം, അദ്ദേഹം നിയമാനുഷ്ഠാനങ്ങളിൽ പൂർണ്ണത നേടിയ വ്യക്തി യായിരുന്നെന്നും, അദ്ദേഹം ഒരു വിശുദ്ധനാണെന്നുമാണ്. "ആശ്രമത്തിൽ നടക്കേണ്ട കാര്യങ്ങൾ നടക്കേണ്ട വിധത്തിൽ അദ്ദേഹം നടത്തിയിരുന്നു." യാഥാർത്ഥ്യങ്ങളുടെ നാനാവശങ്ങൾ മനസ്സിലാക്കാൻ ബുദ്ധികൂർമ്മത യുണ്ടായിരുന്ന അദ്ദേഹത്തെ ആർക്കും കബളിപ്പിക്കാനാകുമായിരുന്നില്ലെന്നു കൂടി ഫാ. ബർണാർഡ് കൂട്ടിച്ചേർത്തു.

തീരുമാനമെടുക്കുന്നതിലും അവ നടപ്പിലാക്കുന്നതിലും ഫാ. ജോഷ്വാ യ്ക്കുണ്ടായിരുന്ന ആധികാരികതയെപ്പറ്റി – സന്ന്യാസാധികാരി എന്ന നില യിൽ തന്റെ മേജർ സുപ്പീരിയർ കാണിച്ച ധീര നടപടിയെപ്പറ്റി – ഫാ. ഇഗ്നേ ഷ്യസ് തങ്ങളത്തിൽ സ്വന്തം അനുഭവമാണ് ഉദാഹരണമായി ചൂണ്ടിക്കാണി ച്ചത്. സ്വന്തം ജ്യേഷ്ഠ സഹോദരനായ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് ഒ.ഐ.സി.യിൽ നിന്ന് വൈദികപട്ടം സ്വീകരിക്കാൻ, അദ്ദേഹ ത്തിന്റെ സന്ന്യാസജീവിതമാതൃക കണ്ട് ആശ്രമത്തിൽ പ്രവേശിക്കുകയും പരിശീലനം പൂർത്തിയാക്കുകയും ചെയ്ത അനുജൻ ആഗ്രഹിക്കുന്നത് അത്യാഗ്രഹമോ, ദുർമോഹമോ ആണെന്ന് ആരും ധരിക്കുകയില്ല. ഇഗ്നേഷ്യസ് അച്ചൻ പട്ടം സ്വീകരിക്കേണ്ട തീയതി (1963 സെപ്റ്റംബർ 21) മാർ ഗ്രീഗോറിയോസ് തിരുമേനി വിദേശത്തായിരുന്നു. അഭിവന്ദ്യ പിതാവിന്റെ സൗകര്യമനുസരിച്ച് പട്ടം ക്രമീകരിക്കുന്നതു പരിഗണിക്കാതെ, സഹപാഠി കളുടെ കൂടെ ലത്തീൻ ക്രമത്തിൽ പൂനായിൽ വച്ചുതന്നെ ഇഗ്നേഷ്യസ് അച്ചനും പട്ടം സ്വീകരിക്കാൻ സമൂഹാദ്ധ്യക്ഷനായിരുന്ന ജോഷ്വാ അച്ചൻ തീരുമാനിച്ചു. ഫാ.ഇഗ്നേഷ്യസ് ഇങ്ങനെ കൂട്ടിച്ചേർത്തു: "സമൂഹത്തിന്റെ ഒരു കാര്യം പോലും ആളുകളുടെ സൗകര്യമനുസരിച്ച് മാറ്റിവയ്ക്കാനോ, വേണ്ടെന്നു വയ്ക്കാനോ ജോഷ്വാ അച്ചൻ അനുവദിക്കുകയില്ലായിരുന്നു."

**8.5 വി.നിയമ ക്രോഡീകരണത്തിൽ ഫാ. ജോഷ്വായ്ക്കുള്ള പങ്ക്**

സമൂഹസ്ഥാപകനായിരുന്ന മാർ ഈവാനിയോസ് തിരുമേനി കത്തോ ലിക്കാ സഭയുമായി പുനരൈക്യപ്പെട്ടതോടുകൂടി അദ്ദേഹത്തിനു ലഭിച്ച പുതിയ ഉത്തരവാദിത്വം മൂലം ആശ്രമത്തിന്റെ അഭ്യുന്നതിയിൽ കൂടുതൽ ശ്രദ്ധ കൊടുക്കാൻ പറ്റിയ ഒരു സാഹചര്യമില്ലായിരുന്നു. ആശ്രമസ്ഥർ പുനരൈക്യ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും ഇടവകകൾ നടത്തുന്നതിനുമായി വിവിധ സ്ഥലങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരുന്നു. പുനരൈക്യ പ്രസ്ഥാനത്തിന്റെ

www.malankaralibrary.com

ആദ്യകാലത്ത് പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിക്കുന്നതിന് ബഥനി വൈദികർ മാത്രമേ ഉണ്ടായിരുന്നുള്ളു. ബഥാന്യർ തങ്ങളുടെ പുതിയ ദൗത്യം നിർവഹിക്കുന്നതിൽ ഏറ്റവും തീക്ഷ്ണമതികളുമായിരുന്നു.

പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി വിവിധ പ്രദേശങ്ങളിൽ താമസിച്ചുകൊണ്ട് പ്രവർത്തിച്ച ആശ്രമസ്ഥർ സമൂഹമായി (സെനോബിറ്റിക്ക്) ജീവിച്ചുകൊണ്ട് അപ്പസ്തോലിക പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്നും ദൈവികമായി ലഭിച്ച പുതിയ നിയോഗമനുസരിച്ച് പ്രവർത്തിക്കുമ്പോഴും പ്രഥമ ഭരണഘടനയിൽ എഴുതിയിട്ടുള്ള ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി കത്തോലിക്കാ സഭയിലെ ഒരു സന്ന്യാസി സമൂഹമെന്ന നിലയിൽ ബഥനി കാനോനികമായി സ്ഥാപിക്കണമെന്നും പുനരൈക്യ പ്രസ്ഥാനത്തിന്റെ ആദ്യകാലത്തു തന്നെ മനസ്സിലാക്കിയ ഒരു ആശ്രമസ്ഥനായിരുന്ന ഫാ. ജോഷ്വാ. അതിനാവശ്യമായ നിയമക്രോഡീകരണത്തിന്റെ ആവശ്യകത മനസ്സിലാക്കി മതിയായ പഠനങ്ങളും ഒരുക്കങ്ങളും അദ്ദേഹം നടത്തിയിരുന്നു. ഈ വിഷയം മറ്റ് ബഥാന്യരുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും ചെയ്തിട്ടുണ്ട്. രണ്ടു രൂപതകളിലുമുണ്ടായിരുന്ന സമൂഹങ്ങൾക്കുവേണ്ടി വിശുദ്ധ നിയമം എഴുതിയുണ്ടാക്കാൻ ആർച്ചുബിഷപ്പും തിരുവല്ലാ രൂപതയുടെ അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറ്ററും 1938-ൽ ചുമതലപ്പെടുത്തിയ 'റൂൾസ് കമ്മിറ്റി' മുതൽ 1974 -ൽ തിരഞ്ഞെടുക്കപ്പെട്ട നിയമപരിഷ്കരണ കമ്മിറ്റിവരെ, പ്രസ്തുത കമ്മിറ്റികളുടെ പ്രസിഡന്റായോ, അംഗമായോ ഫാ.ജോഷ്വാ പ്രവർത്തിച്ചിരുന്നു. ബഥനി രേഖാശേഖരത്തിൽ അദ്ദേഹത്തിന്റെ personal file-ൽ സൂക്ഷിച്ചിരുന്ന ഒരു രേഖ, വി.നിയമത്തിന്റെ പരിണാമത്തിൽ വന്ന ശ്രദ്ധേയമായ ഭേദഗതികൾ അടങ്ങിയ നോട്ടുബുക്കാണ്. സന്ന്യാസാദർശം വ്യക്തമാക്കുന്ന കാര്യത്തിൽ മുതിർന്ന അംഗമെന്ന നിലയിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഉത്തരവാദിത്വമാണ് ഇതിൽ നാം കാണുന്നത്. 1938-നു ശേഷം അഭിവന്ദ്യ പിതാക്കന്മാർ ആവശ്യപ്പെട്ടതനുസരിച്ച് 1942-ലും അതിനു ശേഷവും പല പ്രാവശ്യം വി. നിയമത്തിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കിയിരുന്നു. ആ കമ്മിറ്റികളിലും അദ്ദേഹം അംഗമാവുകയോ നേതൃത്വം കൊടുക്കുകയോ ചെയ്തിരുന്നു.

1949-ൽ ഫാ. ജോഷ്വാ സമൂഹാദ്ധ്യക്ഷനായിരിക്കുമ്പൾ നടത്തിയ നിയമക്രോഡീകരണത്തിലും അദ്ദേഹം അംഗമായിരുന്നു. ആശ്രമസ്ഥർ ക്രോഡീകരിച്ച നിയമം അംഗീകാരത്തിനായി രൂപതാധികാരികളെ ഏല്പിക്കേണ്ട ചുമതലയും സമൂഹാദ്ധ്യക്ഷനെന്ന നിലയിൽ അദ്ദേഹത്തിൽ നിക്ഷിപ്തമായിരുന്നു. തിരുമേനിമാർ സംയുക്ത കല്പനയോടുകൂടി 1951-ൽ ബഥനി ആശ്രമത്തിനു നല്കിയ വി.നിയമം കുറച്ചുകൂടി പഠനവിധേയമാക്കേണ്ടതുണ്ടെന്ന് ബോധ്യപ്പെട്ട സമൂഹാദ്ധ്യക്ഷനായിരുന്ന ഫാ. ജോഷ്വാ, പിന്നീടും നിയമനിർമ്മാണ കമ്മിറ്റിയിൽ പ്രവർത്തിച്ചു. അപ്പസ്തോലിക് വിസിറ്ററും സുപ്പീരിയർ ജനറലുമായി പരിശുദ്ധ സിംഹാസനം നിയമിച്ച മോൺ

www.malankaralibrary.com

സിഞ്ഞോർ ലൊംബാർഡി, വി.നിയമം ക്രോഡീകരണം നടത്തി അംഗീകാരത്തിനായി റോമിലേക്ക് അയയ്ക്കാൻ ചുമതലപ്പെടുത്തിയത് ഫാ. പ്ലാസിഡ് റ്റി.ഒ.സി.ഡി, ഫാ. ജോഷ്വാ, ഫാ. മൈക്കിൾ മഞ്ഞനാംകുഴി എന്നിവരടങ്ങിയ മൂന്നംഗ കമ്മിറ്റിയെ ആയിരുന്നു. ആ കമ്മിറ്റി സമർപ്പിച്ച നിയമസംഹിത പരിശുദ്ധ സിംഹാസനം തിരുത്തലോടു കൂടി അംഗീകരിച്ച് Santa Congregationis De Imitatione Christi എന്ന് തലക്കെട്ടുള്ള വി.നിയമത്തിന്റെ ലത്തീനിലും ഇംഗ്ലീഷിലുമുള്ള കോപ്പികൾ 1955-ൽ ആശ്രമാദ്ധ്യക്ഷന് അയച്ചുകൊടുത്തു. പ്രസ്തുത നിയമം കാലാനുസൃതം മാറ്റം വരുത്തിയതാണ് നിലവിലുള്ള വി. നിയമം ക്രോഡീകരിച്ചിരിക്കുന്നത്.

വി.നിയമത്തിന്റെ ക്രോഡീകരണത്തിലെന്നപോലെ ബഥനി ആശ്രമത്തിന് ആചാരഗ്രന്ഥം ഉണ്ടാക്കുന്നതിലും ഫാ.ജോഷ്വായുടെ നിർണായകമായ ഇടപെടൽ ഉണ്ടായിരുന്നു. 1949-ൽ ജനറൽ സിനാക്സിസ് അംഗങ്ങൾ ആചാരഗ്രന്ഥത്തിന്റെ നക്കൽ എഴുതിയുണ്ടാക്കുകയും അതിന്റെ കോപ്പികൾ അന്നുണ്ടായിരുന്ന മൂന്ന് ആശ്രമങ്ങളിലേക്ക് അയച്ചു കൊടുക്കുകയും ചെയ്തു. അദ്ദേഹം മൂന്നാം തവണ ബഥനി ആശ്രമത്തിന് നേതൃത്വം കൊടുത്ത സന്ദർഭത്തിൽ (1960) ഫാ. മൈക്കിൾ, ഫാ. ജോൺ, ഫാ. യൗനാൻ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ ആചാരഗ്രന്ഥത്തിന്റെ നക്കൽ എഴുതിയുണ്ടാക്കുന്നതിനായി ചുമതലപ്പെടുത്തി. 1960 ജൂൺ മാസത്തിൽ മുൻ നിശ്ചയ പ്രകാരം അസാധാരണ ജനറൽ ചാപ്റ്റർ സമ്മേളിക്കുകയും ആചാര ഗ്രന്ഥത്തിന്റെ നക്കലിലെ വകുപ്പുകൾ ഓരോന്നായി വായിച്ച് പാസാക്കുകയും ചെയ്തു. അങ്ങനെ തയ്യാറാക്കിയ ആചാരഗ്രന്ഥം അച്ചടിപ്പിച്ച് സമൂഹാം ഗങ്ങൾക്ക് അദ്ദേഹം ലഭ്യമാക്കി. ഇതാണ് അച്ചടിപ്പിച്ച് സമൂഹാംഗ ങ്ങൾക്ക് ലഭ്യമാക്കിയ പ്രഥമ ആചാര ഗ്രന്ഥം.



വി. നിയമത്തിന്റെ ക്രോഡീകരണത്തിലും ആചാര ഗ്രന്ഥം രൂപപ്പെടുത്തി സമൂഹാംഗങ്ങൾക്ക് ലഭ്യമാക്കുന്നതിലും ഫാ. ജോഷ്വാ പ്രദർശിപ്പിച്ചിട്ടുള്ള സമർപ്പണ മനോഭാവത്തിൽ നിന്ന് നമുക്ക് മനസ്സിലാവുന്നത് വ്യക്തമായ

www.malankaralibrary.com

കാഴ്ചപ്പാടുകളോടെ ബഥനി ആശ്രമത്തിന്റെ സ്വത്വം വ്യക്ത മാക്കുകയും നിയമാനുഷ്ഠാനത്തി ലൂടെ ഉത്തമവ്യക്തിത്വം രൂപീകരി ക്കുന്നതിന് ആശ്രമസ്ഥരെ പ്രാപ്ത രാക്കുകയും ചെയ്യുന്നതിന് സമൂ ഹാംഗവും, സമൂഹാദ്ധ്യക്ഷനു മെന്ന നിലയിൽ ഫാ.ജോഷ്വാ കാണിച്ചിട്ടുള്ള ശുഷ്കാന്തിയാണ്. ഇവയുടെ പാലനം സന്ന്യാസ ജീവിതം ക്രൈസ്തവ സാക്ഷ്യത്തിന്റെ സൂചികയായി മാറുന്നതിന് അനിവാര്യമാണ്. ഒപ്പം സഭയുടെ ചങ്കാണ് സന്ന്യാസ ജീവിത മെന്ന മാർ ഈവാനിയോസ് തിരുമേനിയുടെ വീക്ഷണം യാഥാർത്ഥ്യ മാക്കാനും വി.നിയമ പാലനം അത്യന്താപേക്ഷിതമാണ്.

**9. വ്യക്തിപരമായ അനുഭവം**

എന്റെ അമ്മയുടെ അമ്മാവനായ ഫാ. ജോഷ്വായെക്കുറിച്ച് എന്റെ മാതാപിതാക്കൾ ബഹുമാനപൂർവ്വം സംസാരിക്കുന്നത് ബാല്യകാലം മുതൽ ഞാൻ കേട്ടിരുന്നു. വയോധികനായ അദ്ദേഹം പൂനായിൽ നിന്ന് തിരുവല്ലാ ആശ്രമാംഗമായി നിയമിതനായ വിവരമറിഞ്ഞ എന്റെ അമ്മ 1974–ൽ അദ്ദേഹത്തെ സന്ദർശിക്കാൻ പോയത് പുഷ്പഗിരി ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന ഉള്ളന്നൂർ ഇടവകാംഗമായ ഒരു രോഗിയെ സന്ദർശിക്കാൻ പോയ സന്ദർഭത്തിലാണ്. ഉള്ളന്നൂർ ബഥനി മഠാംഗമായ ഒരു സന്ന്യാസിനിയെ യാത്രയ്ക്ക് കൂട്ടിനു ലഭിച്ചു. ഈ യാത്രയിൽ അമ്മ എന്നെയും കൂടെ കൂട്ടി. നാലാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന എനിക്ക് സന്തോഷകരമായ അനുഭവമായിരുന്നു ഈ യാത്ര. ഒന്നാമതായി എന്റെ ജീവിതത്തിലെ ആദ്യ ദീർഘ യാത്രയായിരുന്നു അത്. രണ്ടാമതായി, വല്യ അമ്മാച്ചനായ വൈദികനെ സന്ദർശിക്കാൻ സാധിച്ചു. രോഗീ സന്ദർശനം കഴിഞ്ഞാണ് ഞങ്ങൾ ബഥനി ആശ്രമത്തിലെത്തിയത്. ഏകദേശം നാലര മണിയായി. സന്ദർശകർ അടിക്കേണ്ട മണി അടിച്ചു കാത്തു നിന്നു. കാവി വസ്ത്രധാരിയായ ഒരു മുതിർന്ന സന്ന്യാസി ഞങ്ങളെ സ്വീകരിച്ചു. രോഗാവസ്ഥയിലായിരുന്ന ജോഷ്വാ അച്ചൻ രാവിലെ വി. കുർബാന അർപ്പിച്ചില്ലെന്നും അതിനാൽ അദ്ദേഹം അപ്പോൾ വി. കുർബാന അർപ്പിച്ചു കൊണ്ടിരിക്കുകയാണെന്നും താല്പര്യമുണ്ടെങ്കിൽ അവിടേക്കു കൂട്ടിക്കൊണ്ടു പോകാമെന്നും അദ്ദേഹം പറഞ്ഞു. ‘അരമനക്കെട്ടിടം’ എന്ന് അറിയപ്പെട്ടിരുന്ന അതിഥിമന്ദിരത്തിലാണ് വി. കുർബാന അർപ്പിച്ചു കൊണ്ടിരുന്നത്. ഞങ്ങൾ അവിടെ എത്തിയപ്പോൾ വി. കുർബാനയുടെ അവസാനഭാഗമായിരുന്നു അച്ചൻ അനുഷ്ഠിച്ചുകൊണ്ടിരുന്നത്. വി. കുർബാന കഴിഞ്ഞ് അച്ചനെ കാത്ത് ആശ്രമ മുറ്റത്ത് കാത്തു നില്ക്കുമ്പോൾ ഞങ്ങളുടെ വഴി കാട്ടിയായി വന്ന സിസ്റ്റർ പറഞ്ഞ ഒരു കാര്യം ഞാൻ ഓർക്കുന്നു. “വളരെ അനുഗ്രഹിക്കപ്പെട്ട ഒരു സമയത്താണ് നമ്മൾ വന്നത്. നമ്മൾ ചാപ്പലിൽ എത്തുമ്പോൾ ജോഷ്വാ അച്ചൻ വി.കുർബാന പടിഞ്ഞാറോട്ട് എഴുന്നെള്ളിച്ച് ആരാധകരെ ആശീർവദിക്കുന്ന സമയമായിരുന്നു.” അതിനുശേഷം ജോഷ്വാ അച്ചനും മറ്റ് സന്ന്യസ്തരും വളരെ

www.malankaralibrary.com

ഹൃദ്യമായി ഇടപെടുകയും ഞങ്ങളെ പരിചരിക്കുകയും ചെയ്തത് ഓർക്കുന്നു. സന്ന്യാസ ജീവിതം എന്താണെന്നൊ, എന്തുകൊണ്ട് ബഥാന്യർ കാവി വസ്ത്രം ധരിക്കുന്നു എന്നോ അറിയുകയില്ലായിരുന്ന എനിക്ക് അതിന്റെ സവിശേഷത എന്താണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല.

എന്റെ വല്യമ്മച്ചി (ജോഷ്വാ അച്ചന്റെ ഇളയ സഹോദരി) ഓർത്ത ഡോക്സ് കുടുംബത്തിലായിരുന്നു വിവാഹിതയായി ജീവിച്ചിരുന്നത്. വല്യമ്മച്ചിയുടെ മൂത്ത മകളായ എന്റെ അമ്മയെ വിവാഹം കഴിച്ചത് ഉള്ളന്നൂർ മലങ്കര കത്തോലിക്കാ ഇടവകാംഗമായ പുതുപ്പറമ്പിൽ വർഗ്ഗീസ് മത്തായി ആണ്. ജോഷ്വാ അച്ചൻ അംഗമായിരുന്ന കത്തോലിക്കാ സഭയിലാണ് ഓർത്ത ഡോക്സ് സഭാംഗമായിരുന്ന ഇളയ സഹോദരിയുടെ മകൾ (എന്റെ അമ്മ) വിവാഹം കഴിച്ച് ജീവിക്കുന്നതെന്ന് അറിയാമായിരുന്നിട്ടും ഒരിക്കൽ പോലും ഞങ്ങളുടെ കുടുംബം അദ്ദേഹം സന്ദർശിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് എനിക്കു മനസ്സിലായിരുന്നില്ല. പൂർവാശ്രമത്തോട് അദ്ദേഹം കാണിച്ചിരുന്ന നിർമ്മമത്വവും വിശുദ്ധമായ അകലവുമാണ് ആ സമീപനത്തിന് കാരണമെന്ന് എന്റെ പരിശീലനകാലത്ത് മാത്രമാണ് ഞാൻ മനസ്സിലാക്കിയത്. ശ്രീമതി ത്രേസ്യാമ്മ ജോസഫ് രേഖപ്പെടുത്തിയിരിക്കുന്നതുപോലെ കുടുംബാംഗങ്ങ ളോട് നിരന്തരം ബന്ധപ്പെടുന്നതിനു പകരം അവർക്കു വേണ്ടി ദൈവസന്നിധി യിൽ പ്രാർത്ഥിക്കുന്നതിന് ജോഷ്വാ അച്ചൻ ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെ ഫലമായിട്ടാണ് കുടുംബാംഗങ്ങളായ ഫാ. റ്റി. വൈ. ഗീവർ ഗീസ് കാർമ്മൽ ദയറാംഗമായതും ഫാ. തോമസ് റജിയും ഞാനും ബഥനി ആശ്രമത്തിലൂടെ സഭാശുശ്രൂഷയ്ക്ക് വിളിക്കപ്പെട്ടതുമെന്ന് ഞങ്ങൾ മനസ്സി ലാക്കുന്നു. കുടുംബങ്ങളിൽ നിന്ന് ദയറാ പട്ടക്കാർ ഉണ്ടാകണമെന്ന് ജോഷ്വാ അച്ചൻ പ്രാർത്ഥിച്ചിരുന്നതായി ഫാ. റ്റി. വൈ. ഗീവർഗീസ് അനുസ്മരിക്കു ന്നുണ്ട്.

ഫാ. ജോഷ്വായെ രണ്ടാം പ്രാവശ്യം ഞാൻ സന്ദർശിക്കുന്നത് 1980 ജൂൺ മാസം 10-ാം തീയതി ആയിരുന്നു. ഒരു വൈദികനാകാൻ ആഗ്രഹിച്ചിരുന്ന ഞാൻ കോട്ടയം ബഥനി ആശ്രമത്തിൽ ഇന്റർവ്യൂവിന് പോകുന്ന വഴി തിരുവല്ലാ ബഥനി ആശ്രമത്തിൽ ചെന്ന് അച്ചന്റെ അനുഗ്രഹങ്ങൾ വാങ്ങിക്കണമെന്ന് ദൈവവിളിയിൽ എന്നെ പ്രോത്സാഹിപ്പിച്ചിരുന്ന സി. പാസ്ക്കൽ എസ്.ഐ.സി. അറിയിച്ചതനുസരിച്ചാണ് തിരുവല്ലാ ആശ്രമത്തിൽ അദ്ദേഹത്തെ സന്ദർശിച്ചത്. എന്റെ ജ്യേഷ്ഠൻ വർഗീസ് ജോയിയോടൊപ്പം ജോഷ്വാ അച്ചനെ സന്ദർശിച്ച് അനുഗ്രഹം വാങ്ങി. വൊക്കേഷൻ പ്രൊമോട്ടറായിരുന്ന ഫാ.ജയിംസ് മാമ്മൂട്ടിലിന് കൊടുക്കുന്നതിന് ജോഷ്വാ അച്ചൻ ഇംഗ്ലീഷിൽ ഒരു കത്തെഴുതി എന്നെ ഏല്പിക്കുകയും ചെയ്തു (ആ കത്ത് ഈ ഗ്രന്ഥത്തിൽ autograph ആയി ചേർത്തിട്ടുണ്ട്). അതിനു ശേഷം ആശ്രമ ചാപ്പലിൽ ഞങ്ങളെ കൂട്ടിക്കൊണ്ടു പോയി പ്രാർത്ഥിക്കുകയും,

www.malankaralibrary.com

അനുഗ്രഹിച്ച് യാത്രയാക്കുകയും ചെയ്തു. ആശ്രമ പ്രവേശനത്തിനു ശേഷം മൂന്ന് പ്രാവശ്യം കൂടി അദ്ദേഹത്തെ സന്ദർശിച്ചിട്ടുണ്ടെങ്കിലും, “കൊള്ളാം, ദൈവം അനുഗ്രഹിക്കട്ടെ” എന്നു പറഞ്ഞിട്ടുള്ളതല്ലാതെ എന്റെ പരിശീലനത്തെക്കുറിച്ചോ, കുടുംബാംഗങ്ങളെക്കുറിച്ചോ യാതൊന്നും ചോദിച്ചിരുന്നില്ലെന്ന് ഓർക്കുന്നു. ജോഷ്വാ അച്ചന്റെ ജ്യേഷ്ഠന്റെ കൊച്ചു മകൾ ലീലാമ്മ ചെറിയാൻ പറയുന്നതുപോലെ, അദ്ദേഹത്തിന് കുടുംബാംഗങ്ങളെല്ലാവരോടും സ്നേഹവും കരുതലും ഉണ്ടായിരുന്നു. അവരോട് പരിധിയിൽ കവിഞ്ഞ് ഇടപെടാറില്ലായിരുന്നെങ്കിലും എല്ലാവർക്കും വേണ്ടി അദ്ദേഹം പ്രാർത്ഥിക്കാറുണ്ടായിരുന്നു.

ഞാൻ നവ സന്ന്യാസപരിശീലനം ആരംഭിക്കുന്നതിന്റെ തലേ മാസമാണ് ജോഷ്വാ അച്ചൻ നിര്യാതനായത്. ആലുവാ തപോവനത്തിൽ സന്ന്യാസ പരിശീലനത്തിലായിരുന്ന എനിക്ക് ശവസംസ്കാരത്തിൽ പങ്കെടുക്കുന്നതിന് സുപ്പീരിയർ അച്ചൻ അനുവാദം തന്നു. ദുഃഖശനിയാഴ്ച ഉച്ച കഴിഞ്ഞ് നടന്ന ശവസംസ്കാര വേളയിൽ, അദ്ദേഹത്തെക്കുറിച്ച് ആർച്ചു ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയും സുപ്പീരിയർ ജനറൽ ഫാ. ഡോ. ജോൺ ബെർക്കുമാൻസ് ഒ.ഐ.സി.യും പറഞ്ഞ ജീവിത സാക്ഷ്യം സമർപ്പണ ജീവിതത്തിൽ പൂർണ്ണത നേടിയ യോഗീവര്യനായ ബഥനി സന്ന്യാസിയെക്കുറിച്ചായിരുന്നു. ദൈവത്തെ മഹത്വപ്പെടുത്തിയ ആ പാവനാത്മാവിന്റെ സ്മരണകൾ എനിക്ക് പ്രചോദനം നല്കി. ജോഷ്വാ അച്ചനുമായി നേരിട്ടുള്ള എന്റെ അനുഭവങ്ങൾ ഹൃദ്യവും എന്റെ സന്ന്യാസാഭിമുഖ്യത്തെ ശക്തിപ്പെടുത്തുന്നതും സമ്പന്നമാക്കുന്നതുമായിരുന്നു. മറ്റുള്ളവർ പറഞ്ഞിട്ടുള്ളതും, ഈ കൃതിയ്ക്കായി ലഭിച്ചിട്ടുള്ള അനുഭവ സാക്ഷ്യങ്ങളും അദ്ദേഹത്തെപ്പറ്റി ബഥാന്യരിലും കുടുംബാംഗങ്ങളിലും അഭിമാനം ജനിപ്പിക്കുന്നു. ആരെയും അത്ഭുതപ്പെടുത്തുന്ന വിധത്തിൽ അസാധാരണമായ ജീവിത സമർപ്പണത്തിലൂടെ ദൈവത്തെ മഹത്വപ്പെടുത്തിയ ഒരു സന്ന്യാസിയും പുരോഹിതനുമായിരുന്നു ഫാ. ജോഷ്വാ എന്ന് അദ്ദേഹത്തിന്റെ ജീവചരിത്രം പഠിച്ചപ്പോൾ ഞാൻ മനസ്സിലാക്കുന്നു.

### 10. സെക്രട്ടറി, ദിനവൃത്താന്തകൻ, റിക്കാർഡ് സൂക്ഷിപ്പുകാരൻ

കൃത്യതയോടെ ആശയങ്ങൾ പ്രകടിപ്പിക്കാനുള്ള കഴിവും വായിക്കത്തക്കതും ഭംഗിയുള്ളതുമായ കൈയ്യെഴുത്തും, ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാനുള്ള വൈഭവവും കൈമുതലായിരുന്ന ഫാ. ജോഷ്വാ 1980 വരെ ബഥനി സന്ന്യാസി സമൂഹത്തിന്റെ ദിനവൃത്താന്തകൻ, റിക്കോർഡു സൂക്ഷിപ്പുകാരൻ എന്നീ ഉത്തരവാദിത്വങ്ങൾ കുറ്റമില്ലാത്ത രീതിയിൽ നിർവഹിച്ചു. ആശ്രമത്തിന്റെ സെക്രട്ടറി, 1930-ൽ സമ്മേളിച്ച ബഥനി ഭരണ യോഗത്തിന്റെ സെക്രട്ടറി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസിന്റെ സെക്രട്ടറി എന്നീ ചുമതലകൾ നിർവഹിക്കുന്നതിൽ

www.malankaralibrary.com

അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള കാര്യക്ഷമത മനസ്സിലാക്കുന്നതിന്, ബഥനി ആശ്രമസ്ഥാപനം മുതലുള്ള ധർമ്മനിധി രജിസ്റ്റർ, ബഥനി ആശ്രമാംഗങ്ങളുടെ രജിസ്റ്റർ, ഭരണസമിതിയോഗ റിപ്പോർട്ടുകൾ, നാളാഗമങ്ങൾ, പരിശുദ്ധ സിംഹാസനവും സഭാധികാരികളുമായി നടത്തിയിട്ടുള്ള കത്തിടപാടുകൾ മുതലായി ബഥനി ജനറലേറ്റ് ആർക്കൈവിലുള്ള രേഖകൾ സഹായകമാണ്. രേഖകൾ ക്രമീകരിച്ചു വയ്ക്കുന്ന കാര്യത്തിലെ സൂക്ഷ്മത വളരെ ശ്രദ്ധേയ മാണ്. പേപ്പറുകൾ കേടാകാൻ ഇടയാകുന്ന ലോഹ നിർമ്മിതമായ മൊട്ടു സൂചികൾ ഉപയോഗിക്കാതെ, ചെറുകീടങ്ങൾ പ്രവേശിക്കാൻ ഇടയാകുന്ന വിധം പശ ഉപയോഗിക്കാതെ, പേപ്പറുകളിൽ ദ്വാരമുണ്ടാക്കി, അവ അഴിയ്ക്ക ത്തക്ക രീതിയിൽ നൂല് ഉപയോഗിച്ച് കെട്ടിയാണ് അദ്ദേഹം രേഖകൾ സൂക്ഷിച്ചിരുന്നത്.

22 വയസ്സുള്ളപ്പോൾ മുതൽ ആ യുവസന്ന്യാസിയുടെ കൈപ്പടയിൽ ചരിത്ര പ്രാധാന്യമുള്ള അനേകം കത്തുകൾ എഴുതപ്പെട്ടിട്ടുണ്ട്. ബഥനി ത്തിരുമേനി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിന് എഴുതിയ ചില കത്തുകൾ ഫാ. ജോഷ്വായുടെ കൈപ്പടയിലാണ് എഴുതപ്പെട്ടിട്ടുള്ളത്. അവ മാർ ഈവാനിയോസ് തിരുമേനി കൈയ്യൊപ്പിട്ടാണ് ബന്ധപ്പെട്ട സഭാധികാരികൾക്ക് അയച്ചിട്ടുള്ളത്. മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിയിൽ തിരുമേനിയും കാതോലിക്കാ ബാവായും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നില്ല എന്നു തീരുമാനിച്ചു കഴിഞ്ഞപ്പോൾ, ആശ്രമത്തിൽ അതിന്റെ അലയടികൾ ഉണ്ടായി.



ആശ്രമത്തിലെ ഒരു വൈദികനും, നാലു സാധുക്കളും വട്ടശ്ശേരിൽ തിരുമേനിയുടെ നിലപാടു സ്വീകരിച്ചു. ആശ്രമത്തിൽ പുനരൈക്യപ്പെടാൻ ആഗ്രഹിക്കുന്നവരും പുനരൈക്യത്തെ അനുകൂലി ക്കാത്തവരുമായ രണ്ടു വിഭാഗങ്ങൾ ഉണ്ടായി. മനുഷ്യന്റെ ഇഷ്ടാനിഷ്ടങ്ങൾ പരിഗണിക്കാതെ, സകലവും പരി ത്യജിച്ച് ദൈവനാമ മഹത്വത്തി നായി ജീവിക്കുന്ന സന്ന്യസ്തർ തമ്മിലുള്ള സ്നേഹാദരവുകൾ നഷ്ടപ്പെടാനിടയുള്ളതിനാൽ, ബഥനി ആശ്രമസ്ഥരുടെയും

www.malankaralibrary.com

ബഥനി ആശ്രമത്തിന്റെ ഭാവി പ്രവർത്തനങ്ങളെയും കുറിച്ച് നിർണ്ണായകമായ തീരുമാനങ്ങൾ എടു ക്കേണ്ടി വന്നു. ഈ വിഷയത്തെ പ്പറ്റി പ്രാർത്ഥനാപൂർവ്വം ചിന്തിക്കു കയും പ്രാർത്ഥിക്കുകയും ചെയ്ത മാർ ഈവാനിയോസ് തിരു മേനിക്കു ലഭിച്ച ദിവ്യസ്വരം ഇതാ യിരുന്നു. "എല്ലാം ഉപേക്ഷിച്ച് നാഥനെ പിഞ്ചെല്ലുക." ദൈവ ഹിതമനുസരിച്ച് ഈ കാര്യം പ്രായോഗികമാക്കുന്നതിന് വീരോചിതമായ പല തീരുമാനങ്ങളും മാർ ഈവാനിയോസ് തിരുമേനിക്ക് എടുക്കേണ്ടിവന്നു. അതിൽ പ്രധാനമായ ഒരു തീരുമാനം ബഥനി ആശ്രമം നിലനില്ക്കുന്ന സ്ഥലം വിട്ടുപേക്ഷിച്ച് കത്തോലിക്കാസഭയിൽ ചേരുകയെന്നതായിരുന്നു. (ആശ്രമസ്ഥർ പെരുന്നാട് മുണ്ടൻ മല വിട്ടിറങ്ങുമ്പോൾ) ആശ്രമത്തിന്റെ സ്ഥാപനോദ്ദേശ്യം തടസ്സപ്പെടാതിരിക്കുന്നതിനായി, ബഥനി വക സ്വത്തുക്കളെല്ലാം ഒരു ട്രസ്റ്റിന്റെ ചുമതലയിൽ ഏല്പിച്ചതിനുശേഷം, അവിടെ നിന്ന് ഇറങ്ങി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതാണ് ഉചിതമായ കാര്യമെന്ന് അദ്ദേഹത്തിന് നിയമോപദേശം ലഭിച്ചിരുന്നു. അതിന്റെ പ്രാരംഭ നടപടിയായി ബഥനിയുടെ മൂലധനത്തിലേക്ക് സംഭാവന ചെയ്തിട്ടുള്ള ദാതാക്കളടെ ഒരു പൊതുയോഗം 1930 ഫെബ്രുവരി 20-ന് പെരുന്നാട് ബഥനി ആശ്രമത്തിന്റെ അഗതി മന്ദിരത്തിൽ വച്ചു സമ്മേളിച്ചു. ബഥനി ഭരണസമിതിയോഗം എന്ന പേരിൽ അറിയപ്പെടുന്ന പ്രസ്തുത യോഗത്തിന്റെ റിപ്പോർട്ട് എഴുതി തയ്യാറാക്കി യിരിക്കുന്നത് 25 വയസ്സുകാരനായ ഫാ. ജോഷ്വായുടെ കൈപ്പടയിലാണ്. പൊതുയോഗത്തിനു ശേഷം മാർ ഈവാനിയോസ് തിരുമേനിയും, പുലിക്കോട്ട് ജോസഫ് റമ്പാച്ചനും, ശ്രീമാൻ കെ. വി. ചാക്കോയും ഫാദർ ജോഷ്വായും തിരുവല്ലായിക്കു പോയി, അവിടെ വച്ചാണ് യോഗ റിപ്പോർട്ട് തയ്യാറാക്കിയത്. ഭരണ സമിതിയിലെ 9-ാമത്തെ അംഗമായ ഫാ. ജോഷ്വായ്ക്കായിരുന്നു സെക്രട്ടറി, ധനകാര്യദർശി (പ്രൊക്യുറേറ്റർ) എന്നീ വകുപ്പുകളുടെ ചുമതല.

### 10.1. ഭാവിക്കുവേണ്ടി കരുതിയ ചരിത്ര രചന

ബഥനി സന്ന്യാസി സമൂഹത്തിന്റെയും പുനരൈക്യ പ്രസ്ഥാനത്തിന്റെയും ചരിത്ര യാഥാർത്ഥ്യങ്ങൾ പിൻതലമുറയ്ക്ക് ലഭിച്ചത് ഫാ. ജോഷ്വാ തയ്യാറാക്കിയിരുന്ന രേഖകളിൽ നിന്നാണ്. ആശ്രമസ്ഥാപകനായ മാർ ഈവാനിയോസ് തിരുമേനിയുടെ ജീവചരിത്രം, മാർ തെയോഫിലോസ് തിരുമേനിയുടെ ജീവിചരിത്രം എന്നിവ അതിലുൾപ്പെടുന്നു. ജോഷ്വാ അച്ചന്റെ ഗുരുവായിരുന്ന മാർ തെയോഫിലോസ് തിരുമേനിയെപ്പറ്റി അന്യത്ര ലഭ്യമല്ലാത്തതും അദ്ദേഹത്തിന്റെ ജീവിതാഭിമുഖ്യം - ആദ്ധ്യാത്മികത - വ്യക്തമാക്കുന്നതുമായ പല കാര്യങ്ങളും ഫാ. ജോഷ്വാ എഴുതിയിരിക്കുന്ന കയ്യെഴുത്തു പ്രതിയിലുണ്ട്. ബഥനിയുടെയും മലങ്കര കത്തോലിക്കാ സഭയുടെയും ആദ്ധ്യാത്മിക സ്രോതസ്സ് പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഫാ. ജോഷ്വാ തയ്യാറാക്കിയിട്ടുള്ള ചരിത്രരേഖകൾ നിർണ്ണായകമാണ്.

www.malankaralibrary.com

### 11. ഫാ. ജോഷ്വായുടെ ജീവിതത്തിന്റെ ചില സവിശേഷതകൾ

ഫാ. ജോഷ്വാ സ്വന്തം ജീവിതത്തിൽ അഭ്യസിച്ചിരുന്ന അനുസരണം എന്ന പുണ്യവും ലാളിത്യവും സ്ഥലത്തിനും കാലത്തിനും (space and time) അപ്പുറം പ്രസക്തമാണ്. "നമ്മുടെ ബുദ്ധിയെയും മനസ്സിനെയും അനുസരണത്തിൽ കീഴടക്കുകയെന്നതാണ് നമുക്ക് ചെയ്യാവുന്ന ഏറ്റവും വലിയ പ്രായശ്ചിത്തം" (H.R.194, കോട്ടയം 2000) എന്നുള്ള ബഥാന്യൻ ആദ്ധ്യാത്മികത സ്വാംശീകരിച്ച സന്ന്യാസിയായിരുന്നു ജോഷ്വാ അച്ചൻ.

### 11.1 പ്രാർത്ഥനയിൽ അധിഷ്ഠിതമായ പ്രേഷിത ജീവിതം

ഫാ. ജോഷ്വായുടെ സന്ന്യാസ സമർപ്പണവും അപ്പസ്തോലിക ശുശ്രൂഷയും തപശ്ചര്യയിലും പ്രാർത്ഥനയിലും ഉറപ്പിക്കപ്പെട്ട ദൈവവൈക്യത്തിൽ നങ്കൂരമിട്ടുള്ളതായിരുന്നു. 1974-ൽ തിരുവല്ലാ ബഥനി ആശ്രമത്തിൽ അദ്ദേഹം വിശ്രമ ജീവിതം നയിക്കുന്ന കാലത്ത് (70 വയസ്) സമൂഹാദ്ധ്യക്ഷനായിരുന്ന ഫാ. സിറിൽ മലഞ്ചരുവിൽ ഒ.ഐ.സി. എല്ലാ ആശ്രമസ്ഥർക്കും ഒരു ചോദ്യാവലി (questionnaire) അയച്ചു കൊടുക്കുകയുണ്ടായി. (ആശ്രമസ്ഥരുടെ സമർപ്പണം ഏറ്റവും ഫലദായകമാകുന്നതിന്, സമൂഹാംഗങ്ങളുടെ കഴിവുകളും അഭിരുചിയും വളർത്തിയെടുത്തുകൊണ്ട് അപ്പോസ്തോലിക പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയെന്നതായിരുന്നു ഈ ചോദ്യാവലി അയക്കുന്നതിന് സമൂഹാദ്ധ്യക്ഷനെ പ്രേരിപ്പിച്ചത്). ആ ചോദ്യാവലിയിലെ 4 ചോദ്യങ്ങളും ഫാ. ജോഷ്വാ അതിനു കൊടുത്ത മറുപടിയും വായിക്കുന്നവർക്ക് അദ്ദേഹം (70 വയസിൽ) സന്ന്യാസ സമർപ്പണത്തിനും മിഷനറി പ്രവർത്തനത്തിനും കൊടുത്തിരുന്ന മുൻഗണന മനസ്സിലാക്കാവുന്നതാണ്.

1. ചോദ്യം: Apostolate at present ഫാ. ജോഷ്വാ നല്കിയ ഉത്തരം: 1) Prayer, 2) Penance especially in slight manual work
2. ചോദ്യം: Field of work interested in ഫാ. ജോഷ്വാ നല്കിയ ഉത്തരം: 1) Pastoral works in parish 2) Formation in religious houses
3. ചോദ്യം: Do you think you can improve the quality of your apostolate? ഫാ. ജോഷ്വാ നല്കിയ ഉത്തരം: Yes.

3b. ചോദ്യം: How? (അപ്പസ്തോലിക പ്രവർത്തനത്തിന്റെ ഗുണനിലവാരം എങ്ങനെ മെച്ചമാക്കാമെന്നുള്ള ചോദ്യത്തിന്) ഫാ. ജോഷ്വാ നല്കിയ ഉത്തരം: By living more fervent in prayer and mortification

4. ചോദ്യം: Suggest ways and means to finance your project if financial help is needed ഫാ. ജോഷ്വാ നല്കിയ ഉത്തരം: No financial help is needed.

1974 മെയ് 3-ാം തീയതിയാണ് ഫാ. ജോഷ്വാ ഈ ചോദ്യാവലി പൂരിപ്പിച്ച് സമൂഹാദ്ധ്യക്ഷന് അയച്ചു കൊടുത്തത്. കൗമാരപ്രായം മുതൽ കർമ്മല മഠത്തിന്റെ ആവൃതിയ്ക്കുള്ളിൽ ദൈവൈക്യത്തിൽ ജീവിച്ച് യുവ

www.malankaralibrary.com



സന്ന്യാസിനിയായിരിക്കുമ്പോൾ ഇഹലോക വാസം വെടിഞ്ഞ വി. കൊച്ചു ത്രേസ്യായെയാണ് പ്രേഷിതരുടെ മദ്ധ്യസ്ഥയായി കത്തോലിക്കാ സഭ ബഹുമാനിക്കുന്നത്. ലോകത്തിന്റെ നാലുഭാഗങ്ങളിലും സുവിശേഷം പ്രസംഗി ക്കുന്നതിനു പോകാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു രക്തസാക്ഷിയായി തീരണമെന്നാണ് എന്റെ ആഗ്രഹം. എന്നിങ്ങനെ ഒരു സുവിശേഷ പ്രവർത്തക യായിതീരാൻ അദമ്യമായ ആഗ്രഹം വി.കൊച്ചുത്രേസ്യാ ഹൃദയത്തിൽ സൂക്ഷി ച്ചിരുന്നു. മിണ്ടാമഠത്തിൽ ജീവിക്കുന്ന വർക്ക് ലോകത്തിന് യേശുവിനെ പ്രദാനം ചെയ്യൻ സാധിക്കും. മിഷനറിയായ യേശു വിനോടുള്ള ഭക്തി, മിഷനറിയായിത്തീ രാനുള്ള ആഗ്രഹം, യേശുവിന്റെ സന്ദേശം ലോകത്തിനു പ്രദാനം ചെയ്യുന്ന മിഷനറി മാർക്കു കൂടുതൽ കൃപ ലഭിക്കുന്നതിനായി പ്രായശ്ചിത്തങ്ങളും രോഗപീഢകളും മറ്റ് സഹനങ്ങളും സമർപ്പിക്കുക, ജീവിത ത്തിൽ നേരിടുന്ന കുരിശുകൾ ബലിയായി സമർപ്പി ക്കുക എന്നിവയാണ് മിഷനറിമാരുടെ മദ്ധ്യ സ്ഥയായ വി.കൊച്ചുത്രേസ്യാ അനുഷ്ഠി ച്ചിരുന്നത്. വിവിധ സഹനങ്ങളിലൂടെ കടന്നുപോയ ഫാ. ജോഷ്വായും തന്റെ പരിത്യാഗ പ്രവൃത്തികളും പ്രാർ ത്ഥനയും പ്രേഷിത ദൗത്യത്തിനായി സമർപ്പിച്ചിരുന്നു എന്നതിന്റെ തെളിവാണ് സമൂഹാദ്ധ്യക്ഷന്റെ ചോദ്യാവലിയുടെ മറുപടിയായി അദ്ദേഹം എഴുതി യിരിക്കുന്നത്. അദ്ദേഹത്തിന് കേൾവിക്ക് ബുദ്ധിമുട്ടുണ്ടായിരുന്നെങ്കിലും, കേൾക്കേണ്ടതു മാത്രം കേട്ടുകൊണ്ട് തന്റെ ശ്രവണ പരിമിതി ഒരു വലിയ ബുദ്ധിമുട്ടായി എടുക്കാതെ ഫാ. ജോഷ്വാ തന്റെ നിഷ്ഠകൾ നിറവേറ്റിയിരുന്നു. പരിത്യാഗവും പ്രാർത്ഥനയുമായിരുന്നു മിഷനറിമാരുടെ മധ്യസ്ഥയായി വി.കൊച്ചുത്രേസ്യായെ പ്രഖ്യാപിക്കാൻ കത്തോലിക്കാ സഭയെ പ്രേരിപ്പിച്ചത്. പ്രേഷിതനും സന്ന്യാസിയുമായിരുന്ന ഫാ. ജോഷ്വാ സ്വന്ത ജീവിതത്തിൽ സ്വീകരിച്ചത് ഈ മിഷനറി ചൈതന്യമാണ്.

**11.2 അനുസരണം**

തിരുസഭയുടെ അധികാരികളെയും, സന്ന്യാസാധികാരികളെയും, ദൈവത്തിന്റെ പ്രതിപുരുഷന്മാരായി അംഗീകരിച്ചുകൊണ്ട് അവരിലൂടെ വെളിപ്പെടുന്ന തീരുമാനങ്ങൾ ദൈവഹിതമായി സ്വീകരിക്കണമെന്നതാണ് അനുസരണത്തെക്കുറിച്ചുള്ള ക്രൈസ്തവ ദർശനം. ഈ ദർശനം അതിന്റെ

www.malankaralibrary.com



പൂർണ്ണതയിൽ സ്വാംശീകരിച്ച സന്ന്യാസിയായിരുന്നു ഫാ. ജോഷ്വാ എന്ന് ചരമ പ്രസംഗത്തിൽ മാർ ഗ്രീഗോറിയോസ് പിതാവ് പ്രസ്താവിച്ചിരുന്നത് ഞാൻ ഇപ്പോഴും ഓർക്കുന്നു. അധികാരികൾ വ്യത്യസ്തമായ സമീപനം സ്വീകരിക്കു മ്പോഴും അവരുടെ നിലപാടുകളോട് വിയോജിക്കുമ്പോഴും അവർ ഏല്പിച്ചിരുന്ന ചുമതലകൾ പൂർണതയിൽ ജോഷ്വാ അച്ചൻ നിർവഹി ച്ചിരുന്നു. അവരുടെ വ്യക്തിത്വം ആദരിക്കുന്നതിന് അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അന്യരെപ്പറ്റിയുള്ള വിമർശനങ്ങൾ വസ്തു നിഷ്ഠമാണോ, കൃത്രിമ മാണോ എന്നു തരം തിരിക്കാതെ അവരെപ്പറ്റി മതിപ്പില്ലാതെ സംസാരി ക്കുകയോ, കൂടെയുള്ളവർ സംസാരി ക്കുന്നത് അദ്ദേഹം പ്രോത്സാഹിപ്പിക്കു കയോ ചെയ്യാറില്ലായിരുന്നു. അതുവഴി കല്പനാനുസരണം മാത്രമല്ല അധി കാരികളുടെ വ്യക്തിത്വത്തെയും, അവരുടെ സ്ഥാനത്തെയും അദ്ദേഹം ആദരിച്ചിരുന്നു.

ഫാ. ജോഷ്വായുടെ പ്രചോദ കനും ഗുരുനാഥനുമായിരുന്ന മാർ ഈവാനിയോസ് തിരുമേനിയോട് ബഥനി ആശ്രമ സംബന്ധമായ കാര്യങ്ങളിൽ വിജോയിപ്പുണ്ടായിരുന്ന കാലത്താണ് വട്ടിയൂർക്കാവ് മിഷൻ ഡിസ്ട്രിക്ടിന്റെ വികാരിയായി ജോഷ്വാച്ചൻ നിയമിതനായത്; അതോ ടൊപ്പം പാളയം ഇടവകയുടെ വികാരിയായും. എറ്റവും വിധേയത്വത്തോടെയും കാര്യക്ഷമതയോടെയും ആ ചുമതലകൾ നിറവേറ്റാൻ കഴിഞ്ഞത് ദൈവികമായ അനുസരണം അഭ്യസിക്കാനദ്ദേഹത്തിന് സാധിച്ചതു കൊണ്ടാണ്. അതേ വിഷയങ്ങളിൽ വ്യത്യസ്തമായ വീക്ഷണം ഉണ്ടായിരുന്ന കാലത്താണ് (1947) മാർ ഈവാനിയോസ് തിരുമേനി അമേരിക്കൻ പര്യടനം നടത്തിയത്. അവിടെ നിന്ന് കറ്റാനം ആശ്രമത്തിന്റെ സുപ്പീരിയറായിരുന്ന ഫാ. ജോഷ്വായുടെ പേരിൽ അദ്ദേഹം ആശംസകൾ അയച്ചു. അതിനു ഫാ.ജോഷ്വാ കൊടുത്ത മറുപടി ഇരുവരും പരസ്പരം പ്രദർശിപ്പിച്ചിരുന്ന സ്നേഹാദരവുകൾക്കുള്ള ഉദാഹരണമായി നിലകൊള്ളുന്നു. ഫാ. ജോഷ്വാ 1947 നവംബർ 1-ാം തീയതി അയച്ച മറുപടി ഇപ്രകാരമായിരുന്നു. “Shrine of

www.malankaralibrary.com

9 Jesuit Martyrs – ൽ നിന്നും സദയം അയച്ചു തന്ന കാർഡ് കിട്ടിയതിൽ ഞങ്ങൾക്കെല്ലാം വളരെ സന്തോഷമുണ്ട്. ഞങ്ങളെല്ലാവരും (അച്ചന്മാരും കുട്ടികളും) വന്ദ്യപിതാവിനു വേണ്ടി ഹൃദയ പൂർവം പ്രാർത്ഥിക്കുന്നു. പത്രങ്ങളിലും മാസികകളിലും നിന്ന് യാത്രാവിവര ങ്ങൾ കുറെയൊക്കെ ഗ്രഹിച്ചു കൊണ്ടാണിരിക്കുന്നത്. 'എന്നത്തേക്കു മടങ്ങി വരും' എന്നുള്ള ചോദ്യത്തിന് മറുപടി പറയാൻ കഴിയുന്നില്ല. യാത്ര സുഗമമായി പുരോഗമിക്കുന്നു എന്നു വിശ്വസിക്കുന്നു. അതിനായി കരുണയുള്ള പിതാവിനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു."

സ്വയം ശൂന്യനാക്കിയ യേശുക്രിസ്തുവിന്റെ മനോഭാവം (ഫിലി. 2:5–8) ഉൾക്കൊണ്ടിരുന്ന ഒരു സന്ന്യാസിയായിരുന്നു ഫാ. ജോഷ്വാ എന്ന് മനസ്സിലാക്കുന്നതിന് ഒരു ഉദാഹരണം കൂടി ചേർക്കാൻ ആഗ്രഹിക്കുന്നു. തിരുവല്ലാ രൂപതയിലും തിരുവനന്തപുരത്തും താമസിച്ചിരുന്ന ആശ്രമസ്ഥർ ഡയോസിസൻ സമൂഹമായി മാറിയ കാലം മുതൽ ബഥനി ഇന്റർ ഡയോസിസൻ സമൂഹമായി സംയോജിക്കണമെന്ന് ആഗ്രഹിച്ച വ്യക്തിയായിരുന്നു ഫാ. ജോഷ്വാ. ആശ്രമസ്ഥർ വിവിധ സ്ഥലങ്ങളിൽ ഒറ്റയ്ക്ക് താമസിക്കാതെ, കൂട്ടമായി താമസിച്ചുകൊണ്ട് വിവിധ സ്ഥലങ്ങളിൽ അപ്പസ്തോലിക പ്രവർത്തനങ്ങളിൽ വ്യാപരിക്കണമെന്ന 'സെനോബിറ്റിക്ക്' ദർശനമായിരുന്നു ബഥനി ആശ്രമത്തിന്റെ ആരംഭം മുതലുണ്ടായിരുന്നത്. അതായിരുന്നു ബഥനിയുടെ ശൈലിയും. അതിനുവേണ്ടി ഫാ. ജോഷ്വാ പരിശ്രമിക്കുന്ന കാലത്താണ് (പെരുന്നാട് ബഥനി ആശ്രമം വിട്ടിറങ്ങിയ മിക്ക ആശ്രമസ്ഥരും ഇതിനായി പരിശ്രമിച്ചിട്ടുണ്ടെന്ന യാഥാർത്ഥ്യം വിസ്മരിക്കുന്നില്ല) ചെങ്ങന്നൂർ ജനറലേറ്റ് മന്ദിരത്തിൽ നിന്ന് നിരണം ഇടവകയുടെ വികാരിയായി 1951–ൽ മാർ സേവേറിയോസ് തിരുമേനി അദ്ദേഹത്തെ നിയമിച്ചത്. ദൈവികമായ അനുസരണയോടെ രൂപതാദ്ധ്യക്ഷന്റെ തീരുമാനമനുസരിച്ച് 1953 വരെ അവിടെ ദൈവജനരൂപീകരണ പ്രക്രിയയിൽ അദ്ദേഹം ഏർപ്പെട്ടു. 1953–ൽ അവിടെ നിന്ന് അദ്ദേഹത്തെ വെണ്ണിക്കുളം ഇടവക വികാരിയായി നിയമിച്ചു. ആ ഇടവകയുടെ ജോലിയും ഉത്തരവാദിത്തത്തോടെ അദ്ദേഹം നിർവഹിച്ചു. വ്യക്തികൾ തമ്മിൽ ആശയ വ്യത്യാസമുണ്ടെങ്കിലും, അധികാരികളുടെ തീരുമാനങ്ങൾ അനുസരിക്കാനും അവർക്ക് ബഹുമാനാദരവുകൾ നല്കാനും കഴിയണമെങ്കിൽ ക്രിസ്തുവിനോട് ഏറ്റവും അനുരൂപപ്പെടണം. മറ്റൊരു ക്രിസ്തുവായി മാറുന്ന പ്രക്രിയയിൽ ഏറ്റവും വിജയം വരിച്ച ഒരു സന്ന്യാസിയായിരുന്നു ഫാ. ജോഷ്വാ എന്ന് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഇത്തരം അനുഭവങ്ങൾ സാക്ഷിക്കുന്നു.

### 11.3 സുവിശേഷ സന്ദേശത്തിന്റെ പരിമളം പരത്തിയ ഫാ.ജോഷ്വാ

ജീവിത സമർപ്പണത്തിലും ശുശ്രൂഷയിലും അനന്യത പുലർത്തിയിരുന്ന ഒരു വ്യക്തിത്വമായിരുന്നു ഫാ. ജോഷ്വായുടേത്. ഈ ഹ്രസ്വജീവചരിത്രവും

www.malankaralibrary.com

അദ്ദേഹത്തിന്റെ സ്നേഹത്തിനു പാത്രീഭൂതരായവരും ഇത് സാക്ഷ്യപ്പെടുത്തി യിരിക്കുന്നു. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ, ക്രൈസ്തവ ജീവിതത്തിന്റെ സൂചികയാണ് (Reference point) സന്ന്യാസ ജീവിതമെന്ന് പറഞ്ഞിരിക്കുന്നത് ജോഷ്വാ അച്ചന്റെ ജീവിതത്തിൽ സത്യമാണ്. ഒരു ക്രിസ്ത്യാനി എങ്ങനെ ദൈവവുമായി ബന്ധപ്പെടണം, മനുഷ്യരെ ആദരി ക്കണം, ഒരുവന്റെ ഭൗതികവസ്തുക്കളോടുള്ള അയാളുടെ മനോഭാവം എപ്രകാരമുള്ളതായിരിക്കണം എന്ന് പഠിക്കുന്നതിന് ഒരു വിശ്വാസി എന്ന നിലയിൽ അദ്ദേഹം എങ്ങനെ ജീവിച്ചിരുന്നു എന്നു മനസ്സിലാക്കിയാൽ മതി.

ഒരു ബഥാന്യൻ എങ്ങനെ ദഹനബലിയായി സ്വയം ദൈവത്തിനു സമർപ്പിക്കണം എന്നു മനസ്സിലാക്കാൻ അദ്ദേഹത്തിന്റെ സന്ന്യാസ ജീവിത സമർപ്പണം മനസ്സിലാക്കിയാൽ മതി.

ഒരു സന്ന്യാസപുരോഹിതൻ എങ്ങനെ തന്റെ ദൈവിക നിയോഗം അനുവർത്തിച്ചുകൊണ്ട് തിരുസഭാ ഗാത്രത്തിൽ 'ഹൃദയത്തിന്റെ പ്രവർത്തനം' നിർവഹിക്കണമെന്ന് മനസ്സിലാക്കുന്നതിന് സന്ന്യാസ ചൈതന്യത്താൽ പ്രേരിതമായ അദ്ദേഹത്തിന്റെ പൗരോഹിത്യ ശുശ്രൂഷയുടെ സവിശേഷതകൾ മനസ്സിലാക്കിയാൽ മതി. ഹയരാർക്കി സ്ഥാപനത്തിന് കൂദാശ ചെയ്യപ്പെട്ട ദൈവാലയത്തിന്റെ സ്ഥാപകൻ, പുനരൈക്യ പ്രസ്ഥാനത്തിനുവേണ്ടി ബന്ധന സ്ഥനാക്കപ്പെട്ട ഏക വ്യക്തി, മാർ ഈവാനിയോസ് തിരുമേനിക്കു ശേഷം തിരഞ്ഞെടുപ്പിനാൽ ബഥനിയുടെ അദ്ധ്യക്ഷനായ ആദ്യാംഗം, സമാനതകളില്ലാത്ത സന്ന്യാസ സമർപ്പണത്തിന്റെ ആൾരൂപം, കുടുംബത്തിന്റെ വഴികാട്ടി, ബഥനിയുടെ കാവലാൾ, മലങ്കര സഭയുടെ മാതൃകായോഗ്യനായ പുരോഹിതൻ എന്നീ നിലകളിൽ ജോഷ്വാച്ചൻ പ്രശോഭിച്ചു.



### 11.4 പ്രേഷിതനായ സന്ന്യാസി, സന്ന്യാസിയായ പ്രേഷിതൻ

സുവിശേഷ പ്രചരണമെന്ന ക്രൈസ്തവസഭയുടെ പ്രധാന ദൗത്യം നിറവേറ്റിക്കൊണ്ടു സന്ന്യാസജീവിതം നയിച്ച ആബോ ഗീവർഗീസിനെ കണ്ടുകൊണ്ടാണ് ഫാ. ജോഷ്വാ

www.malankaralibrary.com

ആശ്രമപ്രവേശനം നേടിയത്. പരിശീലന കാലഘട്ടം മുതൽ വിശ്രമ ജീവിതം നയിക്കുന്ന കാലം വരെ 'ഞാൻ കർത്താ വിനു സമർപ്പിതൻ, ഞാൻ കർത്താവിന്റെ പ്രേഷിതൻ' എന്ന മനോഭാവ ത്തോടെ സന്ന്യാസ സമർപ്പണവും മിഷൻ പ്രവർത്തനവും സമന്വയിപ്പിച്ച ക്രിസ്തു ശിഷ്യനായിരുന്നു ഫാ. ജോഷ്വാ. നാലാഞ്ചിറയിൽ അദ്ദേഹം നവശിഷ്യ ർക്ക് പരിശീലനം കൊടുത്തിരുന്ന കാലത്ത് നാലാഞ്ചിറ ആശ്രമ ചാപ്പൽ സെന്റ് തോമസ് ഇടവകപ്പള്ളിയായി ഉപയോഗിച്ചിരുന്നു. വയോധികനായി രുന്ന 'ഗുരു അച്ചൻ' ഇടവകയ്ക്കു വേണ്ടി വിശുദ്ധ കുർബാന അർപ്പിക്കു ന്നതിനും സുവിശേഷ പ്രസംഗം നട ത്തുന്നതിനും ആ കാലയളവിൽ ശ്രദ്ധി ച്ചിട്ടുണ്ട്. ആശ്രമസ്ഥരുടെ പ്രേഷിത ദൗത്യത്തിന്റെ ദർശനം ബഥനി ആശ്രമ ത്തിന്റെ നിയമസംഹിതയിൽ ഇപ്രകാരം വിഭാവന ചെയ്തിരിക്കുന്നു: "നമ്മുടെ സന്ന്യാസ ജീവിതം മുഴുവനും പ്രേഷിത ചൈതന്യത്താലും നമ്മുടെ പ്രേഷിത ജീവിതം മുഴുവനും സന്ന്യാസജീവിത ചൈതന്യത്താലും നിറഞ്ഞിരിക്കണം" (HR 203). ബഥാന്യരുടെ പ്രേഷിത ചൈതന്യത്തിന്റെ ഉറവിടം അവതീർണനായ യേശുമിശിഹായുടെ പ്രേഷിത ചൈതന്യമാണ്. 'മിഷനറിയായിരുന്ന യേശുവിനോടുള്ള ഭക്തിയാണ് ബഥനി മിഷനറിയ്ക്കുണ്ടായിരിക്കേണ്ട പ്രത്യേക ഭക്തി' (ജോഷ്വാ അച്ചന്റെ കൈപ്പടയിൽ എഴുതിയിട്ടുള്ള ഈ രേഖ ജനറലേറ്റ് രേഖാശേഖരത്തിൽ സൂക്ഷിച്ചിരിക്കുന്നു) എന്ന് ജോഷ്വാ അച്ചൻ വിശ്വസിച്ചിരുന്നു.

### 11.5. ദിവ്യാതിഥി - മലങ്കര മക്കൾക്ക് ഒരു ധ്യാനസഹായി



മലങ്കര കത്തോലിക്കാ സഭയിൽ അനുദിന ധ്യാനത്തിന് സഹായകമായ കൂടുതൽ ഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്തിട്ടില്ല. എന്നാൽ 'ദിവ്യാതിഥി' അഥവാ 'മിശിഹാനുകരണ ധ്യാനങ്ങൾ' എന്ന പേരിൽ 1981-ൽ ഫാ. ജോഷ്വാ രചിച്ച് പ്രസിദ്ധം ചെയ്ത ധ്യാനപുസ്തകം മലങ്കരസഭാ മക്കൾക്ക് വളരെ പ്രയോജന കരമായ ഒരു ഗ്രന്ഥമാണ്. പലരും അനുദിന ധ്യാനത്തിനായി ഇത് ഉപയോഗി ക്കുന്നുണ്ട്. ലളിത ഭാഷയിൽ ധ്യാനം എന്താണെന്നും ധ്യാനിക്കേണ്ടത് എങ്ങനെയാണെന്നും വ്യക്തമാക്കിയിട്ടുള്ള ഈ ഗ്രന്ഥം Meditations on the life of our Lord എന്ന

www.malankaralibrary.com

പുസ്തകം ആധാരമാക്കിയാണ് രചിക്കപ്പെട്ടിട്ടുള്ളത്. പെരുന്നാളുകളിലും മൂന്നുനോമ്പ് ദിവസങ്ങളിലും മാസാന്ത്യ ഭജന ദിവസ ങ്ങളിലും ഉപയോഗിക്കത്തക്കവണ്ണമുള്ള ധ്യാനങ്ങൾ, മലങ്കര സഭാ പഞ്ചാംഗമനുസരിച്ചുള്ള വലിയ നോമ്പി ലെയും ഇരുപത്തിയഞ്ച് നോമ്പിലെയും ഞായറാഴ്ചകൾക്ക് അനുയോജ്യമായ ധ്യാനങ്ങളുടെ ഒരു പട്ടിക എന്നിവ ഈ ഗ്രന്ഥത്തിന്റെ സവിശേഷതയാണ്. ദിവ്യാ തിഥിക്ക് അവതാരിക എഴുതിയ ബത്തേരി രൂപതാദ്ധ്യക്ഷൻ സിറിൽ മാർ ബസ്സേലി യോസ് തിരുമേനിയുടെ വാക്കുകൾ ജോഷ്വാ അച്ചന്റെ ആദ്ധ്യാത്മിക ഔന്നത്യ ത്തിലേക്ക് വിരൽ ചൂണ്ടുന്നു.

> ബഥനി ആശ്രമത്തിലെ ഒരു യോഗി വര്യനാണ് ബഹു. ജോഷ്വാ അച്ചൻ. മലങ്കര സഭയിലെ ആദ്ധ്യാത്മിക നവോ ത്ഥാന പ്രസ്ഥാനമായിട്ടാണല്ലോ ബഥനി ആശ്രമം വിഭാവനം ചെയ്യപ്പെ ട്ടിരുന്നതും അറിയപ്പെട്ടിരുന്നതും. ബഥനി സന്ന്യാ സികളുടെ ധ്യാനാത്മകവും ആരാധനാ പരവുമായ സന്ന്യാസ സമൂഹജീവിതം മലങ്കര സഭാമക്കളുടെ ആദ്ധ്യാത്മിക ജീവിതത്തിന് വഴിവിളക്കായിരുന്നു. ബഥനി ആശ്രമത്തിന്റെ പ്രാരംഭ ഗുരുക്കന്മാരിൽ ഒരാൾ എന്ന നിലയ്ക്ക് ബ.ജോഷ്വാ അച്ചൻ ആശ്രമ ജീവിതത്തിൽ പക്വത വന്ന ഒരു സന്ന്യാസിയാണ്. അദ്ദേഹത്തിന്റെ അനുഭവജ്ഞാനത്തിൽ നിന്നും, ആദ്ധ്യാത്മിക ചൈതന്യ ത്തിൽ നിന്നും ഉരുവായതാണ് ഈ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന ധ്യാനങ്ങൾ ഓരോന്നും എന്നതിനു രണ്ടു പക്ഷമില്ല. അതു തന്നെയാണ് ഈ ധ്യാനങ്ങളുടെയും അവ ഉൾക്കൊള്ളുന്ന പുസ്തകത്തിന്റെയും പ്രത്യേ കതയും മാഹാത്മ്യവും. പല പുസ്തകങ്ങളിലൊന്നായി തരംതാഴാതെ ആഴമായ ആത്മീയ ജീവിതത്തിന് സർവ്വദാ പ്രചോദനം നൽകുന്നതിന് ഈ പുസ്തകം ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നതിനുള്ള കാരണവും മറ്റൊന്നുമല്ല (ഫാ. ജോഷ്വാ ഒ.ഐ.സി. ദിവ്യാതിഥി അഥവാ മിശിഹാനുകരണ ധ്യാനങ്ങൾ, കോട്ടയം, 1981, പേജ് V).

ധ്യാനിക്കുന്ന വ്യക്തികൾക്കു മാത്രമേ ധ്യാനപുസ്തകം തയ്യാറാക്കണ മെന്നും അത് മറ്റുള്ളവർക്കായി ലഭ്യമാക്കണമെന്നും തീരുമാനിക്കാൻ കഴി യുകയുള്ളൂ. ബഥനി ആശ്രമത്തിലെ 'ഗുരു അച്ചൻ' ഒരർത്ഥത്തിൽ ആ ഗ്രന്ഥം ഉപയോഗിക്കുന്നവരുടെയൊക്കെ ധ്യാനഗുരുവായി നിലകൊള്ളുന്നു. സിറിൽ മാർ ബസ്സേലിയോസ് തിരുമേനി പ്രസ്താവിച്ചതുപോലെ "അദ്ദേഹത്തിന്റെ ആത്മീയ ചിന്തകളിലും ദൈവാനുഭവത്തിലും പങ്കുചേരുന്നതിനുള്ള ഒരു സന്ദർഭവും, സാദ്ധ്യതയും അത് നമുക്ക് പ്രദാനം ചെയ്തിരിക്കുകയാണ്."

**12. ജോഷ്വാ: പേരിന് അനുയോജ്യമായ വ്യക്തിത്വവും ദൗത്യനിർവഹണവും**

ഉണ്ണൂണ്ണി എന്ന് വിളിക്കപ്പെട്ടിരുന്ന കഥാപുരുഷന് മാമ്മോദീസാ സമയത്ത് ജോഷ്വാ എന്ന പേരു നൽകിയത് അദ്ദേഹം ജീവിതത്തിൽ

www.malankaralibrary.com

അന്വർത്ഥമാക്കേണ്ടിയിരുന്ന ദൈവിക നിയോഗത്തിന്റെ സൂചനയായിരുന്നു. ജോഷ്വാ എന്ന പേരിന്റെ അർത്ഥം 'ദൈവം രക്ഷിക്കുന്നു' എന്നാണ്. നൂനിന്റെ പുത്രനായ ജോഷ്വാ നിർവഹിച്ച കാര്യങ്ങളെപ്പറ്റി ശ്രദ്ധേയമായ ചില സൂചന കൾ പ്രഭാഷകൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. ജോഷ്വാ "തന്റെ നാമത്തിനൊത്ത് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഉത്തമ രക്ഷകനായിരുന്നു" (പ്രഭാ 46:1). ഇസ്രായേൽ ജനത്തിന്റെ ജീവിതത്തിൽ ജോഷ്വാ കൊടുത്ത നേതൃത്വ ത്തെപ്പറ്റി ചില നിർണ്ണായക സവിശേഷതകൾ വി.ഗ്രന്ഥം നല്കിയിരിക്കുന്നു. അവന്റെ കരം സൂര്യനെ തടഞ്ഞുനിർത്തി. അങ്ങനെ ഒരു ദിവസത്തിന് രണ്ടു ദിവസത്തിന്റെ ദൈർഘ്യമുണ്ടായി (ജോഷ്വാ 10:12-13). ശത്രുക്കൾ ചുറ്റും വലഞ്ഞപ്പോൾ അവൻ സർവ്വശക്തനായ ദൈവത്തെ വിളിച്ചപേക്ഷിച്ചു. ഉന്നതനായ കർത്താവ് അവന് ഉത്തരമരുളി. 'ശക്തനായവനെ അവൻ പൂർണ്ണമായും പിൻചെന്നു.' ജനത്തെ പാപത്തിൽ നിന്ന് പിന്തിരിപ്പിക്കുകയും അവരുടെ ദുഷ്ടമായ പിറുപിറുപ്പ് നിർത്തുകയും ചെയ്തു. യഹോവയായ ദൈവം ജോഷ്വായ്ക്കു കൊടുത്ത നിർദ്ദേശം ഇപ്രകാരമായിരുന്നു: നീ ശക്തനും ധീരനുമായിരിക്കുക. ഭയപ്പെടുകയോ, പരിഭ്രമിക്കുകയോ ചെയ്യരുത്. നിന്റെ ദൈവമായ കർത്താവ് നീ പോകുന്നിടത്തെല്ലാം നിന്നോടുകൂടെ ഉണ്ടായിരിക്കും (ജോഷ്വാ 1:6-9). ദൈവകല്പനകൾ പാലിച്ചുകൊണ്ട്, മുമ്പ് നടന്നിട്ടില്ലാത്ത വഴിയിലൂടെ ഇസ്രായേലിനെ നയിച്ച് ജോർദ്ദാൻ നദി കടക്കുന്നതിന് നേതൃത്വം കൊടുക്കുകയും (ജോഷ്വാ 3:1-17) ജെറീക്കോ പട്ടണത്തിന്റെ ആധിപത്യം പിടിച്ചെടുക്കുകയും (ജോഷ്വാ 6:1-27) ശക്തരായ ജനങ്ങളിൽ നിന്ന് വാഗ്ദാനനാട് പിടിച്ചെടുത്ത് ഇസ്രായേൽ മക്കൾക്ക് വിഭജിച്ചു നൽകുകയും ചെയ്ത ജോഷ്വായോട് വാഗ്ദാനം ചെയ്തതുപോലെ, ദൈവം കൂടെയുണ്ടായിരുന്നു. ഇസ്രായേൽ ജനത്തിന്റെ മുമ്പാകെ ദൈവം അവനെ ഉന്നതനാക്കി. കർത്താവ് ജോഷ്വായുടെ വാക്കുകേട്ട് ഇസ്രാ യേലിനുവേണ്ടി യുദ്ധം ചെയ്തു (ജോഷ്വാ 10:14). ജോഷ്വാ ദൈവത്തിലുള്ള വിശ്വാസം ഇങ്ങനെ ഏറ്റുപറഞ്ഞു "കർത്താവ് എന്നോടു കൂടെ ഉണ്ടെങ്കിൽ അവിടുന്ന് എന്നോടു പറഞ്ഞിട്ടുള്ളതുപോലെ ഞാൻ അവരെ ഓടിച്ചുകളയും" (ജോഷ്വാ 14: 12). ദൈവം കൂടെയുണ്ടായിരുന്നവനും, ദൈവത്തെ എപ്പോഴും കൂടെ കൂട്ടിയിരുന്നവനുമായ ജോഷ്വാ തന്റെ ദൗത്യം അവസാനിപ്പിക്കു ന്നതിനുമുമ്പ് ജനത്തിനു കൊടുത്ത പ്രബോധനത്തിൽ അദ്ദേഹത്തിന്റെ വിശ്വാസം ഇപ്രകാരം പ്രകടിപ്പിച്ചു: "ഞാനും എന്റെ കുടുംബവും കർത്താ വിനെ സേവിക്കും" (ജോഷ്വാ 25:15).

സംഘർഷവും വെല്ലുവിളികളും നിറഞ്ഞതായിരുന്നു ജോഷ്വായുടെ ജീവിതം. സാധാരണക്കാരായ ജനത്തെ വാഗ്ദാനനാട്ടിലെത്തിക്കുമ്പോൾ അവരുടെ ദൈവവിശ്വാസം നഷ്ടപ്പെടാതിരിക്കാൻ അവരെ ദൈവകല്പനകൾ പഠിപ്പിക്കേണ്ടിയിരുന്നു. വാഗ്ദാനനാട്ടിൽ വസിച്ചിരുന്ന ജനതകളിൽ നിന്ന്

www.malankaralibrary.com

സ്ഥലം പിടിച്ചെടുത്ത് ഇസ്രായേൽ മക്കൾക്ക് കൊടുക്കേണ്ട ഉത്തരവാദിത്വവും അദ്ദേഹത്തിനുണ്ടായിരുന്നു. ദൈവികമായി ലഭിച്ച ദൗത്യം അനുഗ്രഹമായി നിർവഹിക്കാൻ ജോഷ്വായ്ക്ക് കഴിഞ്ഞത് വിശ്വസ്തമായി ദൈവകല്പനകൾ പാലിച്ചതുകൊണ്ടാണ്. ജോഷ്വായെ ദൗത്യം ഏല്പിക്കുമ്പോൾ യഹോവാ കൊടുത്ത നിർദ്ദേശം അതുതന്നെയായിരുന്നു: “ന്യായപ്രമാണഗ്രന്ഥം എപ്പോഴും നിന്റെ അധരത്തിൽ ഉണ്ടായിരിക്കണം. അതിൽ എഴുതിയിരിക്കുന്ന തെല്ലാം പാലിക്കാൻ നീ ശ്രദ്ധിക്കണം. അതിനെക്കുറിച്ച് രാവും പകലും ധ്യാനി ക്കണം. അപ്പോൾ നീ അഭിവൃദ്ധി പ്രാപിക്കുകയും വിജയം വരിക്കുകയും ചെയ്യും” (ജോഷ്വാ 1:8). ജോഷ്വാച്ചൻ, ഇസ്രായേലിനെ നയിച്ച ജോഷ്വായെ പ്പോലെ ദൈവമുമ്പാകെ വ്യാപരിച്ചു. “നീ നിയമം പാലിക്കുക നിയമം നിന്നെ കാത്തുകൊള്ളും” (ഫാ. ജോഷ്വാ ഒ.ഐ.സി. ദിവ്യാതിഥി അഥവാ മിശിഹാനു കരണ ധ്യാനങ്ങൾ, കോട്ടയം, 1981, പേജ് 2) എന്നുള്ള പിതാക്കന്മാരുടെ ഉപദേശം പൂർണ്ണമായി ഉൾക്കൊണ്ടിരുന്നതിനാൽ അഭിവൃദ്ധി പ്രാപിക്കുകയും എല്ലാ കാര്യങ്ങളിലും വിജയം വരിക്കുകയും ചെയ്തു. ദൈവസമ്പാദനം ജീവിത ലക്ഷ്യമാക്കിയ ആ താപസവര്യൻ ദൈവമുമ്പാകെ പ്രീതി കണ്ടെത്തി. ദൈവജനത്തെ കാനാനിൽ പ്രവേശിപ്പിക്കുന്നതിന് കാലെബിനോടൊത്ത് നിയോഗം ലഭിച്ച ജോഷ്വായ്ക്കുണ്ടായിരുന്നതിന് സമമായി ‘ശക്തനായവനെ പൂർണ്ണമായി പിൻചെന്നുകൊണ്ട് പുനരൈക്യത്തിന്റെ ആരംഭകാലത്തും പിന്നീടും ബഥനി ആശ്രമസ്ഥർക്ക് ഒരു ചൂണ്ടുപലകയും മാതൃകാ പുരുഷനു മായി ഫാ.ജോഷ്വാ ജീവിച്ചു.

മനുഷ്യരെ പാപത്തിൽ നിന്നും സാത്താന്റെ അടിമത്തത്തിൽ നിന്നും മോചിപ്പിച്ച് ദൈവരാജ്യത്തിന് യോഗ്യരാക്കിയ യേശുവിന്റെ പേര് ജോഷ്വാ അച്ചന് ലഭിച്ചു. യേശു എന്ന പേരിന്റെ ഹീബ്രു പദമാണ് ജോഷ്വാ. മനുഷ്യ രക്ഷയ്ക്കായി പുത്രനെ അയച്ചപ്പോൾ ദൈവം കൊടുത്ത നാമമാണ് യേശു എന്ന പേര്. യേശു എന്ന് അവന് പേരിടണം. എന്തെന്നാൽ അവൻ തന്റെ ജനത്തെ പാപത്തിൽ നിന്ന് രക്ഷിക്കും (മത്താ 1:21) എന്നായിരുന്നു അവനെ പ്പറ്റിയുള്ള പ്രവചനം. പരിച്ഛേദനത്തിനുള്ള എട്ടാം ദിവസമായപ്പോൾ അവൻ ഗർഭത്തിൽ ഉരുവാകുന്നതിനുമുമ്പ് ദൂതൻ നിർദ്ദേശിച്ചിരുന്ന യേശു എന്ന പേര് അവന് നല്കി (ലൂക്കാ 2:21). ജോഷ്വാ അച്ചൻ നാമഹേതുക വിശുദ്ധന്റെ ദിവസമായി സ്വീകരിച്ചത് പ്രവാചകനായ ജോഷ്വായെ സഭ അനുസ്മരിക്കുന്ന ദിവസമായിരുന്നില്ല. സഭ യേശുവിന്റെ നാമകരണം അനുസ്മരിക്കുന്ന ജനുവരി 1-ാം തീയതിയായിരുന്നു ജോഷ്വാ അച്ചന്റെ നാമഹേതുക തിരുനാൾ.

വാഗ്ദാന നാട്ടിൽ ഇസ്രായേലിനെ അവകാശം കൊടുക്കുകയും ദൈവ കല്പന പാലിക്കുന്നതിന് ഇസ്രായേൽ മക്കളെ ഒരുക്കുകയും ചെയ്ത ജോഷ്വായുടെയും സ്വബലിയർപ്പണത്തിലൂടെ മനുഷ്യവംശത്തെ രക്ഷിച്ച യേശുവിന്റെയും ദൗത്യം നിറവേറ്റുന്നതിന് ജോഷ്വാ അച്ചൻ പരിശ്രമിച്ചു.

www.malankaralibrary.com

പുനരൈക്യത്തിനുശേഷം കത്തോലിക്കാ സഭയിലെ സന്ന്യാസി സമൂഹങ്ങളെപ്പോലെ ബഥനി ആശ്രമം കാനോനികമായി സ്ഥാപിക്കുന്നതിന് അദ്ദേഹം പ്രദർശിപ്പിച്ച താല്പര്യം, ശ്രദ്ധ, സമർപ്പണം എന്നിവ അദ്ദേഹത്തെ പ്രവാചകനായ ജോഷ്വായ്ക്ക് സമനാക്കുന്നു. "എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം'' (യോഹ 4:34). ''ഞാൻ എപ്പോഴും അവിടുത്തേക്ക് ഇഷ്ടമുള്ളത് പ്രവർത്തിക്കുന്നു'' (യോഹ 8:29) എന്നിങ്ങനെ യേശു സ്വന്ത ദൗത്യത്തെയും ദൗത്യനിർവ്വണത്തെയുംപറ്റി പറഞ്ഞിരുന്ന വിധേയ മനോഭാവത്തോടെ മരണം വരെ ജീവിച്ച സന്ന്യാസിയായിരുന്നു ജോഷ്വാ അച്ചൻ. അദ്ദേഹം രചിച്ച ധ്യാനപുസ്തകത്തിൽ യേശുനാമത്തെപ്പറ്റി ചേർത്തിട്ടുള്ള നാല് ധ്യാനങ്ങൾ യേശുനാമത്തിൽ അധിഷ്ഠിതമായ അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക ദർശനം വ്യക്തമാക്കുന്നു. ഫാ. ജോഷ്വാ തനിക്കു ലഭിച്ച പേരിനോടും സ്വീകരിച്ച ദൗത്യ ത്തോടും പൂർണ്ണമായ വിശ്വസ്തത പുലർത്തിക്കൊണ്ട് ജോഷ്വാ പ്രവാചക ന്റെയും യേശുമിശിഹായുടെയും വ്യക്തിത്വത്തോട് അനുരൂപപ്പെടുന്നതിന് ശ്രമിച്ചിരുന്നു.



**13. വാർദ്ധക്യം, മരണം, ശവസംസ്കാരം**

1981 മുതൽ വിശ്രമത്തിലായിരുന്ന ജോഷ്വാ അച്ചന്റെ സാന്നിദ്ധ്യം നാലാഞ്ചിറ ആശ്രമത്തെ സംബന്ധിച്ചിടത്തോളം കൃപ നിറഞ്ഞ അനുഭവമായിരുന്നു. ആശ്രമത്തിന്റെ പൊതു പരിപാടികളിൽ നിന്ന് ഒഴിവാകുന്നതിന് വാർദ്ധക്യ സഹജ മായ അസ്വസ്ഥതകൾ കാരണമാകാതിരി ക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ശാരീരിക ക്ലേശങ്ങൾ ക്ഷമയോടെ സഹിച്ചു. മറ്റുള്ള വരാൽ ശുശ്രൂഷിക്കപ്പെടാനാഗ്രഹിക്കാതെ സ്വയമേ ചെയ്യാവുന്ന കാര്യങ്ങൾ നിർ വഹിച്ചുകൊണ്ട് ലാളിത്യവും വിനയവും അവസാനം വരെ അഭ്യസിച്ചു. അങ്ങനെ കുരിശുമരണം വരെ തന്നെത്തന്നെ താഴ്ത്തിയ യേശുവിനോട് താദാത്മ്യ പ്പെട്ടുകൊണ്ട് ജീവിക്കാൻ അങ്ങേയറ്റം പരിശ്രമിച്ചു. പ്രാർത്ഥനകളും ചെറിയ പ്രായശ്ചിത്ത പ്രവൃത്തികളും ചെയ്തുകൊണ്ട് വിധിയാളനായ രാജാവിന്റെ മുമ്പിൽ മുഖപ്രസന്നതയോടെ നിൽക്കാൻ യോഗ്യനാകുന്നതി നുള്ള പെട്ടെന്നുള്ള ഒരുക്കത്തിനായി (immediate preparation) ആ കാലഘട്ടം വിനിയോഗിച്ചു. ദൈവരാജ്യ പ്രഘോഷണത്തിലായിരിക്കുന്ന മിഷനറിമാർക്കു വേണ്ടി പ്രാർത്ഥനകളും സഹനങ്ങളും പുണ്യപ്രവൃത്തികളും കാഴ്ച വച്ചു.

www.malankaralibrary.com

# മിശിഹാനുകരണ സമൂഹാംഗങ്ങൾക്ക് ഫാ. ജോഷ്വാ എഴുതിയ കത്ത് - 19-12-1959



അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം
ഭൂമിയിൽ സമാധാനം
മനുഷ്യമക്കൾക്കു നല്ല ശരണം

മിശിഹാനുകരണ സമൂഹാംഗങ്ങൾ ഏവർക്കും കർത്താവിൽ സ്വസ്തി!

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരെ, വത്സല സഹോദരെ,

സ്വർഗ്ഗീയ മാലാഖമാരുടെ ഈ മധുര ഗാനത്തിൽ ദിവ്യ രക്ഷിതാവിന്റെ മനുഷ്യാവതാര ലക്ഷ്യം സംക്ഷിപ്തമായിരിക്കുന്നു. ദൈവത്തിനു മഹത്വം കൊടുക്കണം. ഭൂമിയിൽ സമാധാനം സ്ഥാപിക്കണം. മനുഷ്യകുലത്തിന് നല്ല ശരണം പ്രദാനം ചെയ്യണം. ഇതിനു വേണ്ടിയത്രേ ദൈവം അവതീർണ്ണ നായത്.

ദൈവത്തെ മഹത്വപ്പെടുത്തുവാനായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തെ മറന്ന് സ്വന്തം മഹത്വത്തിനായി ജീവിച്ചു. ദൈവത്തെ തന്റെ വ്യാപാരങ്ങളുടെയെല്ലാം കേന്ദ്രമാക്കേണ്ടതിനു പകരം സ്വയത്തെ തൽ സ്ഥാനത്തു പ്രതിഷ്ഠിച്ചു. ഇതു നിമിത്തം ദൈവതിരുനാമമഹത്വത്തിനുണ്ടായ കുറവിനെ പരിഹരിപ്പാൻ, ദിവ്യരക്ഷകൻ സ്വർഗ്ഗീയമായ മഹിമയെ പരിത്യജിച്ച് ഭൂമിയിലേക്ക് ഇറങ്ങിവന്നു. പുൽക്കൂട്ടിലെ ജനനം മുതൽ കുരിശിലെ മരണം വരെയുള്ള അവിടുത്തെ ജീവിതം സ്വർഗ്ഗസ്ഥ പിതാവിന്റെ മഹിമയെ മാത്രം ലാക്കാക്കിയുള്ളതായിരുന്നു. ഗോഗുൽത്തായിലെ ആത്മബലിയോടെ അതു പൂർണ്ണമായി നിറവേറുകയും ചെയ്തു.

ശാസ്ത്രീയ വിജ്ഞാന മേഖലയിൽ പുതിയ പുതിയ കണ്ടുപിടിത്തങ്ങ ളുടെ കണ്ണഞ്ചിക്കുന്ന പ്രകാശത്തിൽ മനുഷ്യൻ പ്രകൃതി നാഥനെ വിസ്മ രിച്ചുപോയി. പ്രകൃതിയിൽ അന്തർലീനമായിരിക്കുന്ന ശക്തികളുടെ നാഥനെ, മറഞ്ഞിരിക്കുന്ന ശക്തികളെ വെളിച്ചത്തു കൊണ്ടുവരുവാൻ മനുഷ്യ ബുദ്ധിയെ പ്രാപ്തമാക്കുന്ന ആമേയ ബുദ്ധിയെ കാൺമാൻ കഴിയാത്തവണ്ണം അവന്റെ കണ്ണുകൾ കുരുടായിപ്പോയി. സ്വയത്തിന്റെ ഉന്മാദലഹരിയിൽ മതിമറന്ന് 'എല്ലാമെന്റെ മിടുക്ക്' എന്ന് അവൻ കരുതി. മഹത്വത്തെ സ്വന്തം അവകാശത്തിൽ മറച്ചിരിക്കുന്ന ദൈവം അതിനെ അവഗണിച്ച മനുഷ്യനെ

www.malankaralibrary.com

കൈവിട്ടതാണെങ്കിൽ അതിൽ അതിശയിക്കാനെന്തുണ്ട്? സ്വന്തമഹത്വത്തിനായുള്ള നെട്ടോട്ടത്തിൽ മനുഷ്യൻ പരിതാപകരമാംവണ്ണം പരാജിതനായി. ചന്ദ്രനിലേക്ക് റോക്കറ്റ് അയക്കുകയും സ്പുട്നിക്കിനെക്കൊണ്ട് ഗോളങ്ങളെ ചുറ്റിക്കുകയും ചെയ്യുന്ന മനുഷ്യൻ പഴയ ശിലായുഗത്തിലെ കാട്ടാളത്വത്തിലേക്ക് പിന്തിരിയുകയാണ്. അവനിലുള്ള മൃഗീയ വാസനകളുടെ ഫലമായി ശാസ്ത്രീയ അപഹരണവും കൊലപാതകവും സർവത്ര നടമാടുന്നു. ഇന്ന് ഏതു കാലത്തെക്കാൾ അധികമായി ദൈവമഹത്വത്തെ ലാക്കാക്കി മനുഷ്യൻ ജീവിക്കേണ്ടിയിരിക്കുന്നു. അല്ലാത്ത പക്ഷം ശാസ്ത്രീയ പുരോഗതി മാനവ വംശത്തിന്റെ നാശത്തിനു കാരണമാകും. ദൈവമഹത്വത്തെ ജീവിത പ്രമാണമാക്കിക്കൊണ്ട് ആയുസ്സ് കഴിച്ചുകൂട്ടിയ ദിവ്യനാഥനെ അനുകരിപ്പാൻ മിശിഹാനുകരണ സമൂഹാംഗങ്ങൾ പ്രത്യേകം കടപ്പെട്ടവരാണല്ലോ. ദൈവമഹത്വത്തിനായി നാം നമ്മെതന്നെ ബലിയാടാക്കിത്തീർത്തിരിക്കുന്നു. സ്വന്ത സ്തുതിയെയോ സ്വയതൃപ്തിയെയോ നേടാതെ സകല കാര്യങ്ങളിലും ദൈവസ്തുതി മാത്രം നാം തേടണം. വേല, പഠനം, പ്രാർത്ഥന, തപസ്സ് എന്നിവ ഈ നിയോഗത്തോടെ നമുക്ക് നിർവഹിക്കാം. “ദൈവത്തിന്റെ ഉപരി മഹത്വത്തിനായി” എന്നതായിരിക്കട്ടെ നമ്മുടെ മുദ്രാവാക്യം!

സൃഷ്ടി സ്രഷ്ടാവിനും, ജഡം ആത്മാവിനും കീഴ്പ്പെട്ടിരിക്കുന്നു. ദൈവ സ്ഥാപിതമായ ക്രമം എവിടെ ഭഞ്ജിക്കപ്പെടുന്നുവോ അവിടെ തീർച്ചയായും അസമധാനം വിളയാടും. ദൈവത്തോടും തമ്മിൽ തമ്മിലുമുള്ള ബന്ധത്തിൽ ദൈവ പ്രമാണങ്ങളെ ലംഘിച്ചതിനാൽ ലോകം അസമാധാനത്തിന്റെയും മാത്സര്യത്തിന്റെയും കേളീരംഗമായി ഭവിച്ചു. ജഡികവികാരങ്ങൾ ബുദ്ധിയെയും വിവേചന ശക്തിയേയും കടന്നാക്രമിച്ചതിനാൽ മനുഷ്യാത്മാവു തന്നെ സമാധാനരഹിതമായി തീർന്നു. ഈ ക്രമക്കേടുകളെ പരിഹരിച്ച് ലോകത്തിൽ സമാധാനവും ശാന്തിയും കൈവരുത്തുവാൻ “സമാധാനത്തിന്റെ പ്രഭു” അവതീർണനായി സ്നേഹത്തിന്റെ ദീപ്തിയെ വഹിച്ചുകൊണ്ട് ലോകത്തിൽ ചുറ്റി സഞ്ചരിച്ചു. ദൈവ സ്നേഹത്തിലേക്കും സഹോദര സ്നേഹത്തിലേയ്ക്കും ശാന്തിയിലേക്കും അവിടുന്ന് മനുഷ്യകുലത്തെ ആനയിച്ചു. ലോകം ഇന്നു സമാധാനത്തിനായി പരക്കം പായുന്നു. സൈനിക ശക്തിയെ വിപുലപ്പെടുത്തി കാണിച്ചും ആറ്റംബോംബുകൾ പൊട്ടിച്ചും എതിർ ശക്തികളെ ഭയവിഹ്വലരാക്കി സമാധാനം സ്ഥാപിക്കാമെന്നാണ് അവരുടെ വ്യാമോഹം. എന്തൊരു മൗഢ്യം. സാക്ഷാൽ സമാധാനത്തിന്റെ ഉറവിടമായ ദൈവത്തിങ്കലേക്കു തിരിയാതെ സമാധാനം സ്ഥാപിതമാവുകയില്ല. തീർച്ച. ദൈവത്തെ തങ്ങളുടെ സ്നേഹപിതാവും, മനുഷ്യരെ ഏവരെയും സഹോദരരുമായി അംഗീകരിക്കുകയും, ദൈവത്തോടും തമ്മിൽ തമ്മിലുമുള്ള ബന്ധത്തിൽ ദൈവിക പ്രമാണങ്ങൾ പാലിക്കുകയും ചെയ്യാത്തിടത്തോളം

www.malankaralibrary.com

കാലം സമാധാനം ഉണ്ടാവുകയില്ല എന്നുള്ള പരമാർത്ഥം കൂടുതൽ കൂടുതൽ തെളിഞ്ഞുവരികയാണ്. സമാധാനത്തിന്റെ പ്രഭുവായ ദിവ്യരക്ഷകനെ അനുകരിക്കാൻ പ്രതിജ്ഞാബദ്ധരായ മിശിഹാനുകരണ സമൂഹാംഗങ്ങൾ ദിഗന്തങ്ങൾ വരെ സമാധാന ദൗത്യം പ്രചരിപ്പിക്കേണ്ടവരല്ലേ? പ്രമാണങ്ങൾ മനഃപൂർവ്വം പാലിച്ചുകൊണ്ടും സ്വാർത്ഥതയെ പരിത്യജിച്ചുകൊണ്ടും ദൈവത്തോടും തമ്മിൽതമ്മിലും നിരപ്പാകണം. ഇന്ദ്രിയ നിഗ്രഹം വഴി വികാരങ്ങളെ ബുദ്ധിയ്ക്കു കീഴ്പ്പെടുത്തിക്കൊണ്ട് ആത്മാവിൽ നിന്ന് അന്ധതയെ ദൂരീകരിക്കണം. ഇങ്ങനെ മാതൃകാപരമായ ജീവിതം വഴി സമാധാന പ്രഭുവിനെ ലോകത്തിലേയ്ക്ക് നമുക്ക് ആനയിക്കാം.

ജീവിക്കാൻ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സൃഷ്ടികളിൽ തന്റെ ആശ്രയം വയ്ക്കുകയും ദൈവത്തിൽ നിന്ന് അകലുകയും ചെയ്തു. സ്വശക്തികൊണ്ടു മാത്രം ഉന്നതി പ്രാപിക്കാമെന്ന് ആശിച്ച അവന്റെ ശ്രമം പരാജയപ്പെടുകയും അവൻ നിരാശയിലായിപ്പോകുകയും ചെയ്തു. അശരണനായി നിരാശയിലാണ്ടു പോയ മനുഷ്യനെ വീണ്ടും ദൈവശരണത്തിലേക്ക് ആനയിക്കാൻ ദിവ്യരക്ഷകൻ അവതരിച്ചു. ബേത്‌ലഹേം പുൽത്തൊഴിത്തിലെ ആവിടുത്തെ ആശ്രയ ജീവിതം എത്ര അഭികാമ്യം. പരിശുദ്ധ മാതാവിന്റെ തൃക്കരങ്ങളിൽ തന്നെ സമർപ്പിച്ചുകൊണ്ട് സുഖനിദ്ര ചെയ്യുന്ന ദിവ്യശിശു ശരണത്തിന്റെ എത്ര ഉൽകൃഷ്ട മാതൃക! "പിതാവേ, എന്റെ ആത്മാവിനെ നിന്റെ തൃക്കൈകളിൽ ഞാൻ ഏൽപ്പിക്കുന്നു." എന്ന് അരുളിചെയ്തു കൊണ്ട് ജീവൻ വെടിയുന്നതുവരെ, മക്കൾക്കടുത്ത ശരണത്തോടെ, നിത്യപിതാവിന്റെ തൃക്കരങ്ങളിൽ തന്നെ അർപ്പിച്ചു കൊണ്ട് അവിടുന്നു ജീവിച്ചു. വയലിലെ ലില്ലി പുഷ്പ ങ്ങളെയും, ആകാശത്തിലെ പറവകളെയും പോലെ വ്യഗ്രത കൂടാതെ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് ജീവിപ്പാൻ അവിടുന്ന് പഠിപ്പിച്ചു. ഇടയനില്ലാത്ത ആടുകളെപ്പോലെ അലഞ്ഞു കഷ്ടപ്പെട്ടിരുന്ന ജനതതി ദൈവത്തെ തങ്ങളുടെ സ്നേഹതാതനായി അംഗീകരിക്കുകയും, അതിൽ പരിപൂർണ്ണ ശരണം വയ്ക്കുകയും ചെയ്തു.

ജീവിതക്ലേശങ്ങൾ, ഭാവിയെക്കുറിച്ചുള്ള ആശങ്ക എന്നിവ നമ്മെയും ദൈവശരണത്തിൽ നിന്ന് അകറ്റിയെന്നു വരാം. എന്നാൽ സമൂഹമെന്ന നിലയിലും വ്യക്തികളെന്ന നിലയ്ക്കും എത്ര സ്നേഹ വാത്സല്യത്തോടെയാണ് ദിവ്യനാഥൻ ഇന്നയോളം നമ്മെ നടത്തിക്കൊണ്ടിരിക്കുന്നത് എന്നു നാം ഓർക്കണം. ഇതേവരെ നമ്മെ നടത്തിയ തൃക്കരങ്ങൾ ഇനിയും ശക്തിഹീനമായിട്ടില്ല എന്നു നാം വിശ്വസിച്ചുകൊണ്ട് ദൈവത്തിൽ നമുക്ക് പൂർണ്ണമായി ശരണപ്പെടാം. സ്വന്തം ശക്തിയിൽ ആശ്രയിക്കുന്നവർ തീർച്ചയായും ലജ്ജിക്കും എന്നതിന് എത്രയെത്ര ദൃഷ്ടാന്തങ്ങളാണ് ലോകചരിത്രത്തിൽ നാം ദർശിക്കുന്നത്. സ്വന്തം ബലഹീനതയോർത്ത് നിരാശപ്പെടുന്നത്

www.malankaralibrary.com

ബുദ്ധിശൂന്യമാണ്. നമ്മുടെ ബലഹീനത എത്ര കൂടുതലായി നമുക്ക് ബോദ്ധ്യ മാകുന്നുവോ അത്രയധികമായി ദൈവത്തിൽ ശരണപ്പെടുകയാണത്രേ വേണ്ടത്. "എന്നെ ശക്തിപ്പെടുത്തുന്നവൻ മുഖാന്തിരം ഞാൻ സകലത്തിലും ശക്തനാകുന്നു" എന്ന് അപ്പോൾ നമുക്ക് പറയുവാൻ സാധിക്കും. മനുഷ്യ മക്കൾക്ക് ശരണം നല്കാനായി അവതരിക്കുകയും, നമുക്ക് അഭയം നല്കാൻ തിരുഹൃദയം തുറന്നു തരികയും ചെയ്ത രക്ഷാനാഥനിൽ നമുക്ക് അഭയ പ്പെടാം. നിങ്ങൾ ശിശുക്കളെപ്പോലെ ആയിത്തീരുന്നില്ലെങ്കിൽ നിങ്ങൾക്ക് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിപ്പാൻ കഴിയുകയില്ല എന്ന് ദിവ്യ ഗുരു ഉപദേശി ക്കുന്നു. ശരണത്തിന്റെ ഉത്തമ മാതൃകയായ ദിവ്യശിശുവിനെപോലെ ആയി ത്തീരുവാൻ നമുക്ക് സർവാത്മനാ ശ്രമിക്കാം ബേത്‌ലഹേമിലെ പുൽക്കൂട്ടിലെ ഉണ്ണി ഈശോ നിങ്ങളെ ഏവരെയും സമൃദ്ധമായി ആനുഗ്രഹിക്കട്ടെ. ക്രിസ്തു മസിന്റെയും നവവത്സരത്തിന്റെയും മംഗളങ്ങൾ നിങ്ങൾ എല്ലാവർക്കും ഹൃദയപൂർവ്വം ആശംസിച്ചുകൊള്ളുന്നു.

എനിക്കു വേണ്ടിയും പ്രാർത്ഥിക്കണമേ!

Yours devotedly in the Infant Jesus
Fr. Joshua OIC
Superior General

ദൈവമഹത്വത്തെപ്പറ്റിയുള്ള അഭിവാഞ്ചയും യേശുവിന്റെ തിരുരക്ത ത്താൽ വിലയ്ക്കു വാങ്ങപ്പെട്ട ആത്മാക്കളുടെ രക്ഷയെപ്പറ്റിയുള്ള ശുഷ്കാന്തിയും നിന്റെ ഹൃദയത്തിൽ കത്തിജ്വലിക്കുന്നുണ്ടോ?... മറ്റെല്ലാവരുടെയും പാപത്തേക്കാൾ നിന്റെ ആദ്ധ്യാത്മിക മന്ദതയും, വരപ്രസാദത്തോടുള്ള അവിശ്വസ്തതയും അവിടുത്തെ വേദനപ്പെടു ത്തുന്നു. നീ മാനസാന്തരപ്പെടണമെന്ന് അവിടുന്ന് അതിയായി വാഞ്ചിക്കുന്നു. ഇനിയും നിന്റെ രക്ഷയെ നീ നീട്ടിക്കൊണ്ടുപോകയോ? നിനക്ക് വരാൻ പോകുന്ന ആപത്തിനെ ഭയപ്പെടുക. കർത്താവേ, നിന്റെ കോപത്തിൽ എന്നെ ശാസിക്കരുതേ. നിന്റെ ഉഗ്ര ക്രോധത്തിൽ എന്നെ ശിക്ഷിക്കയുമരുതേ.

(ഫാ. ജോഷ്വാ, ദിവ്യാതിഥി അഥവാ മിശിഹാനുകരണ ധ്യാനങ്ങൾ, കോട്ടയം, 1981, പേജ് 288, 289)

www.malankaralibrary.com

## മിശിഹാനുകരണ സമൂഹാംഗങ്ങൾക്ക് ഫാ: ജോഷ്വാ എഴുതിയ കത്ത് – 21–12–1964

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരെ, വത്സലസഹോദരരെ,

നമ്മുടെ കർത്താവിന്റെ സന്തോഷപ്രദമായ പിറവിത്തിരുനാളിന്റെയും നവവത്സരത്തിന്റെയും സർവമംഗളങ്ങളും നിങ്ങൾ ഏവർക്കും ഞാൻ ഹൃദയപൂർവ്വം ആശംസിച്ചുകൊള്ളുന്നു.

മ്ശിഹാനുകരണ സമൂഹാംഗങ്ങളുടെ പ്രഥമവും പ്രധാനവുമായ കടമ തൽസംജ്ഞ സൂചിപ്പിക്കുന്ന പ്രകാരം കർത്താവേശുതമ്പുരാനെ പൂർണ്ണമായി അനുകരിക്കുക എന്നതാണല്ലോ. അതിൽ നാം പരാജയപ്പെടുന്ന പക്ഷം, മറ്റെന്തെല്ലാം വൻകാര്യങ്ങൾ സാധിച്ചാലും, ജീവിത ലക്ഷ്യത്തിൽ നിന്നു നാം തുലോം അകന്നിരിക്കുകയേ ഉള്ളൂ. കൂടുതൽ കൂടുതൽ സുഖസൗകര്യങ്ങൾക്കായി ലോകം പരക്കം പായുന്ന ഈ കാലത്ത് നമ്മോടുള്ള സ്നേഹത്തെ പ്രതി, ബേത്‌ലഹേം പുൽക്കൂട്ടിൽ അവതീർണ്ണനായ ഈശോയെ അടുത്ത് അനുകരിക്കേണ്ടതെങ്ങനെയെന്ന് നാം ബോധപൂർവ്വം ചിന്തിക്കേണ്ടതാണ്.

ദൈവൈക്യം, വി: ദാരിദ്ര്യത്തോടുള്ള പ്രതിപത്തി, മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹം എന്നിവ ബേത്‌ലഹേം പുൽക്കൂട് നമുക്കു നല്കുന്ന പ്രധാന പാഠങ്ങളത്രേ. ഈശോയെ അനുകരിപ്പാൻ പ്രതിജ്ഞാബദ്ധരായിരിക്കുന്നവർ ഈ പാഠങ്ങൾ ജീവിതത്തിൽ അന്വർത്ഥമാക്കിയേ മതിയാകൂ.

**ദൈവവൈക്യം:**

സ്വർഗ്ഗസ്ഥപിതാവിനോടുള്ള ഐക്യത്തിനു ഭംഗം വരുത്താതെ തന്നെ, മനുഷ്യവർഗ്ഗത്തോട് ഏകീഭവിക്കുവാൻ വേണ്ടി, നമ്മുടെ സ്വഭാവം സ്വീകരിച്ച ഈശോയോട് ഐക്യപ്പെട്ടു ജീവിക്കുവാൻ നാം സർവ്വാത്മനാ പരിശ്രമിക്കേണ്ടതല്ലേ; ഒരുവന്റെ വിശുദ്ധിയുടെ അളവുകോൽ അവന്റെ ദൈവൈക്യത്തിന്റെ പരിമാണമത്രേ. ദൈവത്തോട് അവൻ എത്രത്തോളം അടുത്തിരിക്കുന്നുവോ അത്രത്തോളം അവൻ വിശുദ്ധനുമാണ്. അഗ്നിയോട് അടുത്തിരിക്കുന്ന വസ്തുവിൽ അഗ്നിയുടെ ചൂടും പ്രകാശവും പ്രതിബിംബിക്കുന്നതുപോലെ, സാക്ഷാൽ വിശുദ്ധിയാകുന്ന ദൈവത്തോടു അടുത്തിരിക്കുന്നവനിലും അവിടുത്തെ വിശുദ്ധി പ്രതിബിംബിക്കും. ആകയാൽ നമുക്ക് ഒരു നിശ്ചയം ചെയ്യാം. ദൈവൈക്യത്തിൽ നിന്ന് എന്നെ അകറ്റുന്ന സകലത്തെയും ദൂരീ കരിച്ചുകൊണ്ട് ഞാൻ ജീവിക്കും. പ്രാർത്ഥന, ധ്യാനം, സന്നിധിബോധാഭ്യസനം, നിയോഗശുദ്ധി, ദൈവതിരുമനസ്സിനുള്ള കീഴ്‌വഴക്കം ആദിയായവ വഴി ദൈവത്തോടു അധികമധികം ഐക്യത്തോടു ജീവിക്കാൻ ഞാൻ ശ്രമിക്കും. ദൈവൈക്യത്തിനായുള്ള തീക്ഷ്ണമായ ഈ പ്രതിജ്ഞയായിരിക്കട്ടെ ഉണ്ണി ഈശോയ്ക്കു സമർപ്പിക്കുവാനുള്ള നമ്മുടെ ഒന്നാമത്തെ ഉപഹാരം.

www.malankaralibrary.com

**വി. ദാരിദ്ര്യത്തോടുള്ള പ്രതിപത്തി**

സ്വർഗ്ഗത്തിലെ സർവവിധ സൗഭാഗ്യങ്ങളും പരിത്യജിച്ച് പുൽക്കൂട്ടിലെ ദാരിദ്ര്യത്തെ പുണർന്നവനായ ഈശോയാണ് നമ്മുടെ ജീവിത മാതൃക. നിർബന്ധത്താലോ, നിവൃത്തിയില്ലായ്മയാലോ അല്ല, പിന്നെയോ സ്നേഹ ത്തെ പ്രതിമാത്രമാണ് അവിടുന്നു ദാരിദ്ര്യത്തെ കൈവരിച്ചത്. സന്ന്യാസിയും ദൈവസ്നേഹത്തെ പ്രതിമാത്രമാണ് ദാരിദ്ര്യവ്രതം എടുക്കുന്നത്. വ്രതം ചെയ്യുന്നതോടുകൂടെ, അതിൽ അനിവാര്യമായിട്ടുള്ള ത്യാഗങ്ങൾ സഹിപ്പാനും അയാൾ തന്നെത്തന്നെ കടപ്പെടുത്തുന്നു. ആകയാൽ ജീവിത സൗകര്യങ്ങൾ സുലഭമായി ലഭിക്കുന്നതിലല്ല, പ്രത്യുത, ദൈവത്തെ പ്രതി ബുദ്ധിമുട്ടുകൾ സഹിപ്പാനിടയാകുന്നതിലത്രേ സന്ന്യാസി ആനന്ദം കണ്ടെത്തേണ്ടത്. വി. ദാരിദ്ര്യത്തോടുള്ള നമ്മുടെ മനോഭാവം എങ്ങനെയുള്ളതെന്ന് പരിശോധിച്ചു ക്രമപ്പെടുത്തേണ്ടിയിരിക്കുന്നു.

കീഴുള്ളവരുടെ ആവശ്യങ്ങൾ സ്നേഹപൂർവ്വം സാധിച്ചുകൊടുപ്പാൻ സുപ്പീരിയേഴ്സിന് കടമയുണ്ട്. എന്നാൽ ഏതൊരു സന്ന്യാസിയും കൂടുതൽ കൂടുതൽ ജീവിത സൗകര്യങ്ങൾ ലഭിക്കണമെന്നുള്ള ആകാംക്ഷയെയും, ഉദ്ദേശിക്കുന്നതു പോലെ ലഭിക്കാതെ വരുമ്പോഴുള്ള പിറുപിറുപ്പിനെയും വർജ്ജിച്ചേ മതിയാവൂ. ഈശോ മിശിഹാ കാണിച്ചു തന്നിട്ടുള്ള ജീവിത മാതൃകയും, സന്ന്യാസ പ്രതിജ്ഞയും ഇതിനു നമ്മെ പ്രേരിപ്പിക്കുന്നു. ഉണ്ണി ഈശോയ്ക്ക് കാഴ്ചവയ്ക്കുവാനുള്ള നമ്മുടെ രണ്ടാമത്തെ ഉപഹാരം വി. ദാരിദ്ര്യത്തോടുള്ള ഈ പ്രതിപത്തിയായിരിക്കട്ടെ.

**മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹം**

മനുഷ്യാവതാരത്തിന് ഈശോയെ പ്രേരിപ്പിച്ച അതേ സ്നേഹമാണ് എല്ലാകാര്യങ്ങളിലും നമുക്കും പ്രചോദനം നല്കേണ്ടത്. സ്നേഹം വാക്കിലല്ല, പിന്നയോ, പ്രവൃത്തിയിലാണ് സർവോപരി വെളിപ്പെടുത്തേണ്ടത്. ജനപദങ്ങൾ തമ്മിൽ അന്യോന്യം അവിശ്വാസത്തിലും വിദ്വേഷത്തിലും കഴിഞ്ഞു കൂടുന്ന ഈ കാലയളവിൽ, പരസ്നേഹത്തോടുള്ള നമ്മുടെ മനോഭാവം എങ്ങനെ യെന്നു ആത്മശോധന ചെയ്തു നോക്കേണ്ടതാണ്. സ്വന്തം സൗകര്യങ്ങളെ പരിത്യജിച്ച്, മറ്റുള്ളവർക്കു സൗകര്യമുണ്ടാക്കി കൊടുപ്പാൻ നാം എത്ര ത്തോളം ശ്രദ്ധാലുക്കളാണ്? മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും വഹിപ്പാൻ നാം എത്രത്തോളം സന്നദ്ധരാണ്? രഹസ്യവും പരസ്യവുമായ വിമർശനങ്ങൾ നമ്മുടെ സമൂഹ ജീവിതത്തെ എത്രത്തോളം ബലപ്പെടുത്തുന്നുണ്ട്? എന്നിങ്ങനെയുള്ള ആത്മശോധന ജീവിതനവീകരണത്തിന് തീർച്ചയായും നമ്മെ പ്രേരിപ്പിക്കും.

സ്വാർത്ഥത്തെ പരിത്യജിച്ച് ഔദാര്യപൂർവ്വം മുള്ളവർക്കു സേവനം ചെയ്തു കൊള്ളാമെന്നും, ദൈവത്തിന്റെ സ്നേഹത്തെ പ്രതി പരസ്നേഹത്തി

www.malankaralibrary.com

നെതിരായ എല്ലാ നടപടികളെയും സസൂക്ഷ്മം വർജ്ജിച്ചുകൊള്ളാമെന്നുള്ള ദൃഢമായ പ്രതിജ്ഞയായിരിക്കട്ടെ ഉണ്ണി ഈശോയ്ക്കു സമർപ്പിക്കാനുള്ള നമ്മുടെ മൂന്നാമത്തെ ഉപഹാരം.

ഈ ഉപഹാരങ്ങൾ നാം മനഃപൂർവം അർപ്പിക്കുന്ന പക്ഷം ഉണ്ണി ഈശോ അവയെ സന്തോഷപൂർവം സ്വീകരിക്കുകയും നമ്മെയും നമ്മുടെ സമൂഹത്തെയും സമൃദ്ധമായി ആശീർവദിക്കുകയും ചെയ്യും.

പ്രാർത്ഥനയോടെ ഐക്യത്തിൽ

Yours devotedly in the Infant Jesus

ഫാ: ജോഷ്വാ.

മനുഷ്യാവതാരത്തിന്റെ പ്രഥമ നിമിഷത്തിൽ യേശു ഏകാന്തതയിലേക്ക് പ്രവേശിക്കുന്നു. വി. മാതാവ് യേശുവിന് ഒളിച്ചു പാർക്കുന്നതിനുള്ള മരുഭൂമിയാണ്. പരിശുദ്ധ മാലാഖ ദൈവമാതൃത്വത്തെപ്പറ്റി അറിയിച്ചപ്പോൾ മാതാവ് ഏകാന്ത ധ്യാനത്തിലായിരുന്നു. ദൈവപുത്രൻ നിന്നിൽ ഉരുവാകണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ നീയും ഏകാന്തതയെ സ്നേഹിക്കണം. തന്റെ ദൈവിക ശക്തി വെളിപ്പെടുത്തുന്നതിനുവേണ്ടി ഒരു നിമിഷമെങ്കിലും മുമ്പുകൂട്ടി ഈ കാരാഗൃഹത്തിൽ നിന്നു പുറത്തു വരുന്നതിന് യേശു ആഗ്രഹിച്ചില്ല. നിനക്കും നിന്നെ മറന്ന് അത്ഭുതം പ്രവർത്തിക്കുന്നതിനേക്കാൾ നല്ലത് ഏകാന്തതയിൽ ഒളിച്ചു പാർക്കുന്നതാണ്. സന്ന്യാസത്തിന്റെ മാഹാത്മ്യം വളരെ ചുരുക്കമായി മാത്രം പുറമേ കാണപ്പെടുന്നതിലാണ് അടങ്ങിയിരിക്കുന്നത്. നിന്റെ ഹൃദയ കവാടം അടയ്ക്കുകയും നിന്റെ പ്രിയനെ അവിടേക്ക് ക്ഷണിച്ചു വരുത്തി അവിടുത്തോട് സ്വൈര്യസല്ലാപം നടത്തുകയും ചെയ്ക. അത്രത്തോളം മനസ്സമാധാനം മറ്റൊരിടത്തും കാണപ്പെടുകയില്ല... യേശു ഏകാന്തതയിൽ നമ്മുടെ രക്ഷയെപ്പറ്റി സ്വർഗ്ഗസ്ഥ പിതാവിനോട് ചർച്ച ചെയ്യുകയാണ്; പ്രവൃത്തിരഹിതനല്ല. അവിടുത്തെ അനുകരിച്ച് നിന്റെ ഏകാന്തതയെയും പ്രാർത്ഥനയും സ്വയവിചിന്തനവും വഴി പ്രയോജനപ്രദമാക്കാൻ ശ്രമിക്കുക.

(ഫാ. ജോഷ്വാ, പേജ് 298)

www.malankaralibrary.com

# J.M.J

പ്രിയ കെ. മറിയാമ്മയ്ക്ക്,

Bethany Ashram, Trivandrum - 15
Kerala, INDIA - 30.11.'70

പ്രിയ മകളെ,

(1) നിന്റെയും ലീലാമ്മയുടെയും കത്തുകൾ കിട്ടി. ഇപ്പോഴെങ്കിലും വിവരങ്ങൾ അറിയിച്ചതിൽ സന്തോഷമുണ്ട്. നിങ്ങളുടെ വിവാഹദിവസം, നിങ്ങളുടെ (തട്ടയിലെ) വീട്ടിൽ ഞാൻ വന്നത് ഓർക്കുന്നുണ്ടായിരിക്കുമല്ലോ. പിന്നീടൊരിക്കൽ നിങ്ങളെ ഒന്നു കാണുന്നതിനായി ഞാൻ ആ വീട്ടിൽ ചെന്നു കയറി. അപ്പോഴാണ്, നിങ്ങൾ വീടും പറമ്പുമെല്ലാം വിറ്റുപെറുക്കി സ്ഥലം വിട്ടിരിക്കുന്നുവെന്ന് ഞാനറിയുന്നത്. എവിടെയാണ് പോയിരിക്കുന്നതെന്ന് അവിടെ താമസിച്ചിരിക്കുന്നവർക്ക് അറിഞ്ഞുകൂടായിരുന്നു. ഏതാനും വർഷങ്ങൾക്കുശേഷം യാദൃശ്ചിയാ കേൾക്കുവാൻ ഇടയായി, നിങ്ങൾ എവിടെയോ ബോർമ നടത്തി സുഖമായി ജീവിക്കുന്നുവെന്ന്. അപ്പോൾ എനിക്കു വലിയ സന്തോഷം തോന്നി. നിങ്ങളുടെ കത്തുകൾ കിട്ടുന്നതുവരെ നിങ്ങളെക്കുറിച്ച് ഇതിൽ കൂടുതൽ വിവരങ്ങളൊന്നും അറിഞ്ഞുകൂടായിരുന്നു. ആശ്രമത്തിലെ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന എനിക്ക് സ്വന്തക്കാരുടെ വിവരങ്ങൾ അന്വേഷിച്ചിറങ്ങാൻ സമയവും സൗകര്യവും ഉണ്ടായിരുന്നില്ലതാനും. നിങ്ങളുടെ കത്തുകളിൽ നിന്ന്, നിങ്ങളുടെ മേൽവിലാസവും കുഞ്ഞുങ്ങളുടെ വിവരവും ഗ്രഹിക്കാൻ ഇടയായതിൽ സന്തോഷിക്കുന്നു. കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനങ്ങളാണ്. അവരെ നന്നായി വളർത്തുകയും അവർ ദൈവഭയത്തിൽ ജീവിക്കയും ചെയ്താൽ ഭാവിയിൽ മാതാപിതാക്കന്മാർ ദുഃഖിക്കേണ്ടി വരികയില്ല. മാതാപിതാക്കളും മക്കളും പരസ്പരം സ്നേഹത്തിലും ഐക്യതയിലും പരിശ്രമിച്ചാൽ സമൃദ്ധിയായ ദൈവാനുഗ്രഹം ഉണ്ടാകും. ദാരിദ്ര്യവും ബുദ്ധിമുട്ടുമൊന്നും അതിനു പ്രതിബന്ധമാകയില്ല.

(2) മറിയാമ്മയുടെ കത്ത് കണ്ടാൽ തോന്നും. ഞാൻ മനസ്സാകുന്ന പക്ഷം പണം തന്നു നിങ്ങളെ സഹായിപ്പാൻ കഴിയുമെന്ന്. ആ ധാരണ ശരിയല്ല. എനിക്ക് സ്വന്തമായി ഒരു ചില്ലിക്കാശുപോലുമില്ല. അതുകൊണ്ട് കാശുതന്ന് സഹായിപ്പാനും സാധ്യമല്ല. പിന്നീട് ശേഷിക്കുന്നത് സഭാസംബന്ധമായി വല്ലതും ചെയ്യാൻ സാധിക്കുമോ എന്നാണ്. അതേപ്പറ്റി ഞാൻ ആലോചിച്ചുകൊണ്ടിരിക്കയാണ്. അതിന് നിങ്ങളുടെ യഥാർത്ഥ വിവരങ്ങൾ അറിയേണ്ടിയിരിക്കുന്നു. അതിനാൽ താഴെപ്പറയുന്ന വിവരങ്ങൾ കഴിയുന്നത്ര വേഗം അയച്ചുതരിക. 1. നിങ്ങൾ ക്രമമായി പള്ളിയിൽ പോകുന്നുണ്ടോ? ഏതു പള്ളിയിൽ? കുഞ്ഞുങ്ങളെയെല്ലാം മാമ്മോദീസാ മുക്കിയോ? എവിടെവച്ച്? 2. മാതാപിതാക്കളും മക്കളും യോജിച്ച് രാവിലെയും വൈകിട്ടു മെങ്കിലും കുടുംബപ്രാർത്ഥന നടത്തുന്നുണ്ടോ? (അത് അത്യാവശ്യമാണ്). (3) കുഞ്ഞുങ്ങൾ ക്രമമായി

www.malankaralibrary.com

സൺഡേസ്കൂളിൽ പോയി പഠിക്കുന്നുണ്ടോ? പഠിക്കുന്നുണ്ടെങ്കിൽ ആരെല്ലാം? എവിടെ പോയി പഠിക്കുന്നു? (4) ലീലാമ്മ ഒമ്പതാംക്ലാസിൽ പരീക്ഷയ്ക്ക് ചേർന്നിരിക്കുന്നു. ഫലം അറിഞ്ഞിട്ടില്ല – എന്ന് പറഞ്ഞതിന്റെ അർത്ഥം എന്താണ്? ഒമ്പതാംക്ലാസിലെ പരീക്ഷാഫലം വലിയ അവധി കഴിയുന്ന ഉടനെ അറിയുമല്ലോ? പത്താം സ്റ്റാൻഡേർഡിൽ പരീക്ഷയ്ക്ക് ചേർന്നിരിക്കുന്നു എന്നാണോ ഉദ്ദേശിക്കുന്നത്? എങ്കിൽ ഇന്നത്തെ പത്രത്തിൽ പരീക്ഷാഫലം ഉണ്ടല്ലോ? ലീലാമ്മ ജയിച്ചോ? (5) മൂത്ത പെങ്ങളും ഇളയ പെങ്ങളും സ്കൂളിൽ പോകുന്ന സ്ഥിതിക്ക് ജോയിയുടെ മാത്രം പഠിത്തം നിറുത്താൻ കാരണമെന്താണ്? മാതാപിതാക്കന്മാർ പറഞ്ഞിട്ടാണോ അതോ അവൻ സ്വമനസ്സാലെയാണോ പഠിത്തം നിർത്തിയിരിക്കുന്നത്? ഈ വിവരങ്ങൾക്ക് പുറമെ ഇതോടൊന്നൊച്ചയ യ്ക്കുന്ന ഫാറം കൂടെ പൂരിപ്പിച്ച് അയച്ചുതന്നാൽ നിങ്ങളെക്കുറിച്ച് എനിക്ക് ഏതാണ്ടൊരു രൂപം കിട്ടും. ലീലാമ്മയ്ക്ക് പൂരിപ്പിക്കാൻ കഴിയുമല്ലോ?

(3) മറിയാമ്മയ്ക്ക് 'ആരുമില്ല' എന്നു പറഞ്ഞാൽ ഞാനെങ്ങനെ സ്വീകരിക്കും? ഏഴ് അമ്മാച്ചന്മാരുടെ ഏക അനന്തിരത്തിയല്ലേ നീ? അവരാരും എന്നെപ്പോലെ കാശില്ലാത്ത സന്ന്യാസിമാരുമല്ലല്ലോ? പക്ഷേ ബന്ധമൊക്കെ അങ്ങോട്ടുള്ളതുപോലേ ഇങ്ങോട്ടുമുണ്ടാകൂ. അവരവരുടെ ബുദ്ധിമുട്ടുകൾ അവരവർ തന്നെ വഹിച്ചേ മതിയാകൂ താനും.

[കത്തിന്റെ ബാക്കി പേജുകൾ നഷ്ടപ്പെട്ടിരിക്കുന്നു]

സകല മനുഷ്യരും രക്ഷപെടണമെന്നാണ് ദൈവതിരുവിഷ്ടം. അതു സാധിക്കുന്നതിന് അവിടുത്തേക്ക് സഹായികളെ ആവശ്യമുണ്ട്. ഈ ചുമതല പ്രധാനമായി അപ്പസ്തോലന്മാരെയും, പിൻഗാമികളായി മെത്രാന്മാരെയും പുരോഹിതരെയുമാണ് അവിടുന്ന് ഭരമേല്പിക്കുന്നത്. എന്നാൽ ചുമതല അവർക്കു മാത്രമുള്ളതല്ല. സഹോദരന്മാരുടെ രക്ഷയെപ്പറ്റി താൽപര്യമില്ലാത്ത ഒരു ക്രിസ്ത്യാനിക്ക് പിതാവായ ദൈവത്തിന്റെ പുത്രനും ഈശോയുടെ സഹോദരനും ആയിരിപ്പാൻ അവകാശമില്ല. "ഞാനൊരു ക്രിസ്ത്യാനിയാണ്. ക്രിസ്തുമതത്തെ സംബന്ധിച്ച യാതൊന്നിലും ഞാൻ അനാസ്ഥനായിരിക്കുകയില്ല" എന്നാണ് ഓരോ ക്രിസ്ത്യാനിയും പറയേണ്ടത്. "ക്രിസ്ത്യാനികളായ നിങ്ങളുടെ കൈവശം സത്യമുണ്ട്. എന്നാൽ ശുഷ്കാന്തി ദൈവമില്ലാത്ത വരുടെ പക്കലാണ് ഉള്ളത്" എന്നുള്ള പരിഹാസത്തിന് നാം അർഹ രാകാതിരിക്കട്ടെ.

(ഫാ. ജോഷാ, പേജ് 335-336)

www.malankaralibrary.com

# ഫാ: ജോഷ്വാ ആശ്രമാദ്ധ്യക്ഷന് എഴുതിയ അവസാനത്തെ എഴുത്ത് – 1983

ബഥനി ആശ്രമം
നാലാഞ്ചിറ, തിരുവനന്തപുരം–15
6–2–1983

[അധികാരികളുടെ തീരുമാനത്തിന് വിധേയപ്പെട്ടുകൊണ്ട് അനുസരണ സുകൃതം അഭ്യസിക്കുന്നതിനുള്ള ഒരുക്കം പ്രകടമാക്കുന്നതാണ് ഈ കത്ത്.]

Very Rev. and dear ജനറാൾ അച്ചാ,

കുറച്ചു ദിവസമായി ഞാൻ താമസിക്കുന്നത് മേക്കോണം ആശ്രമത്തിലാണെന്ന് ബഹു. അച്ചന് അറിയാമല്ലോ. പ്രകൃതി ചികിത്സ ഒന്നുകൂടെ നടത്തുന്നത് പരിശോധിക്കുന്നതിനായി ബ. ഫിലിപ്പ് അച്ചന്റെ ക്ഷണ പ്രകാരമാണു ഞാൻ ഇതിനു പ്രേരിതനായത്. പെ.ബ. വിയാനി അച്ചൻ തന്നെയാണ് എന്നെ ഇവിടെ കൊണ്ടുവന്നാക്കിയതും. ഇതിനകം നാലഞ്ചു ചികിത്സകൾ നടത്തി കുറച്ചു ഗുണമുണ്ടെന്ന് എനിക്കു തോന്നുന്നു. ഡോക്ടറുടെ നിർദ്ദേശാനുസാരം ഏതാനും ദിവസം കൂടെ ഇവിടെ–മേക്കോണത്ത്–താമസിച്ചിട്ട് നാലാഞ്ചിറ ആശ്രമത്തിലേക്ക് മടങ്ങാമെന്നാണ് എന്റെ ഉദ്ദേശ്യം. ബ. അച്ചൻ അതിന് അനുകൂലിക്കുമെന്ന് ഞാൻ കരുതുന്നു. ബ. അച്ചൻ അനുകൂലിക്കാത്ത പക്ഷം എന്നെ അറിയിച്ചാൽ ഞാൻ ഉടനെ നാലാഞ്ചിറ ആശ്രമത്തിലേക്ക് മടങ്ങിക്കൊള്ളാം.

മേക്കോണം ആശ്രമത്തിലേക്ക് ട്രാൻസ്ഫർ ചെയ്താൽ കൊള്ളാമെന്ന് ഞാൻ നേരത്തെ അപേക്ഷിച്ചത് ഇവിടുത്തെ–മേക്കോണത്തെ–കൂടുതലായ സുഖ സൗകര്യങ്ങൾ കണ്ടുകൊണ്ടല്ല; പിന്നയോ ചികിത്സ നടത്തുന്ന ഡോക്ടറുടെ അടുത്ത് താമസിച്ചാൽ മാറി മാറി വന്നുകൊണ്ടിരിക്കുന്ന അസുഖങ്ങളെ അദ്ദേഹത്തിന്റെ നിർദ്ദേശാനുസാരം നേരിടാമല്ലോ എന്നു കരുതി മാത്രമാണ്. ബ. അച്ചൻ എന്റെ അപേക്ഷയെ അനുകൂലിക്കുന്നതായി കണ്ടില്ല. ഇപ്പോഴാകട്ടെ അതിനു ജനറാൾ അച്ചന് വിസമ്മതമൊന്നുമില്ലായെന്ന് ഫിലിപ്പ് നേരി അച്ചൻ പറയുകയുണ്ടായി. എങ്കിലും ഇത് ട്രാൻസ്ഫർ കാലമാകകൊണ്ട്. ബ. അച്ചനിൽ നിന്ന് നേരിട്ട് അറിയിപ്പു കിട്ടുന്നതിനായി ഞാൻ എഴുതുകയാണ്.

കൂടുതലെഴുതാൻ തക്ക സുഖമില്ലാത്തതുകൊണ്ട് നിർത്തുകയാണ്.

Requesting your prayers and blessings,

Obediently yours in our Bl. Lord

Fr. Joshua OIC

www.malankaralibrary.com

# “നിയമം പാലിക്കുക നിയമം നിന്നെ പാലിച്ചുകൊള്ളും.”

**ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് ഒ.ഐ.സി.**



(1983 ഏപ്രിൽ 3-ാം തീയതി ജോഷ്വാച്ചന്റെ ശവസംസ്കാര ശുശ്രൂഷയുടെ സമയത്ത് നടത്തിയ പ്രസംഗം)

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും തിരുനാമത്തിൽ ആമ്മീൻ.

കർത്താവിൽ സ്നേഹിയ്ക്കപ്പെട്ടവരെ! നമ്മുടെ പ്രിയപ്പെട്ട ജോഷ്വാച്ചൻ എത്രയും ഭാഗ്യകരമായ വിധത്തിൽ നിദ്ര പ്രാപിച്ചിരിക്കുകയാണ്. ഈ ദിവസങ്ങളിൽ നമ്മുടെ കർത്താവിന്റെ പെസഹായുടെ രഹസ്യം നാം ആഘോഷിയ്ക്കുകയായിരുന്നു. കർത്താവിന്റെ മരണം, ഉയർപ്പ്. ദീർഘനാളത്തെ പ്രാർത്ഥനയോടുകൂടി ഈ മഹാരഹസ്യം ആഘോഷിയ്ക്കുന്നതിന് ഒരുങ്ങുകയും വളരെ അനുഗ്രഹപ്രദമായി ആഘോഷിക്കുകയും ചെയ്തു.

ഈ ആണ്ടിൽ കർത്താവിന്റെ പെസഹാരഹസ്യം നാം ആഘോഷിക്കുന്നത് പ്രത്യേകമായ സാഹചര്യത്തിലാണ്. കർത്താവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും ജൂബിലി നാം ആഘോഷിക്കുകയാണ്. ഇത് ഒരു വിശുദ്ധവത്സരമാണ്. വലുതായ അനുഗ്രഹത്തിന്റെ ഒരു വർഷമാണ്. വളരെ അനുഗ്രഹീതമായ ഈ കാലയളവിൽ നമ്മുടെ പ്രിയപ്പെട്ട ജോഷ്വാച്ചൻ കർത്താവിന്റെ പെസഹാ രഹസ്യത്തോടു പൂർണ്ണമായി അനുരൂപ്യം പ്രാപിച്ചുകൊണ്ട് കർത്താവിൽ, അച്ചന്റെ ഭാഷയിൽ തന്നെ... കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കുമുമ്പ് അച്ചൻ പറയുകയുണ്ടായി. ഇനിയും ഏതാനും ദിവസത്തിനുള്ളിൽ ഞാൻ കർത്താവിൽ വിലയം പ്രാപിക്കും എന്ന്. ആ വാക്കുകൾ എത്രയോ അർത്ഥവത്തായി യാഥാർത്ഥ്യമായിരിക്കുന്നു.

നമ്മുടെ കർത്താവിന്റെ പെസഹാ രഹസ്യം, കർത്താവിന്റെ മരണം, ഉയർപ്പ് ഇവ വളരെ ഭംഗിയായി, വളരെ വിശദമായി വിശുദ്ധ പൗലോസ് ഫിലിപ്പിയർക്ക് എഴുതിയ ലേഖനം 2-ാം അദ്ധ്യായത്തിൽ വിവരിയ്ക്കുന്നുണ്ട്. യേശു എല്ലാകാര്യത്തിലും പിതാവിനോടു സമനായിരുന്നു, ദൈവമായിരുന്നു, എന്നാൽ അവിടുന്ന് ആ ദൈവത്വം മറച്ചുവച്ചു. ദാസന്റെ വേഷം പൂണ്ടു; മനുഷ്യനായി തീർന്നു, അനുസരണമുള്ളവനായി. ആകയാൽ പിതാവ് അവനെ ഉയർത്തി. ആകാശത്തിലും ഭൂമിയിലും അധോലോകത്തിലുമുള്ള

www.malankaralibrary.com

എല്ലാവരുടെയും മുഴംകാലുകൾ മടക്കത്തക്കവണ്ണം അത്ര ഉന്നതമായ മഹിമ അവനു നൽകി. നമ്മുടെ കർത്താവിന്റെ ജീവിതം അനുസരണത്തിന്റെ ഒരു ജീവിതം ആയിരുന്നു. അവിടുന്നു സ്വമേധയാ ലോകത്തിലേയ്ക്കു വന്നതല്ല, പിതാവ് അവിടുത്തെ ലോകത്തിലേക്കയച്ചു. പിതാവ് ഒരു കല്പന അങ്ങേയ്ക്കു നല്കിയിരുന്നു. ആ കല്പന ശിരസ്സാവഹിച്ചുകൊണ്ട് അവിടുന്നു ലോകത്തിലേയ്ക്കു വന്നു. അവിടുന്നു പറയുകയാണ് "എന്റെയല്ല, എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യുവാനാണ് ഞാൻ വന്നത്." "എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുക എന്നതാണ് എന്റെ ഭക്ഷണം."

എല്ലാ കാര്യങ്ങളിലും എത്രയും ദുഷ്കരമായ കാര്യങ്ങളിൽ പോലും അവിടുന്നു പ്രാർത്ഥിച്ചു: പിതാവേ എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ എന്ന്. ഇങ്ങനെ അനുസരണത്തിന്റെ ഒരു ജീവിതം പരിപൂർണ്ണമായ ത്യാഗത്തിന്റെ ജീവിതം അവിടുന്നു നയിച്ചു. തന്നെ അനുകരിയ്ക്കുവാനാഗ്രഹിക്കുന്നവർക്ക്, തന്റെ പെസഹാ രഹസ്യത്തിൽ പങ്കുകൊള്ളുവാനാഗ്രഹിയ്ക്കുന്നവർക്ക് അവിടുന്നു കാണിച്ചു തന്നിരിയ്ക്കുന്ന മാർഗ്ഗവും ഇതുതന്നെയാണ്.

നമ്മുടെ പ്രിയപ്പെട്ട ജോഷ്വാച്ചൻ കർത്താവിന്റെ ജീവിതം തന്റെ സ്വന്ത ജീവിതത്തിൽ ഒരു യാഥാർത്ഥ്യമാക്കി. "നിയമം പാലിയ്ക്കുക നിയമം നിന്നെ പാലിച്ചുകൊള്ളും" എന്നൊരു വാക്യമുണ്ടല്ലോ. നമുക്കെല്ലാവർക്കും അറിയാം, ജോഷ്വാച്ചൻ എപ്പോഴും ഉപയോഗിച്ചു കൊണ്ടിരുന്ന ഒരു വാക്യ മാണിതെന്ന്. ജോഷ്വാച്ചനെ വളരെ ദീർഘകാലം അറിയുവാൻ എനിയ്ക്ക് ഇടയായിട്ടുണ്ട്. ഞാൻ ഒരു ചെറുബാലനായിരുന്ന അവസരത്തിൽ ജോഷ്വാച്ചനും ഇന്ന് ആശ്രമത്തിലെ പ്രായമായവരായ വൈദികരും കൂടി എന്റെ ഗ്രാമ ത്തിൽ വരികയും, കഷ്ടാനുഭവയാഴ്ച, കർത്താവിന്റെ ജനനതിരുനാൾ ഇതെല്ലാം ആ ഇടവകയിൽതന്നെ കൊണ്ടാടുകയും ചെയ്തിട്ടുണ്ട്. ജോഷ്വാച്ചനും ഞാനും തമ്മിൽ ആദ്യം കണ്ട അവസരം വളരെ കൃത്യമായി ഞാൻ ഒർക്കുന്നുണ്ട്. അദ്ദേഹത്തിന്റെ സൗമ്യമായ പെരുമാറ്റം, ആരാധനയിലുള്ള അദ്ദേഹത്തിന്റെ മാതൃകയോഗ്യമായ പെരുമാറ്റം, ഭക്തി ഇവയെല്ലാം ബാലന്മാരായ ഞങ്ങളെയും ഞങ്ങളുടെ ഇടവകയിലുള്ള ബാലികമാരായ ആളുകളെയും വളരെയധികം സ്പർശിയ്ക്കുകയുണ്ടായി. ഇന്ന് ആ ഇടവകയിൽനിന്നും പരിസരത്തുള്ള ഇടവകയിൽനിന്നും ധാരാളം ദൈവവിളികൾ ഉണ്ടായി എങ്കിൽ ബഹുമാനപ്പെട്ട ജോഷ്വാച്ചനോടും അച്ചനോടു കൂടിവന്ന മറ്റു വൈദികരോടും ശെമ്മാശ്ശന്മാരോടുമുള്ള സഹവാസം നിമിത്തമാണ് എന്നു പറയുന്നതിൽ അതിശയോക്തി ഇല്ല. ദൈവവിളിയുടെ ആ ബീജം അന്നാണു ഞങ്ങൾക്കു ലഭിച്ചത്. അതിനുശേഷം ഞാൻ ആശ്രമത്തിൽ വന്നു. ജോഷ്വാച്ചനായിരുന്നു അന്ന് അധികാരത്തിലിരുന്നത്.

ആശ്രമത്തിലെ എല്ലാ സ്ഥാപനങ്ങളിലും ഏറ്റവും ചെറിയ സ്ഥാനം മുതൽ ഏറ്റവും ഉന്നതമായ സ്ഥാനംവരെ അദ്ദേഹം വഹിച്ചിട്ടുണ്ട്. നവശിഷ്യ

www.malankaralibrary.com

രുടെ ഗുരു, ഈ ആശ്രമത്തിലെ സുപ്പീര്യർ, സമൂഹത്തിന്റെ സുപ്പീ ര്യർ ജനറൽ എന്നീ സ്ഥാനങ്ങളെല്ലാം അദ്ദേഹം വഹിച്ചിട്ടുണ്ട്. ഈ അതിരൂപതയിൽ, നമ്മുടെ മലങ്കരസഭയിൽ അനേകം ഇടവകകളിൽ അദ്ദേഹം സേവനം അനുഷ്ടിച്ചിട്ടുണ്ട്: ഇവിടെ പാളയത്തുള്ള ഒരു ഇടവകയിൽ അന്ന് ഒരു പള്ളിമാത്രമായിരുന്നു. യാതൊരു സൗകര്യങ്ങളും അവിടെ ഉണ്ടായി രുന്നില്ല. ജോഷ്വാച്ചൻ ദീർഘകാലം ഇടവക വികാരി ആയി ജോലി നോക്കിയി ട്ടുണ്ട്. അദ്ദേഹത്തിന്റെ ശുശ്രൂഷ, പ്രത്യേകിച്ച് ആരംഭകാലത്തിൽ വളരെ അധികം പ്രയാസമേറിയ ഒന്നായിരുന്നു. ആ അവസരങ്ങളിൽ എല്ലാം ദൈവ ത്തിന്റെ ഇഷ്ടം ആരുവഴിയായി അദ്ദേഹം അറിഞ്ഞോ, സുപ്പീരിയേഴ്സ് വഴി ആയാലും നിയമം വഴി ആയാലും അത് സന്തോഷത്തോടുകൂടി സൗമനസ്യ ത്തോടുകൂടി അദ്ദേഹം സ്വയം സ്വീകരിയ്ക്കുകയും അനുസരിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് അദ്ദേഹത്തെ അറിയാവുന്ന എല്ലാവരും സാക്ഷികളാണ്.

നമ്മുടെ കർത്താവിന്റെ ജീവിതത്തെപ്പറ്റി, പ്രത്യേകിച്ച് അദ്ദേഹത്തിന്റെ ത്യാഗത്തെപ്പറ്റി ഈ ദിവസങ്ങളിൽ നാം പ്രത്യേകം ധ്യാനിയ്ക്കുകയായിരുന്നു. മാനുഷികമായ വിധത്തിൽ എത്രമാത്രം ദയനീയമായ ഒരു പരാജയമായിരുന്നു കർത്താവിന്റെ ജീവിതം. അവിടുന്നു തന്റെ ജീവിതത്തിൽ എന്താണു സാധി ച്ചത്. ഇന്നത്തെ രീതിയിൽ നാം നോക്കുന്നു എന്നു വരികിൽ എത്രമാത്രം കാര്യങ്ങൾ അങ്ങേയ്ക്ക് സാധിയ്ക്കുവാൻ കഴിയുമായിരുന്നു. അവിടുന്നു ദൈവവും, മനുഷ്യനുമായിരുന്നു; ലോകത്തെ മുഴുവൻ മാനസ്സാന്തരപ്പെടു ത്തുവാൻ അങ്ങേയ്ക്ക് യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. എന്നാൽ പിതാവ് ഒരു പരിപാടി അങ്ങയെ ഏല്പിച്ചിരുന്നു. ആ പരിപാടി അനുസരി ച്ചാണ് അവിടുന്നു ജീവിച്ചിരുന്നത്.

വളരെ പരിമിതമായ സ്ഥലത്ത്, വളരെ പരിമിതമായ പരിപാടി അനു സരിച്ച് ജീവിയ്ക്കുന്നതിനും ലോകത്തിന്റെ ദൃഷ്ടിയിൽ ഒരു പരാജയമായി തന്റെ ജീവിതം അവസാനിപ്പിയ്ക്കുന്നതിനും ആയിരുന്നു പിതാവിന്റെ ഇഷ്ടം. നമ്മുടെ കർത്താവ്, അതിനു പരിപൂർണ്ണമായി വിധേയനായിരുന്ന അവിടുന്നു ദാസന്റെ വേഷം പൂണ്ടു. വേഷത്തിൽ മനുഷ്യനായി കാണപ്പെട്ടു. അനുസരണ മുള്ളവനായി കുരിശിലെ മരണത്തോളം അനുസരണമുള്ളവനായി.

പ്രിയ സഹോദരങ്ങളെ, ഇന്നു സഭയിലാകമാനം, സമൂഹത്തിലാകമാനം ചില പ്രവണതകൾ കാണുന്നുണ്ട്. വിശ്വാസത്തിന്റേതായ ഈ ദർശനം മാറ്റി വച്ചിട്ട് കേവലം മാനുഷികമായ രീതിയിൽ കാര്യങ്ങൾ കാണുവാനും, മാനു ഷികമായ രീതിയിൽ കാര്യങ്ങൾ വിധിയ്ക്കുവാനും സ്വീകരിയ്ക്കു വാനുമുള്ള ഒരു പ്രവണതയാണ് നാം എവിടെയും കാണുന്നത്. വ്യക്തിമാഹാത്മ്യത്തിന്റെ പേരിൽ, സ്വാതന്ത്ര്യത്തിന്റെ പേരിൽ അധികാരത്തോട് എതിർക്കുന്നതിനുള്ള ഒരു പ്രവണതയാണ് നാം എവിടെയും കാണുന്നത്. സന്ന്യാസ ജീവിതം ഇതിൽനിന്നെല്ലാം സുരക്ഷിതമാണ് എന്നു പറയുവാൻ സാധിയ്ക്കുമോ?

www.malankaralibrary.com

സന്ന്യാസിമാരുടെ ഇടയിൽതന്നെ ഇന്ന് ഒരു പുതിയ ജീവിത ശൈലി, ഒരു പുതിയ ഭാഷ നാം കേൾക്കുന്നുണ്ട്, അനുഭവപ്പെടുന്നുണ്ട്.

ഒരു വൃക്ഷത്തെ അതിന്റെ ഫലത്തിൽനിന്നും അറിയാം. ഇപ്രകാരമുള്ള ഒരു പുതിയ ജീവിതശൈലിയിൽ നിന്ന് ദൈവത്തിന്റെ രാജ്യം പ്രചരിയ്ക്കുക യാണോ ചെയ്യുന്നത്? സുവിശേഷവേല പ്രചരിയ്ക്കുകയാണോ ചെയ്യുന്നത്? മനുഷ്യർ കൂടുതൽ കൂടുതലായി പുണ്യമുള്ളവരായിതീരുകയാണോ ചെയ്യു ന്നത്? ഇപ്രകാരം ഓരോരുത്തരും അവരവരുടെ ഇഷ്ടമനുസരിച്ച്, അവർക്കു നല്ലതെന്നു തോന്നുന്നതനുസരിച്ച് പ്രവർത്തിയ്ക്കുമ്പോൾ ദൈവത്തിന്റെ സഭയെ പണിയുകയല്ല, ബാബേൽ കോട്ടകൾ പണിതുയർത്തുവാൻ ശ്രമിയ്ക്കുകയാണ്.

ബഹുമാനപ്പെട്ട ജോഷാച്ചന്റെ ജീവിതം ആദ്യാവസാനം പരിപൂർണ്ണമായ അനുസരണത്തിന്റെ ഒരു ജീവിതമായിരുന്നു. ആകയാൽ ആ ജീവിതം പരിപൂർണ്ണമായ വിജയത്തിന്റെ ജീവിതമായിരുന്നു. ആ വന്ദ്യവൈദികന്റെ മാതൃക നമുക്കെല്ലാവർക്കും പ്രചോദനം നൽകട്ടെ. സന്ന്യാസിമാർക്കു മാത്രമല്ല എല്ലാവൈദികർക്കും എല്ലാ വിശ്വാസികൾക്കും അദ്ദേഹത്തിന്റെ ഈ മാതൃക പ്രചോദനം നൽകട്ടെ എന്നു ഞാൻ ആഗ്രഹിയ്ക്കുകയാണ്, പ്രാർത്ഥി യ്ക്കുകയാണ്. കർത്താവിന്റെ ജീവിതം പ്രത്യക്ഷത്തിൽ പരാജയമായിരുന്നു. ഒന്നും ലോകദൃഷ്ട്യാ നേടാതെ പരിപൂർണ്ണമായ ഒരു തോൽവിയായി കുരിശ്ശിൽ അവിടുന്നു തന്റെ ജീവിതം അവസാനിപ്പിച്ചു.

കുരിശുമല മരണത്തോളം അവിടുന്ന് അനുസരണമുള്ളവനായിരുന്നു. എന്താണിതിന്റെ ഫലം? വിശുദ്ധ പൗലോസ് പറയുകയാണ്: ദൈവം അവനെ ഉയർത്തി, എല്ലാ നാമങ്ങൾക്കും ഉപരിയായ ഒരു നാമം അവനു നൽകി. ആകാ ശത്തിലും ഭൂമിയിലും അധോലോകത്തിലുള്ള എല്ലാവരുടെയും മുഴംകാലുകൾ തന്റെ മുമ്പിൽ മടങ്ങത്തക്കവണ്ണം അത്ര ഉന്നതമായ ഒരു സ്ഥാനം അവനു നൽകി.

ബഹുമാനപ്പെട്ട ജോഷാച്ചൻ ഇന്ന് കർത്താവിന്റെ പെസഹായുടെ രഹസ്യം ആഘോഷിയ്ക്കുന്ന ഈ അവസരത്തിൽ, കർത്താവിന്റെ മഹത്വ ത്തിന്റെ തിരുനാൾ ആഘോഷിക്കുന്ന ഈ അവസരത്തിൽ കർത്താവിൽ നിദ്ര പ്രാപിയ്ക്കാൻ ഇടയായത്, കർത്താവിൽ വിലയം പ്രാപിക്കാൻ ഇടയായതു അദ്ദേഹത്തിന്റെ അനുസരണത്തിന്റെ, അദ്ദേഹത്തിന്റെ ത്യാഗത്തിന്റെ ഒരു അംഗീകാരമാണ് എന്നു ഞാൻ വിശ്വസിയ്ക്കുന്നു. ഇതു നമുക്ക് ഒരു പാഠമായി രിക്കട്ടെ. കരുണയുള്ളവനായ നമ്മുടെ കർത്താവ് തന്റെ വലത്തു ഭാഗത്തുള്ള നല്ല കള്ളനോടു പറഞ്ഞു: നീ ഇന്ന് എന്നോടുകൂടി പറുദീസായിൽ ആയി രിക്കും എന്ന്. ജോഷാച്ചനോടും ഇതുതന്നെ അരുളിചെയ്തിട്ടുണ്ട് എന്നു ഞാൻ വിശ്വസിയ്ക്കുന്നു. അച്ചൻ നമ്മുടെ കർത്താവിനോടുകൂടി ഇന്നു വിജയത്തിലേയ്ക്ക്, മഹത്വത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്.

www.malankaralibrary.com

ജോഷ്വാച്ചൻ വഴി സന്ന്യാസസമഹൂത്തിനും, നമ്മുടെ മലങ്കര സഭയ്ക്കും, ആകമാനസഭയ്ക്കും ലഭിച്ചിട്ടുള്ള നന്മകൾ ഓർത്ത് നമുക്കു ദൈവത്തിനു നന്ദി പറയാം. മാനുഷികമായ എന്തെങ്കിലും ബലഹീനത അദ്ദേഹത്തിലുണ്ടായിട്ടുണ്ടെങ്കിൽ കരുണയുള്ളവനായ ദൈവം അദ്ദേഹത്തോടു ക്ഷമിയ്ക്കുന്നതിനും തന്റെ ദാസനിൽ ധാരാളമായ പ്രതിഫലം നൽകുന്നതിനും നമുക്കു പ്രാർത്ഥിക്കാം. അദ്ദേഹത്തിന്റെ വേർപാടിൽ വേദന അനുഭവിയ്ക്കുന്ന എല്ലാവരെയും കരുണയുള്ളവനായ ദൈവം ആശ്വസിപ്പിയ്ക്കുകയും, ധൈര്യപ്പെടുത്തുകയും നമ്മെ എല്ലാവരെയും ഈ കുരിശിന്റെ വഴിയിൽക്കൂടി, അനുസരണത്തിന്റെ വഴിയിൽകൂടി തന്റെ രാജ്യത്തിലേയ്ക്ക് നയിയ്ക്കുകയും ചെയ്യട്ടെ.

പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും തിരുനാമത്തിൽ ആമ്മീൻ.

□

കുറ്റകരമല്ലാത്ത എന്തെങ്കിലും ഒരു സന്തോഷമെങ്കിലും ദിനംപ്രതി പരിത്യജിക്കുക... അവിടുന്ന് നിന്നെപ്രതി എല്ലാം പരിത്യജിക്കുക മാത്രമല്ല, പിന്നെയോ, അദ്ധ്വാനം, കഷ്ടപ്പാട് എന്നിവയും ക്രൂരവും നിന്ദ്യവുമായ മരണംപോലും കൈവരിക്കുകയും ചെയ്തു. അവിടുത്തെ ജീവിതം നിരന്തര ബലിയായിരുന്നു. നിന്റേതുപോലെ കുടുസും അയോഗ്യവുമായ ഒരു ഹൃദയത്തെ അവിടുത്തേക്ക് നിഷേധിക്കുവാൻ നിനക്കെങ്ങനെ കഴിയും? ശുദ്ധീകരിക്കപ്പെടുവാൻ ആവശ്യമില്ലാത്തതായി ഒരു നിമിഷംപോലും നിന്റെ ജീവിതത്തിലില്ലല്ലോ? ദൈവത്തെ പ്രതി നീ എന്തെങ്കിലും സഹിച്ചിട്ടുണ്ടോ? ഈശോ കുരിശിനെ സ്വമനസ്സാ ആലിംഗനം ചെയ്യുകയാണുണ്ടായത്. വിധേയമനോഭാവത്തോടെ എല്ലാ ആജ്ഞകൾക്കും അവിടുന്ന് കീഴ്വഴങ്ങി. സ്വന്തമായി ഒരു മനസ്സ് ഇല്ലാത്തവനെപ്പോലെ പിതാവിന്റെ ഇഷ്ടത്താൽ മാത്രം അവിടുന്ന് നയിക്കപ്പെട്ടു. കുരിശ് സ്വീകരിക്കേണ്ടതെങ്ങനെയെന്നും എല്ലാ കാര്യങ്ങളിലും ദൈവതിരുമനസ്സിനു കീഴ്വഴങ്ങേണ്ടതെങ്ങനെയെന്നും ഈശോയിൽ നിന്നും പഠിക്കുക.

(ഫാ. ജോഷ്വാ, പേജ് 289)

www.malankaralibrary.com

# വെ. റവ. ഫാ. ജോഷ്വാ ഒ.ഐ.സി. – സ്വജീവിതം കൊണ്ട് നന്മ സുവിശേഷിച്ച പുണ്യശ്ലോകൻ



ഫാ. ജയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.

''സുവാർത്താ ദൂതന്റെ കാൽ പർവതങ്ങളിന്മേൽ എത്ര മനോഹരം''
(യെശ: 52:7)

ബഥനിയുടെ ഹൃദയാകാശത്തിലെ പുണ്യനക്ഷത്രം. 1983 ഏപ്രിൽ രണ്ടാം തീയതി നാലു മണിക്കു തിരുവനന്തപുരം നാലാഞ്ചിറ ബഥനി ആശ്രമത്തിൽ വച്ച് ദിവംഗതനായ ബ. താവളത്തിൽ ജോഷ്വാ ഒ.ഐ.സി. അച്ചനെപ്പറ്റി ഒരു പുണ്യവാനെന്നല്ലാതെ ആരും പറയുകയില്ല. ബഥനി ആശ്രമത്തിൽ ഒരംഗമായി ചേർന്ന ദിനം മുതൽ ദിവംഗതനാകുന്ന നിമിഷം വരെ ബ. ജോഷ്വാച്ചൻ സ്വന്തമായ വ്യക്തിത്വം നിലനിർത്തിക്കൊണ്ടു തന്നെ വിരാജിച്ചു. സഭയിലും ആശ്രമത്തിലും ഉത്തരവാദപ്പെട്ട ഏതു ശുശ്രൂഷയ്ക്കും സർവദാ സ്വീകാര്യനായി മാർ ഈവാനിയോസ് വലിയ മെത്രാപ്പോലീത്താ കരുതിയിട്ടുള്ള ഒരു വ്യക്തിയായിരുന്നു. ബ. ജോഷ്വാച്ചൻ. തനിക്ക് വിശ്വസ്തതയോടെ ചെയ്തു തീർക്കേണ്ട, തന്മയത്വത്തോടെ സാധിതമാക്കേണ്ട ഒരു സംഗതി ആവിർഭവിക്കുമ്പോൾ അത് ബ. ജോഷ്വാച്ചനെ ഏല്പിക്കുക എന്നതായിരുന്നു ആ പിതാവിന്റെ രീതി. മാർ ഈവാനിയോസ് വലിയ പിതാവിന്റെ സാർവത്രിക സഭയുമായുള്ള പുനരൈക്യത്തിനു മുമ്പും പുനരൈക്യശേഷവും ഈ പ്രത്യേകത കാണാനാവും. കക്ഷിവഴക്കിന്റേയും ചേരിപ്പോരിന്റേയും ബലപരീക്ഷണത്തിന്റേയും അതിപ്രസരത്തിലും ബ. ജോഷ്വാച്ചന്റെ ശാലീനതയും തന്മയത്വവും വ്യതിരിക്തമായി നിന്ന് വിജയം നേടി. മലങ്കര കത്തോലിക്കാ സഭയുടെ തിരുവനന്തപുരം, തിരുവല്ലാ രൂപതകളിൽ നിലകൊള്ളുന്ന പാരമ്പര്യമുള്ള പല പള്ളികൾക്കും ബ. ജോഷ്വാച്ചൻ തന്റെ സാന്നിദ്ധ്യം കൊണ്ടു അത്ഭുതങ്ങൾ സൃഷ്ടിച്ച കഥകൾ പറയാനുണ്ടാവും.

ദിവംഗതനാകുന്ന എഴുപത്തിയെട്ടാം വയസ്സിലും ആ പുണ്യശ്ളോകൻ നന്മയുടെ സുവിശേഷകനായി ബഥനി സന്ന്യാസസമൂഹത്തിലെയും സന്ന്യാസിനി സമൂഹത്തിലെയും മലങ്കര സഭയിലെയും അംഗങ്ങൾക്ക് അനുഭവപ്പെട്ടിരുന്നു.

ബഥനി സന്ന്യാസാശ്രമങ്ങളുടേയും സമൂഹത്തിന്റെയും സാരഥ്യം എത്രപ്രാവശ്യം ആ താപസന്റെ ചുമലുകളിൽ വന്നു ചേർന്നു എന്നു പറയാനാവില്ല. അതിലധികം തവണ നവശിഷ്യ ഗുരുവും ആദ്ധ്യാത്മിക

www.malankaralibrary.com

പിതാവും ആയിരിക്കുവാൻ അദ്ദേഹം വിളിക്കപ്പെട്ടിട്ടുണ്ട്. ഒടുവിൽ 1959 മുതൽ 1965 വരെ അദ്ദേഹം സുപ്പീരിയർ ജനറലും 1968 മുതൽ 1971 വരെ നവശിഷ്യ ഗുരുവും തുടർന്ന് ആദ്ധ്യാത്മിക പിതാവും ആയിരുന്നതാവാം ഒടുവിൽ വഹിച്ച സുപ്രധാന ചുമതലകൾ, അദ്ദേഹം ചുമതലയിലായിരിക്കുമ്പോഴോ ചുമതലകളിൽ നിന്ന് ഒഴിഞ്ഞിരിക്കുമ്പോഴോ ഒരു ഭാവവ്യത്യാസവും ആ ഋഷി പുംഗവനിൽ ദൃശ്യമായിരുന്നില്ല. തനൊരു സന്ന്യാസിയാണെന്നും വൈദികനാണെന്നും ബഥനി ആശ്രമസ്ഥനാണെന്നും അതിന്റെ ഉത്തര വാദിത്വങ്ങൾ മറ്റു ചുമതലകളിൽ നിന്നുത്ഭൂതമാകുന്നതല്ലെന്നും സ്വജീവിതം കൊണ്ടദ്ദേഹം സുവിശേഷിച്ചു.

സഭയിലോ സമൂഹത്തിലോ ഉത്തരവാദിത്വം വഹിക്കുന്നവരെപ്പറ്റിയോ മറ്റ് അംഗങ്ങളെപ്പറ്റിയോ ഒരാരോപണമോ ആവലാതിയോ ആ മുനിശ്രേഷ്ഠനിൽ നിന്ന് കേട്ടിട്ടുള്ളവരില്ല. സമൂഹാംഗമാകുന്ന ഓരോ ചെറുപ്പക്കാരനും ആ നിമിഷം മുതൽ ബ. ജോഷാച്ചന്റെ രേഖാശേഖരത്തിൽ സ്ഥാനം പിടിക്കും. ആ വിശാലഹൃദയന്റെ പ്രാർത്ഥനാ വിഹായസ്സിലും, ഏതെങ്കിലും കാരണവശാൽ ഒരു നവാഗതൻ സമൂഹജീവിതം (ആശ്രമജീവിതം) ഉപേക്ഷിക്കാനിടയായാൽ അതും അദ്ദേഹം അറിഞ്ഞിരിക്കും. സഭയെ സംബന്ധിച്ച്, സമൂഹത്തെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമല്ലെങ്കിൽ ബ. ജോഷാച്ചനെ സമീപിച്ചാൽ മതി. ആ ഗണിതമാനസന്റെ രേഖാശേഖരത്തിൽ നിന്ന് നഷ്ടപ്പെട്ടിട്ടുള്ള വിവരങ്ങളില്ല.

ആ മാമുനിക്കു മൗനത്തെ സംബന്ധിച്ചും ശ്രവണത്തെ സംബന്ധിച്ചും മനനത്തെ സംബന്ധിച്ചും സ്വന്തമായ ചിന്താധാരകളുണ്ടായിരുന്നു. ഒടുവിൽ പറയുന്നതും ഉറക്കെപ്പറയുന്നതും സാമർത്ഥ്യമായിക്കരുതുന്ന ശബ്ദായമാനമായ ഈ യുഗത്തിൽ “നിങ്ങൾ സംസാരിക്കാതിരിക്കുന്നത് കുറ്റകരമായിത്തീരുമെന്നുള്ളപ്പോൾ മാത്രം സംസാരിക്കുക” എന്നതായിരുന്നു ആ താപസന്റെ തത്വശാസ്ത്രവും സമീപനവും. പറഞ്ഞിട്ടുള്ളതിനേക്കാളധികം അദ്ദേഹം പ്രവർത്തിച്ചു.

“സംസാരവും പ്രസംഗവും എഴുത്തും ഒന്നും പേരെടുക്കാനും പ്രസിദ്ധനാകാനുമുള്ള പ്രേരണയിൽ നിന്നാകരുത്” അദ്ദേഹം പറഞ്ഞിരുന്നു; അദ്ദേഹം അങ്ങനെയായിരുന്നുതാനും. തനിക്കെന്തു ചെയ്യാനാകും സഭയ്ക്കുവേണ്ടി, സമൂഹത്തിനുവേണ്ടി, സമസൃഷ്ടങ്ങൾക്കുവേണ്ടി, അതായിരുന്നു ആ കർമ്മയോഗിയുടെ ശ്രദ്ധ. സ്നേഹത്തിൽ സത്യം സംസാരിക്കുന്നതിൽ (പുഫേ 4:15) ആ മിതഭാഷി വിജയിച്ചു.

ശാന്തതയുടെ മൂർത്തിമദ്ഭാവമായിരുന്ന ആ ഋഷി പുംഗവൻ ധീരതയുടെ പര്യായമായി പരിലസിച്ച മുഹൂർത്തങ്ങളുണ്ട്. തന്റെ ബോധ്യങ്ങൾ സമർപ്പണബുദ്ധിയോടെ മുറുകെപ്പിടിച്ചുകൊണ്ട് മഹാമേരുപോലെ നിന്നു ആ താപസൻ.

www.malankaralibrary.com

ആരെയും ധിക്കരിക്കാനോ, ആരെയും അവഗണിക്കാനോ, ആരേയും തോൽപിക്കാനോ ആയിരുന്നില്ല; മറിച്ച് താനേറ്റെടുത്തിരിക്കുന്ന ദൗത്യത്തിന്റെ, തന്നെ വിളിച്ചവനോട് വിശ്വസ്തത പുലർത്താനുള്ള അദ്യമായ ദാഹത്തിന്റെ പ്രകാശനമായിരുന്നു അത്തരം നിമിഷങ്ങളിൽ സംഭവിച്ചത്.

ആ ജീവിതത്തിന്റെ നൈർമ്മല്യം അനിർവചനീയവും അത് മുറുകെപ്പിടിച്ചിരുന്ന ലാളിത്യം അദ്വിതീയവുമായിരുന്നു. ആ മിതഭാഷിയുടെ ശ്രവണം തിരഞ്ഞെടുപ്പുള്ളത് (selective) ആയിരുന്നു. കേൾക്കേണ്ടതു മാത്രം കേൾക്കാൻ ഒരാൾക്ക് കഴിയുമോ? കഴിയും. അതിനുദാഹരണമാണ് ബ. ജേഷ്വാച്ചൻ. നിശബ്ദവും വിനീതവുമായ ഉത്തുംഗ സേവനത്തിന് ഉദാഹരണമന്വേഷിക്കുന്ന തലമുറകൾക്ക് അത്യുദാഹരണമാണ് ആ താപസൻ വിട്ടുവീഴ്ചയില്ലാത്ത വൈരാഗ്യബുദ്ധിയായ നിഷ്ഠാ ജീവിതത്തിനും.

സഭയ്ക്കാകമാനം അഭിമാനിക്കാവുന്ന ഒരു പുണ്യചരിതൻ നമുക്കായി സ്വർഗ്ഗസ്ഥനായിരിക്കുന്നു. ആ മദ്ധ്യസ്ഥത വ്യക്തികളായും കൂട്ടമായും നമുക്ക് കോട്ടയായിരിക്കട്ടെ. വി. പൗലോസ് റോമ 10:15 ൽ പ്രസ്താവിക്കുന്നതുപോലെ "നന്മ സുവിശേഷിക്കുന്നവരുടെ പാദങ്ങൾ എത്ര മനോഹരം."

□

വലിയ ക്ലേശങ്ങളിലത്രേ, ഏറ്റവും വീരോചിതമായ പുണ്യങ്ങൾ അഭ്യസിക്കപ്പെടുന്നത്. ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും വേണ്ടി സ്വപുത്രന്റെ പീഡാനുഭവങ്ങളിലും മരണത്തിലും സഹകരിച്ചുകൊണ്ട് വി. കന്യക കുരിശിൻ ചുവട്ടിൽ ഏറ്റം തീക്ഷ്ണമായ സ്നേഹം അഭ്യസിച്ചു. നിത്യപിതാവ് സ്വപുത്രനോടിത്ര ക്രൂരമായി പെരുമാറുന്നതിനെപ്പറ്റി പരാതിപ്പെടുന്നതിനോ, സ്വന്ത വേദനയെ പ്രകടിപ്പിക്കുന്നതിനോ ഒറ്റ വാക്കുപോലും പറയാതെ അജയ്യമായ ക്ഷമയോടെ അവൾ ക്രൂശിൻ ചുവട്ടിൽ നിന്നും ഈ സഹന കണ്ണാടിയിൽ നോക്കിക്കൊണ്ട് നിന്റെ ബലഹീനതയെയും കുറവുകളെയും ഏറ്റുപറയുക.

(ഫാ. ജോഷ്വാ, പേജ് 85)

www.malankaralibrary.com

# മാർ ഈവാനിയോസ് തിരുമേനി വിഭാവന ചെയ്ത ബഥനി സന്നദ്ധസേവാ സംഘം

**എ. ജി. ചെറിയാൻ, പത്തനംതിട്ട**

(1978-ൽ പ്രസിദ്ധം ചെയ്തതാണ് ബഥനി സന്നദ്ധസേവാ സംഘത്തെക്കുറിച്ചുള്ള ഈ ലേഖനം)

ഈവാനിയോസ് തിരുമേനിയുടെ ഇരുപത്തഞ്ചാം ചരമവാർഷികം ആചരിക്കുന്ന ഈ സന്ദർഭത്തിൽ മലങ്കരസഭയ്ക്കു തിരുമേനിയിൽ നിന്നുണ്ടായിട്ടുള്ള നേട്ടങ്ങളെപ്പറ്റി പരിചിന്തനം നടത്തുന്നതു സമുചിതമാണെന്നു കരുതുന്നു. ബഥനി സമൂഹങ്ങളും പുനരൈക്യ പ്രസ്ഥാനവും അദ്ദേഹത്തിൽ നിന്നു മലങ്കര സഭയ്ക്കു ലഭിച്ച മഹാ സംഭാവനകളാണ്. അവ അദ്ദേഹത്തിന്റെ ശാശ്വത സ്മരണയെ നിലനിർത്തിക്കൊണ്ടു തഴച്ചുവളരുന്നതിൽ നമുക്ക് അഭിമാനം കൊള്ളുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യാം.

**ആരംഭം**

മലങ്കര സഭയുടെ ആദ്ധ്യാത്മികോന്നതിക്കായി ഈവാനിയോസ് തിരുമേനി ബഥനി പ്രസ്ഥാനം ആരംഭിച്ചു. സർവ്വസംഗ പരിത്യാഗികളായ സന്ന്യാസിപ്പട്ടക്കാർക്കും കന്യാസ്ത്രീകൾക്കും വേണ്ടി അദ്ദേഹം രണ്ടു ബഥനി സമൂഹങ്ങൾ സ്ഥാപിച്ചു. അതോടുകൂടിത്തന്നെ അർപ്പണ ജീവിതം നയിക്കാൻ മനസാകുന്ന അല്മായർക്കുവേണ്ടി ഒരു മൂന്നാം സഭയും തിരുമേനി വിഭാവന ചെയ്യുകയും അതിന്റെ വ്യവസ്ഥകൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. കുടുംബമോ സ്വത്തുക്കളോ തൊഴിലോ ഒന്നും തന്നെ പരിത്യജിക്കാതെ ഏതു ജീവിതാവസ്ഥയിലും തങ്ങളുടെ വിളിക്കനുസരണം ക്രിസ്തുവിന്റെ ഉപദേശവും മാതൃകയും അനുസരിച്ച് പ്രതിഷ്ഠാപരമായ യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കാൻ താല്പര്യമുള്ളവർക്ക് അതിൽ അംഗങ്ങളാകാം. ദൈവൈക്യത്തിലും മനുഷ്യസ്നേഹത്തിലും വിശുദ്ധി പാലിച്ചുകൊണ്ട് അർപ്പണ ജീവിതം നയിക്കാൻ പ്രബോധനങ്ങളും പ്രസിദ്ധീകരണങ്ങളും വഴി അദ്ദേഹം വിശ്വാസികളെ ആഹ്വാനം ചെയ്യുകയും ഉൽബോധിപ്പിക്കുകയും ചെയ്തിരുന്നു. 1925 മെയ് ഒന്നാം തീയതി തന്റെ മെത്രാഭിഷേകാനന്തരം ബഥനി തിരുമേനി നിരണം പള്ളിയിൽ വച്ചു ചെയ്ത പ്രസംഗത്തിൽ അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അക്കാലം മുതലേ അർപ്പണ ജീവിതം നയിക്കുന്ന അനേകം വ്യക്തികൾ ബഥനിയുമായുള്ള ബന്ധത്തിൽ കഴിഞ്ഞിരുന്നു എന്നതും ഒരു യാഥാർത്ഥ്യമാണ്. അങ്ങനെ ആരംഭം കുറിച്ചെങ്കിലും അവരെ സംയോജിപ്പിച്ച് ഒരു അല്മായ സംഘടന രൂപീകരിക്കാൻ അന്നത്തെ സാഹചര്യത്തിൽ സാധിച്ചില്ല.

www.malankaralibrary.com

ദൈവപരിപാലനയിൽ ബഥനി തിരുമേനി കത്തോലിക്കാ തിരുസഭയുമായി പുനരൈക്യപ്പെടുന്നതിനും അതോടുകൂടി മലങ്കര ക്രിസ്ത്യാനികൾക്ക് സഭൈക്യ കവാടം തുറന്നു കിട്ടുന്നതിനും ഭാഗ്യമുണ്ടായി. പുനരൈക്യ പ്രസ്ഥാനത്തിന്റെ അടിസ്ഥാനം ഉറപ്പിച്ചുകൊണ്ട് അഭിവന്ദ്യ തിരുമേനി നമ്മെ വിട്ടു പിരിഞ്ഞിട്ട് ഇപ്പോൾ കാൽ ശതാബ്ദം കഴിയുകയാണ്. തിരുമേനിയുടെ അഭിലാഷം നിറവേറ്റേണ്ടത് പുനഃരൈക്യ പ്രസ്ഥാനത്തിന്റെ അരുമസന്താനങ്ങളായ നമ്മുടെ കടമയല്ലേ?

**പ്രസ്ഥാനം രൂപം കൊള്ളുന്നു**

ബഥനി തിരുമേനി വിഭാവന ചെയ്ത അല്മായ സംഘടന സമാരംഭിക്കാൻ പലരും ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തു. ബഥനി പ്രസ്ഥാനത്തിന്റെ ആരംഭം മുതലേ തിരുമേനിയോടൊത്തു കഴിഞ്ഞിട്ടുള്ള റവ. ഫാ. ഏബ്രഹാം ഒ.ഐ.സി. ആണ് അക്കാര്യത്തിൽ മുന്നിട്ടു പ്രവർത്തിച്ചത്. ചിന്നിച്ചിതറി ഭിന്നിച്ചു കഴിയുന്ന മലങ്കര സഭയെ കൂട്ടായ്മയിലേക്കാനയിക്കാൻ ബഥനി മൂന്നാം സഭയ്ക്കു കഴിയുമെന്നും ഈ സാഹചര്യത്തിൽ അതു തുടങ്ങുന്നതു ആവശ്യമാണെന്നും അദ്ദേഹം പലരെയും അറിയിച്ചു. അക്കാര്യത്തിൽ പലരും താൽപര്യം പ്രകടമാക്കുകയാൽ വിവരം അഭിവന്ദ്യ തിരുമേനിമാരെയും മറ്റും ധരിപ്പിക്കുകയും അവരുടെ അഭിപ്രായത്തോടും അനുമതിയോടും കൂടി 1971 ഏപ്രിൽ 18-ാം തീയതി ഇരവിപേരൂർ പള്ളിമേടയിൽവച്ച് അദ്ദേഹം ഒരു ആലോചനായോഗം വിളിച്ചു കൂട്ടുകയും ചെയ്തു. ഇടവക വികാരിമാരും അല്മായരുമായി പതിമൂന്നു പേർ അതിൽ പങ്കെടുത്തു.

ഈ പ്രസ്ഥാനത്തെപ്പറ്റി ഈവാനിയോസ് തിരുമേനിയുടെ വിഭാവനയും അതിന്റെ വ്യവസ്ഥകളും ബ. ഏബ്രഹാം ഒ.ഐ.സി. അച്ചൻ വിശദീകരിച്ചു. അനന്തരം പ്രസ്ഥാനത്തിന്റെ ലക്ഷ്യം, സ്വഭാവം, പ്രവർത്തനം, ഭരണക്രമം, നിയമാവലി, നാമകരണം എന്നിവയെപ്പറ്റി ചർച്ചകൾ നടന്നു. അന്നത്തെ തിരുമാനമനുസരിച്ച് "ബഥനി സന്നദ്ധ സേവാ സംഘം" (BSSS) എന്ന പേരിൽ ഈ പ്രസ്ഥാനം രൂപീകരിച്ചിട്ടുള്ളതാണ്. റവ. ഫാ. വറുഗീസ് കിളിച്ചിമല പ്രസിഡന്റായി ആറംഗങ്ങളുള്ള ഒരു കേന്ദ്ര സമിതിയും നിയമാവലിയും മറ്റും ക്രോഡീകരിച്ചു തയ്യാറാക്കാൻ ഒരു സബ്കമ്മിറ്റിയെ അന്നു തിരഞ്ഞെടുക്കുകയും ചെയ്തു. അന്ന് അവിടെ കൂടിയവരുടെ സമ്മതപത്രം സ്വീകരിച്ചുകൊണ്ട് "ബഥനി സന്നദ്ധ സേവാ സംഘം" സമാരംഭിക്കുകയും ചെയ്തു.

**പ്രസ്ഥാനം വളരുന്നു**

നിയമാവലി തയ്യാറാക്കി കേന്ദ്രകമ്മിറ്റിയുടെയും അഭിവന്ദ്യ തിരുമേനിമാരുടെയും അംഗീകാരത്തോടെ 1971-ൽ തന്നെ പ്രസിദ്ധീകരിച്ചു. ഈവാനിയോസ് തിരുമേനി വിഭാവന ചെയ്തു തുടക്കം കുറിച്ച അല്മായ സംഘടന സമാരംഭിച്ചതിൽ അഭിവന്ദ്യ തിരുമേനിമാർ അതിയായി സന്തോഷിക്കുകയും

www.malankaralibrary.com

ആശംസാ സന്ദേശങ്ങളും ഉൽബോധനങ്ങളും കല്പനകളും അയച്ച് ഈ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ആർച്ച്ബിഷപ്പ് ഗ്രിഗോറിയോസ് തിരുമേനി ഈ പ്രസ്ഥാനത്തെപ്പറ്റി ഒരു ലേഖനം ക്രൈസ്തവ കാഹളത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. 1971 ജൂലൈ 15-ാം തീയതി ഈവാനിയോസ് തിരുമേനിയുടെ പതിനെട്ടാം ചരമ വാർഷിക ദിനം സമൂഹബലിയ്ക്കുശേഷം ആർച്ചുബിഷപ്പ് ഗ്രീഗോറിയോസ് തിരുമേനി പട്ടം കത്തീഡ്രൽ പള്ളിയിൽ വച്ച് ചെയ്ത പ്രസംഗത്തിൽ ബഥനി സന്നദ്ധ സേവാ സംഘത്തെപ്പറ്റി വിശ്വാസികളെ ബോധവാന്മാരാക്കുകയും അതിൽ അംഗത്വം സ്വീകരിച്ചുകൊണ്ട് ആദ്ധ്യാത്മികോന്നതിക്കും പുനരൈക്യ പ്രസ്ഥാനത്തിന്റെ പുരോഗതിക്കും വേണ്ടി പ്രവർത്തിക്കാൻ ഉൽബോധിപ്പിക്കു കയും ചെയ്തു. അതോടുകൂടി ഈ പ്രസ്ഥാനത്തെപ്പറ്റിയുള്ള അറിവ് മലങ്കര സഭയിലെങ്ങും പ്രചരിക്കുന്നതിനിടയായി. 1971-ൽ തന്നെ തിരുവനന്തപുരം, പത്തനംതിട്ട, തിരുവല്ലാ എന്നീ സ്ഥലങ്ങളിൽ ഗ്രൂപ്പുകൾ തുടങ്ങുകയും ചെയ്തു.

**ലക്ഷ്യവും പ്രവർത്തനവും**

യഥാർത്ഥ ക്രിസ്തീയ ജീവിതമാണ് ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. "ഞങ്ങൾ ക്രിസ്തുവിന്റെയും സഹജീവികളുടെയും സേവകർ" എന്ന ആദർശം ലക്ഷ്യമാക്കി വേദപുസ്തക പഠനം, ജ്ഞാനവായന, പഠനക്കളരികൾ എന്നിവയിലൂടെ ആദ്ധ്യാത്മിക വിജ്ഞാനം വളർത്തിയും ക്രിസ്തുവിന്റെ മാതൃക പ്രാർത്ഥനാ ജീവിതത്തിലും, ദിനചര്യയിലും, സഹോദര സ്നേഹത്തിലും പ്രാവർത്തികമാക്കിയും പ്രതിഷ്ഠാപരമായ യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കുകയാണ് ഈ പ്രസ്ഥാനത്തിന്റെ പരമപ്രധാനമായ പ്രവർത്തനം. അംഗങ്ങളുടെ പ്രവർത്തനങ്ങളെല്ലാം ദൈവത്തിന് അർപ്പിതവും സ്വീകാര്യവുമായിരിക്കാൻ നിഷ്ക്കർഷിക്കുന്നു. അർപ്പണ ജീവിതത്തിലൂടെ യഥാർത്ഥ ക്രിസ്ത്യാനിക്കുചേർന്ന ഏതു നല്ല പ്രവർത്തനവും ചെയ്യുന്നതിനും വരവ് ചെലവുകളെ യോഗ്യമാംവണ്ണം ക്രമീകരിച്ചും ദുഷ്പരിചയങ്ങളെ നിയന്ത്രിച്ചും മിത ജീവിതം പ്രായോഗികമാക്കി മിച്ചം കൊണ്ടു നന്മ ചെയ്യുന്നതിനും കഴിവതും ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ മനുഷ്യ സേവനം അനുഷ്ഠിക്കുന്നതിനും സംഘാംഗങ്ങളെ നിയമാവലിയിലൂടെ അനുശാസിക്കുന്നു. ഇടവക വികാരിയുമായി സഹകരിച്ച് ഇടവകയുടെ നന്മയ്ക്കും പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതിക്കും ഉതകുന്ന സാമൂഹ്യ പ്രവർത്തനങ്ങളും മിഷൻ വേലയും ചെയ്യാൻ സംഘാംഗങ്ങൾ താൽപ്പര്യം കാണിക്കുന്നു.

**ആദ്ധ്യാത്മികോന്നമനം**

പ്രാർത്ഥനാ ജീവിതം, കൂദാശാപരമായ ജീവിതം, ആത്മശോധന, ധ്യാനം എന്നിവയിലൂടെ അംഗങ്ങളുടെ ആദ്ധ്യാത്മികോന്നതിക്കായി ശ്രദ്ധിക്കുന്നുണ്ട്. ജീവിതനവീകരണാർത്ഥം മൂന്നു മാസത്തിലൊരിക്കൽ BSSS ഗ്രൂപ്പുകൾ

www.malankaralibrary.com

ധ്യാനം നടത്തുന്നു. ആണ്ടിലൊരിക്കൽ മൂന്നു ദിവസത്തേയ്ക്കുള്ള ഏകാന്ത ധ്യാനം എല്ലാ കൊല്ലവും മുടക്കം കൂടാതെ നടത്തുന്നുണ്ട്. തിരുവല്ല, തിരുമൂലപുരം മഠം, ശാന്തിനിലയം എന്നീ ധ്യാന കേന്ദ്രങ്ങളിൽവച്ച് ഇതിനകം ഏഴുതവണ വാർഷിക ധ്യാനങ്ങൾ നടത്തിയിട്ടുണ്ട്. സംഘാം ഗങ്ങളും മറ്റു താൽപ്പര്യമുള്ള പലരും പതിവായി ഏകാന്ത ധ്യാനങ്ങളിൽ പങ്കെടുക്കുന്നു.

(1) പൊതു ആത്മപിതാവ് റവ. ഫാ. എബ്രഹാം ഒ.ഐ.സി (2) റവ. ഫാ. ജേക്കബ് ഒ.ഐ.സി. (3) റവ. ഫാ. സിറിൽ ഒ.ഐ.സി (4) റവ. ഫാ. വറുഗീസ് മാവേലിൽ (5) റവ. ഫാ. ക്രിസോസ്റ്റം ഒ.ഐ.സി (6) റവ. ഫാ. ബെർക്കുമാൻസ് ഒ.ഐ.സി (7) റവ. ഫാ. ദാനിയൽ അയ്യനേത്ത് (8) റവ. ഫാ. പ്ലാസിഡ് ഒ.ഐ.സി (9) റവ. ഫാ. അഗസ്റ്റിൻ ഒ.ഐ.സി (10) റവ. ഫാ. ജോൺ ബോസ്കോ ഒ.ഐ.സി. ഈ ധ്യാന ഗുരുക്കൾ വാർഷിക ധ്യാനങ്ങൾ നയിച്ച് സംഘാംഗങ്ങളുടെ ആദ്ധ്യാത്മികോൽക്കർഷത്തിൽ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

വാർഷിക ധ്യാനങ്ങളുടെ സമാപന ദിനം പതിവായി പൊതു വാർഷിക സമ്മേളനം കൂടുകയും പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി കാര്യക്ഷമമായ ഭാവി പ്രവർത്തനങ്ങൾക്കു രൂപം നല്കുകയും ചെയ്യുന്നു.

**ഈവാനിയോസ് തിരുമേനിയുടെ ചരമദിനാചരണം**

ഈവാനിയോസ് തിരുമേനിയുടെ ചരമവാർഷിക ദിനത്തിന്റെ തലേ ദിവസം 7. p.m-ന് നാലാഞ്ചിറ ബഥനി ആശ്രമത്തിൽ വച്ച് വാർഷിക പൊതു സമിതിയും തിരുമേനിയുടെ അനുസ്മരണായോഗവും പതിവായി എല്ലാ കൊല്ലവും നടത്തുന്നുണ്ട്. പൊതുസമിതിയിലെ തീരുമാനപ്രകാരം ചരമവാർഷിക ദിനം രാവിലെ 7 മണിക്ക് നാലാഞ്ചിറ നിന്നും പ്രാർത്ഥനാ പൂർവ്വം പദയാത്രയായി കബറിലെത്തി ധൂപപ്രാർത്ഥനയിലും ഇതര ചടങ്ങുകളിലും സംഘാംഗങ്ങൾ പങ്കെടുത്തിരുന്നു.

**സമൂഹത്തിന്റെ അടയാളം കുരിശ്**

ആദിമ ക്രിസ്ത്യാനികളുടെ ചൈതന്യത്തിൽ ജീവിക്കുന്നതിന്റെ അടയാളവും സത്യവിശ്വാസികളുടെ ചിഹ്നവും ആയിട്ട് ഈ പ്രസ്ഥാനത്തിലെ സ്ഥിരാംഗങ്ങൾ കുരിശു ധരിക്കുന്നു. ഒരു കൊല്ലത്തെ താൽക്കാലികാംഗത്വ ത്തിനു ശേഷം വിശ്വസ്തമായും സ്ഥിരമായും നിലനിന്നു പ്രവർത്തിക്കാൻ തീരുമാനിക്കുന്ന സംഘാംഗങ്ങൾക്ക് സ്ഥിരാംഗമായി പ്രതിജ്ഞ ചെയ്യാവു ന്നതും സമൂഹത്തിന്റെ അടയാളമായ കുരിശു സ്വീകരിക്കാവുന്നതുമാണ്. ആർച്ച് ബിഷപ്പ് ഗ്രീഗോറിയോസ് തിരുമേനിയും തിരുവല്ല ബിഷപ്പ് അത്താനാസിയോസ് തിരുമേനിയും ഇതിനകം ആറുതവണകളിലായി സ്ഥിര പ്രതിജ്ഞയെടുത്ത 64 സംഘാംഗങ്ങളെ ആശീർവദിച്ച് അവർക്ക് കുരിശു നല്കിയിട്ടുണ്ട്.

www.malankaralibrary.com

**ഭരണസംവിധാനം**

പൊതു ആത്മപിതാവിനോടാലോചിച്ച് കേന്ദ്രസമിതി കാര്യ നിർവ്വഹണം നടത്തുന്നു. പ്രവർത്തന സൗകര്യാർത്ഥം പൊതുമേഖലയെ തിരുവനന്തപുരം, തിരുവല്ല എന്നീ രണ്ടു മേഖലകളായി തിരിച്ചിരിക്കുന്നു. മേഖലകളെ ഡിസ്ട്രിക്ടുകളായും വിഭജിച്ചിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരം, പത്തനംതിട്ട, തിരുവല്ലാ, എറണാകുളം എന്നീ നാലു ഡിസ്ട്രിക്ടുകൾ ഉണ്ട്. അവയ്ക്കു പ്രത്യേകം ഡിസ്ട്രിക്ടു കമ്മിറ്റികളും ഡിസ്ട്രിക്ടു സ്പിരിച്വൽ ഡയറക്ടേഴ്സും ഉണ്ട്. കേന്ദ്രസമിതിയുടെ തീരുമാനങ്ങളനുസരിച്ച് ഡിസ്ട്രിക്ട് കമ്മിറ്റി പ്രവർത്തിക്കുന്നു.

**കേന്ദ്ര കമ്മറ്റി**

ഇതിനകം മൂന്നു തവണ കേന്ദ്ര കമ്മിറ്റിയംഗങ്ങളുടെ തെരഞ്ഞെടുപ്പുകൾ നടന്നിട്ടുണ്ട്. പ്രഥമ കേന്ദ്രകമ്മിറ്റിയിൽ റവ.ഫാ. വറുഗീസ് കിളിച്ചിമല പ്രസിഡന്റായി ആറ് അംഗങ്ങളും രണ്ടാമത്തെ കമ്മിറ്റിയിൽ ബ്രദർ സി. ഫിലിപ്പ് പുഷ്പപുരം, പത്തനംതിട്ട പ്രസിഡന്റായി ആറംഗങ്ങളും ഉണ്ടായിരുന്നു. ഇപ്പോഴത്തെ കേന്ദ്രകമ്മിറ്റിയിൽ ഡിസ്ട്രിക്ട് പ്രസിഡന്റന്മാരെ കൂടി ഉൾപ്പെടുത്തി അംഗസംഖ്യ പന്ത്രണ്ടായി വിപുലീകരിച്ചിട്ടുണ്ട്. ഇപ്പോഴത്തെ പ്രസിഡന്റ് സിസ്റ്റർ പെണ്ണമ്മ സെബാസ്റ്റ്യൻ പുത്തൻപുരയിൽ, നരിയാപുരം, തുമ്പമൺ ആണ്.

**B.S.S.S ഗ്രൂപ്പുകൾ**

നാലാഞ്ചിറ, പട്ടം, നെല്ലിക്കാകുഴി, കുമ്പഴ, ഇലന്തൂർ, പുത്തൻപീടിക, വടശ്ശേരിക്കര, തുമ്പമൺ, കറ്റാനം, തിരുവല്ല, തിരുമൂലപുരം, തിരുവൻവണ്ടൂർ, തലവടി, കല്ലിശ്ശേരി, കല്ലുങ്കൽ, കടമാംകുളം, കരിമ്പനാംകുഴി, റാന്നി, ചെങ്ങരൂർ, വെണ്ണിക്കുളം, വാളക്കുഴി, പ്ലാങ്കമൺ, കളമശ്ശേരി എന്നീ സ്ഥലങ്ങളിലായി 23 ഗ്രൂപ്പുകളിൽ ഇപ്പോൾ അഞ്ഞൂറോളം അംഗങ്ങൾ ബഥനി സന്നദ്ധസേവാ സംഘത്തിൽ പ്രവർത്തിക്കുന്നുണ്ട്.

**പ്രസിദ്ധീകരണങ്ങൾ**

പ്രസ്ഥാനത്തിന്റെ പുരോഗതിക്കും വളർച്ചയ്ക്കും ആണ്ടുതോറും ലഘു ലേഖകൾ പ്രസിദ്ധീകരിക്കുന്നു. ഇതിനകം ഏഴു വാർഷിക ലഘുലേഖകൾ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രസ്ഥാനത്തെപറ്റി സാമാന്യ ജ്ഞാനം കിട്ടുന്നതിന് അവ പര്യാപ്തങ്ങളാണ്. അഭിവന്ദ്യ തിരുമേനിമാരുടേയും മറ്റും ആശംസാ സന്ദേശങ്ങൾ, ഉൽബോധങ്ങൾ, പ്രസ്ഥാനത്തിന്റെ ഉദ്ദേശം, പ്രവർത്തനം ധ്യാനവിവരം, മറ്റു വാർത്തകൾ, കേന്ദ്രകമ്മറ്റി തീരുമാനങ്ങൾ തുടങ്ങിയവയും, പ്രഗത്ഭമതികളായ റവ. ഫാ. ജേക്കബ് ഒ.ഐ.സി., റവ. ഫാ. റവ. ഫാ. സിറിൽ ഒ.ഐ.സി. റവ. ഫാ. ജോൺ ബോസ്കോ ഒ.ഐ.സി., റവ. ഫാ. ഏബ്രഹാം ഒ.ഐ.സി., ഡോ. ലൂയിസ് ഒ.ഐ.സി.,

www.malankaralibrary.com

റവ. ഫാ. ദാനിയേൽ അയ്യനേത്ത് തുടങ്ങിയ ചിന്തകരുടെയും മറ്റു സംഘാംഗങ്ങളു ടെയും അമൂല്യ ലേഖനങ്ങളും ലഘുലേഖയിൽ ചേർത്തിട്ടുണ്ട്. അവ ഈ പ്രസ്ഥാനത്തെപ്പറ്റി കൂടുതലായി അറിയാനും ആദ്ധ്യാത്മിക വിജ്ഞാനം വളർത്താനും പ്രയോജനപ്പെടുന്നു.

**ഉപസംഹാരം**

മാർ ഈവാനിയോസ് തിരുമേനി വിഭാവന ചെയ്തു തുടക്കം കുറിച്ച ബഥനി മൂന്നാം സഭ, "ബഥനി സന്നദ്ധ സേവാ സംഘം" എന്ന പേരിൽ ഇപ്പോൾ മലങ്കരയിലെങ്ങും വ്യാപിച്ചിരിക്കുകയാണ്. മലങ്കരസഭയുടെ ആദ്ധ്യാത്മികോന്നതിക്കും പുനരൈക്യ പ്രസ്ഥാനത്തിന്റെ പുരോഗതിക്കും വേണ്ടി ആ പ്രസ്ഥാനത്തെ പരിരക്ഷിക്കുന്നതിന് നമുക്കു പരിശ്രമിക്കാം. അങ്ങനെ ഈവാനിയോസ് തിരുമേനിയോടുള്ള കടമ നമുക്കു നിറവേറ്റാം. എല്ലാ ഇടവകകളിലും ഈ പ്രസ്ഥാനത്തിന്റെ ശാഖകൾ ഉണ്ടായിക്കാണാൻ ആഗ്രഹിക്കുന്നു. ഇതിൽ അംഗങ്ങളായി യഥാർത്ഥ ക്രിസ്തീയ ജീവിതം നയിച്ച് നമുക്ക് നിത്യാനന്ദ പരമഭാഗ്യത്തിനർഹരായിത്തീരാം. പുണ്യ ശ്ലോകനായ ഈവാനിയോസ് തിരുമേനിയുടെ മാധ്യസ്ഥം അതിനു സഹായകമായിത്തീരട്ടെ! □

> ഗാർഹസ്ഥ്യം പാലിക്കുന്നവർക്ക് നിഷ്കർഷയായി ക്രിസ്തീയ ജീവിതം നയിക്കാൻ സഹായകമായിരിക്കത്തക്കവണ്ണം കുടുംബജീവിതക്കാരായ ആളുകൾക്കുവേണ്ടി ഒരു ത്രിതീയാശ്രമപദം കൂടി രൂപവൽക്കരിക്കണമെന്നു ഞങ്ങൾ ഉദ്ദേശിച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭശ്രമങ്ങൾ ഇപ്പോൾ ചെയ്തുവരികയാണ്. യഥാർത്ഥമായ ദൈവഭക്തിയിൽ കുടുംബജീവിതം നയിക്കണമെന്ന് ആഗ്രഹിക്കുന്ന ഏവർക്കും ത്രിതീയാശ്രമപദത്തിലെ അംഗങ്ങളായി തീരാവുന്നതാണ്. അവർ സന്ന്യാസനിഷ്ഠ പാലിക്കേണ്ട ആവശ്യമില്ല. പരിശുദ്ധമായ കുടുംബജീവിതം നയിക്കണമെന്നേയുള്ളു. അവർ സ്വന്തദേശമോ, വീട്ടുസ്വത്തുക്കളോ ഉപേക്ഷിക്കേണ്ട ആവശ്യമില്ല. പ്രഥമാശ്രമം വകയോ, ദ്വിതീയാശ്രമം വകയോ ആയ മഠങ്ങളിൽ അവർ വന്നു താമസിക്കേണ്ട ആവശ്യമില്ല. അവിടെ താമസിക്കാനായി കുടുംബജീവിതക്കാരെ സ്വീകരിക്കുന്നതുമല്ല. അവരവരുടെ സ്വന്തദേശത്തും കുടുംബത്തിലും ദാമ്പത്യജീവിതത്തിൽ താമസിച്ച് യേശുമിശിഹായോടുള്ള നിഷ്കളങ്ക സ്നേഹത്തെ തങ്ങളുടെ ജീവിതത്തിൽ പൂർണ്ണമാക്കി ചെയ്യുവാൻ തക്കവണ്ണം കാതോലിക സഭാതത്വങ്ങൾക്കനുസരണമായി പരിശുദ്ധമായ കുടുംബജീവിതം നയിക്കണമെന്നുള്ള ചുമതലയാണ് ത്രിതീയാശ്രമപദാംഗങ്ങൾക്കുള്ളത്.
>
> (മാർ ഈവാനിയോസ്, മെത്രാനവർകളുടെ പ്രസംഗം, 1925, പേജ് 4-5)

www.malankaralibrary.com

# പുണ്യസ്മരണയിൽ

**ശ്രീമതി വിജി രാജൻ, വട്ടപ്പാറ**



സ്വർഗ്ഗീയ ഗേഹം പൂകിയൊരു
ദിവ്യാത്മാവാം പുണ്യശ്ലോകൻ
താവളത്തിൽ ഭവനത്തിൽ നിന്നെത്തി
ബഥനിയിലാത്മ ചൈതന്യം പരത്തിയ
സൂര്യതേജസാം ഈ ദിവ്യപ്രഭാവൻ
ബഥനി പിതാമഹൻ പ്രിയ ജോഷ്വാച്ചൻ

സന്ന്യാസജീവിതം സ്വായത്തമാക്കിയ
നിഷ്കളങ്കൻ ത്യാഗിയാം ദൈവദാസൻ
ദൈവഹിതം തന്നെ തൻ ഹിതമാക്കിയ
മാർഗ്ഗ പ്രകാശം പ്രിയ ജോഷ്വാച്ചൻ.

മുനി തുല്യമായ സമതയും പ്രിയതയും
ഏവർക്കുമേകുന്ന താവളത്തിൽ
മനുഷ്യവംശത്തിനും തിരുസഭയ്ക്കാ-
കെയും നിത്യം സമർപ്പിച്ച കർമ്മകാണ്ഡം
കർമ്മയോഗി തൻ സാഫല്യം പൂണ്ടൊരു
പുണ്യപിതാവാം പ്രിയ ജോഷ്വാച്ചൻ

ആത്മമക്കൾക്ക് ആത്മീയ പാഠങ്ങൾ
അവിരാമം ചൊല്ലിയ ധന്യശീലൻ
ആത്മീയ ജീവൽ പ്രകാശം പരത്തിയ
ബോധായനൻ നിത്യ പ്രകാശൻ
ഉന്നത പദവികളെത്ര ലഭിച്ചിട്ടും
വിനയാന്വിതൻ ഭവാൻ പ്രിയ ജോഷ്വാച്ചൻ

ദൈവാശ്രയവും കരുണയും ഭക്തിയും
ചേരുന്ന താവളം തവ ഹൃദയം
അച്ചന്റെ സാന്നിദ്ധ്യമുണ്ടായിടങ്ങളോ
ദൈവാത്ഭുതങ്ങളാൽ ദിവ്യമായ്ത്തീർന്നു
കരുണതൻ പ്രഭയാൽ തൻ നാമം
നിത്യവും സ്മരിച്ചു പ്രാർത്ഥിച്ചിടട്ടെ.

www.malankaralibrary.com



# ഫാ. ജോഷ്വാ ഒ.ഐ.സി. – താവളത്തിൽ കുടുംബത്തിന്റെയും ബഥനി ആശ്രമത്തിന്റെയും മലങ്കര സഭയുടെയും അനുഗ്രഹം

സി. സ്കൊളാസ്റ്റിക്കാ എസ്. ഐ.സി.

പത്തനംതിട്ട താലൂക്കിൽ നരിയാപുരം താവളത്തിൽ കിഴക്കേതിൽ വീട്ടിൽ ശ്രീമാൻ ചാണ്ടിയുടെയും ശ്രീമതി ആച്ചിയമ്മയുടെയും 8 മക്കളിൽ 7–ാമത്തെ കുട്ടിയായി ജോഷ്വാ അച്ചൻ ജനിച്ചു. 3 ആൺകുട്ടികളും 5 പെൺകുട്ടികളും അടങ്ങുന്ന കുടുംബം. മൂത്ത സഹോദരൻ കുടുംബ സമേതം തട്ടയിൽ താമസിച്ചിരുന്നു. അദ്ദേഹം അനാരോഗ്യം മൂലം ചെറുപ്പത്തിൽ തന്നെ മരിച്ചുപോയി. രണ്ടാമത്തെ ജേഷ്ഠൻ എന്റെ പിതാവ് കുടുംബത്തിൽ താമസിച്ചിരുന്നു. സഹോദരിമാർ കുടശ്ശനാട്, ഉളനാട്, (2 പേർ) പൂഴിക്കാട്, കീരുകുഴി എന്നീ സ്ഥലങ്ങളിൽ വിവാഹിതരായി പോയി.

ജോഷ്വാ അച്ചൻ പഠനത്തിൽ വളരെ സമർത്ഥനായിരുന്നതിനാൽ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം തുടർന്നു പഠിപ്പിച്ചു. അവധിക്കാലങ്ങളിൽ എല്ലാവർഷവും ഓർത്തഡോക്സ് സഭയിലെ എം.എ. അച്ചൻ എന്നറിയപ്പെട്ടിരുന്ന പി.റ്റി. ഗീവറുഗീസ് അച്ചൻ മാക്കാംകുന്ന് പള്ളിയിൽ ധ്യാന പ്രസംഗങ്ങൾ നടത്തിയിരുന്നതിൽ സംബന്ധിക്കുവാൻ ഉണ്ണൂണ്ണിച്ചൻ എന്ന് വിളിച്ചിരുന്ന ജോഷ്വാ അച്ചൻ പോകുമായിരുന്നു. പിന്നീട് എം.എ. അച്ചൻ പെരുന്നാട് മുണ്ടൻ മലയിൽ സന്ന്യാസാശ്രമം സ്ഥാപിച്ചപ്പോൾ സന്ന്യാസ ജീവിതത്തോട് താല്പര്യമുണ്ടായിരുന്ന ഉണ്ണൂണ്ണിച്ചൻ മുണ്ടൻമല ആശ്രമത്തിൽ ചേർന്ന് അവിടെ സന്ന്യാസ ജീവിതം തുടങ്ങി. ഈ വേർപാട് സ്വന്തം പിതാവിനും സഹോദരങ്ങൾക്കും വളരെ വേദനാജനകമായിരുന്നു. ആ അവസരത്തിൽ ഞങ്ങളുടെ അപ്പച്ചൻ ജോഷ്വാ അച്ചന് പിന്തുണ നൽകി പ്രോത്സാഹിപ്പിച്ചിരുന്നു.

ആശ്രമസ്ഥനായശേഷം വൈദിക പട്ടം സ്വീകരിച്ചതിനു ശേഷം പോലും സ്വന്തം ഭവനം സന്ദർശിച്ചിരുന്നില്ല. എന്നാൽ പുനരൈക്യത്തിനു ശേഷം 1938–ൽ വീട്ടിൽ വരികയും എല്ലാവരെയും തുമ്പമൺ മാമ്പിലാലി കത്തോലിക്കാ പള്ളിയിൽ ചേർക്കുകയും ചെയ്തു.

1939–ൽ മാതാവും 1942–ൽ പിതാവും കുടുംബത്തിലായിരുന്ന ജ്യേഷ്ഠനും നിര്യാതരായി. ജ്യേഷ്ഠൻ മരിച്ച് 4 ദിവസം കഴിഞ്ഞാണ് ജോഷ്വാ അച്ചൻ വീട്ടിലെത്തിയത്. ഈ അനുഭവം അച്ചനെ വല്ലാതെ വേദനിപ്പിച്ചു. അതുകൊണ്ട് തുടർന്നുള്ള എല്ലാ വർഷങ്ങളിലും വീടു സന്ദർശിച്ചിരുന്നു. വരുന്ന ദിവസം പകൽ സമയം വീട്ടിൽ ചെലവഴിക്കുകയും രാത്രി അത്താഴം കഴിഞ്ഞ് സഹോദര പുത്രനെ കൂട്ടി ഇടവകപ്പള്ളിയിൽ പോയി കിടക്കുകയും

www.malankaralibrary.com

പിറ്റെ ദിവസം രാവിലെ തന്നെ തിരിച്ച് ആശ്രമത്തിലേക്ക് പോകുകയും ചെയ്തിരുന്നു.

വിശ്വസ്തമായി സന്ന്യാസ ജീവിതം നയിച്ചിരുന്ന അച്ചൻ ഒരിക്കലും കുടുംബാംഗങ്ങൾക്ക് സാമ്പത്തിക സഹായം ചെയ്തിരുന്നില്ല. എന്നാൽ കുടുംബത്തിലായിരുന്ന ജേഷ്ഠന്റെ മക്കളെ - അതായത് എന്നെയും സഹോദരങ്ങൾ മൂന്നു പേരെയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്കൂളിൽ (ഈരേഴ, കറ്റാനം എന്നീ സ്ഥലങ്ങളിൽ) വിട്ടു പഠിപ്പിക്കാൻ വേണ്ട സൗകര്യങ്ങൾ ചെയ്തു. Preparatory കഴിഞ്ഞ് എന്നെ തിരുവനന്തപുരം ബഥനി ഹോസ്റ്റലിൽ ഒരാഴ്ച താമസിച്ച് സിസ്റ്റേഴ്സിനെ പരിചയപ്പെടാൻ അവസരമൊരുക്കി. അങ്ങനെ എനിക്ക് സന്ന്യാസ ജീവിതത്തോട് താല്പര്യമുണ്ടാകാൻ ജോഷ്വാ അച്ചൻ സഹായിച്ചു. എന്റെ തുടർന്നുള്ള പഠനം ചെങ്ങന്നൂർ സെന്റ് ആൻസ് സ്കൂളിലും നങ്ങ്യാർ കുളങ്ങര ബി.ബി.എച്ച്.എസിലും നടത്തുന്നതിന് അവസരമൊരുക്കി. അത് സിസ്റ്റേഴ്സിനെ കൂടുതൽ പരിചയപ്പെടുന്നതിനും സന്ന്യാസ ജീവിതത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനും സഹായിച്ചു. ഇക്കാലത്ത് സന്ന്യാസ ജീവിതത്തിലേക്ക് എന്നെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ബ. അച്ചൻ വല്ലപ്പോഴും കത്തുകൾ എഴുതിയിരുന്നു.

മുണ്ടൻ മലയോടു യാത്ര പറഞ്ഞ് വന്ദ്യപിതാവും ആശ്രമസ്ഥരും ഇറങ്ങിയപ്പോൾ ധർമ്മ സങ്കടത്തിലായിരുന്ന ബ. അലക്സിയോസ് അച്ചനെ ആശ്വസിപ്പിക്കാൻ ബ. ജോഷ്വാ അച്ചനെ അഭിവന്ദ്യ പിതാവ് അവിടെ നിർത്തി. പിന്നീട് ജോഷ്വാ അച്ചൻ കത്തോലിക്കാ സഭയിൽ പിതാവിനോടൊപ്പം ചേർന്നു കൊള്ളും എന്ന ഉറപ്പ് ഉണ്ടായിരുന്നതിനാലാണ് അങ്ങനെ ചെയ്തത്.

ബ. അച്ചൻ ഞങ്ങളുടെ നോവിഷ്യറ്റുകാലത്ത് നാലാഞ്ചിറ മഠത്തിലെ സൈഡ് ചാപ്പലിൽ വച്ച് ഞങ്ങൾക്ക് ക്ലാസ്സെടുത്തിട്ടുണ്ട്. ഏലീഷാ പ്രവാചകൻ ഒരു സ്ഥലത്തേക്കു പോയ വഴി കുറെ ബാലന്മാർ അദ്ദേഹത്തെ പരിഹസിച്ച് “കഷണ്ടിത്തലയാ ഓടിക്കോ”എന്ന് പറഞ്ഞ് പരിഹസിച്ചതും പ്രവാചകൻ അവരെ ശപിച്ച കാര്യവും ക്ലാസിൽ വിശദീകരിച്ചത് ഓർക്കുന്നു. കരടികൾ വന്ന് ആ 42 ബാലന്മാരെയും ചിന്തിക്കീറി. സമർപ്പിതർ ദൈവത്തിന് പ്രിയപ്പെട്ട വരാണെന്നും അവരെ പരിഹസിക്കരുതെന്നും ഈ സംഭവം പറഞ്ഞുകൊണ്ട് ഉപദേശിച്ച കാര്യം ഞാൻ ഇപ്പോഴും ഓർക്കുന്നു.

ജീവിതത്തിൽ വേണ്ട തുറന്ന മനോഭാവത്തെപ്പറ്റി ഉപദേശിച്ചതും ഓർക്കുന്നു. അധികാരികളുടെ മുമ്പിൽ സന്ന്യാസിക്ക് തുറന്ന മനസ്സുണ്ടായിരിക്കണമെന്ന് ഉപദേശിച്ചത് ഒരിക്കലും മറക്കുകയില്ല.

സന്ന്യാസത്തിൽ പരിപൂർണ്ണമായി ദൈവത്തിന് സമർപ്പിച്ച് വിശ്വസ്തതയോടെ ജീവിച്ച ബ. ജോഷ്വാ അച്ചൻ കാരണമാണ് ഇന്ന് താവളത്തിൽ കുടുംബാംഗങ്ങൾക്ക് ഉയർച്ചയും അഭിവൃദ്ധിയും ഉണ്ടായിട്ടുള്ളത്. □

www.malankaralibrary.com

# ദൈവാശ്രയത്തോടെ നന്മ പ്രവർത്തിച്ച ഫാ. ജോഷ്വാ ഒ.ഐ.സി.

**സി. ഹാക്കിം എസ്.ഐ.സി.**



"കർത്താവിൽ ആശ്രയിക്കുന്നവനെ സ്നേഹം വലയം ചെയ്യും." (സങ്കീ. 32:10)

ബ. ജോഷ്വാ അച്ചൻ ഞാൻ കണ്ട ആദ്യത്തെ ആശ്രമസ്ഥനാണ്. വിനീതമായ സംസാരം, ശാന്തമായ പെരുമാറ്റ ശൈലി, സന്ന്യാസത്തിന്റെ സത്ത നിറഞ്ഞ രൂപഭാവങ്ങൾ, ഭൂമിയെ നോവിക്കാതെയുള്ള നടത്തം, ദൈവത്തെ വഹിക്കുന്ന ഭവ്യത ഇങ്ങനെയൊക്കെ വാക്കുകളിൽ ഒതുക്കാവുന്നതിനുമപ്പുറമുള്ള ഒരു വ്യക്തിത്വത്തെയാണ് അദ്ദേഹത്തിൽ ഞാൻ കണ്ടത്.

പ്രഭാഷകന്റെ പുസ്തകത്തിൽ പറയുന്ന വാക്കുകൾ ഓർമ്മയിൽ വരുന്നു. ബുദ്ധിമാനെ മുഖം കണ്ടാൽ അറിയാം. വേഷം, ചിരി, നടപ്പ് ഇവ മനുഷ്യന്റെ സത്ത്വം വെളിപ്പെടുത്തുന്നു (പ്രഭാ. 19:20).

ബഥനി ആശ്രമത്തിലെ ആദ്യത്തെ ജനറാൾ ആയിരുന്ന മാർ ഈവാനിയോസ് തിരുമേനിയുമായി ഏറ്റം അടുത്ത ബന്ധമുള്ള ശിഷ്യൻ, പുനഃരൈക്യ നാളുകളിൽ അദ്ദേഹം വൈദികനായിരുന്നു, തീക്ഷ്ണതയുള്ള മിഷനറി, തൃഷ്ണയും ചിട്ടയും ഉത്തരവാദിത്വവുമുള്ള ബഥനി സന്ന്യാസ വൈദികൻ, മിതഭാഷി, യേശുവിനോടുള്ള രഹസ്യ ഭാഷണം സ്വായത്തമാക്കിയ സന്ന്യാസവര്യൻ. തന്റെ ശുശ്രൂഷകൊണ്ട് അനേകരെ പുനഃരൈക്യ പ്രസ്ഥാനത്തിലേക്ക് ആനയിച്ച ഒരു സഭാ സ്നേഹി ആയിരുന്നു ബ. ജോഷ്വാ അച്ചൻ.

എന്റെ അപ്പച്ചൻ, തുമ്പമൺ ചാണ്ടിസാർ, ദൈവനടത്തിപ്പിൽ കണ്ടുപിടിച്ച ഒരു നല്ല ബന്ധുതയാണ് താവളത്തിൽ കിഴക്കേതിനോട് ഞങ്ങൾക്കുള്ളത്. കുടുംബത്തിൽ ബഥനിയിൽ ഒരു വൈദികനുണ്ട് എന്നുള്ളത് അപ്പച്ചൻ ഒരു വലിയ യോഗ്യതയായി കണ്ടു.

ബ. അച്ചന്റെ ജ്യേഷ്ഠന്റെ മകൾ 'ചിന്നമ്മ' എന്റെ മൂത്ത സഹോദരൻ ശമുവേൽ സാറിന്റെ ഭാര്യയായി ദൈവം ക്രമീകരിച്ചു. അന്നു മുതൽ ആ കുടുംബ ബന്ധം വളർന്നു. നാത്തൂന്റെ അനുജത്തി ഒരു ബഥനി സന്ന്യാസിനി, സിസ്റ്റർ സ്കൊളാസ്റ്റിക്ക. നമ്മുടെ ബന്ധത്തിലും ഒരച്ചൻ ഉണ്ടല്ലോ എന്ന് ഒരഭിമാനവും സന്തോഷവും കണ്ടിട്ടുണ്ടെങ്കിലും അധികം പരിചയപ്പെട്ടിട്ടില്ല.

ഞങ്ങൾ മക്കൾ നാലുപേരാണ് രണ്ടു സഹോദരന്മാരും രണ്ട് സഹോദരിമാരും. അച്ചായൻ (മൂത്ത സഹോദരൻ) പഠിച്ച് അധ്യാപകനായപ്പോൾ ആയിരുന്നു വിവാഹം. ഇളയ സഹോദരൻ വി.സി. മാത്യു പിന്നീട് അദ്ധ്യാപക

www.malankaralibrary.com

നായി. ഞങ്ങൾ പെൺമക്കൾ രണ്ടു പേർ. ഞാൻ ബഥനി ബാലികാ മഠത്തിലും കുഞ്ഞമ്മ ആര്യ ഭാരതിയിലും പഠിച്ചു. പത്താം ക്ലാസ്സ് കഴിഞ്ഞപ്പോൾ ഞങ്ങൾ രണ്ടു പേരും ഒന്നിച്ച് ബഥനി മഠം നാലാഞ്ചിറയിൽ ചേർന്നു. അത് ഒരു പ്രത്യേകമായ ദൈവപരിപാലനയാണ്.

1971 ആയപ്പോഴേക്കും ഞാൻ ചെങ്ങന്നൂർ ബഥനി മഠത്തിൽ അംഗമായി നിയോഗിക്കപ്പെട്ടു. ആ വർഷത്തെ ഒരനുഭവം. ഞാൻ ആ മഠത്തിലെ സുപ്പീര്യ റായി തെരഞ്ഞെടുക്കപ്പെട്ടു. ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു ചുമതല. ഒരാശ്വാസത്തിനായി ഞാൻ വിവരം പറഞ്ഞ് ബ. ജോഷ്വാച്ചന് പ്രാർത്ഥനാ സഹായം അപേക്ഷിച്ച് എഴുതി.

ബ. അച്ചൻ അന്ന് പൂനായിൽ ബഥനി സന്ന്യാസികളുടെ പരിശീലന ത്തിലായിരുന്നു. എഴുത്തിന് ബ. അച്ചൻ മറുപടിയും അയച്ചു. നല്ല വടിവൊത്ത കയ്യക്ഷരം. അതിലെ പ്രധാന സന്ദേശം ഇതായിരുന്നു: "ദൈവാശ്രയമൊടു നന്മ പ്രവർത്തിക്ക" ചുരുങ്ങിയ വാക്കുകൾ. അത് അന്ന് മാത്രമല്ല പിന്നെയുള്ള എല്ലാ ചുമതലകളിലും എനിക്ക് ശക്തമായ സന്ദേശമായിരുന്നു. ഇന്നും അങ്ങനെതന്നെ. ഹൃദയത്തിന്റെ കവിച്ചിലിൽ നിന്ന് വായ് സംസാരിക്കുന്നു. എന്നെപ്പോലെ എത്ര പേർക്ക് അദ്ദേഹം മാർഗ്ഗനിർദ്ദേശവും ആശ്വാസ വചനങ്ങളും നൽകിയിട്ടുണ്ടാവും.

എനിക്കും അദ്ദേഹത്തെ നന്ദിയോടെ അനുസ്മരിക്കുന്നതിനും അല്പ മെങ്കിലും രേഖപ്പെടുത്തുന്നതിനും ഭാഗ്യമുണ്ടായിരിക്കുന്നു. അതിന് അവസരം തന്നവരോടുള്ള നന്ദി അറിയിക്കുന്നു.

സ്വർഗ്ഗത്തിൽ നമുക്കൊരു മദ്ധ്യസ്ഥനായി മുന്നേ പോയിരിക്കുന്നു. സ്നേഹവും കാരുണ്യവും കൃപയും നിറഞ്ഞ വന്ദ്യവൈദികൻ. നിത്യാനന്ദ ത്തിൽ വിശ്രമിക്കട്ടെ. ദൈവത്തിനു നന്ദി. □

അവിടുത്തെ ദിവ്യപരിപാലനയ്ക്ക് നിന്നെ ഭരമേല്പിക്കുക. ആളുകളെ എല്ലാം പുറത്താക്കിയശേഷം ഈശോ അകത്തുകടന്ന് ബാലികയുടെ കൈയിൽ സ്പർശിച്ചു. ഉടനെ അവൾ എഴുന്നേറ്റു. (മത്താ 9:25). മനുഷ്യരുടെ ഏകോപിച്ചുള്ള ശക്തികൾക്കുപോലും ഒരു മനുഷ്യനെ ഉയിർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഈശോയുടെ വാക്ക് കബറിൽ നിന്ന് ഏവരെയും ഉയിർപ്പിക്കും. യേശു അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത് പ്രകടനമൊന്നും കൂടാതെയാണ്. ലോകത്തിന്റെ അഭിനന്ദനവും വ്യർത്ഥ സ്തുതിയും നേടാനുള്ള മനുഷ്യന്റെ വ്യഗ്രതയെ ഇത് ലജ്ജിപ്പിക്കുന്നു. നിനക്ക് ലഭിക്കുന്ന ദൈവാനുഗ്രഹങ്ങളെ മനുഷ്യരിൽ നിന്ന് മറച്ചു വയ്ക്കുകയും ദൈവമഹത്വത്തിനായി മാത്രം അവയെ ഉപയോഗി ക്കുകയും ചെയ്ക.

(ഫാ. ജോഷ്വാ, പേജ് 181)

www.malankaralibrary.com

# താപസ ശ്രേഷ്ഠനായ ബഹു. ജോഷാ അച്ചൻ



സി. പൗളാ എസ്.ഐ.സി.

"നിങ്ങളിൽ ഏറ്റവും വലിയവൻ ചെറിയവനെപ്പോലെയും അധികാര മുള്ളവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം." (ലൂക്കോ. 22:26)

കർത്താവിന്റെ ഈ വചനം ജീവിതത്തിൽ അന്വർത്ഥമാക്കി ജീവിച്ച വിനീതനും ലാളിത്യ ജീവിതശൈലിക്ക് ഉടമയുമായിരുന്നു താപസനായ ബഹു. ജോഷാ അച്ചൻ. ആഴമായ ദൈവസ്നേഹവും സഹോദര സ്നേഹവും അച്ചന്റെ കൈമുതലായിരുന്നു. ആർഷഭാരത ചൈതന്യത്താൽ രൂപീകൃതമായ സന്ന്യാസത്തിലേക്കു പ്രവേശിച്ച് അനേകരെ അതിനു വേണ്ടി അദ്ദേഹം ഒരുക്കി പ്രാപ്തരാക്കി. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട പഴയ നിയമത്തിലെ ജോഷ്വായെ പോലെ തിരുസഭയാകുന്ന കാനാനിലേക്ക് തന്റെ സ്വന്തക്കാ രെയും പരിചയക്കാരെയും പ്രവേശിപ്പിക്കുന്നതിന് അച്ചനെ ദൈവം ഉപകര ണമാക്കി. ഫാ. ജോഷ്വാ കൃത്യനിഷ്ഠയും തപോനിഷ്ഠയും ജ്ഞാനവും കൈമുതലാക്കി ജീവിച്ച വ്യക്തിയായിരുന്നു.

ഞാൻ അദ്ദേഹത്തെ പരിചയപ്പെടുന്നത് നാലാഞ്ചിറ മഠത്തിൽ വന്നതിനു ശേഷമാണ്. 1960 ൽ എസ്. എസ്. എൽ. സി. പാസ്സായ ഞാൻ നാലാഞ്ചിറ മഠത്തിൽ അർത്ഥിനിയായി വന്നു. വി. കുർബാനയ്ക്കു ശേഷം വി. കുർബാന ചൊല്ലിയ ബഹു. അച്ചനെ പരിചയപ്പെടുത്തുന്നതിന് ഞങ്ങളെ മദർ ശ്ലോമ്മോ വിസിറ്റേഴ്സ് റൂമിൽ കൊണ്ടു വന്നു. ജോഷ്വാ അച്ചനായിരുന്നു അന്നു വി. കുർബാന അർപ്പിച്ചത്. മദർ എല്ലാവരെയും പരിചയപ്പെടുത്തി. അപ്പോൾ അച്ചൻ പറഞ്ഞു. 'ഇവൾ എന്റെ കുടുംബത്തിലേതാണ്.' അച്ചൻ എന്നോടു ചോദിച്ചു "നിനക്കറിയാമോ നരിയാപുരത്തു നിന്നും ആരെങ്കിലും ആശ്രമ ത്തിൽ പേയിട്ടുണ്ടോ" ഞാൻ പറഞ്ഞു എനിക്കറിയത്തില്ല. പുത്തൻപുരയിൽ ദാനിയേൽ അച്ചനെ മാത്രം അറിയാമായിരുന്ന എനിക്ക് അച്ചൻ ബന്ധമെല്ലാം പറഞ്ഞു തന്നു. "നമ്മുടെ കുടുംബം മുണ്ടയ്ക്കൽ ഇല്ലമാണ് കൊല്ലത്തു നിന്നു വന്നവരാണ്. രാജാക്കന്മാരുടെ കാലത്ത് ഇല്ലക്കാർക്ക് വലിയസ്ഥാനം ഉണ്ടായിരുന്നു അതിന്റെ 7-ാം തലമുറയാണ് ഇപ്പോൾ ഉള്ളത്. താവളത്തിൽ കിഴക്കേതിലും അതിൽപെട്ടതാണ്."

പുത്തൻ പുരയ്ക്കൽ നിന്നും ഏറത്തുമ്പമണ്ണിലുള്ള പെരുവായ്ക്കാട്ടാണ് ഞങ്ങളുടെ കുടുംബം. അവിടുത്തെ മൂന്ന് ആൺമക്കളിൽ മൂത്ത ആളായ

www.malankaralibrary.com

മാത്തൻ ഈപ്പന്റെ മകളാണ് ഞാൻ. രണ്ടാമത്തെ മകനായ ദാനിയേലിന്റെ മകളാണ് സി. ശാലീന. സി. ശാലീനയുടെ സഹോദരന്റെ മകനാണ് അമേരിക്കയിൽ സേവനം അനുഷ്ഠിക്കുന്ന ബഹു. തോമസ് ബാബു അച്ചൻ. പുത്തൻപുരയ്ക്കൽ ദാനിയേൽ അച്ചന്റെ പെങ്ങളുടെ മകനാണ് പരേതനായ ഫാ. തോമസ് ഒ.ഐ.സി. എനിക്ക് ജോഷ്വാ അച്ചനോട് വളരെ ആദരവും സ്നേഹവും ഉണ്ടായിരുന്നു. എല്ലാ ക്രിസ്തുമസിനും അച്ചൻ എനിക്ക് കാർഡും സന്ദേശവും അയച്ചു തരുമായിരുന്നു. നല്ല വടിവൊത്ത കയ്യക്ഷരമുള്ള അച്ചന്റെ കത്ത് കിട്ടുന്നത് എനിക്കു വലിയ സന്തോഷമായിരുന്നു. കിടപ്പിലായപ്പോൾ മറ്റ് അച്ചന്മാരെക്കൊണ്ട് എഴുതിച്ച് കാർഡ് അയയ്ക്കു മായിരുന്നു. എന്റെ മൂത്ത ബ്രദറിന് (കുഞ്ഞുമോൻ) പൂനായിൽ ആവശ്യമായ സഹായങ്ങൾ ജോഷ്വാച്ചൻ ചെയ്തു കൊടുത്തു. 'വലുപ്പ ചെറുപ്പമോ' 'ഉള്ളവനും ഇല്ലാത്തവനു'മെന്ന വ്യത്യാസമോ നോക്കാതെ എല്ലാവരെയും കരുതുകയും സ്നേഹിക്കുകയും സഹായിക്കുകയും ചെയ്ത പിതാവായിരുന്നു ബ.ജോഷ്വാ അച്ചനെന്ന് എന്റെ സഹോദരൻ സാക്ഷ്യപ്പെടുത്തുന്നു.

ബഹു. അച്ചന്റെ ഉദാത്തമായ ജീവിതം എനിയ്ക്കെന്നും പ്രചോദനമാണ്. ആരെയും കാണിക്കാനോ ശ്രദ്ധപിടിച്ചു പറ്റുവാനോ വേണ്ടി അദ്ദേഹം ഒന്നും ചെയ്യാറില്ലായിരുന്നു. ഏല്പിക്കപ്പെട്ട ഉത്തരവാദിത്വങ്ങൾ അതിന്റെ പൂർണ്ണതയിൽ അദ്ദേഹം നിർവഹിച്ചു. സന്ന്യാസത്തിന്റെ തപോനിഷ്ഠയിൽ സ്ഫുടം ചെയ്ത ജീവിതത്തിലൂടെ ദൈവത്തെ സമ്പാദിക്കുന്നതിനും, "നിങ്ങൾ എനിക്ക് സാക്ഷികളാണ്" എന്ന വചനം അന്വർത്ഥമാക്കി നൂറുമേനി ഫലം പുറപ്പെടുവിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. ഉദാത്തമായ ജീവിതത്തിന് പ്രണാമം! □

എല്ലാ കാര്യങ്ങളിലും അനുസരണം നിന്റെ ശുഷ്കാന്തിയെ നിയന്ത്രിക്കട്ടെ. ധനവാനെന്നോ, ദരിദ്രനെന്നോ, പണ്ഡിതനെന്നോ, പാമരനെന്നോ ഉള്ള തരംതിരിവ് കൂടാതെ ഈശോ എല്ലാവർക്കും എല്ലാമായി തീരുന്നു. സുവിശേഷവേലയിൽ ഏർപ്പെട്ടിരിക്കുന്നവർ എല്ലാവരിലും ഈശോയെ മാത്രം ദർശിക്കണം. വല്ല ചാച്ചിലും തോന്നുന്നെങ്കിൽ അത് പാവപ്പെട്ടവന്റെ നേരെ ആയിരിക്കട്ടെ. അവരത്രേ സ്വർഗ്ഗീയ രാജാവിന്റെ അന്തഃപുരവാസികൾ.

(ഫാ. ജോഷ്വാ, പേജ് 143)

www.malankaralibrary.com

## വെളിച്ചമേ നയിച്ചാലും...
## എന്റെ ജീവിതത്തിന്റെ മാർഗ ദീപമായ്...

**സിസ്റ്റർ പാസ്കൽ എസ്.ഐ.സി.**



"അങ്ങെനിക്ക് രക്ഷയുടെ പരിച നൽകി. അവിടുത്തെ വലത്തുകൈ എന്നെ താങ്ങി നിറുത്തി. അവിടുത്തെ വാത്സല്യം എന്നെ വലിയവനാക്കി" (സങ്കീ. 18:35)

1959 ജൂലൈ മാസത്തിലെ ഒരു തിങ്കളാഴ്ച രാവിലെ 9 മണി. ഞാൻ സ്കൂളിൽ പോകാൻ തയ്യാറായി കൂട്ടുകാരെ പ്രതീക്ഷിച്ച് മുറ്റത്ത് നിൽക്കുകയായിരുന്നു. ദൂരെ നിന്ന് നടന്നു വരുന്ന കാഷായ വസ്ത്രധാരിയും കൃശഗാത്രനുമായ വൈദികനെ കണ്ടപ്പോൾ എന്റെ മനസ്സിലൂടെ പല ചിന്തകളും കടന്നുപോയി. പെട്ടെന്ന് ഒരു മിന്നൽ പോലെ, അമ്മ പറഞ്ഞിട്ടുണ്ടായിരുന്ന കാര്യങ്ങൾ എന്റെ ഓർമ്മയിൽ വന്നു. അമ്മയുടെ നേരെ മൂത്ത ആങ്ങള കോട്ടയത്ത് പഠിക്കാൻ പോയപ്പോൾ മാർ ഈവാനിയോസ് പിതാവിന്റെ പ്രബോധനങ്ങളിൽ ആകൃഷ്ടനായി സന്ന്യാസ സഭയിൽ ചേർന്ന് വൈദികനായ വിവരം. ഒട്ടും വൈകാതെ ഓടി അടുക്കളയിലെത്തിയ ഞാൻ അമ്മയുമായി പുറത്തേക്ക് വരുമ്പോഴേക്കും അച്ചൻ വീട്ടുമുറ്റത്ത് എത്തിയിരുന്നു. കുശലാന്വേഷണങ്ങൾക്കൊടുവിൽ സ്കൂളിൽ പോകാനൊരുങ്ങിയ എനിക്ക് അഡ്രസ്സ് തന്ന് കത്തയയ്ക്കണമെന്ന് അച്ചൻ പറഞ്ഞപ്പോൾ എനിക്ക് എന്തെന്നില്ലാത്ത സന്തോഷമുണ്ടായി.

എന്റെ ജീവിതത്തിന്റെ നാഴികക്കല്ലാകാൻ ദൈവം നിശ്ചയിച്ച ആളായതിനാലാകണം അദ്ദേഹത്തിന് കത്തെഴുതണമെന്ന ആഗ്രഹം എന്നിലുണ്ടായത്. ഞാൻ വീട്ടിൽ പറഞ്ഞ് ഒരു ഇൻലൻഡ് വാങ്ങിപ്പിച്ച് വിശേഷങ്ങളെല്ലാം അച്ചനെഴുതി. കത്തെഴുതി പരിചയമില്ലാതിരുന്ന എന്നെ അതിനു സഹായിച്ചത് എന്റെ പ്രിയപ്പെട്ട ഗുരുനാഥനായിരുന്നു. അയച്ച കത്തിന് മറുപടി കിട്ടിയപ്പോൾ ഞാനനുഭവിച്ച സന്തോഷം അനിർവചനീയമായിരുന്നു. തുടർന്ന് പല തവണ ഞാനച്ചന് കത്തുകളയച്ചു. പ്രചോദനാത്മകവും പ്രസാദാത്മകവുമായ മറുപടികൾ എന്നെ ദൈവവിളിയിലേക്ക് കൂടുതൽ അടുപ്പിച്ചുവെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അങ്ങനെ പന്തളം എൻ.എസ്.എസ്.എച്ച്.എസിൽ നിന്നും എട്ടാം ക്ലാസ്സ് പാസായപ്പോൾ അച്ചന്റെ നിർദ്ദേശപ്രകാരം മാതാപിതാക്കൾ എന്നെ ചെങ്ങന്നൂർ സെന്റ് ആൻസ് ഗേൾസ് ഹൈസ്കൂളിൽ പഠിക്കാനയച്ചു. ദൈവോന്മുഖമായ എന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു അവിടുത്തെ പഠനം.

www.malankaralibrary.com

ചെറുപ്പം മുതലേ ദൈവത്തിനു വേണ്ടി ജീവിക്കണം എന്നൊരു ചിന്ത എന്നിലുണ്ടായിരുന്നു. എന്റെ ഒരമ്മാവന്റെ മകൾ (സി.സൊളാസ്റ്റിക്കാ) കന്യാസ്ത്രീമഠത്തിൽ ചേർന്ന് സിസ്റ്ററായിട്ടുണ്ട് എന്ന് ഞാൻ കേട്ടിരുന്നു. കൂടാതെ സെന്റ് ആൻസിലെ സിസ്റ്റേഴ്സിന്റെ ജീവിത മാതൃകയും എന്നെ ഈ ജീവിതത്തിലേക്ക് കൂടുതൽ അടുപ്പിച്ചു. 1963-ൽ എസ് എസ് എൽ സി പാസായപ്പോൾ തന്നെ ഞാനെന്റെ ദൈവവിളിയെക്കുറിച്ചുള്ള തീരുമാനം എടുത്തു കഴിഞ്ഞിരുന്നു. എന്നാൽ മാതാപിതാക്കൾ എന്റെ ഭാവിയെക്കുറിച്ച് നിറമുള്ള മറ്റൊരു സ്വപ്നമാണ് നെയ്തെടുത്തത്. അതുകൊണ്ടു തന്നെ എന്റെ ആഗ്രഹത്തെ അവർക്കു മുമ്പിൽ അവതരിപ്പിക്കാൻ എനിക്ക് ഭയമായിരുന്നു. മറ്റൊരു പോംവഴിയുമില്ലാതിരുന്ന എന്റെ ഏക ആശ്രയം ജോഷ്വാ അച്ചൻ മാത്രമായിരുന്നു. ഞാനദ്ദേഹത്തെ എന്റെ ഇംഗിതമറിയിച്ചു. സാന്ത്വന പൂർണ്ണ മായ മറുപടിയാണ് എനിക്ക് ലഭിച്ചത്. ഈ ലോക ജീവിതത്തിൽ ദൈവ സമ്പാദനമാണ് ഏറ്റം ശ്രേഷ്ഠമെന്നും അതിനായി ആഗ്രഹിക്കുന്നുവെങ്കിൽ വഴി തെളിയുമെന്നും അദ്ദേഹം എനിക്കെഴുതി.

വീട്ടിലാകെ കോളിളക്കമായി. എല്ലാവരും എനിക്കെതിരായിരുന്നു. ആ സമയത്ത് ദൈവദൂതനെപ്പോലെ ഒരാൾ മാത്രം എന്നെ അനുകൂലിച്ചു പറഞ്ഞു. ദൈവിക വേലക്കായി ആഗ്രഹിക്കുന്ന കുഞ്ഞിനെ വിലക്കിയാൽ അത് കുടുംബത്തിന്റെ അനുഗ്രഹങ്ങൾക്ക് തടസ്സമാകുമെന്ന് അദ്ദേഹം പറഞ്ഞു. അതോടെ അപ്പനും അമ്മയും കുടുംബാംഗങ്ങളും തണുത്തു. എന്നാൽ വീട്ടിൽ നിന്നും ആരും എന്നെ മഠത്തിൽ കൊണ്ടു പോയി വിടില്ല എന്നതായിരുന്നു അപ്പന്റെ നിലപാട്. അപ്പോഴും എന്റെ ഹൃദയത്തിൽ തെളിഞ്ഞു വന്നത് ജോഷ്വാ അച്ചന്റെ ദീപ്തമായ രൂപം മാത്രം.

ഞാനുടനെ തന്നെ അച്ചന് കത്തെഴുതി. മഠത്തിൽ ചേരാൻ ഞാൻ തീരുമാനിച്ചു എന്നും വീട്ടിൽ നിന്നും ആരും കൊണ്ടുവിടില്ല എന്നും പറഞ്ഞു. ഉടൻതന്നെ അച്ചന്റെ മറുപടി എനിക്കു കിട്ടി. 1963 ജൂണിലെ ആദ്യവാരം തിരുവല്ല ആശ്രമത്തിൽ പോയി തിരിച്ചു വരും വഴി വീട്ടിൽ വന്ന് എന്നെ കൂട്ടിക്കൊണ്ടു പോകാമെന്നും ആവശ്യമുള്ള സാധനങ്ങളെല്ലാം വാങ്ങി തയ്യാറായിരിക്കണമെന്നുമായിരുന്നു മറുപടി. ഈ വിവരം വീട്ടിലറിഞ്ഞ നിമിഷം മുതൽ അവിടെ ശ്മശാന മൂകത തളംകെട്ടി നിന്നു. പരിഭവങ്ങളാൽ പരിക്ഷീണിതനായ എന്റെ പിതാവ് തലേന്നുമുതൽ കിടപ്പായി. അമ്മയുടെ കണ്ണുനീരും സഹോദരങ്ങളുടെയും ബന്ധുക്കളുടെയും അയൽവാസികളു ടെയും പരിദേവനങ്ങളും ക്രിസ്തുവിന്റെ മണവാട്ടിയാകുകയെന്ന എന്റെ തീരുമാനത്തെ ചാഞ്ചല്യപ്പെടുത്താൻ പര്യാപ്തമായിരുന്നില്ല. ജൂൺ 11-ന് രാവിലെ 8 മണിക്കു തന്നെ അച്ചൻ വീട്ടിലെത്തി. എല്ലാവരേയും സാന്ത്വനിപ്പിച്ച് പ്രാർത്ഥിച്ച് എന്നെയും കൂട്ടി നാലാഞ്ചിറ മഠത്തിലേക്ക് പോകാൻ തയ്യാറായി.

www.malankaralibrary.com

ശോകമൂകമായ അന്തരീക്ഷത്തിൽ അമ്മയുടെ പൊട്ടിക്കരച്ചിലും പിതാവി ന്റെയും സഹോദരങ്ങളുടെയും ഹൃദയവേദനകളും എല്ലാം എന്റെ കൊച്ചു ഹൃദയത്തിൽ ഏറ്റുവാങ്ങി ഞാനെന്റെ വീടിനോട് മൂകമായ ഭാഷയിൽ യാത്രാ മൊഴി ചൊല്ലി. ഒരു കൊച്ചു ട്രങ്ക്പെട്ടിയും തൂക്കി അച്ചന്റെ പിന്നാലെ ജനിച്ചു വളർന്ന ഭവനത്തിന്റെ പടികളിറങ്ങി.

അസ്വസ്ഥമായ മനസ്സിനെ പ്രാർത്ഥനകളാൽ ദീപ്തമാക്കി വഴിയോര കാഴ്ചകളിൽ ആനന്ദിച്ച് ഞാനെന്റെ ദീർഘദൂര ജീവിതയാത്ര ആരംഭിച്ചു. ഏകദേശം പന്ത്രണ്ടരയോടെ ഞങ്ങൾ നാലാഞ്ചിറയിലെത്തി. അവിടെ നിന്നും 15 മിനിട്ടോളം അച്ചന്റെ കുടക്കീഴിൽ ആ തണലിൽ നടന്ന് മഠത്തിന്റെ വാതിൽക്കലെത്തി അച്ചൻ മണിയടിച്ചു. മദർ ശ്ലോമ്മോ ആയിരുന്നു അന്നത്തെ മദർ പ്രൊവിഷ്യൽ. പ്രൊവിൻഷ്യൽ മദറും മദർ സൾഗായും മറ്റു സിസ്റ്റേഴ്സും വന്ന് എന്നെ സ്വീകരിച്ചു. “ഞാൻ പറഞ്ഞ കുട്ടിയാണിത്. ഇവളെ ഞാൻ നിങ്ങളെ ഏൽപ്പിക്കുന്നു. ദൈവഹിത പ്രകാരം ഇവളെ നിങ്ങൾ നയിക്കുക” എന്ന് മദർ പ്രൊവിൻഷ്യലിനോട് പറഞ്ഞ് എന്നെ അവരെ ഏൽപ്പിച്ച് അച്ചൻ നാലാഞ്ചിറ ആശ്രമത്തിലേക്ക് പോയി.

ഒരു ഓർത്തഡോക്സ് കുടുംബത്തിൽ ജനിച്ചു വളർന്ന ആളായതിനാൽ പിറ്റേന്നു തന്നെ എന്നെ കത്തോലിക്കാ സഭയിലേക്ക് ചേർത്തു. ബഹുമാന്യ നായ റഫായേൽ ഒ.ഐ.സി. അച്ചനായിരുന്നു അതിന് കാർമ്മികത്വം വഹിച്ചത്. അങ്ങനെ നാലാഞ്ചിറ ആശ്രമ പള്ളി എന്റെ ഇടവക പള്ളിയായി. തുടർന്ന് ആദ്യ കുർബാന സ്വീകരണത്തിനുള്ള ഒരുക്കമായിരുന്നു. സെന്റ് ആൻസിൽ പഠിച്ചു കൊണ്ടിരുന്നപ്പോൾ തന്നെ മറ്റുള്ളവർ വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ എനിക്കതിനു കഴിയുന്നില്ലല്ലോ എന്ന സങ്കടമുണ്ടായി രുന്നു. സി.എമറായുടെ ചിട്ടയായ പരിശീലനത്തിൽ ഒരുങ്ങിയെത്തിയ ഞാൻ ജൂൺ 14ന് എന്റെ ഈശോയുടെ തിരു ശരീരരക്തങ്ങൾ ആദ്യമായി എന്റെ അധരങ്ങളിൽ സ്വീകരിച്ചു. എന്റെ എളിയ ജീവിതത്തിലെ ഒരിക്കലും മറക്കാത്ത അനുഭവമായി, ആനന്ദമായി അത് മാറി. ഈ സന്തോഷങ്ങൾ പങ്കുവയ്ക്കാൻ സന്ന്യാസാർത്ഥികളായി എന്നോടൊപ്പമുണ്ടായിരുന്ന സിസ്റ്റർ ബനീറ്റ, സി. തബീത്ത, സി. ശൈനോ, പിന്നെ എന്റെ സതീർത്ഥ കൂടിയായി രുന്ന സി.ഫ്ളോറ എന്നിവരെ ഏറെ സ്നേഹത്തോടെ ഞാനിവിടെ ഓർ ക്കുന്നു. കൂട്ടുകാരെല്ലാവരും ഇപ്പോഴും ആരോഗ്യത്തോടെ ഇരിക്കുന്നു എന്നതിന് ദൈവത്തിന് സ്തോത്രം.

നാല് ദിവസങ്ങൾക്കുശേഷം ബഹുമാനപ്പെട്ട ജോഷ്വാ അച്ചൻ എന്നെ കാണാൻ മഠത്തിൽ വന്നു. വീട്ടിൽ നിന്നും മാറി നിൽക്കുന്നതിന്റെ വിഷമ മെല്ലാം പതിയെ പതിയെ മാറിക്കൊള്ളുമെന്ന് ആശ്വസിപ്പിച്ചു. പിതൃതുല്യമായ ആ വാക്കുകൾ എനിക്ക് കൂടുതൽ ആത്മീയ വെളിച്ചമാണ് നൽകിയിരുന്നത്.

www.malankaralibrary.com

മഠത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുവാൻ വരുമ്പോഴെല്ലാം സന്ന്യാസ ജീവിതത്തിന്റെ പ്രാധാന്യത്തെയും പരിത്യാഗത്തിന്റെ ആവശ്യകതയെയും കുറിച്ച് പറഞ്ഞു തന്നിരുന്നത് എന്നെ ദൈവവിളിയിൽ കൂടുതൽ ആഴപ്പെടുത്താനായിരുന്നുവെന്ന് പിൽക്കാലത്തെനിക്ക് മനസ്സിലായി. പോസ്റ്റുലൻസി, നോവിഷ്യേറ്റ് കാലഘട്ടങ്ങളിൽ അച്ചൻ അയച്ചിരുന്ന കത്തുകൾ എനിക്ക് നൽകിയിരുന്ന ഉണർവുകൾ എന്റെ സന്ന്യാസ ജീവിതത്തിന്റെ പ്രചോദക ശക്തികളായിരുന്നു.

തീവ്ര പരിശീലനങ്ങൾക്കും പരിത്യാഗങ്ങൾക്കുമൊടുവിൽ എന്നെ പൂർണമായും ദൈവ പിതാവിന് സമർപ്പിച്ച് ഈശോയുടെ നിർമ്മല മണവാട്ടിയായി വ്രതവാഗ്ദാനമെടുത്തത് 1966 മെയ് മൂന്നാം തീയതി യായിരുന്നു. ഈ അനുപമ നിമിഷത്തിൽ അടുത്തുണ്ടാകണമെന്ന് ഞാനേറെ ആഗ്രഹിച്ച ജോഷ്വാ അച്ചൻ അന്ന് പൂനയിലായിരുന്നു. അച്ചന് എത്തിപ്പെടാൻ കഴിയില്ല എന്ന് തന്നെയായിരുന്നു എല്ലാവരും കരുതിയിരുന്നത്. എന്നാൽ അവിടെയും ദൈവകൃപയുടെ അനന്തസ്നേഹം എനിക്ക് അനുഭവിക്കാൻ കഴിഞ്ഞു. ഏറെ ത്യാഗം സഹിച്ചു തന്നെ അച്ചൻ ആ അനുഗ്രഹീത നിമിഷത്തിൽ ഞങ്ങളോടൊപ്പം വന്നു ചേർന്നു. അതിനുശേഷം ഞാൻ പഠിക്കാൻ പോയപ്പോഴും എന്റെ വിവിധങ്ങളായ പ്രവർത്തന മേഖലകളിലും എനിക്ക് വഴി വിളക്കായി ശോഭിച്ചത് അച്ചൻ കത്തുകളിലൂടെ ഇടക്കിടെ നൽകിയിരുന്ന ആത്മീയ ഉപദേശങ്ങളാണ്. അച്ചന്റെ ത്യാഗപൂർണ്ണമായ ജീവിതവും നിസ്വാർത്ഥ സ്നേഹവും ദൈവത്തോടും സമൂഹത്തോടുമുള്ള വിശ്വസ്തതയും എല്ലാമെനിക്ക് എന്നും മാർഗ്ഗദീപമാണ്.

1983 ഏപ്രിൽ 2-ാം തീയതിയിലെ ആ ദുഃഖ വെള്ളിയാഴ്ച ഇഹലോക ജീവിതത്തിന് പൂർണ്ണ വിരാമമിട്ട് സ്വർഗ്ഗീയ പിതാവിന്റെ സവിധത്തിലായിരിക്കുന്ന ആ പുണ്യാത്മാവ് എനിക്കു വേണ്ടി മദ്ധ്യസ്ഥം വഹിച്ചു പ്രാർത്ഥിച്ചു കൊണ്ട് എന്നെ ഇന്നും ആത്മാവിൽ നയിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. □

ഓ, സ്നേഹത്തിന്റെ ദൈവമേ! ഇന്നുമുതൽ അവിടുന്നായിരിക്കും എന്റെ രാഗമോഹങ്ങളുടെ എല്ലാം നായകൻ. ഈ പാവപ്പെട്ട അഗതിയിൽ നിന്ന് അവിടുന്ന് മുഖം തിരിച്ചു കളയരുതേ. അങ്ങയെ ദർശിക്കുന്നതിനായി എനിക്കു തന്നെ ഞാൻ മരിക്കട്ടെ.

(ഫാ. ജോഷ്വാ, പേജ് 134)

www.malankaralibrary.com

# ബഥനിയുടെ ജ്യോതിസ്സായിരുന്ന ജോഷ്വാ അച്ചൻ സ്നേഹത്തിന്റെ പ്രതീകം-ഒരനുസ്മരണം



**ചെറിയാൻകുഞ്ഞ്, പെരുപായ്ക്കാട്ട്**

മലങ്കര കത്തോലിക്കാ സഭയിലെ ബഥനി ആശ്രമത്തിന്റെ ആദ്യകാല സാരഥികളിലൊരാളായിരുന്ന ബ. താവളത്തിൽ തെക്കേതിൽ ജോഷ്വാ അച്ചൻ ഇന്നു നമ്മോടൊപ്പം ഇല്ല. എങ്കിലും അദ്ദേഹത്തിന്റെ ഓർമ്മ ഇന്നും നമ്മുടെ ഹൃദയങ്ങളിൽ മായാതെ നിൽക്കുന്നു. അച്ചന്റെ 78 വർഷത്തെ ഈ ലോക ജീവിതത്തിൽ അര നൂറ്റാണ്ടിലേറെ ഒരു നല്ല സന്ന്യാസ പുരോഹിതനായി നിസ്വാർത്ഥ സേവനം ചെയ്തു എന്നത് ബഥനി സന്ന്യാസ സമൂഹത്തിന് വലിയ അഭിമാന വിഷയമാണ്. അനുകരണാർഹമായ ഒരു വ്യക്തിത്വം അദ്ദേഹ ത്തിന് ഉണ്ടായിരുന്നുവെന്നത് ബ. ജോഷ്വാ അച്ചനുമായി ഇടപഴകിയിരുന്ന എല്ലാവർക്കും ബോധ്യമായിട്ടുള്ള ഒരു കാര്യമാണ്. അദ്ദേഹത്തിന്റെ ദൈവ സ്നേഹവും മനുഷ്യസ്നേഹവും നേരിട്ടറിയുന്നതിന് അവസരം ലഭിച്ച ഒരാളാണ് ഞാൻ. ദിവംഗതനായ ജോഷ്വാ അച്ചനേപറ്റി അദ്ദേഹത്തിന്റെ കുടുംബക്കാരുടെയെല്ലാം ആഗ്രഹപ്രകാരം ഒരു പുസ്തകം പ്രസിദ്ധീകരി ക്കുന്നുവെന്ന് എന്റെ സഹോദരിയായ ബഥനി മഠത്തിലെ സി. പൗളാ അറിയിച്ചപ്പോൾ അതിൽ പങ്കാളിയായി അച്ചനേക്കുറിച്ചുള്ള എന്റെ അനുഭവം പങ്കുവയ്ക്കാമെന്നു ഞാനും വിചാരിച്ചു. ഒപ്പം ബഥനി നവജീവൻ പ്രോവിൻ സിന്റെ ഫസ്റ്റ് കൗൺസിലറും ജോഷ്വാ അച്ചന്റെ സഹോദരിയുടെ കൊച്ചു മകനുമായ റവ. ഡോ. ജയിംസ് പുതുപ്പറമ്പിലിന്റെ പ്രോത്സാഹനവുമുണ്ടായി.

ആദ്യമായി, ജോഷ്വാ അച്ചനുമായി എനിക്കുള്ള കുടുംബ ബന്ധവും ഞാൻ എങ്ങനെ അച്ചന്റെ വാത്സല്യത്തിനർഹനായി എന്ന കാര്യവും പങ്കു വയ്ക്കട്ടെ.

**കുടുംബപരമായ ബന്ധം**

ഞാൻ തുമ്പമൺ വടക്കേക്കരയുള്ള പെരുപായ്ക്കാട്ടു കുടുംബത്തിലെ ഈപ്പൻ മാത്തച്ചന്റെ (പാപ്പിച്ചൻ) രണ്ടാമത്തെ മകൻ തമ്പിക്കുട്ടി എന്നു വിളിക്കുന്ന ചെറിയാൻ കുഞ്ഞ് ആണ്. ജോലിയിൽ നിന്ന് വിരമിച്ചശേഷം ഇപ്പോൾ എറണാകുളത്തു താമസിക്കുന്നു. ജോഷ്വാ അച്ചന്റെ കുടുംബവും എന്റെ കുടുംബവും നരിയാപുരത്ത് വളരെ പ്രസിദ്ധമായ മുണ്ടയ്ക്കൽ ഇല്ലം എന്ന മൂല കുടുംബത്തിൽപെട്ടതാണ്. മൂല കുടുംബത്തിൽ നിന്ന് തലമുറകൾ പിന്നിടുമ്പോൾ പല ശാഖകളായി പല സ്ഥലങ്ങളിലായി പിരിയുന്ന പ്രക്രിയ യിൽ ഏതാണ്ട് രണ്ടു തലമുറയ്ക്കു മുമ്പ് പുത്തൻപുരയിൽ കുടുംബവും

www.malankaralibrary.com

താവളത്തിൽ കുടുംബവും രൂപപ്പെട്ടു. അതിൽ പുത്തൻപുരയിൽ കുടുംബത്തിൽ നിന്നും വീണ്ടും എന്റെ കുടുംബമായ പെരുപായ്ക്കാട്ടു കുടുംബവും ജോഷ്വ അച്ചന്റെ കുടുംബമായ താവളത്തിൽ തെക്കേതിൽ കുടുംബവും യാഥാർത്ഥ്യമായി. ഇതാണ് ഞാനും അച്ചനുമായുള്ള കുടുംബബന്ധം.

**ആദ്യകാല പരിചയവും പ്രചോദനവും**

ഞാൻ ജോഷ്വാ അച്ചനുമായി കൂടുതൽ പരിചയപ്പെടുന്നത് 1967-69 കാലഘട്ടത്തിലാണ്. അച്ചൻ അന്ന് തിരുവനന്തപുരത്ത് ബഥനി ആശ്രമത്തിൽ സുപ്പീരിയറായിരുന്നു. ഞാൻ പന്തളം എൻ. എസ്. എസ്. കോളേജിലെ ബി. എ. പഠനത്തിനു ശേഷം എം. എ. യ്ക്ക് തിരുവനന്തപുരം യൂണിവേഴ്സിറ്റി സെന്ററിൽ പഠിക്കുകയായിരുന്നു. എന്റെ മൂത്ത സഹോദരിയും തിരുവനന്തപുരം ബഥനി മഠത്തിലെ അംഗവുമായിരുന്ന സി. പൗളാ വഴിയാണ് ഞാൻ അച്ചനെ കാണുവാനും പരിചയപ്പെടാനുമിടയായത്. ആ രണ്ടു വർഷത്തെ പരിചയവും ആശ്രമ സന്ദർശനങ്ങളും വഴി ഉരുത്തിരിഞ്ഞ ഒരു ആത്മബന്ധം എനിക്ക് ജീവിതത്തിൽ വളരെ വിലപ്പെട്ടതായി മാറി. എല്ലാ ദിവസവും രാവിലെ വി. കുർബാന കാണുക എന്ന ശീലം എന്റെ ആത്മീയ ഗുരുവായിരുന്ന ജോഷ്വാ അച്ചനിൽ നിന്നും കിട്ടിയ അനേകം നല്ല ശീലങ്ങളിൽ ഒന്നാണ്. അതുപോലെ തന്നെ ഒരു യഥാർത്ഥ ക്രിസ്തു ശിഷ്യനും ധ്യാന ഗുരുവുമായിരുന്ന ജോഷ്വാ അച്ചന്റെ പല ഉപദേശങ്ങളും, പ്രാർത്ഥനയും ആശംസാനുഗ്രഹങ്ങളും അന്ന് കേവലം 22 വയസ്സുണ്ടായിരുന്ന എനിക്ക് വിശ്വാസ ജീവിതത്തിൽ ഉറച്ചു നിൽക്കുവാൻ പ്രചോദനവും അതുവഴി പിൽക്കാലത്ത് വളരെയധികം ദൈവാനുഗ്രഹമുണ്ടാകുന്നതിനും സഹായമായി.

**അനുഗ്രഹാശംസകളും സഫലീകരണവും**

എന്റെ പഠനത്തേക്കുറിച്ചും താമസത്തേപ്പറ്റിയുമൊക്കെ എപ്പോഴും അന്വേഷിക്കുമായിരുന്ന അച്ചൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞ് എന്നെ അനുഗ്രഹിക്കുകയുണ്ടായി. "നീ യൂണിവേഴ്സിറ്റിയിലെ എം.എ. പഠനത്തിൽ നല്ല നിലയിൽ പാസ്സാകും, നിനക്ക് ഏറ്റവും നല്ല നിലയിലുള്ള ജോലിയും കിട്ടും." അച്ചന്റെ ഈ ആശംസകളും അനുഗ്രഹവും ഒരു പ്രവചനമായിരുന്നു. എന്റെ ജീവിതത്തിൽ താമസിയാതെ അത് സഫലമായി എന്നു ഞാൻ സാക്ഷ്യപ്പെടുത്താനാഗ്രഹിക്കുന്നു. 1969 ലെ എം.എ. (ഇക്കണോമിക്സ്) പരീക്ഷയ്ക്ക് സംസ്ഥാനമൊട്ടാകെ 4 ഫസ്റ്റ് ക്ലാസ്സുകൾ ഉണ്ടായിരുന്നതിൽ ഒന്ന് എനിക്കായിരുന്നു. പാസ്സായ ഉടനെതന്നെ കോതമംഗലം അത്തനാസ്സിയസ്സ് കോളേജിൽ സീനിയർ ലക്ചററായി ജോലിയും ലഭിച്ചു. ഒരു വർഷത്തിനു ശേഷം ഇന്ത്യാ ഗവൺമെന്റിനു കീഴിലുള്ള സ്പൈസസ് ബോർഡിൽ ഓഫീസറായി നിയമനം ലഭിച്ചു. ജോഷ്വാ അച്ചന്റെ ആത്മാർത്ഥമായ ആശംസയുടെ ശക്തി അവിടം കൊണ്ടവസാനിച്ചില്ല. പെട്ടെന്നു തന്നെ ഉദ്യോഗ കയറ്റവും ലഭിച്ചു. പിന്നീട് യൂറോപ്പ്, അമേരിക്ക, ജപ്പാൻ ഉൾപ്പെടെ

www.malankaralibrary.com

പല ലോകരാജ്യങ്ങളിലും ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി പല പ്രാവശ്യം പോകുന്നതിന് സാധിച്ചു. വീണ്ടും ഞാൻ സാക്ഷ്യപ്പെടുത്തുന്നു; അച്ചന്റെ ജീവിതകാലത്തു തന്നെ (1983 നു മുമ്പ്) സഫലീകരിച്ച കാര്യങ്ങ ളാണ് മുകളിൽ പറഞ്ഞവ. എന്നാൽ അച്ചന്റെ മരണശേഷം കിട്ടിയ അനുഗ്രഹങ്ങൾ ഇതിലേറെയാണ്: പ്രത്യേകിച്ച് ആത്മീയമായ അവസരങ്ങൾ.

**വിശുദ്ധസ്ഥല സന്ദർശനവും യഹൂദറബ്ബിയുമായുള്ള കൂടി കാഴ്ചയും**

1992-ൽ ഒദ്യോഗിക കാര്യങ്ങൾക്കായി ഒരാഴ്ചത്തേക്ക് റോമിൽ പോയിരുന്നപ്പോൾ വത്തിക്കാനിൽ സെന്റ് പീറ്റേഴ്സ് ബസ്സലിക്കയുടെ തൊട്ടടുത്ത് താമസിക്കുവാനും മരണാനന്തരം, പിന്നീട് വിശുദ്ധനാക്കപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയെ ഒരു മീറ്റിംഗിൽ നേരിൽ കാണുവാനും സാധിച്ചത് ജോഷാച്ചന്റെ മരണ ശേഷമാണ്. വീണ്ടും 1996-ൽ വിശുദ്ധനാടായ ഇസ്രായേലിൽ ഒദ്യോഗികമായ ആവശ്യത്തിന് പോകുവാൻ സാധിച്ചു. സുഗന്ധവ്യഞ്ജനങ്ങളുടെ (സ്പൈസസ്) കയറ്റുമതിയുമായി ബന്ധപ്പെട്ട് യഹൂദരുടെ പ്രത്യേക മതാചാരങ്ങളുടെ ഭാഗമായി ജറുസലേമിൽ ഒരു യഹൂദ പുരോഹിതന്റെ (റബ്ബി) വീട്ടിൽ വച്ച് മീറ്റിംഗ് നടത്തുവാനുള്ള അസുലഭ അവസരവും എനിക്കു ലഭിച്ചപ്പോൾ എന്റെ ആത്മീയ ഗുരുവായിരുന്ന ജോഷാ അച്ചന്റെ ഉൾക്കാഴ്ചയോടെയുള്ള, പ്രവചന രപേണയുള്ള അന്നത്തെ അനുഗ്രഹത്തെ ഞാൻ നന്ദിയോടെ ഓർത്തു.

**ദൈവസ്നേഹിയും മനുഷ്യസ്നേഹിയും**

ബ. ജോഷാ അച്ചനിൽ ഞാൻ കണ്ട അനേകം ഗുണങ്ങളിൽ എടുത്തു പറയേണ്ടവയാണ് അദ്ദേഹത്തിന്റെ ദൈവ സ്നേഹവും മനുഷ്യസ്നേഹവും. പാവപ്പെട്ട വ്യക്തികളേയും കുടുംബങ്ങളേയും തന്നാൽ കഴിയുന്ന വിധം സഹായിക്കുക, അവരെ കർത്താവിന്റെ വഴിയിൽ കൂടി പോകുവാൻ പഠിപ്പിക്കുക, തന്റെ ആത്മാർത്ഥമായ പ്രാർത്ഥന വഴി അവരുടെ ആത്മീയവും ഭൗതീകവുമായ ആവശ്യങ്ങൾ നിറവേറപ്പെടുക... അങ്ങനെ എല്ലാ വിധത്തിലും ഒരു ധന്യജീവിതമായിരുന്നു അച്ചന്റേത്.

ഈ സന്ദർഭത്തിൽ ഇപ്പോൾ പൂനയിൽ താമസിക്കുന്ന എന്റെ ജ്യേഷ്ഠ സഹോദരൻ ജോഷാ അച്ചനേക്കുറിച്ച് പങ്കു വച്ച അനുഭവവും അനുസ്മര ണവും കൂടി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ സഹോദരൻ കുഞ്ഞുമോൻ എന്നു വിളിക്കുന്ന മാത്യൂസിന്റെ വാക്കുകളിൽ "ദൈവം ആഗ്രഹിക്കുന്ന രീതിയിൽ സ്വന്തം ജീവിതത്തെ പാകപ്പെടുത്തുന്നതിൽ ഏറെ വിജയം കണ്ട ഒരു യഥാർത്ഥ മനുഷ്യനും ദൈവ സ്നേഹിയുമായിരുന്നു ഞാനറിഞ്ഞ ബ. ജോഷാ അച്ചൻ. സ്വയം തെരഞ്ഞെടുത്ത സന്ന്യാസ പുരോ ഹിത ജീവിത ദൗത്യത്തിനൊപ്പം പാവപ്പെട്ടവരേയും സഹായം ആവശ്യമുള്ള വരേയും, വിശപ്പടക്കാൻ നിവൃത്തി ഇല്ലാത്തവരേയുമൊക്കെ തന്റെ കഴിവനു സരിച്ച് സഹായിച്ചു കൊണ്ട് ജീവിച്ച വന്ദ്യപുരോഹിതനായിരുന്നു അദ്ദേഹം.

www.malankaralibrary.com

ഞാൻ എസ് എസ് എൽ സി. പാസ്സായപ്പോൾ തിരുവനന്തപുരത്ത് ബഥനി ആശ്രമത്തിന്റെ സുപ്പീരിയർ ജനറലായിരുന്ന ജോഷ്വാച്ചനെ 1963-ൽ ചെന്നു കണ്ടപ്പോൾ നീ പൂനായിൽ പോയി ഒരു ജോലി കണ്ടെത്തുവാൻ ഉപദേശിച്ച് അനുഗ്രഹിച്ചുകൊണ്ട് പൂനാ ബഥനി ആശ്രമത്തിലെ സുപ്പീരിയർ അച്ചനു കൊടുക്കുവാൻ സ്നേഹത്തോടെ തന്നു വിട്ട അച്ചന്റെ എഴുത്ത്- മനോഹരമായ കയ്യക്ഷരത്തിൽ അച്ചനെഴുതിയത്-എന്റെ ജീവിതവഴി തുറന്നു തന്ന ഒരു സമ്മാനമായി ഞാൻ കരുതുന്നു. കേന്ദ്ര ഗവ. സർവ്വീസിൽ ജോലിയും ഒരു നല്ല കുടുംബജീവിതവും എനിക്കു ലഭ്യമായത് അച്ചന്റെ അനുഗ്രഹാശംസകളുടെ ഫലമാണെന്നു ഞാൻ വിശ്വസിക്കുന്നു."

**മികച്ച ധ്യാനഗുരുവും ഗ്രന്ഥകർത്താവും**

ബ.ജോഷ്വാ അച്ചൻ തന്റെ ആദ്ധ്യാത്മിക ജ്ഞാനം കൊണ്ട് എഴുതി 1981-ൽ പ്രസിദ്ധീകരിച്ച "ദിവ്യാതിഥി, അഥവാ മിശിഹാനുകരണ ധ്യാനങ്ങൾ" ഏവരുടേയും ആദ്ധ്യാത്മിക ജീവിതത്തിന് ആഴം കൂട്ടത്തക്കവിധം ഉപകരിക്കുന്നതാണ്. വിശ്വാസ ജീവിതത്തിൽ പ്രതിദിന ധ്യാനത്തിന്റെ ആവശ്യത്തെയും ഫലപ്രദമായ ധ്യാനമുറകൾ എപ്രകാരമായിരിക്കണമെന്നും ലളിതമായി പറയുന്ന ഒരു കൃതി ആദ്യമായി മലങ്കര സഭയ്ക്ക് സമ്മാനിക്കുന്നത് ജോഷ്വാ അച്ചനാണ്. അൽമായർക്കും, സന്ന്യാസാർത്ഥികൾക്കും, പുരോഹിതർക്കുമെല്ലാം ധ്യാനത്തിലൂടെ ക്രിസ്തുനാഥനെ കണ്ടെത്തുവാൻ ഉപകരിക്കുന്നതാണ് ഈ പുസ്തകം. ജോഷ്വാ അച്ചന്റെ അനുഭവജ്ഞാനത്തിന്റെയും ആദ്ധ്യാത്മിക ചൈതന്യത്തിന്റെയും പ്രതിഫലനങ്ങൾ ഈ പുസ്തകത്തിൽ നമുക്കു കാണാം.

**ഉപസംഹാരം**

ബ. ജോഷ്വാ അച്ചൻ തന്റെ ജീവിത കാലത്ത് അനേകർക്കു നൽകിയിട്ടുള്ള വിലപ്പെട്ട ഉപദേശങ്ങളും പ്രാർത്ഥനാസഹായവും അതു ലഭിച്ചവർക്കെല്ലാം തങ്ങളുടെ ഭൗതികവും ആത്മീയവുമായ ജീവിതത്തിൽ നൂറുമേനി വിളവു ലഭിച്ച സംതൃപ്തിയാണു നൽകിയിട്ടുള്ളതെന്നാണ് എന്റെ വിശ്വാസം. താൻ പറഞ്ഞിട്ടുള്ളതെല്ലാം സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കിക്കൊണ്ട് ജീവിതമാതൃക കാണിച്ചു തന്ന (role model) വ്യക്തിയും സന്ന്യാസിവര്യനുമായിരുന്നു ജോഷ്വാ അച്ചൻ. ആശ്രമ ജീവിതത്തിൽ പക്വത വന്ന ഒരു ശ്രേഷ്ഠ യോഗിയായി ജീവിച്ച; തന്റെ ജീവിതം ക്രിസ്തു സുവിശേഷത്തിലധിഷ്ഠിതവും ഉത്തമ മാതൃകയുമാക്കി മാറ്റുന്നതിൽ സാഫല്യം കണ്ടെത്തിയ താവളത്തിൽ തെക്കേതിൽ ജോഷ്വാ അച്ചന്റെ ആത്മാവ് നിത്യതയിൽ സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിൽ ആണെന്നും നമുക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കുന്നുണ്ടെന്നുമുള്ള ആഴമായ ബോദ്ധ്യത്തോടെ ഈ ലേഖനം ഉപസംഹരിക്കുന്നു.

□

www.malankaralibrary.com

# ജോഷാച്ചൻ എന്ന അപ്പച്ചൻ

ത്രേസ്യാമ്മ ജോസഫ്



താവളത്തിൽ കിഴക്കേതിൽ കുടുംബം വളരെ അഭിമാനത്തോടെയാണ് ജോഷാച്ചൻ എന്ന ഞങ്ങളുടെ അപ്പച്ചനെ ഓർക്കുന്നത്.

ജോഷാച്ചന്റെ ജ്യേഷ്ഠ സഹോദര പുത്രനായ അലക്സാണ്ട (കുഞ്ഞുകുട്ടി)റിന്റെ മൂത്തമകളാണ് ത്രേസ്യാക്കുട്ടിയെന്ന ഞാൻ. എന്റെ സഹോദരിമാർ ലീല, ലളിത, കൊച്ചുമോൾ (സുജു).

ഞങ്ങളുടെ ബാല്യകാലത്തെ ഏറ്റവും സന്തോഷകരവും അപൂർവ്വവുമായ അനുഭവമായിരുന്നു കാവികുപ്പായ ധാരിയായ അപ്പച്ചന്റെ സന്ദർശനം. അപ്പച്ചൻ പൂനായിൽ നിന്നും വരുന്നതാണ്, ഏറ്റവും പഴയ ഓർമ്മകൾ. വർണ്ണക്കടലാസിൽ പൊതിഞ്ഞ മിഠായികളും ചെറിയ പടങ്ങളും തന്ന് വിശേഷങ്ങളൊക്കെ തിരക്കും. ഏറ്റവും കൂടുതൽ ചോദിക്കുക പഠനത്തെപ്പറ്റിയും പ്രാർത്ഥനയെപ്പറ്റിയുമാണ്.

ആകെ ഒരു ദിവസമാണ് വീട്ടിൽ തങ്ങുക. ലളിതമായ ഭക്ഷണമാണ് വേണ്ടത്. രാത്രി കഞ്ഞിയാണിഷ്ടം. അപ്പച്ചൻ കഞ്ഞികുടിക്കുന്നത് ഞങ്ങൾ നോക്കി നിൽക്കും. കഞ്ഞികുടിക്കിടെ പല തമാശകളും ഞങ്ങളോടു പറയും. രാത്രി ഉറക്കം പള്ളിയിലാണ്. പപ്പ അവിടെ വരെ കൊണ്ടുവിട്ടിട്ടുവരും. എന്റെ ഓർമ്മയിൽ ഒരു ദിവസം മാത്രമേ വീട്ടിൽ ഉറങ്ങിയിട്ടുള്ളു.

ഒരിക്കൽ ഞാൻ അപ്പച്ചനോടു ചോദിച്ചു എന്താണ് വീട്ടിൽ കിടന്നുറങ്ങാത്തതെന്ന്. ആദ്യം ഒന്നു ചിരിച്ചു. പിന്നെ പറഞ്ഞു, ആശ്രമത്തിൽ പോകുന്നവർ അടുത്തു പള്ളിയുണ്ടെങ്കിൽ അവിടെയാണുറങ്ങേണ്ടത്. എനിക്കതിന്റെ പൊരുൾ മനസിലായത് പിന്നീടാണ്.

ഞങ്ങൾ എപ്പോഴും അപ്പച്ചനെ കണ്ടിരുന്നത് സന്തോഷത്തോടെ, ചിരിക്കുന്ന മുഖഭാവത്തോടെയാണ്. ഇപ്പോഴും എന്റെ മനസ്സിൽ അപ്പച്ചന്റെ ആ മുഖം തങ്ങിനിൽക്കുന്നു.

സന്ന്യാസത്തിന്റെ നിയമങ്ങളെ പൂർണമായി പാലിക്കാൻ അപ്പച്ചൻ ശ്രമിച്ചിരുന്നു. കുടുംബത്തിലെ സാമ്പത്തിക വിഷയങ്ങളിലൊന്നും ഇടപെടാറില്ലായിരുന്നു. കുടുംബത്തിൽ നിന്നും ഒന്നും സ്വീകരിക്കാനും താത്പര്യപ്പെട്ടില്ല.

എന്റെ പിതാവ് പറഞ്ഞിട്ടുള്ള ഒരു കാര്യം ഞാൻ ഓർക്കുന്നു. പപ്പയുടെ സഹോദരിയുടെ വിവാഹം നിശ്ചയിച്ചു. കുടുംബത്തിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടായിരുന്നു. ദേശത്ത് ക്ഷാമം നിലവിലിരിക്കുകയും ചെയ്തിരുന്നു.

www.malankaralibrary.com

ഞങ്ങളുടെ വല്യപ്പച്ചൻ നേരത്തെ മരിച്ചുപോയിരുന്നതിനാൽ എന്റെ പിതാവിനായിരുന്നു കുടുംബ കാര്യങ്ങളുടെ ഉത്തരവാദിത്വം. തിരുവനന്തപുരത്ത് ആശ്രമത്തിലെത്തി വിവാഹക്കാര്യമൊക്കെ അപ്പച്ചനെ ധരിപ്പിച്ചു. സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് രണ്ടുപേരും ഒന്നും സംസാരിച്ചില്ല. യാത്ര പറഞ്ഞിറങ്ങുമ്പോൾ പപ്പയോട് അപ്പച്ചൻ പറഞ്ഞു: 'നിശ്ചയിച്ചതുപോലെ എല്ലാം നടക്കും. എല്ലാം വന്നുകൂടിക്കൊള്ളും.' അതൊരു പ്രവചനം പോലെയായിരുന്നു. പന്തളത്തു നിന്നും തുമ്പമണ്ണിലേക്കു നടന്നു വരുന്ന പപ്പയെ വസ്ത്ര വ്യാപാരിയായ ഒരു അടുത്ത പരിചയക്കാരൻ കണ്ടു. വിവാഹക്കാര്യങ്ങളെപ്പറ്റി ചോദിച്ചു. പപ്പായെ വിളിച്ചുകൊണ്ടുപോയി വിവാഹാവശ്യത്തിനുള്ള മുഴുവൻ തുണികളും നൽകി. അടുത്ത ദിവസം തന്നെ പലഭാഗത്തു നിന്നും വേണ്ടത്ര പണവും ലഭ്യമായി.

ഭവനത്തിലെ എല്ലാകാര്യങ്ങളും അപ്പച്ചനെ അറിയിച്ച് സമ്മതവും അനുഗ്രഹവും വാങ്ങണമെന്ന് ഞങ്ങൾക്ക് നിർബന്ധമുണ്ടായിരുന്നു. എന്നാൽ വന്നു പങ്കെടുക്കുകയെന്നത് അപൂർവ്വമായിരുന്നു.

സന്ന്യാസ ജീവിതത്തെ അതിന്റെ പൂർണതയിൽ കാണാനുള്ള നിശ്ചയദാർഢ്യം അദ്ദേഹത്തിനുണ്ടായിരുന്നു.

കോട്ടയം സി.എം.എസ്. കോളേജിൽ പഠിച്ചു കൊണ്ടിരിക്കുമ്പോഴാണ് മാർ ഈവാനിയോസ് തിരുമേനിയുടെ സന്ന്യാസ ദർശനത്താൽ ആകൃഷ്ടനായി ദൈവവിളി സ്വീകരിച്ചുകൊണ്ട് മുണ്ടൻമല ബഥനി ആശ്രമത്തിലേക്കു പോകുന്നത്. ഞങ്ങളുടെ നാട്ടിൽ നിന്നും കോളേജിൽ പഠിക്കാൻ പോയ ആദ്യ വ്യക്തിയായിരുന്നു അപ്പച്ചൻ എന്നാണ് പറഞ്ഞു കേട്ടിട്ടുള്ളത്. സന്ന്യാസിയാകാൻ പോയ മകനെയോർത്ത് മാതാപിതാക്കൾ വളരെ നാൾ സങ്കടപ്പെട്ടു. പഠനത്തിൽ അതിസമർത്ഥനായിരുന്ന മകൻ സന്ന്യാസിയാകാൻ പോയത് അവർക്ക് സഹിക്കാൻ കഴിയാത്തതായിരുന്നു. ഒരു സാധാരണ വൈദികനാകാനാണ് പോയിരുന്നതെങ്കിൽ ദുഃഖം തോന്നുമായിരുന്നില്ലെന്ന് വല്യമ്മച്ചി എന്നോടു പറഞ്ഞിട്ടുള്ളത് ഞാൻ ഓർക്കുന്നു.

മാർ ഈവാനിയോസ് തിരുമേനി മുണ്ടൻമലയിറങ്ങിയപ്പോൾ അക്കൂട്ടത്തിലുണ്ടാകേണ്ടയാളായിരുന്നു ഫാദർ ജോഷ്വാ. ആശ്രമത്തിലുണ്ടായിരുന്ന ഒരു വൈദികന് സുഖമില്ലാതായതിനാൽ അദ്ദേഹത്തെ ശുശ്രൂഷിക്കാനായി ജോഷ്വാ അച്ചൻ നിയോഗിക്കപ്പെട്ടു. തിരുമേനിയോടൊപ്പം പുനരൈക്യയാത്രയിൽ അദ്ദേഹത്തിനുൾപ്പെടാൻ കഴിയാതെ പോയി. ഇന്ന് അറിയപ്പെടുന്ന അഞ്ചുപേരുടെ സംഘത്തിനു പകരം ആറുപേരുടെ സംഘമാണ് ഉണ്ടാകേണ്ടിയിരുന്നത് എന്നും ഞാൻ കരുതുന്നു.

ജോഷ്വാച്ചനെ പിന്തുടർന്ന് താവളത്തിൽ കുടുംബാംഗങ്ങളെല്ലാം കത്തോലിക്കാസഭയിൽ ചേർന്നു. കത്തോലിക്കാസഭയെ കുറിച്ച് രൂഢമൂലമായ വിശ്വാസം ഞങ്ങൾക്കുണ്ടാക്കിത്തന്നത് അപ്പച്ചനാണ്. അദ്ദേഹത്തിന്റെ

www.malankaralibrary.com

വിശ്വാസം ഞങ്ങളുടെ ജീവിതത്തിലും പ്രതിഫലിച്ചു. ഞങ്ങളുടെ പപ്പയുടെ സഹോദരങ്ങളെല്ലാം വിവാഹിതരായത് കത്തോലിക്കാ കുടുംബങ്ങളിലേക്കാണ്. ഞങ്ങൾ നാലു സഹോദരിമാർക്കും കത്തോലിക്കാ കുടുംബങ്ങളിൽ നിന്ന് ഭർത്താക്കന്മാരെ തിരഞ്ഞെടുക്കുന്നതിന് പപ്പായ്ക്ക് സാധിച്ചത് അപ്പച്ചൻ സഭയെപ്പറ്റി കൊടുത്തിട്ടുള്ള ബോധ്യം കൊണ്ടാണ്.

എന്റെ മക്കൾ രണ്ടുപേരെയും കത്തോലിക്കാ ഭവനങ്ങളിലേക്കാണ് വിവാഹം കഴിച്ചയച്ചത്. എന്റെ സഹോദരിമാർക്കും മക്കൾക്കും അക്കാര്യത്തിൽ സ്വന്തമായ നിർബന്ധബുദ്ധി ഉണ്ടായിരുന്നു. സഹോദരിമാരുടെ ഇതുവരെ വിവാഹിതരായ ആൺ മക്കളും അങ്ങനെ തന്നെ. അങ്ങനെയുള്ള കുടുംബബന്ധം ഉണ്ടാവാൻ അവർ പ്രാർത്ഥിക്കുകയും കാത്തിരിക്കുകയും ചെയ്തു. ബന്ധു ഭവനങ്ങളെല്ലാം പുനരൈക്യ കാലയളവിൽ തന്നെ കത്തോലിക്കാ സഭാംഗങ്ങളും ഉറച്ച വിശ്വാസികളും വിശ്വാസ പാരമ്പര്യമുള്ളവരുമായിരുന്നു.

കലപ്പമേൽ കൈവച്ചിട്ട് തിരിഞ്ഞു നോക്കരുതെന്ന കർതൃപ്രമാണം സന്ന്യാസ ജീവിതത്തിൽ തെറ്റിക്കാനിഷ്ടപ്പെടാത്തയാളായിരുന്നു അപ്പച്ചൻ. കുടുംബത്തിലെ പരിപാടികളെല്ലാം അദ്ദേഹത്തെ അറിയിച്ച് സമ്മതം വാങ്ങുകയും നിർബന്ധമായി ക്ഷണിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പങ്കെടുത്തിരുന്നില്ല. എന്നാൽ എന്റെ അനുജത്തി ലീലയുടെ വിവാഹത്തിന് ഊന്നുകൽ പള്ളിയിലെത്തി വിവാഹമാശീർവദിച്ചു.

ഞാൻ ആശ്രമത്തിലിരുന്നു പ്രാർത്ഥിച്ചുകൊള്ളാം എന്ന് അപ്പച്ചൻ നൽകുന്ന വാഗ്ദാനമായിരുന്നു ഞങ്ങൾക്ക് പ്രിയംകരവും ആശ്വാസകരവും.

അപ്പച്ചന്റെ പ്രാർത്ഥന ഞങ്ങളുടെ കുടുംബത്തിന്റെ രക്ഷയ്ക്ക് എപ്പോഴുമുണ്ടായിരുന്നു. ഞങ്ങളുടെ പഠനം, വിവാഹം, ജോലി തുടങ്ങി എല്ലാ കാര്യങ്ങളും അദ്ദേഹം തിരക്കിയറിഞ്ഞ്, നിയോഗമായി സമർപ്പിച്ചു പ്രാർത്ഥിച്ചിരുന്നു.

വീട്ടിൽ വരാൻ പോകുന്ന മരുമക്കളെയൊക്കെ വിവാഹത്തിനു മുൻപ് ആശ്രമത്തിൽ കൊണ്ടു പോയി അപ്പച്ചനെ കാണിച്ചിരുന്നു. തുകലശ്ശേരി ആശ്രമത്തിലെ ഗസ്റ്റ് റൂമിന്റെ കിളിവാതിലിലൂടെ ചായ വന്ന കാര്യം എന്റെ ഭർത്താവ് ഇപ്പോഴും രസകരമായി അവതരിപ്പിക്കാറുണ്ട്.

സന്ന്യാസത്തിലും പ്രാർത്ഥനയിലും അപ്പച്ചന്റെ മാതൃക ഞങ്ങളുടെ കുടുംബത്തിൽ പിന്നീടുണ്ടായ വൈദികരെയും കന്യാസ്ത്രീകളെയും ഒക്കെ സ്വാധീനിച്ചിട്ടുണ്ട്. സിസ്റ്റർ സ്കൊളാസ്റ്റിക്ക, സിസ്റ്റർ പാസ്ക്കൽ, സിസ്റ്റർ ഗ്രിഗോറിയ, സിസ്റ്റർ ആഞ്ചലീന, ഫാ. തോമസ് റജി, സിസ്റ്റർ കുസുമം, സിസ്റ്റർ പാവന, ഫാ. ജയിംസ് പുതുപറമ്പിൽ, സിസ്റ്റർ പാസ്ക്കൽ, സിസ്റ്റർ മീഖ എന്നിവരെ നയിച്ച വെളിച്ചം അപ്പച്ചനാണ്.

സ്വർഗ്ഗത്തിലിരുന്നും അപ്പച്ചൻ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നുവെന്ന് ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു. □

www.malankaralibrary.com

# ദയറാ ജീവിതത്തെ പ്രണയിച്ച ഫാ. ജോഷ്വാ ഒ.ഐ.സി.



**ഫാ. റ്റി. വൈ. ഗീവർഗീസ്**
കാർമ്മൽ ദയറാ

എനിക്ക് ഓർമ്മ വച്ച നാൾ മുതൽ വന്ദ്യനായ ജോഷ്വാച്ചനെക്കുറിച്ച് കേൾക്കാൻ ഇടയായിട്ടുണ്ട്. എന്റെ പിതാവിന് ബഹു. ജോഷ്വാച്ചനോടുള്ള ആദരവും ബഹുമാനവും ഞാൻ നല്ലതുപോലെ മനസ്സിലാക്കിയിട്ടുണ്ട്. മുണ്ടക്കൽ ഇല്ലം കുടുംബയോഗത്തിന് എന്റെ പിതാവ് മുടങ്ങാതെ പോകാറുള്ളത് സഹോദരനായ ജോഷ്വാച്ചനെ കാണുന്നതിനും കൂടിയായിരുന്നു. ജോഷ്വാച്ചനോടുള്ള ആദരവാണ് ദയറാജീവിതം തെരഞ്ഞെടുക്കാൻ എനിക്ക് പ്രേരണയായത്. ഞാൻ ദയറായിൽ താമസിച്ചു പഠിച്ചുകൊണ്ടിരുന്ന കാലയളവിൽ എനിക്ക് ബഹു. അച്ചനെക്കുറിച്ച് കൂടുതൽ അറിയാൻ കഴിഞ്ഞിട്ടില്ല. 1980 ജൂലൈയിൽ ഞാൻ വൈദികനായി. കുടുംബത്തിൽ ഒരാൾ ദയറാ പട്ടക്കാരനായി എന്നറിഞ്ഞ ബഹു. അച്ചൻ എന്റെ മേൽവിലാസം മനസ്സിലാക്കി കത്തയച്ചു. കത്തു വായിച്ച ഞാൻ അത്ഭുതപ്പെട്ടുപോയി. അച്ചടി അക്ഷരങ്ങളെക്കാൾ മനോഹരമായ കയ്യക്ഷരം. പിതൃതുല്യമായ ഉപദേശങ്ങൾ, അനുഗ്രഹങ്ങൾ എല്ലാം ആ കത്തിലുണ്ടായിരുന്നു. എനിക്കു കൂടെ കൂടെ കത്തുകൾ അയച്ച് എന്റെ ക്ഷേമം അന്വേഷിക്കുമായിരുന്നു. ജൂബിലി വർഷമാണ് (1980) ഞാൻ അച്ചന്റെ കൂടെ ചെന്നാൽ സന്തോഷത്തോടെ സ്വീകരിക്കാമെന്ന് ഒരു കത്തിൽ എഴുതിയിരുന്നു. എന്നാൽ ഞാൻ അംഗമായിരിക്കുന്ന ആശ്രമത്തോടും എന്റെ ആത്മീക പിതാവായ കൂറിലോസ് തിരുമേനിയോടുമുള്ള സ്നേഹബഹുമാനം മനസ്സിലാക്കിയ ബഹു. അച്ചൻ, 'നില്ക്കുന്നിടത്തു തന്നെ നിന്നാൽ മതി' എന്നു പറഞ്ഞ് എന്നെ അനുഗ്രഹിച്ചു.

ബഹു. അച്ചനെ കാണാൻ ഞാൻ ഒരു ദിവസം നാലാഞ്ചിറ ബഥനി ആശ്രമത്തിൽ ചെന്നു. അവിടെ ഉണ്ടായിരുന്ന ബഹുമാന്യരായ വൈദികർ ജോഷ്വാച്ചന്റെ അതേ മുഖച്ഛായയാണ് എനിക്ക് എന്നു പറയുകയുണ്ടായി. അന്ന് ഉച്ചവരെ ഞാൻ അച്ചന്റെ കൂടെ ചെലവഴിച്ചു. നല്ല ഉപദേശങ്ങൾ എനിക്കു നൽകി. കുടുംബത്തിൽ എല്ലാ തലമുറയിലും ദയറാക്കാരായ വൈദികർ ഉണ്ടായിരിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് എനിക്ക് നിർദ്ദേശം നൽകി. നരിയാപുരത്ത് കുടുംബവീട്ടിൽ ഒരു കൊച്ചു മകളുടെ വിവാഹത്തിന് ബഹു. ജോഷ്വാച്ചനും ഞാനും ഉണ്ടായിരുന്നു. വിവാഹ കൂദാശയ്ക്ക് മണ

www.malankaralibrary.com

വാളന്റെ ഇടവക പള്ളിയിലേക്ക് യാത്ര ചെയ്യുവാൻ ബഹു. അച്ചനു ബുദ്ധിമുട്ടായതുകൊണ്ട് എന്നെ ചുമതലപ്പെടുത്തി അയച്ചു. ദൈവ സന്നിധിയിലേക്ക് എടുക്കപ്പെടുന്നതു വരെ എനിക്ക് മുടങ്ങാതെ കത്തെഴുതുമായിരുന്നു. ഇൻലൻഡിലാണ് കത്തെഴുതുന്നത്. എല്ലാകത്തുകൾക്കും ഞാൻ മറുപടിയും അയച്ചിട്ടുണ്ട്. 26–ാമത്തെ വയസ്സിൽ ദയറാപട്ടക്കാരനായ എനിക്ക് ആ നാളുകളിൽ പിതൃസ്ഥാനത്തുള്ള വന്ദ്യ ജോഷാച്ചനുമായുള്ള സഹകരണവും, അച്ചന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും എല്ലാ പ്രതിസന്ധികളും തരണം ചെയ്ത് ദൈവത്തിൽ ആശ്രയിച്ചു മുൻപോട്ടു പോകുവാൻ എന്നെ പ്രാപ്തനാക്കി. ഞങ്ങളുടെ കുടുംബമായ താവളത്തിൽ കുടുംബത്തിലെ ശ്രേഷ്ഠ വൈദികനെന്ന നിലയിൽ വന്ദ്യജോഷാച്ചനെ ബഹുമാനിക്കുന്നു. ബഹു. അച്ചന്റെ പ്രാർത്ഥനയിൽ ശരണപ്പെടുന്നു. ഞങ്ങളുടെ ബലഹീന പ്രാർത്ഥനകളിൽ ബഹു. അച്ചനെ ഓർത്തു പ്രാർത്ഥിക്കുന്നു. □

മിശിഹായെ കാൺമാനും അവിടുത്തെ മഹിമയെ പ്രകീർത്തിപ്പാനും ഏതെല്ലാം പുണ്യങ്ങളാലാണ് പരിശുദ്ധാത്മാവ് വി.ശെമഓനെ ഒരുക്കിയതെന്ന് ധ്യാനിക്കുക. അദ്ദേഹം നീതിമാനായിരുന്നു. ദൈവത്തെ ഭയപ്പെട്ടിരുന്നു. മിശിഹായെ കാണാമെന്നുള്ള പ്രതീക്ഷയിലും വാഞ്ഛയിലും ജീവിച്ചു. അതിനാൽ പരിശുദ്ധാത്മാവ് അദ്ദേഹത്തിൽ വസിക്കുന്നു എന്നു പറയപ്പെട്ടിരുന്നു. നമ്മുടെ കർത്താവിന്റെ സന്ദർശനത്തിൽ പ്രത്യേകിച്ച് മരണസമയത്ത് അവിടുന്ന് നിന്നെ സന്ദർശിക്കുവാൻ വരുമ്പോൾ ഇപ്രകാരമുള്ള പുണ്യങ്ങളാൽ അലംകൃതനായിരിപ്പാൻ ഈ സിദ്ധനിൽ നിന്ന് പഠിക്കുക.

വി.ശെമഓനെ ആത്മാവ് ദൈവാലയത്തിലേക്ക് നടത്തുന്നു. അത് ദൈവഭക്തിയുടെയും തീക്ഷ്ണതയുടെയും ആത്മാവാണ്. ദീർഘകാലമായി നോക്കിപ്പാർത്തിരുന്ന രക്ഷകനെ കൈകളിൽ വഹിച്ചപ്പോൾ സ്നേഹത്തിന്റെ ആത്മാവ് സന്തോഷത്താൽ അദ്ദേഹത്തെ നിറച്ചു. ദൈവാത്മാവിന്റെ പ്രവർത്തനത്തിന് നീ തടസ്സമുണ്ടാക്കാത്ത പക്ഷം വിശുദ്ധാത്മാക്കൾക്ക് അങ്ങിൽ കണ്ടെത്തുവാൻ കഴിഞ്ഞിടത്തോളം ഉള്ള ആനന്ദം നിനക്കും ആസ്വദിക്കാൻ കഴിയും.

(ഫാ. ജോഷാ, പേജ് 14)

www.malankaralibrary.com

# ഫാ. ജോഷ്വാ താവളത്തിൽ ഒ.ഐ.സി. മനുഷ്യനെ സ്നേഹിച്ച ദിവ്യപുരുഷൻ



ബാബു കെ. തോമസ്

"എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്കു തരും. അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ ഭരിക്കും" (ജെറെ 3:15).

മിത ഭാഷിയും, നിഷ്ഠയും ചിട്ടയും ഉള്ള തന്റെ താപസ ജീവിതത്തിലൂടെ അനേകരെ പുനരൈക്യ പ്രസ്ഥാനത്തിലൂടെ ദൈവ സംസർഗ്ഗത്തിലേക്ക് ആനയിക്കുകയും ചെയ്ത, എന്റെ സ്നേഹിനിധിയായ മാതുലൻ ബ. ജോഷ്വാച്ചനെക്കുറിച്ചുള്ള സ്മരണകൾ വളരെ ദീപ്തമാണ്. തന്റെ സന്ന്യാസ ജീവിതത്തിന് സ്വന്ത ബന്ധങ്ങൾ ഒരിക്കലും തടസ്സമാകരുതെന്ന് ഫാ.ജോഷ്വായ്ക്ക് നിർബന്ധമുണ്ടായിരുന്നു. സന്ന്യാസ ജീവിതത്തിന്റെ നിഷ്ഠകൾ പൂർണ്ണമായും സ്വായത്തമാക്കി ജീവിച്ച ആ പുണ്യാത്മാവിനെക്കുറിച്ചുള്ള ബാല്യകാല ഓർമ്മകൾ കുറവാണ്. എനിക്ക് ബാല്യത്തിലുള്ള ഓർമ്മകൾ വിരളമാണ്. എന്റെ അമ്മ അദ്ദേഹത്തിന്റെ വീട്ടിലെ ഏറ്റവും ഇളയ മകൾ ആയിരുന്നതിനാൽ തൊട്ടുമൂത്ത സഹോദരനായ ജോഷ്വാ അച്ചന്റെയും മറ്റു സഹോദരങ്ങളുടെയും സ്നേഹം ധാരാളം അനുഭവിച്ചാണ് വളർന്നുവന്നത് എന്ന് കേട്ടിട്ടുണ്ട്.

ജോഷ്വാ അച്ചൻ ഇളയ സഹോദരിയായ എന്റെ അമ്മയെ കാണാൻ വർഷത്തിൽ ഒരിയ്ക്കൽ എങ്ങാനുമെ വരാറുണ്ടായിരുന്നുള്ളൂ. എന്റെ ഓർമ്മയിലുള്ള സന്ദർശനം 1966–ജൂലൈ മാസത്തിലേതാണ്. ഒരു ദിവസം സ്കൂളിൽ നിന്നും വരുമ്പോൾ സുസ്മേര വദനനായി കാഷായ വസ്ത്രധാരിയായ ഒരു വൈദികൻ വീട്ടിൽ അമ്മയുമായി സംസാരിച്ചുകൊണ്ട് നില്ക്കുന്നതു കണ്ടു. അതിനുമുമ്പു തന്നെ എന്റെ മുതിർന്ന സഹോദരി എസ്. എസ്. എൽ.സി. കഴിഞ്ഞ് (കുടുംബാംഗങ്ങൾ ഓർത്തഡോക്സ് സഭയിൽ നിൽക്കുമ്പോൾ തന്നെ) ബ. അച്ചന്റെ മാതൃക പിന്തുടർന്ന് അച്ചന്റെ സഹായ സഹകരണങ്ങളോടെ ബഥനി സന്ന്യാസിനി സമൂഹത്തിൽ സന്ന്യാസ പരിശീലനം നടത്തുന്നുണ്ടായിരുന്നു. അച്ചന്റെ വീക്ഷണമാണ് അതിനു പ്രചോദനമായതെന്ന് ഞാൻ കേട്ടിരുന്നു. എന്നെ കണ്ട ഉടൻ "ഞാൻ നിന്നെ കണ്ടിട്ടു പോകാൻ നില്കുകയായിരുന്നു" എന്ന് അദ്ദേഹം പറഞ്ഞു. എന്റെ പഠനം എങ്ങനെയുണ്ട് എന്നും മറ്റും സ്നേഹാന്വേഷണം നടത്തി, എന്നെ ചേർത്തു നിർത്തി, എനിക്ക് ഒരു സമ്മാനവും തന്നു. മടങ്ങിപ്പോകാൻ തയ്യാറായപ്പോൾ എന്റെ അമ്മ അടുത്ത് വന്ന് "കൈ നനയ്ക്കാതെ പോവുകയാണോ" എന്ന് (ഒന്നും കഴിക്കാതെ പോകാൻ തുടങ്ങുമ്പോൾ അന്നുപയോഗിച്ചിരുന്ന നാട്ടു ഭാഷ) ചോദിച്ചു. മുമ്പിൽ കൈ കഴുകാൻ വച്ചിരിക്കുന്ന പാത്രം (കിണ്ടി) അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പെട്ടു. ഉടൻ തന്നെ അതെടുത്ത് കൈ കഴുകിയിട്ട് ഇനി എനിക്ക് പോകാമല്ലോ എന്നു പറഞ്ഞ് യാത്ര പുറപ്പെട്ടു.

www.malankaralibrary.com

അന്നത്തെ കാലഘട്ടത്തിൽ പന്തളത്തു നിന്നും ഞങ്ങൾ താമസിച്ചിരുന്ന മുട്ടാർ ഭാഗത്തേക്ക് ബസ് സൗകര്യം ഇല്ലായിരുന്നു. പന്തളത്തു നിന്ന് നടന്നു വന്ന്, നടന്നു തന്നെ തിരികെ പോകുമ്പോൾ നാട്ടുകാർ അദ്ദേഹത്തെ അത്ഭുത ത്തോടെ നോക്കുന്നത് കാണാൻ കഴിഞ്ഞു. കാരണം ആ പ്രദേശത്തുള്ളവർ ക്രിസ്ത്യാനികൾ കാവി വസ്ത്രം ധരിക്കുന്നത് കണ്ടിട്ടില്ലായിരുന്നു. വെളുത്ത കുപ്പായം ധരിച്ചിരുന്ന വൈദികരെ മാത്രമേ അവർക്ക് പരിചയമുണ്ടായിരു ന്നുള്ളു. അതിനുശേഷം 1969 വരെയുള്ള കാലത്ത് അദ്ദേഹവുമായി കൂടുതൽ ബന്ധപ്പെട്ടിരുന്നില്ല. എന്നാൽ 1969-ൽ എന്റെ അമ്മക്ക് സുഖമില്ലാതെ തിരു വനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സ നടത്തേണ്ടി വന്നു. അക്കാലത്ത് (ഒരു മാസക്കാലത്തോളം) എനിക്ക് അദ്ദേഹത്തോടൊത്ത് ആശ്രമത്തിൽ താമസിക്കുന്നതിന് അവസരം ലഭിച്ചു. ജീവിതത്തിൽ ആദ്യമായി കത്തോലിക്കാ സഭയിൽ അർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാന യിൽ ഞാൻ പങ്കെടുക്കുന്നത് അവിടെ വച്ചാണ്. ഓർത്തഡോക്സ് സഭാംഗമായിരുന്ന എനിക്ക് പിന്നീട് കത്തോലിക്കാ വിശ്വാസം സ്വീകരിക്കാനും ദിവസേന വി.കുർബാനയിൽ പങ്കെടുക്കാനും അതൊരു തുടക്കമായി.

അതിനുശേഷം അമ്മയുടെ ആരോഗ്യത്തേക്കുറിച്ച് അന്വേഷിച്ച് ബ.ജോഷ്വാച്ചൻ വല്ലപ്പോഴും കത്തുകൾ എഴുതുകയും ഞാൻ അതിനു മറുപടി നല്കുകയും ചെയ്തിരുന്നു. എന്റെ വിദ്യാഭ്യാസത്തേക്കുറിച്ചും മറ്റും ഈ കാലഘട്ടങ്ങളിൽ എനിക്ക് പല വിധ ഉപദേശങ്ങൾ തന്നിരുന്നു. എന്നാൽ സാഹചര്യങ്ങളുടെ സമ്മർദ്ദം നിമിത്തം എനിക്ക് അവയൊന്നും പ്രാവർത്തിക മാക്കാൻ കഴിഞ്ഞില്ല.

പിന്നീട് പല തവണ കത്തിലൂടെ അദ്ദേഹം നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരുന്നു. 1973-ൽ ഞാൻ ഇന്ത്യൻ ആർമിയിൽ ചേർന്നു. 1980-ൽ ഞാൻ തിരുവനന്തപുരത്ത് ജോലി ചെയ്തിരുന്ന കാലഘട്ടത്തിൽ അദ്ദേഹത്തെ സന്ദർശിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ രോഗാവസ്ഥയിൽ അദ്ദേഹത്തെ പല പ്രാവശ്യം സന്ദർശിക്കുന്നതിനും കൂടുതൽ സമയം അദ്ദേഹത്തോടൊത്ത് ആശ്രമത്തിൽ ചെലവഴിക്കുന്നതിനും എനിക്ക് ഭാഗ്യം ലഭിച്ചിട്ടുണ്ട്. ബ. ജോഷ്വാ അച്ചൻ നിശബ്ദ സേവനം ചെയ്യുകയും നിയമങ്ങൾ അണുവിട തെറ്റിക്കാതെ അനുവർത്തിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയായിരുന്നു എന്ന് ആശ്രമസ്ഥരും കുടുംബാംഗങ്ങളും പറഞ്ഞു കേട്ടിട്ടുണ്ട്.

അശരണരും ആലംബഹീനരുമായിരുന്നവർക്കു വേണ്ടി ജോഷ്വാച്ചൻ ചെയ്ത സത്കൃത്യങ്ങളെക്കുറിച്ച് പലരിൽ നിന്നും സാക്ഷ്യങ്ങൾ കേൾക്കു വാനിടയായപ്പോൾ ആ പുണ്യാത്മാവിന്റെ കുടുംബാംഗമെന്ന നിലയിൽ എനിക്ക് സന്തോഷം തോന്നിയിട്ടുണ്ട്. ആ പുണ്യാത്മാവിനെ നന്ദിയോടെ സ്മരിച്ചുകൊണ്ട് എനിക്കു വേണ്ടിയും കുടുംബാംഗങ്ങൾക്കു വേണ്ടിയും ദൈവസന്നിധിയിൽ മദ്ധ്യസ്ഥത വഹിക്കുന്ന ആ താപസ ശ്രേഷ്ഠന്റെ പാവന സ്മരണയ്ക്കു മുമ്പിൽ ആദരവുകൾ അർപ്പിക്കുന്നു. □

www.malankaralibrary.com

# “മാലാഖമാരുടെയും മനുഷ്യരുടെയും സമൂഹത്തിന് ഇവൻ അർഹൻ”

**ഫാ. ഡോ. തോമസ് റജി പടിഞ്ഞാറ്റേമേലേതിൽ ഒ.ഐ.സി.**



ബഥനി ആശ്രമസ്ഥനായിരുന്ന പെരിയ ബഹുമാനപ്പെട്ട ജോഷ്വാ താവളത്തിൽ കിഴക്കേതിൽ അച്ചന്റെ സ്മരണയ്ക്കു മുമ്പിൽ നമ്ര ശിരസ്കനായി നിന്നു കൊണ്ട് ഓർമകളുടെ പിന്നാമ്പുറങ്ങളിലേക്ക്. ഒരു താപസ ഗുരുവായി, മുനി ശ്രേഷ്ഠനായി, നിയമങ്ങളുടെ മുമ്പിൽ വിട്ടുവീഴ്ചകളില്ലാതെ “നിയമം പാലിച്ചാൽ നിയമം നിന്നെ കാത്തുകൊള്ളും” എന്ന ആപ്തവാക്യം ശിരസ്സാവഹിച്ചുകൊണ്ട് ലാളിത്യത്തിന്റെ മൂർത്തിമ ഭാവമായി വിരാചിച്ച വന്ദ്യ സന്ന്യാസവര്യൻ. സമൂഹസ്ഥാപകനുശേഷം 1933-ൽ തെരഞ്ഞെടുക്കപ്പെട്ട ബഥനിയുടെ ആദ്യ സുപ്പീര്യർ ജനറൽ. 1905-ൽ ആരംഭിച്ച ആ പുണ്യ ജീവിതം വിശ്വാസത്തിന്റെ സാക്ഷ്യവും, പ്രാർത്ഥനയുടെ പൊരുളും ബലിയാണെന്ന് ഘോഷിച്ചുകൊണ്ട് ക്രിസ്തുവിനുവേണ്ടി, ദൈവജനത്തിനുവേണ്ടി ബഥനി സന്ന്യാസ സമൂഹത്തിനുവേണ്ടി, അതിലുപരി മലങ്കര കത്തോലിക്കാ സഭയ്ക്കുവേണ്ടി ജീവാർപ്പണം ചെയ്തു.

## കുടുംബങ്ങൾ തമ്മിലുള്ള അടുപ്പം: സന്ന്യാസ-പൗരോഹിത്യ ജീവിതത്തിലേക്കുള്ള ചൂണ്ടുപലകയും

പടിഞ്ഞാറ്റേമേലേതിൽ കുടുംബവും താവളത്തിൽ കിഴക്കേതിൽ കുടുംബവും തമ്മിലുള്ള ബന്ധം അനുസ്മരിക്കാതെ ജോഷ്വാച്ചനെ സ്മരിക്കുക സാധ്യമല്ല. ജോഷ്വാച്ചന്റെ മാവിയുടെ മക്കളും, കൊച്ചുമക്കളുമാണ് പടിഞ്ഞാറ്റേ മേലേതിൽ കുടുംബം. കൂടാതെ ജോഷ്വാച്ചന്റെ ഒരു സഹോദരിയെ വിവാഹം ചെയ്തിരിക്കുന്നതും പിടിഞ്ഞാറ്റേമേലേതിൽ കുടുംബത്തിൽ കിഴക്കേമുറിയിൽ താഴേത്തേതിലാണ്. അങ്ങനെ ഈ രണ്ടു കുടുംബാംഗങ്ങൾ അദ്ദേഹവുമായി ബന്ധപ്പെട്ടിരിക്കുന്നു.

## ഓർമ്മകളിൽ നിന്ന്

എന്റെ പിതാവ് ശ്രീ. വർഗ്ഗീസ് 1930-ൽ തന്നെ പരിശുദ്ധ കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്ക് ബഹുമാനപ്പെട്ട ജോഷ്വാച്ചനെപ്പോലെ കടന്നുവന്ന വ്യക്തിയാണ്. അതിനാൽ ജോഷ്വാച്ചന് എന്റെ കുടുംബവുമായി നല്ലൊരു ബന്ധം 1930 മുതൽ തന്നെ ഉണ്ടായിരുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ തന്നെയാണ് എന്റെ സഹോദരങ്ങളായ സി. ഗ്രിഗോറിയ എസ്.ഐ.സി.യും

www.malankaralibrary.com

സി. ആൻഞ്ചലീന എസ്.ഐ.സി.യും ഞാനും (ഫാ. തോമസ് റെജി പടിഞ്ഞാറ്റേമേലേതിൽ ഒ.ഐ.സി.) ബഥനി സന്ന്യാസി സമൂഹത്തിൽ അംഗങ്ങളായി തീരാൻ പ്രചോദനമായത്.

എന്റെ മൂത്ത സഹോദരി സി. ഗ്രീഗോറിയ ഒരു അദ്ധ്യാപിക ആയതിനു ശേഷമാണ് സന്ന്യാസ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നത്. മൈലപ്രായിൽ റ്റി.റ്റി.സി പഠിക്കുന്ന കാലത്ത് പെരിയ ബഹുമാനപ്പെട്ട ജോഷ്വാച്ചൻ എന്റെ സഹോദരിയ്ക്കെഴുതിയ കാർഡിൽ ഇപ്രകാരം കുറിച്ചിരുന്നു. "അമലോത്ഭവ മാതാവിനോട് മൂന്നു നന്മ നിറഞ്ഞ മറിയം" എന്ന പ്രാർത്ഥന മുടങ്ങാതെ പ്രാർത്ഥിക്കണം. അമലോത്ഭവ മാതാവിന്റെ പ്രത്യേകത എന്തെന്ന് അറിയില്ലാ യെങ്കിലും അന്നു തുടങ്ങിയ ആ ഭക്തി, ആ പ്രാർത്ഥന മുടക്കം കൂടാതെ ഇന്നും തുടരുന്നതായി സി. ഗ്രിഗോറിയാ സാക്ഷ്യപ്പെടുത്തുന്നു. ജോഷ്വാച്ചന്റെ അന്ത്യസമയത്ത് എന്റെ സഹോദരിക്ക് അച്ചന്റെ കൂടെ ആയിരിക്കുന്നതിന് ഭാഗ്യം ലഭിച്ചു. 1983 ഏപ്രിൽ രണ്ടാം തീയതി ബഹുമാനപ്പെട്ട ജോഷ്വാച്ചന്റെ പാവനാത്മാവ് വിശ്വസ്തനായ കാര്യസ്ഥനെപ്പോലെ തന്റെ ദൗത്യങ്ങൾ പൂർത്തീകരിച്ച് സ്വർഗ്ഗീയ ഭാഗ്യത്തിനായി കടന്നുപോയി. തന്റെ ജീവിതം പോലെ തന്നെയായിരുന്നു മരണവും എന്ന് സി. ഗ്രിഗോറിയ തന്റെ ഓർമ്മ കളിൽ അയവിറക്കുന്നു. സി. ആൻഞ്ചലീന തന്റെ സന്ന്യാസ ജീവിതത്തി ലേക്കുള്ള ദൈവവിളിയിൽ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു. ബഹുമാനപ്പെട്ട ജോഷ്വാച്ചന്റെ മാവിയുടെ കൊച്ചുമക്കളായ ഞങ്ങളും, മാതാപിതാക്കളുമാണ് കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്ക് കടന്നുവന്നിട്ടുള്ള കുടുംബമെന്ന നിലയിൽ, അച്ചന് ഞങ്ങളോട് പ്രത്യേക വാത്സല്യമുണ്ടായിരുന്നു. അതിനാൽ, ഞങ്ങൾ, മക്കൾ 4 പേരിൽ 3 പേരും സന്ന്യാസ ജീവിതം ബഥനിയിലൂടെ തെരഞ്ഞെടുക്കപ്പെടുന്നതിനും, ആ വിളിയോട് ക്രിയാത്മകമായി പ്രത്യുത്ത രിച്ച്, ആ വിളിയിൽ മുന്നേറുന്നതിനും ഇപ്പോഴും സാധിക്കുന്നു.

എന്റെ വ്യക്തിപരമായ അനുഭവം, കുട്ടിക്കാലം മുതൽ ജോഷ്വാച്ചൻ വീട്ടിൽ വന്നു കണ്ട നിമിഷങ്ങൾ, അതിനുശേഷം 1974-ൽ ബഥനി സന്ന്യാസി സമൂഹത്തിൽ അർത്ഥിയായി ചേർന്നതു മുതൽ, ബഹുമാനപ്പെട്ട അച്ചൻ 1983-ൽ തന്റെ സ്വർഗ്ഗീയ സമ്മാനത്തിനായി നിത്യജീവനിലേയ്ക്ക് പോകു ന്നതു വരെയുള്ള ഓർമ്മകൾ ദീപ്തമാണ്. ഉള്ളതു കൊണ്ട് തൃപ്തിപ്പെട്ട് സാധാരണ ജീവിതം നയിച്ച ഒരു യഥാർത്ഥ സന്ന്യാസി. സന്ന്യാസ ജീവിതത്തോട് തീക്ഷ്ണമായി പ്രത്യുത്തരിച്ച മുനി ശ്രേഷ്ഠൻ. ബഥനി സന്ന്യാസ സമൂഹത്തിന്റെ സംഘർഷ കാലഘട്ടത്തിൽ സമൂഹത്തെ ധീരമായി നയിച്ച ആശ്രമ ശ്രേഷ്ഠൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനോട് ചേർന്ന് നിന്ന ഉത്തമ സഹചാരി. ആശ്രമത്തിൽ അനേകർക്ക് ഗുരുഭൂതൻ. നവശിഷ്യഗുരുവായി നാലാഞ്ചിറയിൽ ശുശ്രൂഷ ചെയ്യുമ്പോൾ ബന്ധുക്കൾ

www.malankaralibrary.com

ആരെങ്കിലും ജോഷ്വാച്ചനെ സന്ദർശിക്കാൻ ചെന്നാൽ അതിഥി മന്ദിരത്തിൽ മാത്രം പ്രവേശനം. ആശ്രമം കാണിക്കുന്നത് ആശ്രമ പറമ്പിലൂടെ കൊണ്ടു പോയി ആശ്രമത്തിന്റെ ചുറ്റുപാടുകൾ ചൂണ്ടി കാണിക്കുന്നത് ഇപ്പോഴും ഓർക്കുന്നു. കാരണം ആശ്രമത്തിൽ പ്രത്യേകിച്ച് നവശിഷ്യ ആവൃതിയിൽ ആർക്കും തന്നെ പ്രവേശനം ഇല്ലായിരുന്നു. അത്രയും നിഷ്ഠാ ജീവിതത്തിന് പ്രാധാന്യം നൽകിയാണ് ബഥനി സന്ന്യാസികൾ ജീവിച്ചിരുന്നത്. കുറ്റമോ കുറവോ കൂടാതെ ദൈവസംസർഗത്തിൽ ജീവിക്കാൻ ആശ്രമസ്ഥർ പരിശ്രമിച്ചിരുന്നു. അതിനുള്ള ഉത്തമ മാതൃകയായിരുന്നു പെരിയ ബഹുമാനപ്പെട്ട ജോഷ്വാച്ചൻ.

**അഗ്നിയിൽ ശുദ്ധി ചെയ്ത ജീവിതം**

ആരെങ്കിലും അച്ചനെക്കുറിച്ച് എന്തെങ്കിലും കുറ്റം പറയുന്നത് ഒരിക്കലും സമൂഹത്തിൽ കേട്ടിട്ടില്ല. ക്ലാസുകളെക്കാൾ ജീവിതമാതൃകയാണ് വലിയ പാഠ പുസ്തകമെന്ന് ജീവിതത്തിലൂടെ കാണിച്ചു കൊടുത്ത യഥാർത്ഥ ഗുരു. (ഉദാ. വെറുതെ കത്തിക്കിടക്കുന്ന ലൈറ്റ് പോയി അണക്കുന്നത്). താൻ ജീവിച്ച സമൂഹത്തെ അവസാനം വരെയും ജീവനുതുല്യം സ്നേഹിച്ച കപടതയി ല്ലാത്ത സന്ന്യാസിയെന്ന് ജോഷ്വാച്ചനെ വിശേഷിപ്പിക്കാൻ സാധിക്കും.

കത്തോലിക്കാ സഭാ കൂട്ടായ്മയിലേക്ക് കടന്നു വന്ന നാളുകളിൽ പല തിക്താനുഭവങ്ങളും അച്ചന് അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ചാണകം വാരിയെറിഞ്ഞ് കൂവി ഓടിച്ച്, ദേവാലയത്തിൽ പൂട്ടിയിട്ട് പുറത്തിറങ്ങാൻ സാധിക്കാതെ സിവിൾ അധികാരികൾ രക്ഷിച്ചതൊക്കെ ചരിത്ര അനുഭവ ങ്ങളാണ്. ഈ സാഹചര്യങ്ങളെയൊക്കെയും ദൈവത്തിലാശ്രയിച്ച്, ധൈര്യം കൈവെടിയാതെ, ദൈവമാണ് ഒരു സന്ന്യാസിയുടെ സമ്പത്തെന്ന് ഹൃദയത്തിലുറപ്പിച്ച്, സങ്കീർത്തകനെപ്പോലെ കർത്താവാണ് എന്റെ ഓഹരി, അവിടുന്നാണ് എന്റെ പാനപാത്രമെന്ന് ഉറച്ച് വിശ്വസിച്ചുകൊണ്ട് വിളിക്കപ്പെട്ട വിളിയോട് പ്രത്യുത്തരിച്ച് പൂർണ്ണമായി ദൈവത്തിൽ ചരിച്ച ഉത്തമ സന്ന്യാസി.

ആശ്രമ ജീവിതചര്യകളോട് അല്പം പോലും ലാഘവത്വം കാണി ക്കാതെ അവസാനം വരെ ജീവിച്ച പുണ്യ പിതാവ്. പ്രാർത്ഥന, വിശുദ്ധ കുർബാന, ധ്യാനം എപ്പോഴും കൂട്ടമായി നടത്തണമെന്ന് നിഷ്കർഷിക്കു കയും, അത് പ്രാവർത്തികമാക്കുകയും ചെയ്തിരുന്ന ഒരു യഥാർത്ഥ യോഗി യായിരുന്നു ബഹുമാനപ്പെട്ട അച്ചൻ. അവസാന നാളുകളിൽ കേൾവിയ്ക്ക് പ്രശ്നം ഉണ്ടായിരുന്നുവെങ്കിലും കൂട്ടക്രമങ്ങൾ തെറ്റിക്കാതെ ജീവിച്ച ഒരു പ്രാർത്ഥനയുടെ മനുഷ്യൻ. "അല്പകാര്യങ്ങളിൽ വിശ്വസ്തൻ, അധിക കാര്യങ്ങളിൽ വിശ്വസ്തൻ" ഈ സുവിശേഷ പുണ്യം അനുസരിച്ച് ജീവിച്ച് കടന്നു പോയ വിശ്വസ്തനും, വിവേകിയുമായ ഭൃത്യനായിരുന്നു ജോഷ്വാച്ചൻ. ബഥനി സന്ന്യാസി സമൂഹത്തിന്റെയും ഓരോ ആശ്രമത്തിന്റെയും സ്ഥാപന

www.malankaralibrary.com

ത്തിന്റെയും കണക്കുകൾ ശരിയാക്കുമ്പോൾ ഒരു നയാപൈസ കണക്കിൽ കാണാതെ വന്നാൽ അത് വീണ്ടും, വീണ്ടും പരിശോധിച്ച് കണ്ടുപിടിച്ച് കണക്കുകൾ കൃത്യമായതിനുശേഷമേ ആ സന്ന്യാസി കിടന്നുറങ്ങിയിരുന്നുള്ളൂ. കണക്കുകൾ എഴുതുന്നതിനും, ഓഡിറ്റു ചെയ്യുന്നതിനും സംവിധാനങ്ങൾ ഇല്ലാതിരുന്ന കാലങ്ങളിൽ മനക്കണക്കു കൂട്ടി ശരിയാക്കിയാണ് ഓഡിറ്റിന് കൊടുത്തിരുന്നത്. തന്റെ പഠനത്തിന്റെയും, അറിവിന്റെയും, ജ്ഞാനത്തിന്റെയും പശ്ചാത്തലത്തിൽ കൂർമബുദ്ധി എല്ലാകാര്യങ്ങളിലും പ്രകടമായിരുന്നു. അതുകൊണ്ടു തന്നെയാണ് ഹ്യസ്വകാലത്തേക്കെങ്കിലും ജോഷാച്ചൻ, 'ആബൂനായി തെരഞ്ഞെടുക്കപ്പെട്ടത്. കൂടാതെ പ്രധാന തസ്തികകളിലെല്ലാം അദ്ദേഹം ബഥനി സമൂഹത്തെയും, സഭയെയും നയിക്കുന്നതിനും കാരണമാകുന്നത്. കത്തോലിക്കാ സഭയുമായുള്ള കൂട്ടായ്മയിലേക്ക് ബഥനി സന്ന്യാസി സമൂഹം വന്നതിനുശേഷം, ബഥനി സന്ന്യസ്ഥർ സഭയുടെ പണിയിൽ ബദ്ധശ്രദ്ധാലുക്കളായിരുന്നു. ആയതിനാൽ സന്ന്യാസ ശിക്ഷണക്രമ പാലനത്തിൽ വീഴ്ചകൾ വരികയും, ബഥാന്യരുടെ തനിമ വീണ്ടെടുക്കുന്നതിനു വേണ്ടുന്ന കാര്യങ്ങൾ ചെയ്യുന്നതിൽ, പ്രത്യേകമായി സമൂഹസ്ഥാപകൻ മാർ ഈവാനിയോസ്, തിരുവല്ലാ രൂപതാദ്ധ്യക്ഷൻ മാർ സേവേറിയോസ്, അപ്പസ്തോലിക പ്രതിനിധി എന്നിവരുമായി, സമയോചിതകത്തിടപാടുകൾ നടത്തിക്കൊണ്ടിരുന്ന ബഥാന്യരിൽ പ്രമുഖനായിരുന്നു ജോഷാച്ചൻ. സമർപ്പണ ജീവിതത്തിന്റെ നിർമ്മലത ഒരിക്കലും, ഒരുവിധത്തിലും നഷ്ടപ്പെടുത്താതിരിക്കാൻ അദ്ദേഹം സദാ ജാകരൂകനായിരുന്നു. അതുകൊണ്ടുതന്നെയാണ് ബഥനി സന്ന്യാസി സമൂഹം 1966 ഏപ്രിൽ 16-ന് ഒരു പൊന്തിഫിക്കൽ കോൺഗ്രിഗേഷൻ ആയിത്തീർന്നത്. തന്റെ ജീവിതത്തിന്റെ അവസാനം വരെയും സമർപ്പണ ജീവിതത്തിന്റെ പരിശുദ്ധി നഷ്ടപ്പെടുത്താതെ ജീവിക്കാൻ സാധിച്ചുവെന്ന് ആശ്രമസ്ഥരും സാധാരണജനവും സാക്ഷ്യപ്പെടുത്തുന്നു. ആ പുണ്യപിതാവിന്റെ മദ്ധ്യസ്ഥത എല്ലാവർക്കും കോട്ടയായിരിക്കാൻ പ്രാർത്ഥിക്കാം. നിങ്ങളുടെ മരിച്ചുപോയ പിതാക്കന്മാരെ പ്രാർത്ഥനകളിലും, പരി.കുർബാനയിലും നിരന്തരം അനുസ്മരിക്കുവിൻ എന്ന് പരി. വേദപുസ്തകവും വിശുദ്ധ പിതാക്കന്മാരും നമ്മെ അനുസ്മരിപ്പിക്കുന്നു. കാരണം നമ്മുടെ പൂർവ്വികർ നമ്മുക്കു മുമ്പേ ദൈവത്തിന്റെ സന്നിധിയിൽ ചെന്നവരും, നമുക്കു വേണ്ടി ദൈവത്തിന്റെ സന്നിധിയിൽ മദ്ധ്യസ്ഥം വഹിക്കുന്നവരുമാണെന്നാണ് സഭയുടെ വിശ്വാസം. ആ വിശ്വാസം നമുക്ക് ആശ്വാസം നല്കുന്നതും നമ്മെ വിശ്വാസത്തിൽ ജീവിക്കാൻ ശക്തിപ്പെടുത്തുന്നതുമാണ്. ആയതിനാൽ വിശ്വാസപൂർവ്വം ജീവിക്കുന്നതിനും, ദൈവത്തിന്റെ തിരുനാമം മഹത്വപ്പെടുത്തുന്നതിനും, യേശുവിന്റെ രണ്ടാമത്തെ വരവിൽ യേശുവിനെ വരവേല്ക്കാൻ നമ്മുടെ പൂർവ്വികരോടൊത്ത് ആയിരിക്കുവാനുള്ള സൗഭാഗ്യത്തിനായി ജാഗ്രതയോടെ ജീവിക്കാനും പരിശ്രമിക്കാം.

www.malankaralibrary.com

**ഭാവിയിലേക്ക്...**

സന്ന്യാസ ജീവിതത്തിൽ പുണ്യജീവിതത്തിന്റെ മാതൃകയായി ജനതകൾക്ക് വഴികാട്ടിയായി നമ്മുടെ മുമ്പിൽ നടന്നു നീങ്ങിയവർ ആയിത്തീരട്ടെ. പിൻതലമുറക്കാർ സന്ന്യാസ ജീവിതത്തിന്റെ മാധുര്യവും, ലാളിത്യവും നഷ്ടപ്പെടുത്താതെ മുമ്പിൽ നടന്നവർ കാണിച്ചുതന്ന നേർ വഴികളിലൂടെ നടന്നു നീങ്ങി അനേകർക്ക് പൂർവ്വികരെപ്പോലെ നേർ വെളിച്ചമായിത്തീരട്ടെ. കുടുംബ ജീവിതം നയിക്കുന്നവർ സുവിശേഷ പുണ്യങ്ങൾ മനസ്സിലാക്കി, തങ്ങളുടെ ജീവിതത്തോട്, ധീരമായി, ക്രൈസ്തവോചിതമായി പോരാടുവാനും അനേകർക്ക് തങ്ങളുടെ ജീവിതം മാതൃകയായിത്തീർക്കാനും, ദൈവമഹത്വത്തിനായി തങ്ങളുടെ ജീവിതം കാരണമായിത്തീർക്കുന്നതിനും, രക്ഷ എന്തെന്ന് അറിയാത്തവർക്ക്, യേശുവിലൂടെ, രക്ഷയുടെ അനുഭവം പകർന്നു കൊടുക്കുന്നതിനും ഇടയാകണം. സന്ന്യാസ ജീവിതത്തിലേക്കും, പൗരോഹിത്യ ജീവിതത്തിലേക്കും ദൈവവിളി നമ്മുടെ കുടുംബങ്ങളിൽ നിന്നുമുണ്ടാകാൻ നിരന്തരം, മുടക്കം കൂടാതെ പ്രാർത്ഥിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. സന്ന്യാസം സഭയുടെ ചങ്കാണെന്ന്, പുണ്യപിതാക്കന്മാർ അവരുടെ ജീവിതാനുഭവങ്ങളിലൂടെ ദൈവമക്കളെ പഠിപ്പിച്ചിരിക്കുന്നു. അതിനാൽ നമ്മുടെ കുടുംബങ്ങളിൽ നിന്നും സന്ന്യാസ ജീവിതാന്തസ്സിലേക്ക് ദൈവവിളി പ്രോത്സാഹിപ്പിക്കുകയും, ആ വിളിയിൽ നിലനില്ക്കുന്നതിന് നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യണം. പുണ്യ പൂർണ്ണതയുടെ വഴിയിൽ നടന്നു നീങ്ങിയവർ, പിൻതലമുറക്കാർക്ക് കാവലാളായിത്തീരട്ടെ. അങ്ങനെ ദൈവ തിരുനാമം മഹത്വപ്പെടുത്താം. □

> പരിശുദ്ധ ദൈവമാതാവ് അത്യന്ത ഭക്തിയോടും വണക്കത്തോടുംകൂടെ തന്റെ വഴിപാട് അർപ്പിച്ചു. അവളുടെ സവിശേഷമായ അടക്കമൊതുക്കമാണ് അവളെ തിരിച്ചറിവാൻ വി.ശെമഓനെ സഹായിച്ചത്. നിന്റെ ദൈവഭക്തി ദൈവത്തിന് പ്രസാദകരവും അടക്കമൊതുക്കം മനുഷ്യർക്ക് സന്മാതൃകയുമായി തീരത്തക്കവണ്ണം ആന്തരികവും ബാഹ്യവുമായ എല്ലാ പെരുമാറ്റങ്ങളും ക്രമീകരിക്കപ്പെട്ടിരിക്കണം.
>
> (ഫാ. ജോഷ്വാ, പേജ് 13)

www.malankaralibrary.com

# ഫാ. ജോഷ്വാ താവളത്തിൽ ഒ.ഐ.സി
# 'എന്റെ അപ്പച്ചൻ'



**ഡോ. ലളിതാ ജോർജ്ജ്**

ജീവിതം പ്രാർത്ഥനയാക്കി മാറ്റിയ ഒരു താപസൻ. അത് വേഷത്തിലും ഭാവത്തിലും ചൊല്ലിലും ചിരിയിലും.... അങ്ങനെ എല്ലാം എല്ലാം നിറഞ്ഞ പ്രിയ അപ്പച്ചന്റെ സ്മരണയ്ക്കുമുമ്പിൽ ഒരായിരം പനിനീർ പൂക്കൾ. അതിന്റെ സുഗന്ധവും പരിശുദ്ധിയും ചാരുതയും എല്ലാം അങ്ങേയ്ക്കു സ്വന്തം.

ഓർമ്മവെച്ച കാലം മുതൽ അപ്പച്ചൻ എന്നു വിളിച്ചിരുന്ന വ്യക്തിയും വല്ലപ്പോഴും വീട്ടിൽ വരും. അതും മിക്കവാറും സന്ധ്യാ സമയങ്ങളിൽ. അടുത്തു വിളിക്കും ചേർത്തു പിടിക്കും. അതിനുശേഷം സന്ധ്യാപ്രാർത്ഥന. പിന്നീട് ഒരു കഞ്ഞികുടി. ഒൻപതു മണിക്കു മുമ്പേ അപ്പച്ചനെ കുഞ്ഞൂട്ടി എന്നു വിളിക്കുന്ന എന്റെ പപ്പ ഇടവക പള്ളിയിൽ കൊണ്ടു വിടും. സന്ന്യാസിക്ക് വീടില്ലല്ലോ. പിറ്റേദിവസം രാവിലെ മാമ്പിലാലി പള്ളിയിൽ ദിവ്യബലിക്കുശേഷം സ്വന്തം ആശ്രമത്തിലേക്കു തിരിച്ചുപോകും. ഇതാണ് ഓർമ്മയിലെ ആദ്യ അനുഭവങ്ങൾ.

കുട്ടിക്കാലത്തെ ക്രിസ്മസ് എന്നും പച്ചപിടിച്ചു നിൽക്കുന്നത് അപ്പച്ചന്റെ ക്രിസ്മസ് കാർഡിലാണ്. ക്രിസ്മസ് കാർഡിലെ ഉണ്ണി ഈശോയും മാതാവും യൗസേപ്പ് പിതാവും, മാലാഖമാരും, വിദ്വാന്മാരും, ആട്ടിടയന്മാരും ഒക്കെ ഇന്നും പഴയ ഈ കാർഡുകളിലൂടെയാണ് സംസാരിക്കുന്നത്. ആദ്യമെല്ലാം കുഞ്ഞുകുട്ടി ആൻഡ് ഫാമിലിക്ക് ഒരു കാർഡ്. പിന്നീടങ്ങോട്ട് ഒരു കവറിൽ ഞങ്ങൾ മക്കൾ നാലുപേർക്കും പ്രത്യേകം പേരെഴുതി ഓരോ കാർഡ്. പോസ്റ്റു മാനെ നോക്കി കാർഡിനായി നോക്കിയിരിക്കുന്ന ആ കാലം ഇന്നെന്നപോലെ ഓർക്കുന്നു.

പിന്നീട് എനിക്ക് പ്രചോദനവും പ്രോത്സാഹനവും കിട്ടുന്ന ഒരു കാല ത്തെക്കുറിച്ച് പറയാനുള്ളത് സ്കൂൾ കാലഘട്ടങ്ങളാണ്. "പഠനത്തോടൊപ്പം പ്രാർത്ഥനയും വേണം" എന്ന ചിന്തക്ക് തിരി കൊളുത്തിയത് അപ്പച്ചന്റെ ഉപദേശങ്ങളും കത്തുകളുമാണ്. ഓരോ പരീക്ഷ വരുമ്പോഴും പോസ്റ്റ് കാർ ഡിൽ തീയതി സഹിതം പരീക്ഷയുടെ വിശദ വിവരങ്ങൾ എഴുതി അയയ്ക്കും.

മൂന്നു ദിവസത്തിനകം നല്ല വടിവൊത്ത അക്ഷരത്തിൽ മറുപടിയും ലഭിക്കും. പിന്നെ പരീക്ഷയെക്കുറിച്ച് നല്ല ആത്മവിശ്വാസമാണ്. തെല്ലുമേ ആകുലതയില്ല. ഈ പതിവ് എന്റെ ജീവിതത്തിൽ MSc വരെ തുടർന്നു. MSc

www.malankaralibrary.com

യുടെ പഠനം തിരുവനന്തപുരത്തെ കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസിൽ ആയിരുന്നതുമൂലം പലപ്പോഴും അപ്പച്ചനെ നാലാഞ്ചിറ ആശ്രമത്തിൽ വന്നു കാണുന്നതിനും ആ വാത്സല്യം അനുഭവിക്കുന്നതിനും എനിക്കു സാധിച്ചു.

പഠനത്തിനുശേഷം ഞാൻ മാർ ഈവാനിയോസ് കോളേജിൽ ജോലി ചെയ്യുന്ന സമയം. 1983 മാർച്ചിലെ ഹാശാ ആഴ്ചയിലെ വലിയ ബുധനാഴ്ച അന്നു ഞാൻ MTT ഹോസ്റ്റലിലാണ് താമസം. തൊട്ടടുത്ത കോൺവെന്റിൽ ആന്റി (Sr.Scholastica), എന്റെ പപ്പയുടെ സഹോദരി സുപ്പീരിയർ ആണ്. നമുക്ക് ആശ്രമം വരെ പോകണം. പെട്ടെന്ന് പോകണമെന്ന് ആന്റി വിളിച്ചു പറഞ്ഞതനുസരിച്ച് ഞങ്ങൾ രണ്ടുപേരും കൂടി 8 മണിയോടുകൂടി അവിടെ എത്തി. അവിടെ ഡോക്ടറും, അച്ചന്മാരും, ബ്രദേഴ്സും എല്ലാവരും കൂടി നില്ക്കുന്നു. തലേദിവസം രാത്രി എന്തൊക്കെയോ ചില അസ്വസ്ഥതകളു ണ്ടായി. അതിനാൽ ഹോസ്പിറ്റലിൽ കൊണ്ടു പോകാനുള്ള തയ്യാറെടുപ്പായി രുന്നു. വളരെ തിടുക്കത്തിൽ അപ്പച്ചൻ ബ്രേക്ക്ഫാസ്റ്റ് കഴിച്ചു. എന്തോ ഒരിക്കലും കാണാത്ത ഒരു അസാധാരണ ധൃതി അപ്പച്ചനെ ചുറ്റുന്നതായി എനിക്കനുഭവപ്പെട്ടു. ഏതാണ്ട് ഉച്ചക്കു മുമ്പുതന്നെ ആശ്രമത്തിൽ മടങ്ങി യെത്തുകയും ചെയ്തു. അതിനുശേഷം ഞാനും ആന്റിയും ധാരാളം സമയം അപ്പച്ചനോടുകൂടി ചെലവഴിക്കുകയും ചെയ്തു. തീർച്ചയായും അനുഗ്രഹവും പ്രാർത്ഥനയും ആയിരുന്നു ആ കൈകളിൽ. അതിനടുത്ത ദിവസം മദ്ധ്യ വേനൽ അവധി തുടങ്ങുന്നതിനാൽ ഞാൻ വീട്ടിലേക്കു പോകുകയാണെന്ന് ഞങ്ങൾ അപ്പച്ചനോടു പറഞ്ഞു. യാത്ര ചോദിച്ചപ്പോൾ "ഇതെല്ലാം വീട്ടിൽ ചെന്ന് കുഞ്ഞൂട്ടിയോടു പറയണം" എന്ന് അപ്പച്ചൻ എന്നോടു പറഞ്ഞു. അനുഗ്രഹിച്ച് എന്നെ പറഞ്ഞയച്ചു.

അപ്പച്ചൻ അവസാനമായി വീട്ടിൽ വന്ന ഓർമ്മ. അപ്പച്ചന്റെ ആഗ്രഹ പ്രകാരം ബഹു.അംബ്രോസ് ഒ.ഐ.സി. അച്ചൻ ജനിച്ചു വളർന്ന വീടും നാടും സന്ദർശിക്കാനായി അപ്പച്ചനെ കൊണ്ടുവന്നു. വലിയ സന്തോഷത്തോടെ, നിറഞ്ഞ സംതൃപ്തിയോടെ മുറ്റത്തും പരിസരത്തും നടക്കുകയും ഒക്കെ ചെയ്ത സംഭവം മനസ്സിൽ തെളിഞ്ഞു നില്ക്കുന്നു.

വളരെ അപ്രതീക്ഷിതമായ ഒരു സംഭവം കൂടി ഓർക്കുകയാണ്. അപ്പച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലി 1979-ൽ തിരുവല്ല ബഥനി ആശ്രമത്തിൽവച്ച് നടത്തപ്പെടുകയുണ്ടായി. അഭിവന്ദ്യരായ സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയും, ഐസക് മാർ യൂഹാനോൻ തിരുമേനിയും ആശ്രമത്തിലെ വൈദികരും, ഏറ്റവുമടുത്ത കുടുംബാംഗങ്ങളും പങ്കെടുത്തു. അന്നത്തെ മീറ്റിംഗിലെ ഒരു സംഭവം ഞാനിവിടെ കുറിക്കുകയാണ്. ഏതാണ്ട് 70-നോടടുത്തുള്ള പ്രായമുള്ള ഒരാൾ വിളിക്കാതെ പ്രസംഗിക്കാൻ മുന്നോട്ടു വന്നു. "ഇവിടെ ജോഷാച്ചന്റെ ജൂബിലി ആഘോഷിക്കുന്നു. എന്നെ ആരും ഈ വിവരം അറിയിച്ചില്ല. ക്ഷണിച്ചുമില്ല. എന്നാൽ ജോഷാച്ചന്റെ ജൂബിലിക്ക്

www.malankaralibrary.com

എന്നെ ആരും ക്ഷണിക്കണ്ട. എനിക്ക് വരാതിരിക്കാനും പറ്റില്ല..." എന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം പ്രസംഗം ആരംഭിച്ചത്. അപ്പച്ചന്റെ അനന്യത യാർന്ന സമർപ്പണ ചൈതന്യത്തെപ്പറ്റി അദ്ദേഹം പറഞ്ഞ പല ചിന്തകളും എന്റെ മനസ്സിൽ വന്നു. എന്റെ ഭാര്യ രാവിലെ കുർബാനക്കു വന്നപ്പോൾ അറിഞ്ഞ വിവരമാണ്. വീട്ടിൽ വന്ന് എന്നോടു പറഞ്ഞു, "ആശ്രമത്തിൽ ജോഷാച്ചന്റെ ജൂബിലി ആഘോഷിക്കുകയാണ്." അന്ന് ആ പ്രസംഗം കേട്ടവർക്കൊക്കെ ഒരു കൗതുകം തോന്നി; കൂട്ടത്തിൽ എനിക്കും. തേക്കും പറമ്പിൽ ടി.കെ.ജോൺ സാർ ആയിരുന്നു ആ വ്യക്തി. അദ്ദേഹത്തിന്റെ മകൻ ജോർജ്ജ് ടി.ജോൺ പിന്നീട് എന്റെ ജീവിത പങ്കാളിയായി.

കാണാനും സംസാരിക്കാനും അപ്പച്ചന്റെ ഉപദേശങ്ങൾ, വിദ്യാഭ്യാസ ത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ, ജീവിതദർശനങ്ങൾ, ജീവിതവിശുദ്ധി, ജീവിതലാളിത്യം, കത്തോലിക്കാ സഭയോടുള്ള കടപ്പാട്, പ്രതിജ്ഞാ ബദ്ധത.... ഇന്നും ജീവിതത്തിന്റെ ഊർജ്ജമായി നിലകൊള്ളുന്നു. □

യേശുവിന്റെ പരിശുദ്ധ തിരുനാമത്തെ യോഗ്യമായി ധരിക്കുന്നവർക്ക് ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സമൃദ്ധിയായി നൽക പ്പെടുന്നു. അതോടുകൂടെ പ്രകാശവും സന്തോഷവും നിത്യ സൗഭാഗ്യവുമുണ്ട്. ജാതികളുടെ മാനസാന്തരത്തിന് ആരോടാണ് കടപ്പെട്ടിരിക്കുന്നത് എന്ന് അപ്പസ്തോലന്മാരോട് ചോദിക്കുക. ഈശോയുടെ തിരുനാമത്തോട് എന്നായിരിക്കും അവർ നൽകുന്ന മറുപടി. ഭൗമിക ശക്തികളുടെ മേൽ വിജയം ഘോഷിക്കുന്നതിന്, ഞങ്ങളെ പ്രാപ്തരാക്കിയത് എന്താണെന്ന് രക്തസാക്ഷികളോടു ചോദിക്കുക. ഈശോയുടെ മഹത്തരമായ തിരുനാമം എന്നായിരിക്കും അവരുടെ മറുപടി.

ഈ പരിശുദ്ധ തിരുനാമത്തിന്റ ശക്തിയാൽ വിശുദ്ധന്മാർ കൃപയുടെയും മഹത്വത്തിന്റെയും ഉന്നത പദവി പ്രാപിച്ചു. വി.ബർണ്ണാർഡ് പറയുന്നു: "ഈശോയുടെ രക്ഷാകരമായ നാമം എന്റെ മനസ്സിൽ ഉദിച്ചാലുടനെ എന്റെ വികാരങ്ങൾ കെട്ടടങ്ങുന്നു. എന്റെ ദുഃഖം നീങ്ങിപ്പോകുന്നു. എന്റെ പരീക്ഷ അപ്രത്യക്ഷമാവുകയും ചെയ്യുന്നു. എന്തെന്നാൽ ഈ മധുരനാമം ഉച്ചരിക്കുമ്പോൾ സൗമ്യനും ഹൃദയ എളിമ ഉള്ളവനും സകല സുകൃതങ്ങളാലും അലംകൃതനുമായ ഒരു വ്യക്തിയെയത്രേ എന്റെ മുമ്പിൽ ഞാൻ കാണുന്നത്. അതേസമയം, ഈ ആൾ തന്റെ കൃപാ സഹായം എനിക്ക് നൽകുന്നവനും എന്റെ അനുകരണത്തിനായി സ്വമാതൃക കാണിച്ചുതരുന്ന സർവ്വശക്തനായ ദൈവമാകുന്നുവെന്നും ഞാനോർത്തു പോകുന്നു.

(ഫാ. ജോഷാ, പേജ് 4-5)

www.malankaralibrary.com

# ഫാ. ജോഷ്വാ താവളത്തിൽ
# നിഷ്കളങ്കനായ ബഥാന്യൻ

**ഫാ. ജോൺ ബോസ്കോ കുറ്റിയിൽ ഒ.ഐ.സി.**



1950-കളിലാണ് ഞാൻ ആദ്യമായി ബ. ജോഷ്വാച്ചനെ കാണുന്നതും അറിയുന്നതും പരിചയപ്പെടുന്നതും. ഞാൻ അന്ന് ഏകദേശം 15 വയസ്സ് പ്രായം വരുന്ന കൗമാരക്കാരനായ ഒരു വിദ്യാർത്ഥി ആയിരുന്നു. അച്ചൻ കറ്റാനം ആശ്രമാംഗവും എന്റെ ഇടവകയായ കറ്റാണം പള്ളി വികാരിയുമായിരുന്നു. അച്ചന്റെ ജീവിതവും, സന്ന്യാസനിഷ്ഠയും ഭക്തിപൂർവ്വമായ ആരാധനാനു ഷ്ഠാനവും എന്നെ വളരെയധികം ആകർഷിക്കുകയും സ്വാധീനിക്കുകയും ചെയ്തു. എന്റെ ബഥനി ആശ്രമത്തിലേക്കുള്ള വിളിക്ക് അതും ഒരു കാരണമായി തീർന്നിട്ടുണ്ട്. ആദ്യകാഴ്ചക്കാരൻ അദ്ദേഹത്തിന്റെ മരണം വരെയും ഇപ്പോഴും ഓർമ്മകളിലും, അച്ചനോട് ആദരവും ബഹുമാനവും ആണ് എന്നിക്ക് തോന്നിയിട്ടുള്ളത്.

അച്ചനിൽ ഞാൻ ദർശിച്ചിട്ടുള്ള വിലയ ഗുണമാണ് അദ്ദേഹത്തിന്റെ നിഷ്കളങ്കതയും നിഷ്കപടതയും. വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തം എല്ലാകാര്യങ്ങളിലും കാണാമായിരുന്നു. അച്ചന്റെ ലാളിത്യവും ചിട്ടയുമൊക്കെ എടുത്തു പറയേണ്ടവയും എന്നെ സ്വാധീനിച്ചിട്ടുള്ള ഗുണങ്ങളു മായിരുന്നു.

ഞാൻ പൂനായിൽ പഠിക്കുന്ന കാലത്താണ് അച്ചൻ ബഥനിയുടെ സുപ്പീ രിയർ ജനറലായിരുന്നത്. സമൂഹത്തിന്റെ പ്രതിസന്ധിയുടെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ദൈവശ്രയവും, ഭക്തിയും ദീർഘ വീഷണവും ഈ സമൂഹത്തെ അതിന്റെ തനിമയിൽ നിലനിർത്താൻ കഴിഞ്ഞു. ഈ സമൂഹ ത്തിന്റെ പ്രതിസന്ധിയുടെ കാലത്ത്, പുനരൈക്യാനന്തരമുള്ള സമൂഹത്തിന്റെ അവസ്ഥയിൽ മറ്റു സമൂഹാംഗങ്ങളെ ചേർത്തു നിർത്തി, സമൂഹത്തെ ബലപ്പെടുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തിന്റെ വിവേകവും, സൗമ്യതയും സഭാനേതൃത്വത്തിന്റേയും സമൂഹാംഗങ്ങളുടെയും ഇടയിൽ പ്രത്യേകിച്ച് സമൂഹ സ്ഥാപകനായ മാർ ഈവാനിയോസ് പിതാവിന്റെയും സമൂഹാംഗങ്ങളുടെയും ഇടയിൽ ഒരു മദ്ധ്യസ്ഥനായി വർത്തിക്കുന്നതിന് ഇടയാക്കി. സമൂഹത്തെ അതിന്റെ സ്ഥാപനോദ്ദേശത്തിലേയ്ക്ക് നയിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹം എല്ലാവരുടെയും ഇടയിൽ സ്വീകാര്യനായ ഒരു വ്യക്തി ആയിരുന്നു.

സമൂഹത്തിന്റെ അനുദിന നാളാഗമം വ്യക്തിപരമായി അദ്ദേഹം എഴുതുകയും സൂക്ഷിക്കുകയും ചെയ്തിരുന്നു. ഒരു ചിട്ടയായ documentaion

www.malankaralibrary.com

system അദ്ദേഹത്തിനുണ്ടായിരുന്നു. അത് ഈ സമൂഹത്തിന്റെ ചരിത്ര രേഖയിൽ ഒരു മുഖ്യ പങ്കുവഹിക്കുന്നതിനും ഇടയായി എന്നത് അദ്ദേഹ ത്തിന്റെ സമൂഹത്തിനുവേണ്ടിയുള്ള-തലമുറകൾക്കായുള്ള ഒരു വലിയ സംഭാവനയാണ്. മാർ ഈവാനിയോസ് പിതാവിന്റെ സെക്രട്ടറി, സമൂഹ ത്തിന്റെ ആദ്യകാല സെക്രട്ടറി എന്ന നിലയിൽ അദ്ദേഹത്തിന്റെ സേവനം ഈ കർമ്മത്തിന് അദ്ദേഹത്തെ യോഗ്യനാക്കി.

അസാമാന്യമായ വ്യക്തിത്വം ആയിരുന്നു ജോഷ്വാ അച്ചൻ. അദ്ദേഹത്തിൽ എടുത്തു പറയേണ്ട ഒരു ഗുണം തലമുറ വ്യത്യാസമില്ലാതെ എല്ലാവരേയും ഒന്നു പോലെ കാണുവാനും വളർത്തുവാനും സംരക്ഷിക്കാനും അദ്ദേഹത്തിനു സാധിച്ചു എന്നതാണ്. വാക്കും പ്രവൃത്തിയും ഒരുപോലെ കാണുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അദ്ദേഹം സമൂഹത്തിൽ അധികാരി ആയിരുന്നപ്പോഴും (സുപ്പീരിയർ ജനറൽ) അല്ലാത്തപ്പോഴും ഒരു പിതൃവാത്സല്യവും സ്നേഹവും എല്ലാവരോടും കാട്ടിയിരുന്നു. മറ്റുള്ളവരെ ക്കുറിച്ച് കരുതലുള്ള ഒരു വ്യക്തിയായിരുന്നു അദ്ദേഹം. മുണ്ടൻമല വിട്ട് മാർ ഈവാനിയോസ് പിതാവിനോടൊപ്പം പോകാൻ തീരുമാനിച്ചിരിക്കുമ്പോഴും എതിർ ചേരിയിൽ മാർ ഈവാനിയോസിനെ എതിർത്തിരുന്ന അലക്സി യോസ് അച്ചൻ രോഗക്കിടക്കിയിൽ ആയിരുന്നപ്പോൾ പിതാവിന്റെ നിർദ്ദേശാനുസരണം ശുശ്രൂഷിച്ചുകൊണ്ട് പെരുനാട്ടിൽ തങ്ങിയത് എടുത്തു പറയേണ്ട കാര്യമാണ്.

കണക്കിനോടുള്ള കാർക്കശ്യം, ചിട്ട എന്നിവ ജീവിതത്തിലും പ്രവൃത്തി തലത്തിലും അദ്ദേഹം കാത്തു സൂക്ഷിച്ചിരുന്നു. ഈ Accountability ദൈവ ത്തോടും, സഭ, സമൂഹ അധികാരികളോടും, മറ്റുള്ളവരോടും ഒരുപോലെ അദ്ദേഹം പുലർത്തിയിരുന്നു.

അദ്ദേഹത്തിന്റെ ലാളിത്യവും വിനയവും മാതൃകായോഗ്യമാണ്. ഈ സ്വഭാവ വൈശിഷ്ട്യങ്ങൾ അദ്ദേഹത്തിന്റെ നിഷ്കളങ്കതയിൽ നിന്ന് പ്രതിഫലിച്ചിരുന്നതായിരുന്നു. ആയതിനാൽ അദ്ദേഹം എന്നും നിഷ്കളങ്ക നായ ഒരു ബഥനിക്കാരൻ ആയിരുന്നു. നിഷ്കളങ്കനായ ഒരു ആശ്വാസ ദായകൻ ആയിരുന്നു. □

> ഇടമുറിയാതെ "ഞങ്ങളോടു കൂടെ താമസിക്കണമേ" എന്നു നാം ദൈവ ത്തോടു പറയണം. മരണം അടുക്കുമ്പോൾ നാം കൂടുതൽ അപകടാ വസ്ഥയിലാണ്. നമ്മുടെ സ്ഥിരതയെ പരീക്ഷിക്കുന്നതിന് പിശാച് അവന്റെ സകല കെണികളെയും നമ്മുടെ മുമ്പിൽ നിരത്തി വയ്ക്കും. കൂടുതൽ തീക്ഷ്ണതയോടെ "ഞങ്ങളോടുകൂടെ താമസിക്കണമേ" എന്ന് നീ ദൈവത്തോടപേക്ഷിക്കണം.
>
> (ഫാ. ജോഷ്വാ, പേജ് 112)

www.malankaralibrary.com

# ഫാ.ജോഷ്വാ - സാധാരണ കാര്യങ്ങളിൽ വിശുദ്ധി കണ്ടെത്തിയ 'വലിയ മനുഷ്യൻ'



ഫാ. മൈക്കിൾ വരിക്കോലിത്തറയിൽ ഒ.ഐ.സി.

**വ്യക്തിപരിചയം**

ബഥനി ആശ്രമ വൈദികർ കറ്റാനത്തുനിന്ന് പുന്നമൂട് ഇടവകയിൽ കൂദാശകൾ പരികർമ്മം ചെയ്യുന്നതിനും ധ്യാനം നയിക്കുന്നതിനും വരാറുണ്ടായിരുന്നു. അവരുടെ ലാളിത്യം നിറഞ്ഞ ഇടപെടലും ഭക്തി നിർഭരമായ ശുശ്രൂഷകളും അവരെപ്പോലെ ഒരു മിഷനറിയായിത്തീരാനുള്ള ആഗ്രഹം എന്നിൽ ജനിപ്പിച്ചു. ഞാൻ ഒമ്പതാം ക്ലാസിൽ പഠിക്കുന്ന സമയത്ത് ആശ്രമ പ്രവേശനത്തിന് ഒരുക്കമായി അപ്പസ്തോലിക വിദ്യാർത്ഥികളായി ചേരാനാഗ്രഹിക്കുന്ന കുട്ടികളെ ഇന്റർവ്യൂ ചെയ്യുന്നതിന് തിരുവനന്തപുരത്തു നിന്നും 'ജനറാളച്ചൻ' വരുന്നുണ്ടെന്നും അതിനായി കറ്റാനത്ത് എത്തിച്ചേരണ മെന്നും ലഭിച്ച അറിയിപ്പനുസരിച്ച് ഞാൻ കറ്റാനം ബഥനി ആശ്രമത്തിൽ എത്തി. ആശ്രമത്തിന്റെ ഉന്നതാധികാരിയായ ജനറാളച്ചൻ, കുട്ടികളായ ഞങ്ങൾ ഭയപ്പെടേണ്ട, ഗൗരവ പ്രകൃതക്കാരനായ ഒരാളായിരിക്കാമെന്നാണ് ഞാൻ ധരിച്ചിരുന്നത്. ഒരു പുഞ്ചിരിയോടെ അച്ചന്റെ മുറിയിലേക്ക് എന്നെ സ്വീകരിച്ചപ്പോൾ തന്നെ എന്റെ ഭയാശങ്കകളും തെറ്റിദ്ധാരണകളും ഇല്ലാതായി. ഒരു പിതാവിനടുത്ത ഹൃദ്യമായ സംസാരം കൂടിയായപ്പോൾ അദ്ദേഹത്തിന്റെ വ്യക്തിത്വം കുറേക്കൂടി എന്നെ ആകർഷിച്ചു.

**ആദ്യകാല അനുഭവങ്ങൾ**

അപ്പസ്തോലിക വിദ്യാർത്ഥിയായി സ്വീകരിക്കപ്പെട്ട ഞാൻ കറ്റാനം ആശ്രമത്തിൽ താമസിച്ചുകൊണ്ട് പത്താം ക്ലാസ് പഠനം പൂർത്തിയാക്കി. 1965-ൽ ആസ്പിരന്റായി നാലാഞ്ചിറ ആശ്രമത്തിൽ പ്രവേശിച്ചു. 1967 മെയ് 8-ന് സന്ന്യാസപ്രതിഷ്ഠ നടത്തിയ ഞങ്ങൾ മാർ ഈവാനിയോസ് കോളേജിൽ പ്രീ-ഡിഗ്രി പഠനം നടത്തുകയെന്നതായിരുന്നു പരിശീലന ത്തിന്റെ അടുത്ത ഘട്ടത്തിൽ നടക്കേണ്ടിയിരുന്നത്. അപ്പോൾ ഞങ്ങളുടെ സീനിയർ ബാച്ചിൽപ്പെട്ടവർ കോളേജിൽ പഠിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഞങ്ങളെക്കൂടി കോളേജിൽ വിട്ടു പഠിപ്പിക്കുന്നതിന് ആശ്രമത്തിന്റെ സാമ്പത്തികനില പര്യാപ്തമല്ലാതിരുന്നതിനാൽ ഞങ്ങൾക്കുവേണ്ടി ആ വർഷം ഒരു പ്രത്യേക പരിശീലന പദ്ധതി തയ്യാറാക്കി. ഫാ.സിറിൽ മലഞ്ചരു വിൽ ആയിരുന്നു ഞങ്ങളുടെ ഗുരുവച്ചൻ. ഇംഗ്ലീഷ്, സുറിയാനി, ലത്തീൻ എന്നിവയായിരുന്നു പാഠ്യവിഷയങ്ങൾ. ഫാ.സിറിൽ, ഫാ.ബർണാർഡ്,

www.malankaralibrary.com

ഫാ.ജോഷ്വാ, ഫാ. ഏബ്രഹാം, ബ്രദർ പാട്രിക്ക് എന്നിവരായിരുന്നു ഞങ്ങളുടെ അദ്ധ്യാപകർ. Wren and Martin Grammar Book ഉപയോഗിച്ചുള്ള ജോഷ്വാ അച്ചന്റെ ക്ലാസുകൾ വളരെ വ്യക്തതയുള്ളതും ഞങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതുമായിരുന്നു. കണക്കു കൂട്ടുന്നതു പോലെ വ്യാകരണ ഭാഗങ്ങൾ ഞങ്ങളെ പഠിപ്പിക്കുന്നതിന് അദ്വിതീയമായ കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു.

**ആദ്ധ്യാത്മിക വിഷയത്തിലുള്ള നിഷ്ഠ**

മാർ ഈവാനിയോസ് തിരുമേനിയുടെ മുഖദാവിൽനിന്നു കേട്ടതും അദ്ദേഹത്തിൽ വിളങ്ങിയിരുന്നതുമായ സന്ന്യാസ നിഷ്ഠകളാൽ ബലപ്പെട്ട ദൈവസന്നിധി ബോധവും ദൈവാശ്രയ ബോധവും, ജോഷ്വാ അച്ചനിൽ ദൃശ്യമായിരുന്നു. ഉദാഹരണമായി ആശ്രമത്തിൽ നിന്ന് പുറത്തു പോകുമ്പോഴും തിരികെ എത്തുമ്പോഴും ചാപ്പലിൽ വിശുദ്ധ കുർബാനയുടെ മുമ്പാകെ മുട്ടുകുത്തി പ്രാർത്ഥിക്കുന്ന പതിവ് അദ്ദേഹം കൃത്യമായി ചെയ്യുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. അക്കാലത്ത് വൈദികരെല്ലാവരും കറുത്ത കുപ്പായം ധരിച്ച് മൂപ്പുമുറയനുസരിച്ച് ചാപ്പലിൽ മുൻഭാഗത്ത് നിന്നുകൊണ്ടായിരുന്നു സന്ധ്യാപ്രാർത്ഥനകളിൽ സംബന്ധിച്ചിരുന്നത്. ജോഷ്വാ അച്ചൻ കറുത്ത കുപ്പായമണിഞ്ഞ് നേരത്തേ തന്നെ മുമ്പിൽ വന്നു നിൽക്കുന്ന കാഴ്ച ഞാനിപ്പോഴും അനുസ്മരിക്കുന്നു. വിശ്രമജീവിതം നയിക്കുന്ന കാലത്ത് യാമപ്രാർത്ഥനകളുടെ സമയത്ത് അദ്ദേഹം ഓററ്ററി (ആശ്രമ ദേവാലയത്തിന്റെ വശത്തുള്ള ചെറിയ ചാപ്പൽ) യിൽ പ്രാർത്ഥനയിൽ വ്യാപരിച്ചിരുന്നു. അദ്ദേഹം ആദ്ധ്യാത്മികാഭ്യാസങ്ങൾ താൽപ്പര്യത്തോടെ നിർവ്വഹിച്ചിരുന്നു.

ഞാൻ നാലാഞ്ചിറ ആശ്രമത്തിൽ പ്രൊക്യുറേറ്ററായിരുന്ന കാലത്ത് (1981 മുതൽ) എന്റെ മുറിയുടെ വാതിലിൽ ചെറിയ ശബ്ദത്തോടെ കൊട്ടി, ജോഷ്വാ അച്ചൻ എന്നെ കാത്തു നിന്നിരുന്നത് ഞാനോർക്കുന്നു. ആശ്രമാവൃതിക്കുള്ളിൽ മൗനാന്തരീക്ഷം നിലനിന്നിരുന്നതിനാലാണ് അപ്രകാരം ഭവ്യതയോടെ അദ്ദേഹം പെരുമാറിയിരുന്നത്. എന്തെങ്കിലും പ്രത്യേകമായി ആവശ്യമുള്ളപ്പോൾ അതറിയിക്കാനോ പ്രൊക്യുറേറ്റർ എന്ന നിലയിൽ എന്റെ ജോലി നിർവ്വഹണത്തിൽ സഹായസന്നദ്ധത പ്രകടിപ്പിക്കുന്നതിനോ ആണ് അദ്ദേഹം എന്നെ സമീപിപ്പിച്ചിട്ടുള്ളത്.

ന്യായമല്ലാത്തതോ, ന്യായമില്ലാത്തതോ ആയ ഒരു കാര്യവും ജോഷ്വാ അച്ചൻ ചെയ്യുക ഇല്ലായിരുന്നു. അദ്ദേഹത്തിന്റെ പക്കൽ നിന്ന് 'സൂത്രത്തിൽ' എന്തെങ്കിലും കാര്യം സാധിച്ചെടുക്കാൻ ആവില്ലെന്ന് എല്ലാവർക്കും അറിയാമായിരുന്നു. നമ്മുടെ കാര്യങ്ങൾ അദ്ദേഹത്തോട് പറയാമായിരുന്നു. സന്ന്യാസപരമായി അനുവദിക്കപ്പെടാവുന്ന കാര്യങ്ങൾ അനുവദിക്കുകയും അവ എങ്ങനെയാണ് ചെയ്യേണ്ടതെന്ന് വിദ്യാർത്ഥികളായിരുന്ന ഞങ്ങൾക്ക്

www.malankaralibrary.com

പറഞ്ഞു തരുകയും ചെയ്യുമായിരുന്നു. അനുവദിക്കപ്പെടാവുന്നവയല്ലെങ്കിൽ എന്തുകൊണ്ട് അവ അനുവദിക്കാൻ ആവില്ലെന്നും അദ്ദേഹം പറഞ്ഞു തന്നിരുന്നു.

**ശുശ്രൂഷിക്കപ്പെടാനാഗ്രഹിക്കാത്ത വലിയ മനുഷ്യൻ**

ബഥനി ആശ്രമത്തിന്റെ എല്ലാ ഔദ്യോഗിക ഉത്തരവാദിത്തങ്ങളും പല സ്ഥലങ്ങളിൽ പല പ്രാവശ്യം നിർവ്വഹിച്ചിട്ടുള്ള വ്യക്തിയായിരുന്നു ജോഷ്വാ അച്ചൻ. അദ്ദേഹം വഹിച്ച ഉന്നതസ്ഥാനങ്ങളുടെ യാതൊരു ഭാവവും പ്രവൃത്തിയിലോ മനോഭാവത്തിലോ വാക്കിലോ പ്രകടിപ്പിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ വാർദ്ധക്യ സഹജമായ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി ആവശ്യ മുള്ള കാര്യങ്ങൾ ചെയ്തു കൊടുക്കുന്നതിന് ഒരാളിനെ സഹായത്തിന് ലഭ്യമാക്കാമെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞിട്ടുണ്ട്. എന്നാൽ മറ്റുള്ളവർ അദ്ദേഹത്തെ ശുശ്രൂഷിക്കുന്നത് ജീവിതാന്തസിന് യോജിക്കാത്ത കാര്യമായി കണ്ടിരുന്ന അദ്ദേഹം ആ നിർദ്ദേശം സ്വീകരിച്ചില്ല. വസ്ത്രം സ്വന്തമായി അല ക്കുക, തൗനാ സ്വന്തമായി വൃത്തിയാക്കുക, തന്നാലാവുന്ന ചെറിയ ജോലികൾ സ്വയം ചെയ്യുക ഇവയെല്ലാം "ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷി ക്കാനാണ് ഞാൻ വന്നിരിക്കുന്നതെന്ന്" ശിഷ്യന്മാരെ പഠിപ്പിച്ച ഗുരുവിനോട് പൂർണ്ണമായി താദാത്മ്യപ്പെടുന്നതിനുള്ള മാർഗ്ഗമായിട്ടാണ് അദ്ദേഹം അഭ്യസിച്ചിരുന്നത്. ആശ്രമത്തിന്റെ സമൂഹാദ്ധ്യക്ഷസ്ഥാനം പല പ്രാവശ്യം നിർവ്വഹിച്ചിട്ടുള്ള, പല തലമുറകളിൽപ്പെട്ട സന്ന്യസ്തരെ പരിശീലിപ്പിച്ചിട്ടുള്ള ജോഷ്വാ അച്ചൻ നടന്നു പോകുമ്പോൾ, സംസാരിക്കുമ്പോൾ, ആളുകളോട് ബന്ധപ്പെടുമ്പോൾ ശാന്തശീലനായ ഒരു സന്ന്യാസിയുടെ സൗമ്യതയല്ലാതെ നോട്ടത്തിലോ, ഭാവത്തിലോ, വാക്കിലോ അല്പം പോലും പ്രത്യേകതകളി ല്ലായിരുന്നു.

**മിഷൻ പ്രവർത്തനത്തിനോടുള്ള സമീപനം**

ജോഷ്വാച്ചൻ ആശ്രമത്തിന്റെ ജനറാളായിരുന്ന കാലത്ത് വേറ്റിനാട്, വെമ്പായം എന്നീ ഇടവകകളിൽ വികാരിയായിരുന്നുവെന്ന് ഞാൻ ഓർ ക്കുന്നു. അദ്ദേഹം ഒരു കാലത്ത് കൊട്ടാരക്കര ഭാഗത്തുള്ള പള്ളികളിൽ ശുശ്രൂഷയ്ക്ക് പോയിരുന്നു. മിഷനുകളിലേക്കുള്ള യാത്ര കഷ്ടപ്പാടുകൾ നിറഞ്ഞതായി രുന്നു. ബസിലായിരുന്നു യാത്ര. അക്കാലത്ത് ബസുകൾ കുറവായിരുന്നു. ശനിയാഴ്ച സന്ധ്യാ പ്രാർത്ഥനയ്ക്ക് പള്ളിയിൽ എത്തത്തക്കതുപോലെ പോവുകയും ഞായറാഴ്ച കർമ്മാദികൾക്കുശേഷം മടങ്ങി വരുകയും ചെയ്തി രുന്നു. ഇടവകകളിൽ എന്തെങ്കിലും പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ടെങ്കിൽ ആ കാര്യം സമൂഹത്തെ അറിയിച്ച് പ്രാർത്ഥന ആവശ്യപ്പെട്ടിരുന്നു. അദ്ദേഹ ത്തിന്റെ കഴിവുകൊണ്ട് എന്തെങ്കിലും പ്രത്യേക

www.malankaralibrary.com

കാര്യങ്ങൾ ചെയ്തിരുന്ന തായി പറയാറില്ലായിരുന്നു. ദൈവം അദ്ദേഹത്തിന്റെ കൂടെയിരുന്ന് പ്രവർത്തിക്കുന്നു എന്നായിരുന്നു ജോഷ്വാ അച്ചന്റെ ബോധ്യം.

**'ഇന്ന് പള്ളിയിൽ ആരാണ് തീ ഇട്ടത്?'**

ഞങ്ങളുടെ 'ജൂണിയറേറ്റ്' പരിശീലനകാലത്തെ രസകരമായ ഒരനുഭവം ഓർമ്മയിൽ വരുന്നു. ഞായറാഴ്ച പ്രാർത്ഥിക്കുകയും പാടുകയും ചെയ്തിരുന്ന കാര്യങ്ങളിൽ വിദ്യാർത്ഥികളായിരുന്ന ഞങ്ങൾ ഏതെങ്കിലും വീഴ്ച വരുത്തിയിരുന്നെങ്കിൽ അവ പൊതുവായോ വ്യക്തിപരമായോ വിശുദ്ധ കുർബാനയ്ക്കുശേഷം അധികാരികൾ പറഞ്ഞുതരുന്ന ഒരു പതിവുണ്ടായിരുന്നു. 'ഹൂദോസ് ഈത്തോ' (സഭയുടെ വിശുദ്ധീകരണം) ഞായറാഴ്ച നടന്ന കാര്യമാണ് ഞാൻ പറയാൻ പോകുന്നത്. വി.കുർബ്ബാനയും ഉപകാര സ്മരണയും കഴിഞ്ഞ് ഭക്ഷണശാലയിൽ പ്രഭാത ഭക്ഷണം കഴിച്ചു കൊണ്ടിരുന്നപ്പോൾ ജോഷ്വാ അച്ചൻ (അക്കാലത്ത് അദ്ദേഹം ജനറൽ കൗൺസിലർ ആയിരുന്നു) "ഇന്ന് പള്ളിയിൽ തീ ഇട്ടത് ആരാണ്? എന്നു ചോദിച്ചു" ചോദ്യത്തിന്റെ പൊരുൾ മനസ്സിലാകാഞ്ഞതിനാൽ ഞങ്ങൾ മൗനം പാലിച്ചു. അദ്ദേഹം ചോദ്യം ആവർത്തിച്ചു. "ചോദിച്ചതു കേട്ടില്ലേ? ആരാണ് പള്ളിയിൽ തീയിട്ടത്?'' ഹൂദോസ് ഈത്തോ ഞായറാഴ്ച സുവിശേഷ വായനയ്ക്കുശേഷം ആലപിക്കേണ്ട "തീയല്ലോ ഈ മദ്ബഹാ...." എന്ന ഗാനം തെറ്റിച്ചാണ് ഞങ്ങൾ അന്ന് ആലപിച്ചത്. പ്രസ്തുത ഗാനം 'പാടിയും പറഞ്ഞും കൊണ്ട്' ഞങ്ങൾ ഒരു വിധത്തിൽ പൂർത്തിയാക്കിയ കാര്യം ഞങ്ങളുടെ ഓർമ്മയിൽ വന്നു. ആ ഗാനം ഭക്തിയോടെ, തെറ്റില്ലാതെ ആലപിക്കാൻ ഞങ്ങൾക്ക് സാധിച്ചിരുന്നില്ല. ചോദ്യത്തിന്റെ പശ്ചാത്തലം അതായിരുന്നു. ജോഷ്വാ അച്ചൻ അതിനു ശേഷം ഞങ്ങൾക്ക് ഒരു ഉപദേശം നൽകി: "ആരാധനയ്ക്കുള്ള പാട്ടുകൾ പാടാൻ പഠിക്കണം. അത് പാടി പരിശീലിച്ചിട്ടേ പള്ളിയിൽ ആലപിക്കാവൂ. നിങ്ങൾ ദൈവജനത്തെ പഠിപ്പിക്കേണ്ടവരാണ്. പാട്ടുകൾ പാടുന്നതിനും പ്രാർത്ഥിക്കുന്നതിനും നേതൃത്വം കൊടുക്കുന്നവർ അവ ശരിയായി പരിശീലിച്ചില്ലെങ്കിൽ ജനങ്ങളെ പഠിപ്പിക്കുവാനാകില്ല.'' അല്പം പോലും പരിഭവം കാണിക്കാതെ ശാന്തനായിട്ടാണ് ഈ കാര്യം അദ്ദേഹം ഞങ്ങൾക്ക് പറഞ്ഞു തന്നത്.

**എന്നെ സ്വാധീനിച്ച ചില കാര്യങ്ങൾ**

അനുദിന ധ്യാനം, യാമനമസ്കാരം, വി.ബലിയർപ്പണം മറ്റു ഭക്താഭ്യാസങ്ങൾ എന്നിവയിലെല്ലാം ജോഷ്വാ അച്ചന്റെ നിഷ്ഠ ഏറ്റവും മാതൃകാപരവും അനുകരണാർഹവുമായിരുന്നു. എല്ലാ വൈദികരും സന്ന്യസ്തരും അങ്ങനെ ചെയ്യേണ്ടവരാകയാൽ അതൊരു വലിയ സവിശേഷതയായി എനിക്ക് അക്കാലത്ത് തോന്നിയില്ല. അതിനാൽ എന്നെ ആകർഷിക്കുകയും സ്വാധീനിക്കുകയും ചെയ്തത് അദ്ദേഹത്തിൽ

www.malankaralibrary.com

സവിശേഷമായി കണ്ടിരുന്ന ലാളിത്യമാണ്. സന്ന്യാസ വ്രതങ്ങളായ ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ സുകൃതങ്ങളുടെ പൂർണ്ണത അദ്ദേഹത്തിന്റെ ലാളിത്യത്തിൽ പ്രതിഫലിച്ചിരുന്നു. ജോഷാ അച്ചൻ ഒരിക്കൽ പോലും പരാതി പറയാറില്ലായിരുന്നു. വ്യക്തികളെപ്പറ്റിയോ സമൂഹത്തിന്റെ പ്രവർത്തനങ്ങളെപറ്റിയോ വിമർശനങ്ങളും ഇല്ലായിരുന്നു. കാലാവസ്ഥയിലെ വ്യതിയാനങ്ങൾ പുണ്യപൂർണതയ്ക്കായി പ്രയോജനപ്പെടുത്തണമെന്ന സന്ന്യാസാദർശം അദ്ദേഹം സ്വായത്തമാക്കിയിരുന്നു. ആരുടെയും ഒരു സഹായവും ആഗ്രഹിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ ഞാൻ കണ്ടിട്ടുള്ള മനുഷ്യരിൽ ഏറ്റവും സംതൃപ്തനും സന്തോഷവാനുമായിരുന്നു ജോഷാ അച്ചൻ. വി.കുരിശ്, ബൈബിൾ, പ്രാർത്ഥനാപുസ്തകങ്ങൾ തുടങ്ങി ചില അവശ്യസാധനങ്ങളൊഴികെ മറ്റൊന്നും അദ്ദേഹത്തിന്റെ മുറിയിൽ ഇല്ലായിരുന്നു. സാധാരണയായി മുറിയിൽ ആരെയും പ്രവേശിപ്പിക്കാറില്ലായി രുന്നു. ലഘുമൗന സമയത്ത് വളരെ സ്വരം താഴ്ത്തിയേ എവിടെയും സംസാരിക്കാറുണ്ടായിരുന്നുള്ളു. ഉല്ലാസ സമയത്ത് മാത്രമേ ഉറക്കെ സംസാരിക്കുമായിരുന്നുള്ളു. രോഗ, വാർദ്ധക്യ അരിഷ്ടതകളൊന്നും കാര്യമായെടുക്കാതെ പൊതു കാര്യങ്ങളിൽ – പ്രാർത്ഥന, ഭക്ഷണം, ഉല്ലാസം, ലഘുവേലകൾ എന്നിവയിൽ അദ്ദേഹം പങ്കെടുത്തിരുന്നു. ജോഷാ അച്ചൻ സന്ന്യാസാദർശത്തിന്റെ ആൾരൂപമായിരുന്നു. ദിവസവും പല പ്രാവശ്യം മനസ്താപ പ്രകരണം (എല്ലാ വസ്തുക്കളേയുംകാൾ സ്നേഹയോഗ്യനായ എന്റെ സർവ്വേശ്വരാ....) അദ്ദേഹം ചൊല്ലിയിരുന്നതായി ഓർക്കുന്നു.

**ഓഡിറ്റർ – കണക്കിലും നൂറിൽ നൂറ്**

സ്കൂളിൽ പഠിക്കുന്ന കാലത്ത് ജോഷാ അച്ചന്റെ ഇഷ്ട വിഷയം ഗണിതശാസ്ത്രമായിരുന്നുവെന്ന് കേട്ടിട്ടുണ്ട്. അദ്ദേഹത്തെ സംബന്ധിച്ചിട ത്തോളം പ്രവർത്തന രംഗങ്ങളെപ്പോലെ സന്ന്യാസ ജീവിത വിശുദ്ധി വെളിവാകുന്ന മേഖലയായിരുന്നു സാമ്പത്തിക വിഷയങ്ങൾ. ദൈവം പരിപാലിക്കുന്ന കുടുംബമായ സന്ന്യാസ സമൂഹത്തിന്റെ ആവശ്യങ്ങൾ നടത്തപ്പെടുന്നത് അദ്ധ്വാനത്തിലൂടെ സന്ന്യസ്തർക്ക് ലഭ്യമാകുന്ന വരുമാനം വഴിയും സന്ന്യസ്തരുടെ ജീവസന്ധാരണത്തിനും അവർ നിർവ്വഹിക്കുന്ന ആതുര സേവനം, രോഗീപരിചരണം, സാധുജനസംരക്ഷണം തുടങ്ങിയ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കുമായി സഹൃദയരും ഉദാരമതികളുമായ ആളുകൾ കൊടുക്കുന്ന സംഭാവന കൊണ്ടുമാണ്. അതുകൊണ്ടു തന്നെ ആരുടെയെങ്കിലും പ്രത്യേക ഇഷ്ടപ്രകാരം ആ വരുമാനം ഉപയോഗിക്ക പ്പെടാറില്ല. ലഭിച്ചിരുന്ന വരുമാനം, അതു വിനിയോഗം ചെയ്ത വിധം എന്നിവ അതാതു തീയതികളിൽ എഴുതുക, എല്ലാ മാസവും ആ തുകയുടെ കണക്കുകൾ തയ്യാറാക്കുക, വാർഷിക കണക്കുകൾ തയ്യാറാക്കുക എന്നിവ സന്ന്യാസാശ്രമത്തിന്റെ ഭൗതിക വസ്തുക്കളുടെ ഭരണത്തിൽ പ്രാധാന്യം

www.malankaralibrary.com

അർഹിച്ചിരുന്നു. പ്രതിദിന ആത്മശോധന, മാസംതോറുമുള്ള ശാന്തിദിനം, വാർഷിക ധ്യാനം എന്നിവ വഴി ആദ്ധ്യാത്മിക ജീവിതം ഒരാൾ വിലയിരുത്തുന്നതുപോലെ നാൾവഴി, മാസക്കണക്ക്, അർദ്ധവാർഷിക കണക്ക്, വാർഷിക കണക്ക് എന്നിവയും, തെരട്ടും ആശ്രമത്തിന്റെ സാമ്പത്തിക വിനിയോഗം പഠിക്കുന്നതിനും വിലയിരുത്തുന്നതിനും സഹായിക്കുന്നു. ഈ accountability (സുതാര്യത) യാണ് ദൈവനാമ മഹത്വത്തിനുവേണ്ടി പ്രവർത്തിച്ചിരുന്ന ആശ്രമത്തിന് നാനാജാതി മതസ്ഥരായ ആളുകളുടെ പ്രോത്സാഹനവും സഹകരണവും ലഭിച്ചതിന് കാരണം. സന്ന്യാസ ജീവിതാനുഷ്ഠാനത്തിലും ഗണിതശാസ്ത്രത്തിലുമുള്ള അദ്ദേഹത്തിന്റെ കൃത്യത ശ്രദ്ധയിൽപ്പെട്ടിരുന്ന മാർ ഈവാനിയോസ് തിരുമേനി പെരുന്നാട് ആശ്രമസ്ഥാപനം മുതലുള്ള കണക്കുകൾ എഴുതാൻ ഫാ.ജോഷ്വായെ ചുമതലപ്പെടുത്തിയിരുന്നു.

ആശ്രമത്തിന്റെ കണക്കപ്പിള്ള (ഓഡിറ്റർ) എന്ന നിലയിൽ ഫാ.ജോഷ്വായ്ക്കുണ്ടായിരുന്ന അനുഭവജ്ഞാനം, 'ഇരുത്തം', സമീപന രീതി എന്നിവ എന്നെ അതിശയിപ്പിച്ചിട്ടുണ്ട്. നമ്മൾ കണക്ക് കൂട്ടുന്നതുപോലെ 8+10+13+17+25 =73 എന്ന വിധത്തിലായിരുന്നില്ല അദ്ദേഹം കണക്ക് കൂട്ടിയിരുന്നത്. കണക്കു ബുക്കിൽ നോക്കി 18, 31, 48, 73 എന്നിങ്ങനെ ഒരു സംഖ്യ അടുത്ത സംഖ്യയോടു കൂട്ടിക്കൊണ്ട് വേഗത്തിൽ മൊത്തസംഖ്യ കണ്ടുപിടിക്കുന്ന വിധത്തിലുള്ള മനക്കണക്ക് അദ്ദേഹത്തിന് പരിചയമായിരുന്നു. ഈ വിധത്തിൽ മനക്കണക്ക് അനുസരിച്ച് അദ്ദേഹം വേഗത്തിൽ ഹരിക്കുകയും ഗുണിക്കുകയും ചെയ്തിരുന്നു. പ്രൊക്യുറേറ്റർ അച്ചൻ കാൽക്കുലേറ്ററിൽ സംഖ്യകൾ അടിക്കുന്നതിനു മുമ്പായി ജോഷ്വാ അച്ചൻ കണക്ക് പൂർത്തിയാക്കിയിരുന്നു. കണക്ക് എഴുതുന്നതിനും പരിശോധിക്കുന്നതിനും ആശ്രമത്തിൽ അക്കൗണ്ടൻസിനെ നിയമിക്കുന്നതിനു മുമ്പ് നാൾവഴിയും (daily account-അതുമായി ബന്ധപ്പെട്ട ബില്ലും, വൗച്ചറും സൂക്ഷിക്കുക) തെരട്ടും (ledger- ആയവ്യയ കണക്ക് - ധനവിനിയോഗത്തിന്റെ ഇനം തിരിച്ചുള്ള കണക്ക്) തയ്യാറാക്കിയിരുന്നത് പ്രൊക്യുറേറ്റർ തന്നെയായിരുന്നു. കൂടുതൽ അംഗങ്ങളുള്ള മന്ദിരങ്ങളിൽ ഈ ജോലി ഏതാനും ദിവസങ്ങൾകൊണ്ട് മാത്രമേ പൂർത്തിയാക്കാൻ സാധിക്കുമായിരുന്നുള്ളു. വിശ്രമജീവിതം നയിച്ചിരുന്ന ജോഷ്വാ അച്ചൻ ഔദാര്യപൂർവം ഈ കാര്യത്തിൽ പ്രൊക്യുറേറ്ററിനെ സഹായിച്ചിരുന്നു.

ഫാ. അംബ്രോസ് മൂത്തേരിൽ ഒ.ഐ.സി നേതൃത്വം കൊടുത്തിരുന്ന ആശ്രമത്തിലെ കണക്ക് പരിശോധിക്കുമ്പോൾ ഉണ്ടായ ഒരു സംഭവം കൃത്യനിർവ്വഹണത്തിൽ ജോഷ്വാ അച്ചൻ കൊടുത്തിരുന്ന പ്രാധാന്യം വ്യക്തമാക്കുന്നു. ഇരുവരുംകൂടി ledger തയ്യാറാക്കിയ ഒരു പ്രാവശ്യം മൊത്ത വരുമാനവും മൊത്ത ചിലവും പൊരുത്തപ്പെട്ടില്ല. രണ്ടു പൈസയുടെ കുറവ് വന്നു. ഒരു പ്രാവശ്യം കൂടി രണ്ടുപേരും കൂടി കണക്ക് പരിശോധിച്ചു. രണ്ടു

www.malankaralibrary.com

പൈസ എവിടെയാണ് നഷ്ടപ്പെട്ടതെന്ന് അപ്പോഴും കണ്ടുപിടിക്കാനായില്ല. രണ്ടു പൈസായ്ക്കുവേണ്ടി കൂടുതൽ സമയം ചിലവാക്കുന്നതിൽ അതൃപ്തനായ അംബ്രോസ് അച്ചൻ ഒരു പ്രായോഗിക പരിഹാരം മുന്നോട്ടു വച്ചു. "കാണാതായ രണ്ട് പൈസ ഞാൻ തരാം." അംബ്രോസ് അച്ചന്റെ പരിഹാര നിർദ്ദേശത്തിൽ അതൃപ്തി പ്രകടിപ്പിക്കാതെ ജോഷ്വാ അച്ചൻ ഇങ്ങനെ മറുപടി പറഞ്ഞു: "അച്ചാ രണ്ടു പൈസ അച്ചൻ തന്നാൽ കണക്ക് കൂടുതൽ പ്രശ്നമാകും (ഒന്നാമതായി, ചെയ്തുകൊണ്ടിരിക്കുന്ന കണക്കിൽ രണ്ടു പൈസ ചേർക്കണം. അപ്പോൾ വരുമാനം വർദ്ധിക്കുമെന്നല്ലാതെ അതുകൊണ്ട് കണക്കിലെ പ്രശ്നം പരിഹരിക്കപ്പെടുകയില്ല. രണ്ടാമതായി, ചിലവാക്കാൻ അനുവാദമില്ലാത്ത കാര്യത്തിന് രണ്ട് പൈസ ചിലവഴിച്ചതായി അടുത്ത മാസത്തെ കണക്കിൽ ചേർക്കേണ്ടതായും വരും). രണ്ടു പൈസ ഇതിൽ (കണക്ക് ബുക്കിൽ) തന്നെയുണ്ട്. അതു കണ്ടുപിടിക്കണം." രണ്ട് പൈസ എടുത്തെഴുതുന്നതിൽ എവിടെയാണ് വീഴ്ച വന്നതെന്ന് ചുരുങ്ങിയ സമയത്തിനുള്ളിൽ ജോഷ്വാ അച്ചൻ കണ്ടുപിടിച്ചു. പ്രശ്നം പരിഹരിക്കുകയും ചെയ്തു.

ബഹു.ജോഷ്വാ അച്ചനെക്കുറിച്ചുള്ള ഈ പുസ്തകത്തിൽ, അദ്ദേഹത്തിന്റെ അവസാന നാളുകൾക്ക് സാക്ഷ്യം വഹിച്ച ഒരു ആശ്രമസ്ഥനെന്ന നിലയിൽ എന്റെ അനുഭവങ്ങൾ കൂടി ചേർക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. നിഷ്ഠാജീവിതം നയിച്ചുകൊണ്ട് ദൈവമഹത്വത്തിനായി ജീവിക്കുകയും, നമ്മുടെ സമൂഹത്തെ അദ്ധ്യക്ഷനായും ഗുരുവായും നയിക്കുകയും നിയമ ക്രോഡീകരണത്തിൽ നിർണായക പങ്കു വഹിക്കുകയും കണക്ക് എഴുതുന്നതിൽ കൃത്യത പാലിക്കുകയും ചെയ്ത ജോഷ്വാ അച്ചന്റെ വ്യക്തിത്വവും ജീവിത വിശുദ്ധിയും അദ്ദേഹത്തിന്റെ ജീവിത കാലത്തു തന്നെ മാതൃകയും അനുകരണായോഗ്യവും ആയിരുന്നു. ബഥനിയുടെ സ്വത്വം മനസ്സിലാക്കാൻ ജോഷ്വാ അച്ചനെക്കുറിച്ചുള്ള പഠനം അത്യാവശ്യമാണെന്നു ഞാൻ കരുതുന്നു. □

> സൗമ്യതയുള്ളവർ ഭൂമിയെ അവകാശമാക്കും. അതായത് അവർ ദൈവത്തിന്റെ സംരക്ഷണയിലാകുന്നു. സൗമ്യതയുള്ളവർക്ക് അവിടുന്ന് ദാനങ്ങൾ നൽകുന്നു. പുണ്യവാന്മാരുടെ പ്രധാന സൗഭാഗ്യം അവർ ഏത് സാഹചര്യത്തിലും സമാധാനവും ശാന്തിയും പാലിക്കുന്നു എന്നതാണ്. ക്രൂശിതനായ യേശുവിനോടുള്ള അവരുടെ ഐക്യത വ്യതിചലനാതീതമായ ഒരു സ്ഥിരത അവർക്ക് പ്രദാനം ചെയ്യുന്നു. യേശുവിനോടുകൂടെ ഈ ജീവിത ക്ലേശങ്ങൾ നീയും സൗമ്യതയോടെ സഹിക്കുക.
>
> (ഫാ. ജോഷ്വാ, പേജ് 191)

www.malankaralibrary.com

# ആനന്ദമേകുന്ന ഓർമ്മകൾ?

ഫാ. ഫിലിപ്പ്നേരി ഒ.ഐ.സി.



വന്ദ്യ ജോഷ്വാ താവളത്തിൽ അച്ചനെക്കുറിച്ചുള്ള എന്റെ ഓർമ്മകൾ എനിക്ക് സന്ന്യാസ പരിശീലനകാലത്തിലേക്കുള്ള തിരിഞ്ഞു നോട്ടമാണ്. ആശ്രമജീവിതത്തിന്റെ ആദ്യപാഠങ്ങൾ ഞാൻ പഠിക്കുന്നത് ബ. ജോഷ്വാ താവളത്തിൽ അച്ചനിൽ നിന്നാണ്. 1963-1965 വർഷക്കാലം തിരുവല്ല, ബഥനി ആശ്രമത്തിൽ അപ്പസ്തോലിക പരിശീലനത്തിന്റെ നാളുകൾ. ആശ്രമത്തിന്റെ സാമൂഹാദ്ധ്യക്ഷൻ കാനോനിക സന്ദർശനത്തിനെത്തുമെന്ന് ഗുരുക്കന്മാർ അറിയിച്ചപ്പോൾ ഉള്ളിലുണ്ടായ അമ്പരപ്പിന് അന്ത്യം കുറിച്ചത് സുമുഖനും ശാന്തശീലനുമായ ജനറാളച്ചൻ താവളത്തിൽ ജോഷ്വാ അച്ചന്റെ സമീപനരീതിയായിരുന്നു. ബഥനിയിലെ അപ്പസ്തോലിക ശിഷ്യരായിരുന്ന ഞങ്ങൾക്കൊപ്പം ചേർന്നിരുന്ന് കുശലാന്വേഷണങ്ങൾ തിരക്കിയും സ്നേഹവാൽസല്യത്തോടെ നിർദ്ദേശങ്ങൾ നല്കിയും എന്റെ മാത്രമല്ല എന്നോടൊപ്പമുള്ള ഏവരുടേയും മനം അദ്ദേഹം കവർന്നെടുത്തു. സന്ന്യാസ ജീവിതത്തിലേക്കുള്ളതാണു ഞങ്ങളുടെ ജീവിതമെന്നു ഉറപ്പിക്കുന്നതിനു സാധ്യമാക്കിയ ജനറാളച്ചന്റെ അന്നത്തെ കാനോനിക സന്ദർശനം ഇന്നും തെളിമയോടെ മനസ്സിൽ നില്ക്കുന്നു.

നാലാഞ്ചിറ ആശ്രമത്തിൽ പരിശീലനത്തിൽ ആയിരിക്കുമ്പോഴാണ് വന്ദ്യ ജോഷ്വാച്ചന്റെ അധ്യാപന ശൈലിയുടെ മഹത്വം അറിയാനിടയായത്. കുട്ടികളായ ഞങ്ങൾക്ക് അതിവിദഗ്ധമായി ഇംഗ്ലീഷ് വ്യാകരണം പഠിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ത്യാഗബുദ്ധിയോടെ ചെയ്യുന്നതിനു അച്ചൻ വളരെയേറെ സമയം കണ്ടെത്തിയിട്ടുണ്ട്. അന്ന് അച്ചൻ എടുത്ത ഓരോ ക്ലാസും ഇന്നും ഓർമ്മയിലുണ്ട്. അദ്ദേഹത്തിന്റെ അധ്യാപന പാടവം എടുത്തു പറയേണ്ടതാണ്. ആശ്രമത്തിലെ വരവ് ചെലവുകൾ സസൂക്ഷ്മം പഠിച്ച് വിലയിരുത്തി നിർദ്ദേശങ്ങളും തിരുത്തലുകളും നല്കുമ്പോഴും സ്നേഹവാൽസല്യം നിറഞ്ഞു നിന്നിരുന്നുവെന്നതാണ് ആ ശ്രേഷ്ഠാചാര്യന്റെ പ്രത്യേകത. അധികാരം ശുശ്രൂഷയെന്ന് അറിയുന്ന വിനയഭാവത്തിനുടമ!

ഞാൻ പൂനയിൽ ഫിലോസഫിയും തിയൊളജിയും പഠിക്കുന്ന കാലയളവിൽ ജോഷ്വാ അച്ചൻ ഞങ്ങളുടെ ആദ്ധ്യാത്മിക ഗുരുവായിരുന്നു. ജീവിത

www.malankaralibrary.com

വിശുദ്ധിയും കൃത്യനിഷ്ഠയും ലാളിത്യവും അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. സന്ന്യാസ നിഷ്ഠയിലും വ്യക്തിപരമായ ജീവിതക്രമത്തിലും അദ്ദേഹം കാട്ടിയിരുന്ന ശുഷ്കാന്തി ആരെയും ആകർഷിക്കുന്നതായിരുന്നു. ബഥനി ആശ്രമ സ്ഥാപകൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ശിഷ്യനായിരുന്ന ജോഷ്വാച്ചനിൽ നിന്നും നേരിട്ട് ആദ്ധ്യാത്മിക ഉപദേശങ്ങൾ ലഭിക്കാനായത് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു. ആശ്രമ സ്ഥാപകന്റെ ആദർശങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിന് സ്വയം ത്യാഗങ്ങൾ ഏറ്റെടുത്ത കർമ്മോൽസുകനായ സന്ന്യാസവര്യനായിരുന്നു അച്ചൻ. അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ദിനങ്ങളുടെ ഓർമ്മകൾ സന്ന്യാസ പുരോഹിത ജീവിതത്തിൽ ഇന്നും ഊർജ്ജം പകരുന്നു. പുണ്യപ്പെട്ട ഓർമകൾ! സ്നേഹതാവളമായി ഉള്ളിൽ നിറഞ്ഞു നില്ക്കുന്നു. ജോഷ്വാ താവളത്തിൽ അച്ചന്റെ ജീവിതം ദൈവം കനിഞ്ഞു തന്ന സ്നേഹ സമ്മാനമായി കരുതി ആ ദിവ്യ സ്മരണയ്ക്കു മുന്നിൽ ശിരസ്സ് നമിക്കുന്നു.

□

ഒരു നിർമ്മലസൃഷ്ടിക്ക് ആവുന്നിടത്തോളം തന്റെ ദിവ്യസുതന്റെ വകയായ സകലത്തിലും ഒരു പങ്കിന് ദൈവമാതാവ് എന്ന പദവിയുള്ള വാഴ്ത്തപ്പെട്ട കന്യകയെ അർഹയാക്കുന്നുണ്ട്. ഇതു നിമിത്തം ഈശോയുടെ മഹത്വത്തിന് ഒരു കുറവും വരുന്നില്ല. കാരണം അവൾക്കുള്ളതെല്ലാം ഈശോയുടെ വകയാണ്. അതിനുവേണ്ടി നിത്യവണക്കം കാണിക്കുന്നുമുണ്ട്. ദൈവത്തിനും മനുഷ്യനും ഇടയിലുള്ള പരമ മധ്യസ്ഥൻ ഈശോയാകുന്നു. എന്നാൽ അവിടുന്ന് ദൈവമാകകൊണ്ട് അങ്ങയുടെ അത്യുന്നത പ്രഭാവം മനുഷ്യർക്ക് ഭയജനകമാണ്. അവിടുന്ന് കരുണാസാഗരമാണെങ്കിലും ന്യായാധിപനും കൂടെയാണ്. നമ്മുടെ പ്രോത്സാഹനത്തിനുവേണ്ടി അവിടുന്ന് അങ്ങയുടെ മാതാവിനെ മധ്യസ്ഥയായി നൽകുന്നു. ഭയജനകമായി അവളിൽ ഒന്നുമില്ല. അവൾ മുഴുവൻ ദയ തന്നെയാകുന്നു.

(ഫാ. ജോഷ്വാ, പേജ് 29)

www.malankaralibrary.com

# നിഷ്കപടനായ യഥാർത്ഥ ബഥാന്യൻ

ഫാ. ഡോ. ജോർജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.



## 1. വ്യക്തിപരമായ പരിചയം

വന്ദ്യനായ ജോഷ്വാ താവളത്തിലച്ചനെ ഞാൻ കാണുന്നതും പരിചയപ്പെടുന്നതും 9–ാം ക്ലാസ് വിദ്യാർത്ഥിയായിരിക്കുന്ന കാലയളവിലാണ്. അന്നദ്ദേഹം ബഥനി സന്ന്യാസി സമൂഹത്തിന്റെ സുപ്പീരിയർ ജനറലായിരുന്നു. തന്റെ ഔദ്യോഗിക (കാനോനിക) സന്ദർശനത്തിനായി തിരുവല്ല ബഥനി ആശ്രമത്തിൽ എത്തിയ അവസരം. അപ്പോൾ ഞാനവിടെ ഒരു "അപ്പസ്തോലിക വിദ്യാർത്ഥി" (Apostolic Student) യായി 9–ാം ക്ലാസ്സിൽ പഠിച്ചു കൊണ്ടിരിക്കയായിരുന്നു. അന്ന് ഞങ്ങളെ എല്ലാ കാര്യങ്ങളിലും സഹായിച്ചുകൊണ്ടിരുന്ന അവിടത്തെ ആശ്രമാംഗം ബ. ബ്രദർ സിപ്രിയാൻ ഒരു സന്ന്യാസി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ആരാണെന്നും അദ്ദേഹത്തിന്റെ സ്ഥാനം എന്തെന്നും കാനോനിക സന്ദർശനം എന്താണെന്നും എല്ലാം വേണ്ട വിധം മനസ്സിലാക്കി തന്നിരുന്നു. അതിന്റെ പശ്ചാത്തലത്തിൽ അല്പം ഭയത്തോടും പരിഭ്രമത്തോടും കൂടെയാണ് ജോഷ്വാച്ചനെ ഞങ്ങൾ കാത്തിരുന്നത്. എന്നാൽ ബ. അച്ചനെ കണ്ടു കഴിഞ്ഞപ്പോൾ അച്ചനെക്കുറിച്ചുള്ള ഭയവും പരിഭ്രമവും ഞങ്ങളിൽ നിന്ന് മാറിപോയി; പകരം അദ്ദേഹത്തോടുള്ള സ്നേഹബഹുമാനാദരവുകൾ ഞങ്ങളുടെ ബാലമനസ്സുകളിൽ ഇടം പിടിച്ചു. അച്ചന്റെ ശാന്തമായ പെരുമാറ്റവും സൗമ്യമായ ഇടപെടലുകളുമെല്ലാം ഞങ്ങളെ ഹഠാദാകർഷിച്ചു.

ബ. ജോഷ്വാച്ചന്റെ ഔദ്യോഗിക പരിപാടികൾക്കിടയിൽ, ഞങ്ങൾ സ്കൂളിൽ പോകാനിറങ്ങുന്നതിന് മുൻപ് ഞങ്ങളെ വന്നു കണ്ട് കുശലാന്വേഷണങ്ങൾ നടത്തുകയും ഞങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. 'പിള്ളേളർക്ക് സുഖമാണോ?' 'ഇന്ന് ഏതൊക്കെ ക്ലാസ്സുകളാണുള്ളത്?' 'ആരൊക്കെയാണ് അദ്ധ്യാപകർ?' 'നന്നായി പഠിക്കണം.' ഇത്തരത്തിലുള്ള സംഭാഷണം നടത്തിയാണ് ഞങ്ങളെ യാത്രയയിച്ചിരുന്നത്. ഒരു സുപ്പീര്യർ ജനറലിന്റെ മൃദുല സ്വരത്തിലുള്ള ആ സംഭാഷണം എന്നെ അത്ഭുതപ്പെടുത്തിയ അനുഭവമായിരുന്നു. ഔദ്യോഗിക സന്ദർശനത്തിന്റെ അവസാനഭാഗത്ത് അദ്ദേഹം ഞങ്ങൾ ഓരോരുത്തരെയും വ്യക്തിപരമായി കാണുകയും ഞങ്ങളുടെ ഇംഗ്ലീഷ് ഭാഷയുടെയും ഗണിത ശാസ്ത്രത്തിന്റെയും നോട്ടുബുക്കുകൾ വാങ്ങിക്കൊണ്ടുപോയി അവ സസൂഷ്മം വായിച്ചു തിരുത്തി തിരികെ ഏല്പിക്കുകയും ചെയ്തിരുന്നു. അതിൽ അച്ചൻ അടയാളപ്പെടുത്തിയിട്ടുള്ള തെറ്റുകൾ പറഞ്ഞു മനസ്സിലാക്കാനുള്ള സമയം അദ്ദേഹം കണ്ടെ

www.malankaralibrary.com

ത്തിയിരുന്നു. അതിനുള്ള ക്ഷമയും അച്ചൻ പ്രദർശിപ്പിച്ചിരുന്നു. ആ രണ്ടു വർഷങ്ങളിലെ ഇത്തരം സന്ദർശനവേളകളിൽ ഞങ്ങൾ അനുഭവിച്ച സവിശേഷമായ ആ പിതൃവാത്സല്യം എന്റെ ജീവിതത്തിലൊരിക്കലും മറക്കാനാവാത്ത അനുഭവമാണ്. കുഞ്ഞക്ഷരങ്ങൾ കൊണ്ടുള്ള സവിശേഷതയാർന്ന അച്ചന്റെ കൈയക്ഷരം പിന്നീട് കാണുമ്പോഴെല്ലാം അച്ചനെ തിരിച്ചറിയുവാനും വാത്സല്യമൂറുന്ന ഓർമ്മകൾ നിലനിർത്തുവാനും സഹായിക്കുന്നു. ഔദ്യോഗിക സന്ദർശനത്തിന്റെ രണ്ടാം വർഷം ഞങ്ങളെ ബ.ജോഷ്വാച്ചൻ തിരുവനന്തപുരത്തു നാലാഞ്ചിറയിലുള്ള ആശ്രമത്തിൽ കൊണ്ടുപോയി ഏതാനും ദിവസം അവിടെ താമസിപ്പിച്ച ശേഷം അച്ചന്മാരെ കൂട്ടി തിരികെ തിരുവല്ലാ ആശ്രമത്തിൽ എത്തിച്ച കാര്യവും വലിയ സ്നേഹത്തോടെ ഞങ്ങൾ സ്മരിക്കുന്നു. സ്വന്തമായ ഒരു വാഹനമോ ഇന്നത്തെ പോലുള്ള യാത്ര സൗകര്യങ്ങളോ ഇല്ലാതിരുന്ന ഒരു കാലമായിരുന്നുവെന്നോർക്കുമ്പോൾ അച്ചന്റെ ഹൃദയവിശാലതയ്ക്കു മുൻപിൽ തല വണങ്ങാൻ പ്രേരിതനാകുന്നു.

തിരുവല്ലായിൽ സ്കൂൾ പഠനവും യോഗാർത്ഥിപദ പരിശീലനവും പൂർത്തിയാക്കിയശേഷം നവസന്ന്യാസ പരിശീലനത്തിനായി നാലാഞ്ചിറ ആശ്രമത്തിലെത്തുമ്പോൾ ബ.ജോഷ്വാച്ചൻ അവിടത്തെ അംഗമായിരുന്നു. പിന്നീടദ്ദേഹം അവിടെ നോവിസ് മാസ്റ്ററായി. ബ.ജോഷ്വാച്ചന്റെ ജീവിതവും ജീവിതചര്യകളും ബഥനി ആശ്രമത്തിലെ നിർണ്ണായകമായ പരിശീലനത്തിലായിരുന്ന ഞങ്ങൾക്ക് ശക്തമായ മാതൃകയും പ്രചോദനവും നല്കിയിരുന്നു. പിന്നീട് ഞങ്ങൾ പൂനാ പഠനഗൃഹത്തിലായിരുന്ന സമയത്ത് അച്ചനവിടെ കുറച്ചുകാലം ഞങ്ങളുടെ ആദ്ധ്യാത്മിക ഗുരുവായി നിയമിതനായി വന്നു. ബ. അച്ചനെ ഏറ്റം അടുത്ത് മനസ്സിലാക്കുവാനുള്ള മറ്റൊരവസരമായിരുന്നത്. തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനം നടത്തിക്കൊണ്ടിരുന്ന മുതിർന്ന വൈദിക വിദ്യാർഥികളാണ് അന്നവിടെ ഉണ്ടായിരുന്നത്. തന്റെ സന്ന്യാസ ജീവിതത്തിന്റെ ധാർമ്മിക ശക്തികൊണ്ടും അതുല്യമായ മാതൃകകൾ കൊണ്ടും ഞങ്ങളുടെ മനസ്സുകളിൽ സ്ഥാനം പിടിക്കുവാനും ഞങ്ങളെ സ്വാധീനിക്കുവാനും മറ്റാരെയുംകാൾ അച്ചനു കഴിഞ്ഞിരുന്നു. റെക്ടർ അച്ചൻ സ്ഥലത്തില്ലായിരുന്ന ഏതാനും ആഴ്ചകൾ ബ. ജോഷ്വാച്ചൻ തന്നെയാണ് റെക്ടറച്ചന്റെ കടമകൾ നിർവഹിച്ചത്. സാമ്പത്തികമായി അല്പം ഞെരുക്കം നേരിട്ട സമയമായിരുന്നു അത്. തദവസരത്തിൽ ബ.അച്ചൻ അവിടെ നിന്നും നടന്നു പോയി S.V.D അച്ചന്മാരുടെ സെമിനാരിയിൽ ചെന്ന് അവിടത്തെ അച്ചന്മാരോട് കുറെ പണം വായ്പയായി ചോദിച്ചു. ബ. അച്ചനെയും അച്ചന്റെ വ്യക്തിത്വത്തെയും മനസ്സിലാക്കിയ S.V.D Seminary അധികാരികൾ വായ്പയായിട്ടല്ല, സംഭാവനയായി ജോഷ്വാച്ചൻ ആവശ്യപ്പെട്ട പണം നല്കി. അതുകൂടാതെ ബ. അച്ചന്റെ വ്യക്തിത്വത്തിൽ അകൃഷ്ടരായ അവർ തുടർ വർഷങ്ങളിൽ ഒരു തുക സംഭാവനയായി നല്കുന്ന പതിവും ആരംഭിച്ചു. സ്വയം അല്പം കഷ്ടപ്പെടേണ്ടി വന്നാലും അല്പം മാനക്കേടു തോന്നിയാലും ആശ്ര

www.malankaralibrary.com

മത്തിലെ വൈദിക വിദ്യാർത്ഥികൾക്ക് കുറവോ ബുദ്ധിമുട്ടുകളോ ഉണ്ടാകാൻ പാടില്ല എന്ന സ്നേഹപൂർവ്വമായ ദൃഢനിശ്ചയമാണ് അദ്ദേഹത്തെ ഇതിന് പ്രേരിപ്പിച്ചത്.

### 2. സ്വയം ചെറുതാകൽ

സുപ്പീര്യർ ജനറൽ, കൗൺസിലർ ജനറൽ, സുപ്പീര്യർ, നോവിസ് മാസ്റ്റർ, ആദ്ധ്യാത്മിക പിതാവ് എന്നീ ഉന്നതവും അതുപോലെ വളരെ ഉത്തരവാദിത്തപ്പെട്ടതുമായ നിലകളിലെല്ലാം അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. എന്നാൽ അച്ചനെ പോലെ വിനീതനും ശാന്തനുമായ ഒരാളിനെ കണ്ടെത്തുക പ്രയാസമാണ്. സ്വയം ചെറുതാകുക എന്ന സുവിശേഷ സന്ദേശം ജീവിതത്തിൽ അച്ചൻ അന്വർത്ഥമാക്കിയിരുന്നു. ഇത്ര ചെറുതാകത്തക്കവണ്ണം അത്ര വലിയ വളർച്ച കൈവരിച്ച ഒരു ബഥനി ആശ്രമസ്ഥനാണ് ജോഷ്വാ അച്ചൻ എന്ന് നമുക്ക് നിസ്സംശയം പറയാം. ബഥനിയിലെ അഭ്യസ്ത വിദ്യരിൽ ഉന്നതസ്ഥാനം അദ്ദേഹം അലങ്കരിച്ചിരുന്നു. മലയാളവും ഇംഗ്ലീഷും കണക്കുമെല്ലാം അച്ചന്റെ ഇഷ്ട വിഷയങ്ങളായിരുന്നു. ഇംഗ്ലീഷ് ഭാഷയും ഗ്രാമറും നല്ല വശമായിരുന്നു. നന്നായി എഴുതുവാനും വായിക്കുവാനും പഠിപ്പിക്കുവാനും വൈദഗ്ദ്ധ്യം ഉണ്ടായിരുന്നു. അതുപോലെ കണക്കും വളരെ പ്രിയമേറിയ വിഷയമായിരുന്നു. സുപ്പീര്യർ ജനറലായിരുന്നപ്പോൾ തന്റെ ഔദ്യോഗിക സന്ദർശനവേളകളിൽ ഓരോ ആശ്രമത്തിലെയും കണക്കുകൾ വളരെ നിഷ്ക്കർഷയോടെ പരിശോധിച്ചിരുന്നു. അതിലെ ചെറിയ അപാകതകൾ പോലും കണ്ടെത്തുകയും കർശനമായി തിരുത്തുകയും ചെയ്യുമായിരുന്നു. ഈ വിഷയത്തിൽ, സുവിശേഷത്തിലെ വിശ്വസ്തനും വിവേകിയുമായ ഭൃത്യനെപ്പോലെയാണദ്ദേഹം പ്രവർത്തിച്ചിരുന്നത്. അതോടൊപ്പം ചരിത്രത്തോട് ഒരു പ്രത്യേകാഭിമുഖ്യം അച്ചനുണ്ടായിരുന്നു. പെരുന്നാട് മുണ്ടൻ മലയിലെ ബഥനിയിൽ ദിവസവും നടന്നിട്ടുള്ള പ്രധാന കാര്യങ്ങൾ തന്റെ നാൾവഴി പുസ്കതത്തിൽ അച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ സംഭവങ്ങൾ നടന്ന സ്ഥലവും സമയവും, ഉൾപ്പെട്ട ആളുകളുടെ പേരും കൃത്യമായി അച്ചൻ രേഖപ്പെടുത്തി സൂക്ഷിച്ചിരുന്നു. ബഥനിയുടെ ചരിത്രം തയ്യാറാക്കുന്ന പ്രയത്നങ്ങളിൽ അച്ചന്റെ ഈ നാൾവഴി നിർണ്ണായക സ്രോതസ്സായിരുന്നു.

### 3. ബഥാന്യൻ വ്യക്തിത്വം

ബഥനി ആശ്രമസ്ഥാപകൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനോടൊപ്പം പെരുന്നാട് മുണ്ടൻമല ആശ്രമത്തിൽ സന്ന്യാസജീവിതം ആരംഭിച്ച ബഹു. ജോഷ്വാ അച്ചൻ പിതാവിന്റെ സന്ന്യാസ ജീവിത ദർശനങ്ങളും ആദർശങ്ങളും ആശ്രമ ജീവിതശൈലിയും എല്ലാം അതേപടി തന്റെ ജീവിതത്തിൽ പകർത്തുവാൻ പരിശ്രമിച്ചിരുന്നു. ഗുരുമുഖത്തു നിന്നൊപ്പിയെടുത്ത ആശ്രമ ജീവിതശൈലിയിൽ തന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തു

www.malankaralibrary.com

വാൻ അച്ചൻ സർവ്വാത്മനാ പ്രയത്നിച്ചു. അപ്രകാരം രൂപപ്പെട്ട ഒരു ബഥാന്യൻ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. തന്റെ അടുത്തേക്കുവരുന്ന നഥാനിയേലിനെ കണ്ട് 'കാപട്യമില്ലാത്ത യഥാർത്ഥ ഇസ്രായേൽക്കാരൻ' എന്നു യേശു തമ്പുരാൻ പറഞ്ഞതുപോലെ നമുക്കും ജോഷാച്ചനെക്കുറിച്ച് പറയാനാകും 'കാപട്യമില്ലാത്ത ഒരു യഥാർത്ഥ ബഥാന്യൻ' എന്ന്. ബഹു. ജോഷാച്ചനെ കാണുമ്പോഴൊക്കെ, ഓർക്കുമ്പോഴൊക്കെ എന്റെ മനസ്സിൽ ഉദിച്ചുയരുന്ന ചിന്തയാണ് ബഥാന്യൻ ജീവിതത്തിന്റെ, ആദർശങ്ങളുടെ, ആദ്ധ്യാത്മികതയുടെ ആൾരൂപമാണ് അച്ചനെന്ന്. ഇവയുടെയെല്ലാം ഉദാത്ത മാതൃകയായിരുന്നു അച്ചൻ. ഇക്കാര്യങ്ങളെല്ലാം ബഹു. അച്ചനിൽ, അച്ചന്റെ ജീവിതത്തിൽ യാഥാർത്ഥ്യവത്ക്കരിക്കപ്പെട്ടിരുന്നു.

**4. ലാളിത്യത്തിന്റെ മകുടോദാഹരണം**

ജീവിത ലാളിത്യം ബഥനിയുടെ മുഖമുദ്രയാണെങ്കിൽ ആ ലാളിത്യത്തിന്റെ മകുടോദാഹരണമായിരുന്നു ബഹു. ജോഷാ അച്ചൻ. അത്ര ലളിതമായിരുന്നു അച്ചന്റെ ജീവിതം. "അത്യാവശ്യത്തിനു മാത്രം" എന്ന സന്ന്യാസാദർശം വസ്തുവകകളുടെ ഉപയോഗത്തിലും വിനിയോഗത്തിലും അദ്ദേഹം എപ്പോഴും അനുവർത്തിച്ചു പോന്നു. ബാഹ്യവസ്തുക്കളുടെ ഉപയോഗത്തിൽ മാത്രമല്ല ഈ ലാളിത്യം പ്രകടമായിരുന്നത്. തന്റെ ആന്തരിക ഭാവങ്ങളിലും കാഴ്ചപ്പാടുകളിലും മനോഭാവത്തിലും പെരുമാറ്റത്തിലും എല്ലാം ലാളിത്യം നിറഞ്ഞു നിന്നിരുന്നു. ബഹു. അച്ചനെ ഒരു നോക്കു കാണുമ്പോൾ അല്പനേരം ഇടപഴകുമ്പോൾ ആർക്കും ഇത് അനുഭവ വേദ്യമായിരുന്നു. ശാന്തമായ, ശാലീനമായ ആ പ്രകൃതത്തിന്റെ യോഗീഭാവത്തിൽ ഈ ലാളിത്യം നിറഞ്ഞു തുളുമ്പിയിരുന്നു. ഒരു യഥാർത്ഥ സർവ്വസംഗ പരിത്യാഗിയുടെ കൂടെപ്പിറപ്പാണ് ലാളിത്യം. ഈ പശ്ചാത്തലത്തിലാണ് സന്ന്യാസികളെ 'സാധു' എന്നു വിളിക്കുന്നത്. ബഹു. ജോഷാച്ചന്റെ കാഷായ വേഷവും ബാഹ്യാകാരവും മുഖത്തു പരിലസിച്ചിരുന്ന പുഞ്ചിരിയും മൃദുവായ സ്വരവും എല്ലാം ഒന്നു ചേരുമ്പോൾ നാമറിയാതെ ഈ വലിയ മനുഷ്യനെ 'സാധു' എന്നു വിളിച്ചു പോകും.

**5. ദൈവത്തെ സമ്പാദിച്ചവൻ**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സന്ന്യാസദർശനത്തിന്റെ സത്താപരമായ ആദർശമാണ് "ദൈവസമ്പാദനം" എന്നത്. ഇതിനെ ചുറ്റിപറ്റിയാണ് ആശ്രമ ജീവിതം മുഴുവനും. ഇത് ശരിയാംവണ്ണം മനസ്സിലാക്കിയ ജോഷാ അച്ചൻ ദൈവസമ്പാദനം എന്ന ലക്ഷ്യം കേന്ദ്രീകരിച്ചാണ് തന്റെ ജീവിതം മുഴുവൻ ക്രമപ്പെടുത്തിയിരുന്നത്. ബഥനി ആശ്രമത്തിലെ പ്രാർത്ഥനാജീവിതത്തിന്റെ, ധ്യാനാത്മകജീവിതത്തിന്റെ പ്രാധാന്യവും പ്രസക്തിയും കേന്ദ്രീയസ്ഥാനവും അച്ചന്റെ ജീവിതത്തെയാകമാനം സ്വാധീനിച്ചു. ഇവയിൽ നങ്കൂരമുറപ്പിച്ച ഒരു ജീവിതശൈലിയായിരുന്നു ബ.

www.malankaralibrary.com

അച്ചന്റേത്. ദിവസേനയുള്ള യാമപ്രാർത്ഥനകൾ, ധ്യാനം, വി.കുർബാന, ധ്യാനാധിഷ്ഠിതമായ വേദപുസ്തക പാരായണം, ആദ്ധ്യാത്മിക ഗ്രന്ഥപാരായണം, ആശ്രമത്തിനു പുറത്തുപോകുമ്പോഴും അകത്തു പ്രവേശിക്കുമ്പോഴും വി.കുർബാനയുടെ മുമ്പിൽ മുടങ്ങാതെ അനുഷ്ഠിച്ചിരുന്ന സന്ദർശനം ഇവയ്ക്കെല്ലാം അച്ചൻ വലിയ പ്രാധാന്യം നൽകി. ഒരു മുടക്കവും വരുത്താതെ ക്രമമായും കൃത്യമായും യഥാർത്ഥ ഭക്തിയോടും ബ. ജോഷ്വാ അച്ചൻ ഈ കാര്യങ്ങൾ ചെയ്യുന്നുണ്ടായിരുന്നു. ചെറുപ്പക്കാർക്കും മുതിർന്നവർക്കുമെല്ലാം അച്ചൻ ഒരു മഹനീയ മാതൃകയായിരുന്നു.

ദൈവസമ്പാദനത്തിൽ മൗനത്തിനും ഏകാന്തതയ്ക്കുമുള്ള പ്രത്യേക സ്ഥാനത്തെപ്പറ്റി അച്ചനു വലിയ ബോദ്ധ്യമുണ്ടായിരുന്നു. മൗനത്തെ അച്ചൻ ഏറെ സ്നേഹിച്ച വ്യക്തിയാണ്. ധ്യാനദിവസങ്ങളിലെ മൗനം യാതൊരു കാരണവശാലും ഭഞ്ജിക്കാതെ യഥാർത്ഥ പ്രാർത്ഥനയിൽ തീക്ഷ്ണമായി പങ്കുചേരുന്ന കാഴ്ച ഒരു വലിയ അനുഭവമായിരുന്നു. അതുപോലെ ആശ്രമത്തിനുള്ളിലെ ലഘുമൗനം, ദൃഢമൗനം ഇവയൊക്കെ കൃത്യമായി പാലിച്ചുപോന്ന സന്ന്യാസിയായിരുന്നു അദ്ദേഹം. ബ. അച്ചന്റെ സാധാരണ സ്വരത്തെ തന്നെ മൗനത്തിന്റെ ഒരു സ്വാധീനശക്തി വലയം ചെയ്തിരുന്നു എന്നു പറഞ്ഞാൽ  അതിശയോക്തിയുണ്ടാവില്ല. കാരണം അത്ര താഴ്ന്ന സ്വരത്തിലാണ് അദ്ദേഹം സംസാരിക്കാൻ ശ്രമിച്ചിരുന്നതും സംസാരിക്കാൻ ഇഷ്ടപ്പെട്ടിരുന്നതും. മൗനം അച്ചന്റെ ഒരു ജീവിതവ്രതമായിരുന്നു എന്നു പറയാം.

ബ. അച്ചന്റെ ദൈവസമ്പാദനോദ്യമങ്ങളെ സമ്പുഷ്ടമാക്കിയ മറ്റൊരു ഘടകമായിരുന്നു അദ്ദേഹം അനുഷ്ഠിച്ചിരുന്ന തപശ്ചര്യകൾ. ബ. അച്ചൻ നോമ്പുകൾ കർശനമായി അനുഷ്ഠിച്ചിരുന്നു. കൂടാതെ ഉപവാസവും വ്യക്തിപരമായ അനേകം ശാരീരിക ദണ്ഡന പ്രവൃത്തികളും തന്റെ താപസജീവിതത്തിന്റെ വിലപ്പെട്ട  ഭാഗമാക്കിതീർത്തിരുന്നു. ദൈവത്തെ സമ്പാദിച്ച് ദൈവത്തിൽ സർവ്വതും സമർപ്പിച്ച് ജീവിക്കുന്നവനാണ് ദൈവഭക്തൻ. പ്രാർത്ഥനാനിറവും ജീവിതലാളിത്യവും സമമ്പയിപ്പിച്ച് ദൈവതിരുമുമ്പിൽ ഒരു യഥാർത്ഥ ദൈവഭക്തനായി ജീവിച്ച ആളാണ് ബ. ജോഷ്വാ അച്ചൻ.

**6. കരുണാർദ്രമായ ഹൃദയം**

വളരെ കരുണാർദ്രമായ ഒരു ഹൃദയത്തിനുടമയായിരുന്നു ബ. ജോഷ്വാ അച്ചൻ. മറ്റുള്ളവരോട്, ഏതു പ്രായക്കാരായാലും സ്നേഹവും വാത്സല്യവും കരുതലും അച്ചൻ പ്രദർശിപ്പിച്ചിരുന്നു. ഇത് ബഥനിയിലെ ആദ്യ കൂട്ടായ്മയിൽ നിലനിന്നിരുന്ന ഒരു സവിശേഷതയാണ്. ബ. അച്ചൻ തന്നെ ഒരിക്കലെഴുതി: "ആദ്യ ബഥനിയിൽ സൗകര്യങ്ങൾ വളരെ കുറവായിരുന്നു. ഇല്ലായ്മകൾ ഏറെ അനുഭവപ്പെട്ടിരുന്നു. എന്നാൽ അവിടെ നിലനിന്നിരുന്ന പരസ്പര സ്നേഹത്തിന്റെയും കരുതലിന്റെയും പങ്കുവയ്ക്കലിന്റെയും അരൂപി ഈ ഇല്ലായ്മകളെ എല്ലാം പരിഹരിച്ചിരുന്നു." ബഥനിയിൽ പരിശീലിച്ച, അനു

www.malankaralibrary.com

ഭവിച്ച ആ ക്രിസ്തീയസ്നേഹത്തിന്റെ അരൂപി പുറത്തുള്ളവരുമായി ബ. അച്ചൻ പങ്കുവച്ചിരുന്നു. മിഷൻ സ്ഥലങ്ങളിലും മറ്റും കണ്ടുമുട്ടിയിരുന്ന ആളുകളുടെ ആവശ്യങ്ങളും, പ്രയാസങ്ങളും മനസ്സിലാക്കി അവർക്കു വേണ്ടത് ചെയ്തുകൊടുക്കുവാൻ ആർദ്രതയുള്ള ഹൃദയവും മനസ്സും അച്ചനുണ്ടായിരുന്നു. ആശ്രമത്തിലേക്ക് ഓരോരോ ആവശ്യങ്ങളുമായി കടന്നുവരുന്നവരെ കരുതലോടെ സ്വീകരിക്കുകയും പരിചരിക്കുകയും ചെയ്തിരുന്നു.

ആശ്രമത്തിലുള്ളവരോടും ഈ ആർദ്രതയും സ്നേഹവും കരുതലും അദ്ദേഹം കാണിച്ചിരുന്നു. അവരുടെ ബാഹ്യമായ ആവശ്യങ്ങളിൽ മാത്രമല്ല അവരുടെ തെറ്റുകളോടും കുറവുകളോടുമുള്ള സമീപനത്തിലും സ്നേഹവും ആർദ്രതയും പ്രകടിപ്പിച്ചിരുന്നു. മറ്റുള്ളവരുടെ തെറ്റുകൾ അച്ചൻ കർശനമായി തിരുത്തും. എന്നാൽ എപ്പോഴും ക്ഷമയും സംയമനവും പാലിച്ചുകൊണ്ടാണ് തിരുത്തലുകൾ നല്കിക്കൊണ്ടിരുന്നത്. എല്ലായിടത്തും മനസ്സിന്റെ ആത്മനിയന്ത്രണം പാലിച്ചുകൊണ്ട് സന്തുലിതാവസ്ഥ നഷ്ടപ്പെടുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഏതു പ്രതികൂലസാഹചര്യങ്ങളിലും തന്റെ ശാന്തത കൈവെടിയാതെ പ്രശ്നപരിഹാരം കണ്ടെത്തുവാൻ അച്ചനു കഴിഞ്ഞിരുന്നു. സൗമ്യമായ സ്നേഹത്തിന്റെ കലവറയായിരുന്നു അച്ചൻ. ദൈവപരിപാലനയിലുള്ള അടിയുറച്ച വിശ്വാസവും പ്രത്യാശയും സ്നേഹവുമാണ് എപ്പോഴും അച്ചനെ നയിച്ചിരുന്നത്.

**7. കായികാദ്ധ്വാനി**

തന്റെ സന്ന്യാസ ജീവിതത്തിൽ കായികാദ്ധ്വാനത്തിനുള്ള സ്ഥാനവും ആവശ്യകതയും താത്വികമായും പ്രായോഗികമായും അച്ചൻ മനസ്സിലാക്കിയിരുന്നു. പ്രത്യേകിച്ചും പെരുന്നാട്ടിലെ പശ്ചാത്തലത്തിൽ ബ. ജോഷ്വാ അച്ചൻ തന്റെ അനുദിന ജീവിതക്രമത്തിൽ ഈ വിഷയത്തിന് പ്രത്യേകം പ്രാധാന്യം നല്കിയ വ്യക്തിയാണ്. ഫലപ്രദമായ കായികാദ്ധ്വാനത്തിലൂടെ പച്ചക്കറികളും മറ്റും കൃഷി ചെയ്ത് ഉല്പാദിപ്പിച്ചിരുന്നു. കൂടാതെ പരിസരം വൃത്തിയാക്കുക, വസ്ത്രം സ്വയം കഴുകുക മുതലായ പ്രവൃത്തികൾ പ്രായമായ അവസ്ഥയിലും അച്ചൻ താല്പര്യപൂർവ്വം ചെയ്യുന്നത് ഞങ്ങൾക്കെല്ലാം വലിയ മാതൃകയായിരുന്നു. ഈ കായികാദ്ധ്വാന അരൂപി അച്ചൻ തന്റെ ശിഷ്യന്മാർക്ക് പകർന്നു കൊടുക്കുന്നതിൽ ഒരു വിട്ടുവീഴ്ചയും കാണിച്ചിരുന്നില്ല. കായികാദ്ധ്വാനശീലം അവരിൽ അങ്കുരിപ്പിച്ച് പരിപോഷിപ്പിച്ച് വളർത്തിയെടുത്തിരുന്നു.

ബഥാന്യൻ ആശ്രമജീവിതം അതിന്റെ തനിമയിൽ ജീവിച്ച് പൂർണ്ണത കണ്ടെത്തുവാൻ ആത്മാർത്ഥമായി പരിശ്രമിച്ച വ്യക്തിയാണ് ബ. ജോഷ്വാ അച്ചൻ. വ്യക്തിപരമായി എന്റെയും മറ്റു പലരുടെയും ആശ്രമജീവിതത്തെ അച്ചൻ ഏറെ സ്വാധീനിച്ചിട്ടുണ്ട്. എല്ലാവരുടെയും മനസ്സിൽ നിറഞ്ഞു നില്ക്കുന്ന ഒരു യഥാർത്ഥ ബഥാന്യനാണ് ജോഷ്വാ അച്ചൻ. □

www.malankaralibrary.com

# സന്ന്യാസ സമർപ്പണത്തിന്റെ ധന്യത
# ബ. ഫാ. ജോഷ്വാ താവളത്തിൽ ഒ.ഐ.സി.

ഫാ. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.

**ആർഷ ഭൂമിയായ ബഥനിയിൽ**

പുണ്യശ്ലോകനായ മാർ ഈവാനിയോസ് തിരുമേനിയാൽ 1919 ഓഗസ്റ്റ് 15-ന് റാന്നി പെരുന്നാട്ടിൽ സ്ഥാപിതമായ ബഥനി ആശ്രമത്തിൽ 1924-ൽ അംഗമായി ചേർന്ന ബഹു.ജോഷ്വാച്ചൻ വിവിധ തസ്തികകളിൽ ആശ്രമത്തിലും സഭയിലും നേതൃത്വം വഹിച്ചിട്ടുണ്ട്. 1933-ൽ നാലാഞ്ചിറയിൽ ബഥനി ആശ്രമത്തിന് സ്ഥലം വാങ്ങിയത് ബ. ജോഷ്വാച്ചന്റെ പേരിലാണ്. പെരുന്നാട്ടിലും തിരുവനന്തപുരത്തും തിരുവല്ലായിലും ചെങ്ങന്നൂരിലും കറ്റാനത്തും പൂനായിലും ആശ്രമങ്ങളിൽ താമസിച്ചു കൊണ്ട് അച്ചൻ ബഥനി ആശ്രമത്തിന് നേതൃത്വം നൽകി.

**ഇടയപ്രമുഖൻ**

നാലാഞ്ചിറയിലും കറ്റാനത്തും വിവിധ ഇടവകകളുടെ വികാരിയായി ശുശ്രൂഷ ചെയ്തിട്ടുണ്ട്. പലപ്പോഴും സന്ന്യാസാർത്ഥികൾക്ക് ഗുരുവായി അദ്ദേഹം നിയോഗിക്കപ്പെട്ടു. 1944-51-ൽ ബഥനി സമൂഹം രണ്ടു ഡയോസിസുകളിൽ രണ്ടായിട്ട് നിൽക്കുന്ന രീതി അവസാനിച്ചപ്പോൾ ബ. ജോഷ്വാച്ചൻ സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ടു. ഒന്നായ സമൂഹത്തിന്റെ അദ്ധ്യക്ഷനായിരുന്നു.

**സുപ്പീരിയർ ജനറൽ**

1959 മുതൽ 1965 വരെ ഒരിക്കൽ കൂടി സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ട ബ. ജോഷ്വാച്ചൻ എല്ലാവർക്കും സ്വീകാര്യനായ വ്യക്തിത്വമായിരുന്നു. സൗമ്യതയോടും ശാന്തതയോടും ഏത് വലിയ പ്രശ്നങ്ങളെയും നേരിടാൻ അദ്ദേഹത്തിന് കഴിഞ്ഞു. ബ. സിറിലച്ചനും (സിറിൽ മാർ ബസ്സേലിയോസ് കാതോലിക്കാബാവാ) ബ. ബെർക്കുമാൻസ് അച്ചനും മറ്റു പലരും ഇക്കാലഘട്ടത്തിൽ ഉപരിപഠനത്തിനായിട്ട് അയയ്ക്കപ്പെട്ടു.

**വീണ്ടും നവശിഷ്യഗുരു**

1968 മുതൽ 1971 വരെ നോവിസ് മാസ്റ്ററായിട്ട് നിയോഗിക്കപ്പെട്ട ബ. ജോഷ്വാച്ചൻ ശുശ്രൂഷ ചെയ്ത എല്ലാ മേഖലകളിലും, എല്ലാവരുടെയും ആദരവു നേടിയെടുത്തിരുന്നു. 1966-ൽ കറ്റാനത്ത് ചാങ്കുരേത്ത് കുടുംബനാഥൻ നിര്യാതനായപ്പോൾ ബ. അച്ചൻ ആ ശവസംസ്കാരച്ചടങ്ങിൽ പങ്കെടുത്തതോർക്കുന്നു. സൗമ്യതയോടും ആദരണീയ ഭാവാദികളോടും മുൻവികാരി എന്ന നിലയിൽ ആ സംസ്കാരത്തിൽ പങ്കെടുത്ത് അനുശോചനം അറിയിക്കുകയും തുടർന്ന് കറ്റാനം ആശ്രമത്തിൽ കടന്നു വരികയും എല്ലാവരും ആദരവോടെ അദ്ദേഹത്തെ സ്വീകരിച്ചതും പ്രത്യേകം സ്മരി

www.malankaralibrary.com

ക്കുന്നു. 1968–ൽ എന്റെയും മറ്റ് എട്ടു പേരുടെയും നവശിഷ്യ ഗുരുവായി ബ. അച്ചൻ ചുമതലയേറ്റു. തുടർച്ചയായി മൂന്നു ബാച്ചുകൾക്ക് ബ. അച്ചൻ ഗുരുവായി നേതൃത്വം നല്കി.

**നിഷ്കളങ്ക സമർപ്പണം**

വി. കൊച്ചുത്രേസ്യായുടെ നിഷ്ക്കളങ്കമായ വാക്കുകൾ ആവർത്തിച്ചു ച്ചരിച്ചുകൊണ്ട് നവശിഷ്യരായ ഞങ്ങളെ ബ. അച്ചൻ പ്രോത്സാഹിപ്പിച്ചു. ഞാൻ ഉണ്ണി ഈശോയുടെ കൈകളിലെ ഒരു കളിപ്പന്താണ്. അവിടുന്ന് ഈ പന്തിനെ കൈയിലെടുക്കുകയോ എറിഞ്ഞുകളിക്കുകയോ കുത്തിപ്പൊട്ടിക്കുകയോ ചെയ്തു കൊള്ളട്ടെ. ഞാൻ എന്തിനും സന്നദ്ധയാണ് എന്ന് പറയുന്ന വി. കൊച്ചു ത്രേസ്യയെപ്പോലെ നിഷ്കളങ്കമായ ആശ്രയ ബോധത്തോടെ ഓരോ ശിഷ്യനും വർത്തിക്കണമെന്ന ഗുരുവച്ചനായ ബ. ജോഷ്വാ അച്ചന്റെ ഉപദേശം ഇപ്പോഴും ഓർക്കുന്നു.

**ക്ഷമയുടെ ശക്തി, പദവിയത്രേ**

പിടിവാശി, നിർബന്ധബുദ്ധി എന്നീ തിന്മകൾ വെടിഞ്ഞ് ക്ഷമാശീലം അഭ്യസിക്കണമെന്ന് പഠിപ്പിച്ചപ്പോൾ ജോഷ്വാ അച്ചൻ പറഞ്ഞ ഒരു കഥ ഓർമ്മയിൽ വരുന്നു. ഒരിക്കൽ ഏതാനും സന്ന്യാസികൾ വിനോദത്തിനായി കടൽതീരത്തേയ്ക്കു യാത്രയായി. മനോഹരമായ ഒരു കല്ലെടുത്തുകൊണ്ട് ഒരു സന്ന്യാസി പറഞ്ഞു. ഈ മനോഹര കല്ല് എന്റേതാണ്. മറ്റുള്ളവർ പറഞ്ഞത് അത് നീ എടുത്തു കൊള്ളുക. പിന്നെ തർക്കവുമില്ല പ്രശ്നവുമില്ല. ഇതുപോലെ സമവായത്തിന്റെയും വിട്ടു വീഴ്ചയുടെയും സമീപനങ്ങൾ ലോകത്തിൽ മുഴുവനും ശാന്തി വിതയ്ക്കും എന്നതിന് സംശയമില്ല. അധുനിക കാലത്ത് പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപ്പാപ്പാ പഠിപ്പിക്കുന്നതുപോലെ Sorry (ക്ഷമിക്കണം) എന്ന വാക്ക് കൂടുതലായുപയോഗിക്കാൻ കുടുംബ നാഥന്മാരും, കുടുംബനാഥകളും, മക്കളും, മരുമക്കളും തയ്യാറാകുമ്പോൾ വലിയ സമാധാനം കുടുംബങ്ങളിലും ലോകം മുഴുവൻ സംജാതമാകും.

**വിട്ടുവീഴ്ച വിജയം**

സഭയിലും സമൂഹത്തിലും രാഷ്ട്രങ്ങളിലും നേതൃതലത്തിലിരിക്കു ന്നവർ വിനയത്തോടെ വിട്ടുവീഴ്ചയ്ക്ക് തയ്യാറാകുമ്പോൾ ഒരു ക്ഷമയുടെ സംസ്ക്കാരം ലോകത്തിൽ ഉൽഭൂതമാകും.

**സ്നേഹാദര നിർഭരൻ**

വിശ്രമജീവിതം നയിച്ചിരുന്ന വാർദ്ധക്യത്തിലായിരുന്ന ശ്രീ. കിളിലേത്ത് ചാക്കോച്ചനെ ഇപ്പോഴും ഓർക്കുന്നു. അദ്ദേഹം 'ആബൂനാ' (കൊച്ചു പിതാവ്) എന്നു പറഞ്ഞ് ബ. അച്ചനെ അഭിവാദ്യം ചെയ്യുന്നതും ഓർക്കുന്നു. ചാക്കോച്ചൻ നിര്യാതനായപ്പോൾ ജോഷ്വാ അച്ചൻ സംസ്ക്കാരച്ചടങ്ങിൽ പങ്കെടുക്കുവാൻ പോയത് സജീവ സ്മരണയായി നിലനിൽക്കുന്നു.

www.malankaralibrary.com

**ആഴം ആഴത്തെ വിളിക്കുന്നു (സങ്കീ. 4:27)**

1971 മുതൽ മൂന്നു വർഷം പുനാ പഠന ഗൃഹത്തിൽ ആദ്ധ്യാത്മിക പിതാവായി ശുശ്രൂഷ ചെയ്തതും ചിഞ്ചുവാഡ് മിഷനിൽ മോട്ടാർ സൈക്കിളിന്റെ പിന്നിലിരുന്ന് യാത്ര ചെയ്ത് വി.കുർബാന അർപ്പിക്കാൻ പോകുന്നതും ഇന്നലത്തെപ്പോലെ ഓർക്കുന്നു.

നാലാഞ്ചിറയായിരുന്നപ്പോൾ വേറ്റിനാടും, വെമ്പായത്തും, വള്ളിയറുപ്പൻ കാടും വികാരിയായി പ്രവർത്തിച്ചിരുന്നു.

**കണക്കിന്റെ കണിശം**

1971 മുതലുള്ള വർഷങ്ങളിൽ വിവിധ ആശ്രമങ്ങളിലെ കണക്ക് ശരിയായ വിധം എഴുതിക്കൊടുക്കാൻ പ്രത്യേകം നിയോഗമായി സ്വീകരിച്ചിട്ടുള്ള അച്ചൻ സമൂഹജീവിതത്തെ ധന്യമാക്കി. ധ്യാനമൗനങ്ങളുടെ ആർഷ ശക്തി അദ്ദേഹത്തെ അനന്യനാക്കുന്നു.

**കുലീന വ്യക്തിത്വം**

1974-ൽ ബഥനി ജനറലേറ്റ് കോട്ടയത്തേക്ക് മാറ്റിയപ്പോൾ കോട്ടയത്ത് താമസമാക്കുകയും ബ. സുപ്പീര്യർ ജനറാളച്ചന്റെ നിർദ്ദേശപ്രകാരം തിരുവല്ല, ചുനക്കര, തിരുവനന്തപുരം എന്നീ ആശ്രമങ്ങളിൽ കടന്നു ചെന്ന് അതാതിടങ്ങളിലെ കണക്കു പരിശോധിക്കുകയും അതിലെ പിശകുകൾ തിരുത്തുകയും ചെയ്യുകയുണ്ടായി. കണക്കിൽ ചെറിയ പിശകുകൾ പോലും എഴുതിത്തള്ളുക ഇല്ലായിരുന്നു. എന്തെങ്കിലും തെറ്റുകൾ ശ്രദ്ധയിൽപ്പെട്ടാൽ സമയമെടുത്ത് പുനഃപരിശോധന നടത്തി പിശകുകൾ കണ്ടുപിടിച്ച് കണക്കുകൾ ശരിയാക്കുമായിരുന്നു.

**കൂദാശകളുടെ താപസൻ**

പ്രാർത്ഥനകൾക്കും മൗനത്തിനും വലിയ പ്രാധാന്യം കൊടുത്തിരുന്ന ബ. അച്ചൻ ആരെയും കുറ്റപ്പെടുത്തുകയോ അവരുടെ ചെറിയ കുറവുകൾ പൊതുവായി പറഞ്ഞ് വേദനിപ്പിക്കുകയോ ചെയ്യുമായിരുന്നില്ല.

**യാമങ്ങളുടെ കാവൽക്കാരൻ**

സന്ന്യാസപരമായ നിഷ്ഠകളിൽ തെല്ലും കുറവ് വരുത്താൻ ബ. അച്ചൻ തയ്യാറാകുമായിരുന്നില്ല. സഭയിലെയും സമുദായത്തിലെയും സമൂഹത്തിലെയും വ്യക്തികളെ സ്വന്തമെന്ന ഭാവത്തോടെ മാത്രമേ പരാമർശിക്കുമായിരുന്നുള്ളു. സമുദായത്തിലെയോ സമൂഹത്തിലെയോ രഹസ്യസ്വഭാവമുള്ള സംഭവങ്ങൾ മറ്റുള്ളവരോട് പറയുകയോ ആരെയെങ്കിലും കുറ്റപ്പെടുത്തി സംസാരിക്കുകയോ ചെയ്യുമായിരുന്നില്ല.

**മുനിശ്രേഷ്ഠൻ**

ഒരു പുണ്യവാനായി ജീവിച്ച് പുണ്യവാനായി ദൈവസന്നിധിയിലേക്ക് കടന്നു പോയ ബ. അച്ചൻ എല്ലാ അർത്ഥത്തിലും ഒരു മാതൃകാ സന്ന്യാസിയായിരുന്നു ബ. ജോഷ്വാ താവളത്തിൽ ഒ.ഐ.സി. അച്ചൻ. അദ്ദേഹത്തിന്റെ പ്രാർത്ഥന നമുക്കും ലോകം മുഴുവനും കോട്ടയായിരിക്കട്ടെ. □

www.malankaralibrary.com

# ഉത്തമ മാതൃകയായിരുന്ന ഗുരു അച്ചൻ



**ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി.**

ബഥനി ആശ്രമത്തിന്റെ സന്ന്യാസ പരിശീലന രംഗത്ത് നിസ്തുല സേവനങ്ങൾ അനുഷ്ഠിച്ച വ്യക്തിയാണ് വന്ദ്യ ജോഷ്വാ താവളത്തിൽ അച്ചൻ. പെരുന്നാട് ബഥനി ആശ്രമത്തിൽ നവശിഷ്യഗുരുവായിരുന്നു അദ്ദേഹം. പുനഃരൈക്യാനന്തര ബഥനി അശ്രമത്തിലും നോവിസ് മാസ്റ്ററായി പ്രവർത്തിച്ചു. 1969-ൽ ഞങ്ങൾ 13 പേരുടെ ഗുരുവച്ചനായിരുന്ന ജോഷ്വാ അച്ചനെക്കുറിച്ചുള്ള ഒരു ലഘു വിലയിരുത്തലിന് ഇവിടെ ശ്രമിക്കുന്നു.

സന്ന്യാസ ശിക്ഷണം സ്വജീവിതമാതൃകയിലൂടെ ഞങ്ങൾക്കു നൽകിയെന്നതാണ് ജോഷ്വാച്ചൻ എന്ന ഗുരുവിന്റെ മഹനീയത. ഇന്നത്തെ നവ സന്ന്യാസ പരിശീലന പദ്ധതികളെക്കാൾ കർക്കശമായിരുന്നു. ഞങ്ങളുടെ കാലഘട്ടത്തിലെ പരിശീലനക്രമം. കാർക്കശ്യമാർന്ന ഒരു സന്ന്യാസ ജീവിത ക്രമം നയിച്ചു കൊണ്ടാണദ്ദേഹം ഞങ്ങളെ സന്ന്യാസ പരിശീലനത്തിൽ നയിച്ചത്. എല്ലാ കാര്യങ്ങളിലും സന്ന്യാസനിഷ്ഠ അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. പ്രത്യേകിച്ച് ആദ്ധ്യാത്മിക കാര്യങ്ങളിൽ ഞങ്ങൾക്കു തികഞ്ഞ ഒരു മാതൃകയായിരുന്നു അദ്ദേഹം. കൃത്യസമയങ്ങളിൽ ധ്യാനത്തിനും പ്രാർത്ഥനയ്ക്കും വരിക, വി. കുർബാനയുടെ സന്ദർശനം, വി. കുമ്പസാരം ഇവയെല്ലാം കൃത്യമായി നടത്തിയിരുന്നു. രണ്ടാഴ്ച കൂടുമ്പോൾ നോവിസസിന്, ഒരു വൈദികനെ കുമ്പസാരത്തിനു ക്രമീ കരിക്കും. ഞങ്ങൾ കുമ്പസരിച്ചു കഴിഞ്ഞ് അച്ചനും മുട്ടുകുത്തി കുമ്പസാരിച്ച് ഞങ്ങൾക്ക് മാതൃക നൽകിയിരുന്നു. അതുപോലെ അന്നു ചില പ്രായശ്ചിത്ത കർമ്മങ്ങൾ (ഭക്ഷണശാലയിൽ കൈവരിച്ചു നിൽക്കുക, കുരിശു വഹിക്കുക തുടങ്ങിയവ) ഉണ്ടായിരുന്നു. ഇക്കാര്യത്തിലും അദ്ദേഹത്തിന്റെ മാതൃക ഞങ്ങൾക്ക് പ്രചോദനമായിരുന്നു.

ഇന്നു ബഥനിയിലെ പരിശീലന ഭവനങ്ങളിൽ ക്ലാസ്സുകൾ എടുക്കുന്ന തിന് പല വൈദികരുടെ സേവനം ലഭ്യമാണ്. എന്നാൽ അന്ന് ഗുരുവച്ചൻ തന്നെയാണ് ഞങ്ങൾക്ക് എല്ലാ ക്ലാസുകളും എടുത്തിരുന്നത്. എല്ലാ ദിവസവും മൂന്നു ക്ലാസുകൾ ഞങ്ങൾക്ക് അച്ചൻ തന്നെ നൽകിയിരുന്നു വെന്നത് ഓർക്കുമ്പോൾ അതിശയം തോന്നുന്നു. ഏകദേശം 65 വയസോളം പ്രായമുണ്ടായിരുന്നു അന്നദ്ദേഹത്തിന്.

www.malankaralibrary.com

ലഘുതരത്തിലുള്ള കായിക ജോലികൾ ഞങ്ങളുടെ പരിശീലനത്തിന്റെ ഭാഗമായിരുന്നു. ആ സന്ദർഭങ്ങളിലെല്ലാം ജോലികൾ ചെയ്യുന്നതിന് ഗുരുവച്ചൻ മുമ്പിലുണ്ടായിരുന്നു. അദ്ദേഹത്തിനു വേണമെങ്കിൽ വേണ്ട നിർദ്ദേശങ്ങൾ നൽകി മാറി നില്ക്കാമായിരുന്നു. അതുപോലെ ഞങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കരുതൽ പ്രത്യേകം എടുത്തു പറയേണ്ടതാണ്. തേങ്ങാ ഇടുമ്പോൾ പേട്ടുതേങ്ങാ ശേഖരിച്ച് ഞങ്ങൾക്കെല്ലാവർക്കുമായി പങ്കുവയ്ക്കും. രാവിലെ നേരത്തെ എഴുന്നേറ്റ് വീണുകിടക്കുന്ന മാമ്പഴം പെറുക്കിയെടുത്ത് ഉല്ലാസ സമയത്ത് ശിഷ്യരുമായി പങ്കുവയ്ക്കും. ഞങ്ങളെ ആഴ്ചയിലൊരിക്കൽ 'നടക്കാൻ' കൊണ്ടുപോകുമായിരുന്നു. പുതിയ സ്ഥലങ്ങൾ കാണുവാനും അതോടൊപ്പം അച്ചന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതു കേൾക്കുവാനും ഇത് നല്ലൊരു അവസരമായിരുന്നു.

ബഥനിയുടെ പ്രത്യേക സ്വഭാവമായ ലാളിത്യവും വിനയവും ജോഷ്വാച്ചന്റെ പ്രത്യേകതയായിരുന്നു. ലളിതമായ കാവിവസ്ത്രവും മറ്റും സ്വയം അലക്കി ഉപയോഗിച്ചിരുന്നു. സന്ന്യാസ വ്രതത്രയങ്ങളിലൊന്നായ ദാരിദ്ര്യത്തെ അദ്ദേഹം സർവ്വാത്മനാ പുൽകിയിരുന്നു. ബഥനി സമൂഹത്തിൽ 9 വർഷം സമൂഹാദ്ധ്യക്ഷനായും ഒരു വർഷം മാർ ഈവാനിയോസ് തിരുമേനിയുടെ സെക്രട്ടറിയായും പ്രവർത്തിച്ച വ്യക്തിയായിരുന്നു അദ്ദേഹം. പക്ഷേ, അതിന്റേതായ യാതൊരു ഭാവങ്ങളും കൂടാതെ വിനീതമായ ഒരു വ്യക്തിത്വത്തിനുടമായിരുന്നു ഞങ്ങളുടെ ഗുരുവച്ചൻ. അതുപോലെ അധികാരികൾക്ക് അദ്ദേഹം പൂർണ്ണ വിധേയനായിരുന്നു. ആരെക്കുറിച്ചെങ്കിലും അദ്ദേഹം കുറ്റം പറയുന്നതായി ഞങ്ങൾ കേട്ടിട്ടില്ല.

ചുരുക്കത്തിൽ, എല്ലാ അർത്ഥത്തിലും ഞങ്ങൾക്ക് ഏറ്റവും പ്രിയങ്കരനും മാതൃകാ സന്ന്യാസിയുമായിരുന്നു വന്ദ്യ ജോഷ്വാച്ചൻ. വാക്കുകളും പ്രവർത്തികളും തമ്മിൽ സമന്വയിപ്പിക്കുന്നതിന് ആ ധന്യവ്യക്തിത്വത്തിനു കഴിഞ്ഞു. ഞങ്ങളുടെ സന്ന്യാസ രൂപീകരണത്തിൽ സുവിശേഷ സ്വാധീനം ചെലുത്തുവാൻ അദ്ദേഹത്തിനു സാധിച്ചു. അങ്ങനെ മഹനീയ മാതൃക നൽകി, ഒരു വിശുദ്ധന്റേതായ ജീവിതം നയിച്ച വന്ദ്യ ഗുരുവച്ചന് ശിഷ്യന്മാരുടെ പ്രണാമം! □

ഓ, കർത്താവേ! എന്റെ ദുർബ്ബലസ്വഭാവം കുരിശിൽ നിന്നറച്ചു മാറുന്നു എന്നതാണെന്ന് നീ അറിയുന്നുവല്ലോ. ക്ഷമയും ധൈര്യവുംകൊണ്ട് എന്നെ പ്രചോദിപ്പിക്കണമേ.

(ഫാ. ജോഷ്വാ, പേജ് 122)

www.malankaralibrary.com

# വാത്സല്യം പകർന്ന ഗുരു അച്ചൻ

ഫാ. സഖറിയാസ് നന്ത്യാട്ട് ഒ.ഐ.സി.



കാല യവനികയ്ക്കുള്ളിൽ കടന്നുപോയ പുണ്യാത്മാക്കളായ മഹാരഥന്മാരെ ഓർക്കുകയും അവരുടെ മഹത്തായ ജീവിത മാതൃകകളും കണ്ടെത്തലുകളും പഠന വിഷയമാക്കുകയും വേണം. അവരുടെ ജീവിത സന്ദേശങ്ങൾ പിൻതലമുറക്കാർക്ക് മാർഗ്ഗദർശനവും, പുതിയ തുടക്കങ്ങൾക്ക് പ്രചോദനം നല്കുന്ന സ്രോതസുകളും ആകണം. ബഥനിയുടെ കാവൽ പിതാവായിരുന്ന വന്ദ്യ ജോഷ്വാ താവളത്തിൽ അച്ചൻ ബഥനിയെയും, മലങ്കര സഭയെയും അതിസൂക്ഷ്മതയോടെ പരിരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്ത വന്ദ്യ ദേഹമാണ്. ഈ വന്ദ്യ വ്യക്തിയിൽ, ആചാര്യനിൽ, എനിക്കു ദർശിക്കുവാൻ കഴിഞ്ഞ ദൈവാംശത്തെ അനുവാചകരുമായി പങ്കിടുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

പത്തനംതിട്ട ജില്ലയിൽ നരിയാപുരം താവളത്തിൽ ജോഷ്വാ അച്ചന്റെ കുടുംബവുമായി അതേ ദേശക്കാരിയായ എന്റെ മാതാവ് പനക്കീഴിൽ പറമ്പിൽ മറിയാമ്മയ്ക്ക് ഉള്ള ബന്ധമാണ് ഞാൻ ഒരു ബഥനി ആശ്രമസ്ഥനായിത്തീരാൻ ഇടയായത്. ബഥനി ആശ്രമത്തിൽ ഒരു സന്ന്യാസാർത്ഥിയായി ചേർന്ന്, ആദ്യ പരിശീലനകാലമായ നോവിഷ്യേറ്റിൽ (നവശിഷ്യ പരിശീലന കാലഘട്ടം) എത്തിയപ്പോൾ വന്ദ്യ ജോഷ്വാ അച്ചനെ എന്റെ ഗുരുഭൂതനായി ലഭിച്ചത് എന്റെ വലിയ ഭാഗ്യമായിരുന്നു. ലളിതവും, വിശുദ്ധവും, പ്രാർത്ഥനാ ധ്യാനങ്ങളാൽ ഉറപ്പുള്ളതുമായ തന്റെ ജീവിതത്തിലൂടെ ഓരോ ശിഷ്യനും യേശുമിശിഹായെ എങ്ങനെ അനുകരിക്കണം എന്നതിന്റെ ഉത്തമ മാതൃക ആയിരുന്നു ആ വന്ദ്യതാതൻ. സന്ന്യാസമോ അതിന്റെ ദാർശനികതയോ ഒന്നും അറിവില്ലാതിരുന്ന നവശിഷ്യരായ ഞങ്ങൾക്ക് ജോഷ്വാ അച്ചന്റെ ക്ലാസുകളെക്കാളുപരി, സുവിശേഷത്തിലെ യേശുവിനെപ്പോലെ സ്വയം മാതൃകയായിത്തീർന്ന അദ്ദേഹത്തിന്റെ ജീവിതം തന്നെ നോക്കി പഠിക്കേണ്ട പാഠ്യവിഷയമായിരുന്നു. ഓരോ ശിഷ്യനിലും ക്രിസ്തു രൂപപ്പെടുന്നതിന് ഈറ്റുനോവ് അനുഭവിക്കുന്നുണ്ടെന്ന് പൗലോസ് അപ്പസ്തോലൻ രേഖപ്പെടുത്തിയിട്ടുള്ളതു പോലെ അദ്ദേഹവും ഈറ്റുനോവ് അനുഭവിക്കുന്നുണ്ടായിരുന്നു. ഒരു വർഷക്കാലം നവശിഷ്യഗുരുവായും, പിന്നീട് പൂനാ പഠന ഗൃഹത്തിലെ സ്പിരിച്ച്വൽ ഫാദറായും എന്റെ ജീവിതത്തെ രൂപപ്പെടുത്തിയ അച്ചനുമായി ഒരു ആത്മ ബന്ധം എനിക്കുണ്ടായിരുന്നു.

www.malankaralibrary.com

'മനഃസാക്ഷി സൂക്ഷിപ്പുകാരൻ,' 'അരുമശിഷ്യൻ,' എന്നൊക്കെ വിളിച്ച് സഹസഹോദരന്മാർ ജോഷ്വാ അച്ചനുമായുള്ള എന്റെ ആത്മബന്ധത്തെ നർമ്മം കലർത്തി അവതരിപ്പിച്ചിരുന്നു.

ബഹുമാനപ്പെട്ട ജോഷ്വാ അച്ചന്റെ താപസജീവിതം അദ്ദേഹത്തെ വിനയാന്വിതനും ആർദ്രഹൃദയനുമാക്കിയിരുന്നു. ദൈവിക നന്മകൾ, ഒരുവൻ സ്വയം കണ്ടെത്തുമ്പോൾ അയാൾ ദൈവത്തെ കണ്ടെത്തുന്നു. അതാണ് സന്ന്യാസത്തിന്റെ ലക്ഷ്യം. 'അഹം ബ്രഹ്മാസ്മി' ഒരുവൻ അന്വേഷിച്ചു നടന്ന നിധി (ജീവിത ലക്ഷ്യം) തന്നിൽ തന്നെ ഉണ്ടെന്ന കണ്ടെത്തൽ. ഈ കണ്ടെത്തലിനായി അന്വേഷകൻ ഒരായുസ് മുഴുവൻ ചെലവഴിക്കുന്നു. 'ശാന്തശീലർ ഭാഗ്യവാന്മാർ അവർ ഭൂമിയെ അവകാശമായി അനുഭവിക്കും' എന്ന ഗുരുവാക്യം ജോഷ്വാ അച്ചനിൽ അന്വർത്ഥമായിരുന്നു. വിശുദ്ധ ജീവിതത്തിന് ഉടമയായിരുന്ന അദ്ദേഹം എല്ലാവരുടെയും ബഹുമാനാദരവുകൾക്കു പാത്രീഭൂതനായത് തന്നിലുള്ള ദൈവിക ചൈതന്യത്തെ തിരിച്ചറിയുകയും ആ ദിവ്യചൈതന്യം മറ്റുള്ളവരിലും വസിക്കുന്നുണ്ടെന്ന് അംഗീകരിക്കാനുള്ള അദ്ദേഹത്തിന്റെ ഹൃദയ വിശാലതയും കാരണമാണ്.

നോവിഷ്യേറ്റ് കാലത്തും, പൂനാ പഠന ഗൃഹത്തിലും ജോഷ്വാ അച്ചന്റെ കൂടെ വസിക്കുമ്പോൾ ഉണ്ടായ ചില സംഭവങ്ങൾ ഇവിടെ ഓർക്കുന്നതിന് ആഗ്രഹിക്കുന്നു.

സ്വശിഷ്യന്മാരായ ഞങ്ങളെ പിതൃവാത്സല്യത്തോടെ സ്നേഹിച്ചിരുന്ന ജോഷ്വാ അച്ചന്റെ സ്നേഹശുശ്രൂഷകൾ എല്ലാ ഗുരുക്കന്മാർക്കും മാതൃകയാണ്. അദ്ദേഹത്തിന്റെ ആ വാത്സല്യം ഞങ്ങളുടെ ഹൃദയങ്ങളിൽ ഒരിക്കലും മായാത്ത അനുഭവങ്ങളായി അവശേഷിക്കുന്നു. എല്ലാ ദിവസങ്ങളിലും വൈകിട്ട് കളിയും, തോട്ടത്തിലെ ചെറിയ ചെറിയ ജോലികളും കഴിഞ്ഞ് തിരികെ ആശ്രമത്തിലെത്തുമ്പോൾ, തിബേരിയാസ് കടൽക്കരയിൽ അപ്പവും മീനും തയ്യാറാക്കി തന്റെ ശിഷ്യന്മാരെ കാത്തിരുന്ന്, "കുഞ്ഞുങ്ങളെ, വന്നു പ്രാതൽ കഴിക്കുവീൻ" എന്നു പറഞ്ഞ ഗുരുവിനെപ്പോലെ, ഞങ്ങളുടെ ഗുരുവും മാമ്പഴം പൂളിയും, വാഴപ്പഴവും, ചക്കപ്പഴവും, കപ്പളങ്ങാ പഴവും കരുതിയും ഞങ്ങളെ കാത്തിരിക്കുമായിരുന്നു. ആശ്രമ പറമ്പിലെ നാളികേരം ഇടുന്ന ദിവസം നവശിഷ്യരായ ഞങ്ങൾക്ക് ഓരോരുത്തർക്കും 'കരിക്ക്' എത്തിച്ചു തരുന്ന അമ്മയുടെ വാത്സല്യഭാവവും ഓർമ്മയിൽ വരുന്നു.

ഒരുനാൾ ഉച്ചഭക്ഷണത്തിനു ശേഷം, "ഇന്നു വൈകിട്ട് നമുക്ക് പിക്നിക്കിന് പോകാം" എന്നു ഗുരുവച്ചൻ പറഞ്ഞപ്പോൾ എല്ലാവർക്കും ആവേശവും സന്തോഷവുമായി. ഓരോരുത്തരും വിശേഷ സന്ദർഭങ്ങളിൽ ധരിക്കാൻ കരുതിവച്ചിരുന്ന പുതിയ വസ്ത്രങ്ങൾ ധരിച്ച് പിക്നിക്കിന് തയ്യാറായി. നാലാഞ്ചിറയിലെ ആശ്രമ പുരയിടവും, അവിടെയുള്ള പശുതൊഴുത്തും

www.malankaralibrary.com

ചുറ്റിനടന്ന് കണ്ടു. എന്നിട്ട് എല്ലാവരും ആശ്രമത്തിലേക്ക് മടങ്ങി. തിരികെ എത്തിയപ്പോൾ ഞങ്ങൾക്കുണ്ടായ വിചാരവികാരങ്ങൾ വായനക്കാർക്ക് അനുമാനിക്കാവുന്നതേയുള്ളൂ. പിന്നീട് അതെക്കുറിച്ച് ചിന്തിച്ചപ്പോൾ, ലാളിത്യത്തിന്റെയും, നിഷ്ക്കളങ്കതയുടെയും പര്യായമായി വ്യാഖ്യാനിക്കാനാ ഗ്രഹിക്കുന്നു.

ക്യാമറയും ഫോട്ടോ ഷൂട്ടിംഗും വളരെ വിരളമായിരുന്ന കാലത്താണ് ഞങ്ങൾ പൂനാ പഠന ഗൃഹത്തിൽ പഠിച്ചു കൊണ്ടിരുന്നത്. ആശ്രമത്തിലെ തന്നെ ഒരു യുവ വൈദികനായ ഫ്രാൻസിസ് അസ്സീസിയുടെ കൈവശം ക്യാമറ കണ്ടപ്പോൾ, ശിശുതുല്യമായ ഭാവത്തോടെ ആ വന്ദ്യതാതൻ പറഞ്ഞു 'എന്റെയും സഖറിയായുടെയും ഒരു ഫോട്ടോ എടുത്തു തന്നാട്ടെ.' ഉടൻ തന്നെ സന്തോഷത്തോടെ ഞങ്ങൾ രണ്ടു പേരും കൂടി ഉള്ള ഫോട്ടോ എടുത്തു. ആ ഫോട്ടോ ഒരു നിധികണക്കെ ഞാൻ ഇന്നും സൂക്ഷിക്കുന്നു.

ബഹുമാനപ്പെട്ട ജോഷ്വാ അച്ചൻ പഠനഗൃഹത്തിന്റെ സ്പരിച്ച്വൽ ഫാദറായിരിക്കുന്ന കാലത്ത് (സുപ്പീര്യർ  അച്ചൻ കുറേനാളത്തേക്ക് അവിടെ ഇല്ലായിരുന്നു) സാമ്പത്തികമായി വളരെ പ്രയാസം അനുഭവിക്കുന്ന ഒരു സന്ദർഭം ഉണ്ടായി. ഏതാണ്ട് നാല്പതു ബ്രദേഴ്സ് ഉള്ള കമ്മ്യൂണിറ്റി. ഭക്ഷണ സാധനങ്ങൾ ക്രമീകരിക്കുന്നതിനു പോലും നിർവാഹമില്ലാതെ ഭാരപ്പെട്ടു. ഈ സാഹചര്യം അദ്ദേഹത്തെ വല്ലാതെ ഉലച്ചു. അതു തരണം ചെയ്യുവാനായി വന്ദ്യവയോധികനായ ജോഷ്വാ അച്ചൻ അടുത്തുള്ള S.V.D ഹൗസിൽ ചെന്ന് സഹായാഭ്യർത്ഥന നടത്തിയ സംഭവം ഏറ്റം ബഹുമാനാദരവുകളോടെ ഓർക്കുന്നു. തന്നെ ഏല്പിച്ചവർക്കു വേണ്ടി തക്ക സമയത്ത് ഭക്ഷണം നല്കുവാൻ നിയോഗിക്കപ്പെട്ട നല്ല കാര്യസ്ഥൻ.

1979 മേയ് 24-ന് അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനി എന്നെ വൈദികനായി അഭിഷേചിച്ച് കഴിഞ്ഞപ്പോൾ ആ വന്ദ്യതാതന്റെ സന്തോഷം അണപൊട്ടി ഒഴുകി. ശുശുവായ യേശുവിനെ എട്ടാം ദിവസം പരിച്ഛേദനത്തിനായി യെറുശലേം ദേവാലയത്തിൽ കൊണ്ടു വന്നപ്പോൾ വൃദ്ധനായ ശിമയോൻ ശിശുവിനെ കൈകളിൽ എടുത്ത് ദൈവത്തെ സ്തുതിച്ചു പറഞ്ഞതുപോലെ, വന്ദ്യ ജോഷ്വാ അച്ചൻ എന്നെ തന്റെ മാറോട് ചേർത്ത് ദൈവത്തെ സ്തുതിക്കുകയും, ഒരു വൈദികനിൽ പരിലസിക്കേണ്ട ആത്മചൈതന്യം എപ്രകാരം സാക്ഷ്യപ്പെടുത്തണം എന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു.

1979-ൽ ബത്തേരി രൂപത സ്ഥാപിതമായപ്പോൾ, കർണാടക മിഷനു വേണ്ടി ഞാനും നിയോഗിതനായി. ആറു മാസത്തെ പ്രാരംഭ പ്രവർത്തന ങ്ങൾക്കു ശേഷം തിരികെ നാട്ടിൽ എത്തി. വാർദ്ധക്യ സഹജമായ ക്ഷീണം ബാധിച്ച് വിശ്രമത്തിലായിരുന്ന ജോഷ്വാ അച്ചനെ സന്ദർശിച്ചപ്പോൾ വളരെ

www.malankaralibrary.com

തീക്ഷ്ണതയോടെ കർണ്ണാടകയിൽ ചെയ്തു കൊണ്ടിരിക്കുന്ന മിഷൻ പ്രവർത്തനത്തിലുള്ള പുരോഗതിയെക്കുറിച്ച് ചോദിച്ചറിഞ്ഞു. കന്നട ഭാഷ സംസാരിക്കുന്ന ആളുകളോട്, ആ ഭാഷയിലും സംസ്കാരത്തിലും യാതൊരു മുൻ പരിചയവും ഇല്ലാത്ത എനിക്ക് സുവിശേഷ പ്രഘോഷണം എങ്ങനെ നടത്തുവാൻ കഴിയുന്നു എന്നത് അറിയുവാൻ ആ പിതാവു കാട്ടിയ ജിജ്ഞാസ എന്നെ തീർത്തും ആവേശഭരിതനാക്കി. ഓരോ പ്രാവശ്യവും അദ്ദേഹത്തെ സന്ദർശിച്ചു കഴിയുമ്പോൾ മുഖത്തു പ്രസരിച്ചിരുന്ന ആത്മീയ നിർവൃതി എന്നെ കൂടുതൽ കൂടുതൽ ഉത്സാഹിയും തീക്ഷ്ണമതിയും ആക്കുവാൻ ഇടയാക്കി. 'സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം' എന്ന അപ്പസ്തോലന്റെ വാക്കുകൾ അദ്ദേഹം ഓർമ്മപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ആ സന്ന്യാസിയുടെ പ്രേഷിത തീക്ഷ്ണതയും എനിക്കു പകർന്ന ഉത്സാഹവും ഞാൻ പ്രവർത്തിച്ച പ്രേഷിത മേഖലകളിൽ കൂടുതൽ സമർപ്പണത്തോടെ പ്രവർത്തിക്കാൻ എനിക്ക് ആത്മീയ ഇന്ധനം പ്രദാനം ചെയ്തിട്ടുണ്ട്.

മുകളിൽ വിവരിച്ച ജോഷ്വാ അച്ചന്റെ ഏതാനും ഇടപെടലുകളെ സസൂക്ഷ്മം പരിശോധിച്ചാൽ ഈ വന്ദ്യ ഗുരുവിന്റെ അന്തരാത്മാവിന്റെ സൗന്ദര്യം കണ്ടെത്താം. തന്റെ ഗുരുവും നാഥനുമായ യേശുമിശിഹായെ അദ്ദേഹം തന്റെ ജീവിതത്തിൽ പൂർണ്ണമായി സ്വാംശീകരിക്കുകയും അതിലൂടെ ഒരു ഉത്തമ ക്രിസ്തു ശിഷ്യന്റെ സാക്ഷ്യം നല്കുകയും ചെയ്തു.

ബഥനി സന്ന്യാസ ദർശനത്തിന്റെ ആൾരൂപമാണ് ബഹുമാനപ്പെട്ട ജോഷ്വാ അച്ചൻ. അദ്ദേഹത്തിൽ വിളങ്ങിയിരുന്ന വിശുദ്ധിയും, ലാളിത്യവും, ശുശ്രൂഷാ മനോഭാവവും സമർപ്പണ ജീവിതത്തോടുള്ള പ്രതിജ്ഞാബദ്ധതയും എല്ലാക്കാലങ്ങളിലുമുള്ള സമർപ്പിതർക്കും, ക്രിസ്തു അനുയായികൾക്കും പ്രചോദനം ഏകുന്നവയാണ്. മിശിഹാനുകരണം ഒരുവനിൽ സാദ്ധ്യമാകണമെങ്കിൽ ഉത്കൃഷ്ടമായ ആന്തരിക വളർച്ച അനിവാര്യമാണ്. ഉയർന്ന ചിന്തയും ധ്യാനവും ഉള്ളവർക്കു മാത്രമെ ആന്തരിക വളർച്ചയും ജീവിതത്തിൽ എളിമയും, ലാളിത്യവും അഭ്യസിക്കാനാവൂ.

'എന്റെ സമ്പത്ത് യേശു മാത്രം' എന്ന വിശ്വാസം ജീവിക്കുന്നവർക്കു മാത്രമെ യേശുവിനെ പൂർണ്ണമായും പിൻചെല്ലാനാവൂ. ആ മന്ത്രം സ്വന്തമാക്കി ജീവിച്ച വന്ദ്യ ജോഷ്വാ അച്ചൻ യേശുവിലേയ്ക്ക് യാത്ര ചെയ്യുന്നവർക്ക് വഴികാട്ടിയായി നമ്മുടെ മദ്ധ്യേ ഇന്നും ജീവിക്കുന്നു.

□

www.malankaralibrary.com

# എന്റെ ഗുരു അച്ചൻ

**ഫാ. വറുഗീസ് തറമുട്ടം ഒ.ഐ.സി.**



'ഗുരു' എന്ന ശബ്ദം ശിഷ്യന്റെ കർണ്ണപുടങ്ങളെ മാത്രമല്ല മനസ്സിനെയും ആമോദിപ്പിക്കുന്നു. ജഗത് ഗുരുവായ യേശുദേവന്റെ ആഹ്വാനമാണ് ഓരോ ശിഷ്യന്റെയും കാതുകളിൽ മുഴങ്ങുന്നത്: 'എന്റെ പിന്നാലെ വരുവിൻ,' 'എന്നെ അനുഗമിക്കുവിൻ,' 'വന്നു കാണുവിൻ,' 'എന്നെ കണ്ടു പഠിക്കുവിൻ.' ഒരു യഥാർത്ഥ ഗുരുവിനു മാത്രമേ ഇങ്ങനെ പറയാൻ സാധിക്കുകയുള്ളൂ. യേശു തമ്പുരാൻ പറഞ്ഞതുപോലെ ജോഷാ അച്ചൻ പറഞ്ഞിട്ടില്ലെങ്കിലും കണ്ടു പഠിക്കാവുന്നതും കണ്ടു പഠിക്കേണ്ടതുമായ ഒരു ഗുരുവായിരുന്നു ബ. ജോഷാ അച്ചൻ.

കാഴ്ചയിൽ ചെറിയ മനുഷ്യൻ, ലാളിത്യത്തിൽ മറ്റുള്ളവരെ വെല്ലുന്ന വൻ, കൃത്യനിഷ്ഠയിൽ പൂർണ്ണൻ, സ്നേഹബന്ധത്തിൽ പുത്രവാത്സല്യം ഉള്ളവൻ, കായികാധ്വാനത്തിൽ കർഷകശ്രീ, ആത്മീയതയിൽ ജീവിക്കുന്ന വിശുദ്ധൻ. ജോഷാച്ചനെ വിവരിക്കുവാൻ വാക്കുകളില്ല.

എന്റെ സന്ന്യാസദർശനം നോവിഷ്യേറ്റ് കാലത്ത് അച്ചനോടൊത്തുള്ള ഗുരുകുലവാസത്തിൽ ആ ഗുരുമുഖത്തുനിന്നും ലഭിച്ചിട്ടുള്ളതാണ്. അച്ചന്റെ പാണ്ഡിത്യമോ വാക്ചാതുര്യമോ അല്ല; ആ ജീവിതമാണ് എനിക്കു പഠിക്കാനുണ്ടായിരുന്നത്. ഒരു അനുഭവം പങ്കുവയ്ക്കട്ടെ; പല്ലു സംബന്ധമായ ചികിത്സയ്ക്കായി മാസത്തിൽ പലപ്രാവശ്യം എനിക്ക് മെഡിക്കൽ കോളേജിൽ പോകേണ്ടതുണ്ടായിരുന്നു. അങ്ങനെയുള്ള ദിവസങ്ങളിൽ തലേദിവസം തന്നെ പ്രൊക്യുറേറ്ററായിരുന്ന ഫിലിപ്പ് ആന്നിയിൽ അച്ചന്റെ അടുക്കൽ നിന്നും മൂന്നു രൂപയ്ക്കുള്ള ചില്ലറ പൈസകൾ അച്ചൻ വാങ്ങി കൊണ്ടുവന്നു തരും. ഒരു കാശും കൈവശം വെക്കുന്ന രീതി അച്ചനില്ലായി രുന്നു. സാധാരണ ഒരു ദിവസം പോയിവരുമ്പോൾ ബാക്കി പൈസാ ഒരു രൂപയിൽ താഴെ കാണും. അത്, ഞാൻ അച്ചനെ ഏൽപ്പിക്കും. ഒരിക്കൽ ഡോക്ടർ ആവശ്യപ്പെട്ടതനുസരിച്ച് ഒരു പോസ്റ്റ് കാർഡ് വാങ്ങി അതിൽ അഡ്രസ്സ് എഴുതികൊടുത്തു. അടുത്ത പ്രാവശ്യം വിളിക്കാൻ വേണ്ടിയായിര ുന്നു അങ്ങനെ ചെയ്തത്. പോസ്റ്റാഫീസ് പരിചയമില്ലാതിരുന്ന ഞാൻ ഒരു പെട്ടികടയുടെ മുമ്പിൽ ഈ കാർഡ് തൂക്കിയിട്ടിരിക്കുന്നത് കണ്ട് അതി

www.malankaralibrary.com

ലൊരെണ്ണം പതിനഞ്ചു പൈസ കൊടുത്തു വാങ്ങി. അതിന് പോസ്റ്റാഫീസിൽ പന്ത്രണ്ടു പൈസയായിരുന്നു വില. ആശ്രമത്തിൽ തിരിച്ചുവന്ന് പതിവുപോലെ ബാക്കിയുണ്ടായിരുന്ന പൈസ അച്ചനെ ഏൽപ്പിച്ചു. കാർഡ് വാങ്ങിയ വിവരവും അറിയിച്ചു. എന്നാൽ ദൈവനടത്തിപ്പ് എന്ന് പറയട്ടെ കാർഡിന്റെ വില പറഞ്ഞില്ല. രാത്രി ഉല്ലാസം പകുതി ആകുമ്പോൾ അച്ചൻ വരാറുണ്ടായിരുന്നു. അന്ന് അച്ചൻ വന്നിട്ട് ഉല്ലാസ മുറിയിൽ പ്രവേശിക്കാതെ വാതിൽക്കൽ നിന്ന് "ബ്രദർ വർഗീസ് മാത്യു വന്നാട്ടെ," എന്ന് പറഞ്ഞു. ഉല്ലാസമുറി നിശബ്ദമായി. എന്തോ കുഴപ്പമുണ്ടെന്നു എല്ലാവരും മനസ്സിലാക്കി. എന്നെ അദ്ദേഹം തന്റെ മുറിയിലേക്ക് കൂട്ടിക്കൊണ്ടു പോയി. ഞാൻ വളരെ ഭയത്തോടെ പിന്നാലെ മുറിയിലെത്തി. അച്ചൻ കസേരയിൽ ഇരുന്നിട്ട് എന്നോടു പറഞ്ഞു. "മുട്ടുകുത്തിയാട്ടെ." ഞാൻ മുട്ടുകുത്തി. അച്ചൻ പറഞ്ഞു. "ഇന്നത്തെ കണക്കിൽ ഒരു മൂന്നു പൈസ കുറവുണ്ടല്ലോ." സംഭവിച്ചതെല്ലാം ഞാൻ പറഞ്ഞു. അച്ചൻ പറഞ്ഞു, "അത് അത്ര ശരിയായില്ല." അച്ചൻ പറഞ്ഞതിന്റെ അർത്ഥം ഞാൻ മനസ്സിലാക്കുന്നത് മൂന്നു പൈസ നഷ്ടപ്പെടുത്താതെ പോസ്റ്റ് ഓഫീസിൽ പോയി കാർഡ് വാങ്ങാമായിരുന്നു എന്നാണ്.

ഇന്നുവരെ കോടികളുടെ കണക്ക് എഴുതുമ്പോഴും അത് കൃത്യമായിരിക്കുവാൻ എന്നെ പ്രേരിപ്പിക്കുന്നത് ഈ സംഭവത്തെക്കാൾ ഉപരി എന്റെ ഗുരുവച്ചനാണ്. അദ്ദേഹം പ്രൊക്യുറേറ്ററായിരുന്ന കാലത്ത് കണക്കിൽ രണ്ടു പൈസയുടെ കൂടുതലോ കുറവോ ഉണ്ടായാൽ അത് 'അഡ്ജസ്റ്റ്' ചെയ്യാതെ, അത് കണ്ടുപിടിച്ചിട്ടേ കണക്കു പൂർത്തിയാക്കുമായിരുന്നുള്ളൂ. അനുകരണീയനായിരുന്ന ഗുരുവച്ചൻ. കൃഷിയിടങ്ങളിൽ എന്നും എപ്പോഴും കൂടെയുണ്ടായിരുന്നു. ടോയ്‌ലറ്റ് ടാങ്കിൽ നിന്നും വെള്ളം കോരിയെടുത്ത് ചെടിക്ക് ഒഴിക്കുന്ന ഗുരുവച്ചൻ, വസ്ത്രം തനിയെ നനയ്ക്കുകയും തേച്ചെടുക്കുന്നതിനു പകരം തുണി മടക്കി തലയിണക്കീഴിൽ വെച്ച് പതിച്ചെടുക്കുന്ന ഗുരുവച്ചൻ. പൈപ്പിൽ തട്ടി തലമുറിഞ്ഞു രക്തം ഒഴുകുമ്പോഴും സാരമില്ലെന്നു പറഞ്ഞു തന്റെ ജോലി തുടരുന്ന ഗുരുവച്ചൻ, പ്രാർത്ഥനയ്ക്കും ധ്യാനത്തിനും കൂട്ടിനുള്ള ഗുരുവച്ചന്റെ ജീവിതം അനുകരണാർഹമായിരുന്നു. ആ ഗുരുമുഖത്തുനിന്നും ഒരു പുസ്തകത്തിൽ ഉള്ളതിനേക്കാൾ കൂടുതൽ പഠിക്കാനുണ്ടായിരുന്നു.

ഒരു ദിവസം അച്ചൻ പറഞ്ഞു: ഇന്ന് കാപ്പികുടി കഴിഞ്ഞു എല്ലാവർക്കും നടക്കാൻ പോകാം. നോവിഷ്യേറ്റിലെ ഗുഹയിൽ നിന്നും പുറത്തുവരാൻ എല്ലാവർക്കും ആഗ്രഹം ഉണ്ടായിരുന്നു. ഈ വാർത്ത സന്തോഷകരമായി. ചിലരൊക്കെ സ്വപ്നം കണ്ടത് അടുത്തുള്ള മഠം, ഫ്രാൻസിസ്കൻ ആശ്രമം, മാർ ഈവാനിയോസ് കോളേജ്, മേക്കോണം വസ്തു എന്നിങ്ങനെയെവി

www.malankaralibrary.com

ടെയെങ്കിലും ആയിരിക്കും പോകുന്നതെന്നാണ്. അതിനായി ഷേവ് ചെയ്ത്, കുളിച്ച് പൗഡറിട്ടു മിനുങ്ങി ചിലരെല്ലാം റെഡിയായി. കാപ്പികുടി കഴിഞ്ഞു. ജോഷാ അച്ചൻ വന്നു പറഞ്ഞു. "എല്ലാവരും വന്നാട്ടെ." അച്ചൻ മുന്നിൽ യാത്രയായി. നോവിഷ്യേറ്റിന്റെ മുന്നിലൂടെ പറമ്പിലേക്ക് ഇറങ്ങി. ജൂനിയേഴ്സിന്റെ ബാസ്ക്കറ്റ് ബോൾ കോർട്ടിലൂടെ ആദ്യം പോയത് പന്നിക്കൂട്ടിലേക്കാണ്. അവിടെ ചെന്ന് അച്ചൻ പന്നിയെ നോക്കി പറയും. "നീയങ്ങ് വലുതായല്ലോടാ" അടുത്ത സ്റ്റേഷൻ പശുത്തൊഴുത്താണ്. അന്ന് അനേകം പശുക്കൾ ഉണ്ട്. അവയോടും ജോലിക്കാരോടും സംസാരിച്ചു കഴിയുമ്പോൾ ഒരു മണിക്കൂർ ആകും. പിന്നീട് ആശ്രമത്തിന്റെ പ്രധാന ഗേറ്റ് വഴി നോവിഷ്യേറ്റിലേക്ക്. പൗഡർ തേച്ച മുഖങ്ങളിലൊക്കെ ഒരു കരിവാളിപ്പ്. ഇങ്ങനെ എത്രയെത്ര അനുഭവങ്ങൾ.

എന്നെ ഞാനാക്കിതീർത്തത് എന്റെ ആദ്യകാല ഗുരുവച്ചൻമാരാണ്. അതിൽ നവശിഷ്യ ഗുരുവായ ജോഷാച്ചൻ തന്നെ മുഖ്യൻ. അദ്ദേഹം ഇന്ന് സ്വർഗ്ഗത്തിൽ ആയിരിക്കുമ്പോൾ ആ ആത്മാവിന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കുന്നതോടൊപ്പം ഞങ്ങൾക്കെന്നും മാതൃകയായിരുന്ന ആ കൊച്ചു ജീവിതത്തിന്റെ മുമ്പിൽ ഈ എളിയ ശിഷ്യന്റെ പ്രണാമം. □

യേശു ഒരിക്കൽ മാത്രമേ മരിച്ചുള്ളുവെങ്കിലും അൾത്താരയിലെ രഹസ്യത്തിൽ അതിനെ ദിനംപ്രതി പുതുക്കുന്നു. വി.കുർബാനയുടെ എട്ടാമിട കാലത്ത തന്റെ നാഥന്റെ മരണത്തെ അസാധാരണ ഭക്തിയോടെ കൊണ്ടാടണമെന്നും, അരൂപിയുടെ തീക്ഷ്ണതയെ ഒതുക്കണമെന്നും തിരുസഭ തന്റെ മക്കളോട് ആവശ്യപ്പെടുന്നു. നിരന്തരം സ്വയനിഗ്രഹം പാലിക്കാത്ത പക്ഷം പ്രകൃതി (nature) വീണ്ടും മുളച്ചുവരികയും ജോലിയിൽ പരിശുദ്ധ നിർമ്മമത പാലിക്കാൻ പ്രതിബന്ധമുണ്ടാക്കുകയും ചെയ്യും.

(ഫാ. ജോഷാ, പേജ് 142)

www.malankaralibrary.com

# ഹൃദയനിലത്ത് പൂത്തുലയുന്ന ഗുരു സ്മരണകൾ



**ബ്ര. കുര്യാക്കോസ് കാവിളയിൽ ഒ.ഐ.സി.**

"ഞാൻ നടക്കേണ്ടുന്ന വഴി എന്നെ കാണിക്കേണമേ; എന്തെന്നാൽ ഞാൻ എന്റെ ഹൃദയത്തെ നിങ്കലേക്കുയർത്തുന്നു"(സങ്കീ:143:8).

**ആമുഖം:**

സന്ന്യാസജീവിത ചൈതന്യത്താലും പ്രേഷിത തീക്ഷ്ണതയാലും ജ്വലിച്ചു നിന്ന ഒരു വിളക്കായിരുന്നു ജോഷ്വാ അച്ചൻ. എന്റെ പ്രിയപ്പെട്ട ഗുരു അച്ചൻ ഫാ. ജോഷ്വാ, സ്നേഹമുള്ള പിതാവും തീക്ഷ്ണതയുള്ള സന്ന്യാസിയുമായിരുന്നു. നവശിഷ്യ ഗുരു എന്ന നിലയിൽ അച്ചന്റെ വാക്കുകളും പ്രവർത്തനങ്ങളും, ജീവിത ശൈലിയും എന്റെ ജീവിതസമർപ്പണത്തിൽ എനിക്ക് കരുത്തേകിയിട്ടുണ്ട്. "എന്റെ ഹൃദയം വേറെയാർക്കും ഞാൻ കൊടുക്കുകയില്ല എന്റെ ഹൃദയം നിന്റെ ഹൃദയത്തിൽ ഞാൻ ഒളിച്ചു വയ്ക്കും. എന്റെ ബുദ്ധിയെയും മനസ്സിനെയും അവിടുത്തെ ബുദ്ധിയിലും മനസ്സിലും ഞാൻ ലയിപ്പിക്കും (മാർ ഈവാനിയോസ്, സന്ന്യാസ ജീവിത സഹായി 28) എന്ന മാർ ഈവാനിയോസ് പിതാവിന്റെ ചിന്തയെ തന്റെ സന്ന്യാസ ജീവിതത്തിന്റെ അടിസ്ഥാന പ്രമാണമായി അച്ചൻ സ്വീകരിച്ച് ജീവിച്ചു. ഈ സന്ന്യാസിയുടെ ശിക്ഷണത്തിൽ എന്റെ ജീവിതം രൂപപ്പെടുത്താൻ സാധിച്ചത് ജീവിതത്തിലെ വലിയ ഭാഗ്യമായിരുന്നു. ആത്മീയ ചൈതന്യവും, ബഥാന്യൻ ജീവിതശൈലിയും, സഭയോടുള്ള ബന്ധവും കോർത്തിണക്കിയ അച്ചന്റെ ജീവിതം പ്രചോദനവും, മാതൃകയുമായിരുന്നു. 1969 ഞാൻ കണ്ടറിഞ്ഞ, അടുത്തറിഞ്ഞ, ഗുരു ജീവിതത്തെ വളരെ സന്തോഷത്തോടെ ഞാൻ ഇവിടെ രേഖപ്പെടുത്തുന്നു.

**സന്ന്യാസ ജീവിതം**

സന്ന്യാസി തന്നെത്താൻ ദൈവത്തിന് പൂർണ്ണ ദഹനയാഗമായി അർപ്പിക്കപ്പെടണമെന്നുള്ളത് സന്ന്യാസത്തിന്റെ ഭാഗമാകുന്നു. അതിനാൽ സന്ന്യാസ ജീവിതത്തിന്റെ അടിസ്ഥാന ഘടകങ്ങളായ വ്രതബദ്ധ ജീവിതം, പുണ്യാഭ്യസനം, പ്രാർത്ഥന, മൗനം, ധ്യാനം, കൂട്ടായ്മാ ജീവിതം, കൃഷി ഇവയിലൊന്നും യാതൊരു വിട്ടുവീഴ്ചയ്ക്കും അച്ചൻ തയ്യാറല്ലായിരുന്നു. ഈ കാര്യങ്ങൾ പാലിക്കുകയും മറ്റുള്ളവരെ, പ്രത്യേകിച്ച് തന്റെ ശിക്ഷണത്തിൻ കീഴിൽ ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ള നവ സന്ന്യാസികളെ വളരെ കാർക്കശ്യ

www.malankaralibrary.com

ത്തോടെ പരിശീലിപ്പിക്കുകയും ചെയ്തിരുന്നു. മാനുഷികമായ ബലഹീനതകൾകൊണ്ട് ഏതെങ്കിലും രീതിയിൽ സന്ന്യാസ അച്ചടക്കത്തിന് ലംഘനം വന്നാൽ കൃത്യമായ തിരുത്തലുകളും പ്രായശ്ചിത്ത പ്രവൃത്തികളും നിറവേറ്റിക്കൊണ്ട് അതിന് പരിഹാരം ചെയ്യാൻ അർത്ഥികളെ ഉപദേശിച്ചിരുന്നു. പ്രായശ്ചിത്ത പ്രവൃത്തികൾ (മുള്ളരിഞ്ഞാണം കെട്ടുക, ഭക്ഷണശാലയിൽ മുട്ടുകുത്തി കൈവിരിച്ചു നിൽക്കുക, ഭക്ഷണം യാചിച്ചു കഴിക്കുക, മെത്ത, തലയിണ ഇവ ഉപയോഗിക്കാതെ ഉറങ്ങുക, ഇത്യാദി കാര്യങ്ങൾ) ചെയ്യുമ്പോൾ, ദൈവസ്നേഹം, വിനയം തുടങ്ങിയ പുണ്യങ്ങൾ അഭ്യസിക്കണമെന്ന് പറഞ്ഞുകൊണ്ട് ഓരോ കാര്യങ്ങളുടെയും നിയോഗശുദ്ധിയെപ്പറ്റി അച്ചൻ ഞങ്ങൾക്ക് മനസ്സിലാക്കി തന്നിരുന്നു. അച്ചൻ എല്ലാ മാസവും നവശിഷ്യരുടെ ആത്മീയ വായനകളുടെ ഡയറിക്കുറിപ്പുകൾ പരിശോധിക്കുകയും നല്ല ധ്യാനചിന്തകൾ എഴുതുന്നതിന് പ്രോത്സാഹിപ്പിക്കുകയും, അത് പൊതുവിൽ പങ്കുവയ്ക്കുന്നതിന് അവസരം നൽകുകയും ചെയ്തിരുന്നു. സന്ന്യാസ ജീവിതത്തോടുള്ള അച്ചന്റെ ആഭിമുഖ്യവും, തീക്ഷ്ണതയും വിശ്വസ്തതയോടെ വിശുദ്ധനിയമം പാലിക്കുന്നതിൽ ദൃശ്യമായിരുന്നു. നിയമപാലനം എന്ന വാക്ക് അദ്ദേഹം ഉപയോഗിക്കാറില്ലായിരുന്നു. അച്ചൻ സ്വതസിദ്ധമായി ഉപയോഗിച്ചിരുന്ന വാക്ക് വിശുദ്ധനിയമം ജീവിക്കുക എന്നതായിരുന്നു. വി. നിയമങ്ങളുടെ പാലനം, ലംഘനം എന്നീ വാക്കുകൾക്കു പകരം വിശുദ്ധനിയമം ജീവിച്ചോ, ജീവിച്ചില്ലയോ എന്നതായിരുന്നു അച്ചന്റെ ചോദ്യം. "നീ എന്തിനായി ഇവിടെ വന്നു? നിന്നെ എന്തിനായി ദൈവം ഇവിടെ അയച്ചു? ചിന്തിക്കുക (മാർ ഈവാനിയോസ്, സ.ജി.സ 90)" എന്ന ഈവാനിയോസ് പിതാവിന്റെ ചോദ്യങ്ങൾക്ക് അനുദിനം സന്ന്യാസ ജിവിതനിഷ്ഠകളാൽ ഉത്തരം കൊടുക്കുവാൻ അശ്രാന്തം പരിശ്രമിച്ചിരുന്നു എന്നതാണ് അച്ചന്റെ സന്ന്യാസജീവിതത്തിന്റെ ശ്രേഷ്ഠതയും, സംതൃപ്തിയും. അച്ചന്റെ സമർപ്പണ ജീവിതത്തിൽ ഞാൻ ശ്രദ്ധിച്ചിട്ടുള്ള സവിശേഷതകൾ താഴെപ്പറയുന്നവയാണ്:

**ലാളിത്യം സന്ന്യാസത്തിന്റെ മുദ്ര**

ഞങ്ങൾ നവസന്ന്യാസ പരിശീലനം തുടങ്ങുന്നതിനു മുമ്പ്, ബഥനി ആശ്രമത്തിന്റെ ഭാരതീയ ശൈലി, ലളിതജീവിതം എന്നീ കാര്യങ്ങൾ വിശദമാക്കുന്നതിനായി ഒരു കമ്മിറ്റി രൂപകരിച്ചിരുന്നെന്നും ഏബ്രഹാം അച്ചനും, സിറിൽ അച്ചനുമൊക്കെയുള്ള ആ കമ്മിറ്റിയിൽ പ്രസ്തുത വിഷയങ്ങളെപ്പറ്റിയുള്ള ബോധ്യങ്ങൾ വളരെ വ്യക്തതയോടെ ജോഷ്വാ അച്ചൻ സംസാരിച്ചിരുന്നെന്നും കേട്ടിട്ടുണ്ട്. പാവപ്പെട്ട മനുഷ്യർ ചുറ്റും താമസിക്കുമ്പോൾ, ദാരിദ്ര്യം വ്രതമായി സ്വീകരിച്ചിരിക്കുന്ന സന്ന്യാസികൾ, അവരേക്കാൾ ഉയർന്ന ജീവിതനിലവാരം ആഗ്രഹിക്കുന്നതു തന്നെ ഒരു തിന്മയായി ജോഷ്വാ അച്ചൻ അവതരിപ്പിച്ചിരുന്നു. സന്ന്യാസ വസ്ത്രം, യാത്ര,

www.malankaralibrary.com

ഉല്ലാസം സന്ന്യാസികളുടെ ആഘോഷത്തിന്റെ ശൈലി, കെട്ടിട നിർമ്മാണം എന്നിങ്ങനെ എല്ലാ കാര്യത്തിലും യേശുവിന്റെ സുവിശേഷ ചൈതന്യം പ്രസരിക്കപ്പെടണമെന്നായിരുന്നു ജോഷ്വാ അച്ചന്റെ നിലപാട്. ജീവിതത്തിന്റെ എല്ലാ മേഖലയിലും (ചിന്ത, വാക്ക്, പ്രവൃത്തികൾ) ദരിദ്രനും സ്വർഗ്ഗപിതാവിന് വിധേയപ്പെട്ടവനുമായിരുന്ന യേശു പ്രതിഫലിക്കപ്പെടണമെന്ന ക്രൈസ്തവ ആത്മീയ ദർശനം അദ്ദേഹം സ്വന്തമാക്കിയിരുന്നു. ജോഷ്വാ അച്ചൻ നാലാഞ്ചിറയിൽ വാർദ്ധക്യകാലം ചിലവഴിക്കുമ്പോൾ ഞാൻ അദ്ദേഹത്തെ ഒരിക്കൽ സന്ദർശിക്കുകയുണ്ടായി. ഒത്തിരി പഴക്കമുള്ള കീറിയ കുപ്പായമാണ് അദ്ദേഹം ധരിച്ചിരുന്നത്. ഒരു പുതിയ കുപ്പായം തയ്പ്പിച്ചു തരട്ടെയെന്ന് ഞാൻ ചോദിച്ചു. അതിന് അച്ചൻ പറഞ്ഞ മറുപടി “കുര്യാക്കോസേ, ഞാൻ ഇനിയും അധികനാൾ ജീവിച്ചിരിക്കുകയില്ല. ഇപ്പോഴുള്ളതുകൊണ്ട് അതുവരെ ഞാൻ കഴിഞ്ഞു കൂടിക്കൊള്ളാം.” ഞങ്ങളുടെ പരിശീലന കാലത്ത് ലാളിത്യത്തെപ്പറ്റി പറഞ്ഞിട്ടുള്ള ഉപദേശങ്ങളേക്കാൾ; ഭൗതിക വസ്തുക്കൾ ഉപയോഗിക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കാനുള്ള പ്രായോഗിക പാഠമായി ആ വാക്കുകൾ എന്റെ മനസ്സിൽ ഇപ്പോഴും തങ്ങി നിൽക്കുന്നു.

**ആത്മീയ ജീവിതം**

സ്ഥിരതയുള്ള പ്രാർത്ഥനാ ജീവിതത്തിന്റെ ഉടമയായിരുന്നു ജോഷ്വാ അച്ചൻ. പൊതു പ്രാർത്ഥനകളിലും വ്യക്തിപരമായ പ്രാർത്ഥനയിലും അച്ചൻ വീഴ്ച വരുത്തിയിരുന്നില്ല. അച്ചൻ ഒരിക്കലും പൊതു പ്രാർത്ഥനകൾ മുടക്കിയിരുന്നില്ല. എവിടെ പോയാലും എന്ത് ജോലി ചെയ്താലും പ്രാർത്ഥനാസമയമാകുമ്പോൾ സമൂഹ പ്രാർത്ഥനയ്ക്കായി ചാപ്പലിൽ അദ്ദേഹം എത്തിയിരുന്നു. ഏതെങ്കിലും കാരണത്താൽ പൊതു പ്രാർത്ഥനകൾ മുടങ്ങിയാൽ വ്യക്തിപരമായി സമയം കണ്ടെത്തി നമസ്ക്കാരം അദ്ദേഹം നടത്തിയിരുന്നു. എത്ര വൈകിയാലും യാമനമസ്കാരങ്ങൾ നടത്താതെ മറ്റു കാര്യങ്ങളിൽ അദ്ദേഹം പ്രവേശിച്ചിരുന്നില്ല. രോഗമോ പീഢയോ വാർദ്ധക്യസഹജമായ ബുദ്ധിമുട്ടുകളോ ഉണ്ടെങ്കിൽ പോലും അവയെല്ലാം അവഗണിച്ച് അച്ചൻ പ്രാർത്ഥനകളിൽ സന്നിഹിതനായിരുന്നു. ഉച്ചയ്ക്ക് 2.30–ന് നവശിഷ്യർ ജപമാല പ്രാർത്ഥന ചൊല്ലിയിരുന്ന സമയത്ത് മുഴുവൻ നേരവും മുട്ടുകുത്തി പ്രാർത്ഥനാ നിരതനായി അച്ചൻ നിന്നിരുന്നു.

ആശ്രമ ചാപ്പലിൽ ശാന്തമായി തന്റെ ഇരിപ്പിടത്തിൽ വ്യക്തിപരമായ പ്രാർത്ഥനയ്ക്കായി ഏറെ സമയം ചിലവഴിച്ചിരുന്ന അദ്ദേഹത്തിന് പ്രാർത്ഥന ഒരു ഭാരമായിരുന്നില്ല; ചെയ്തു തീർക്കേണ്ട ഒരു ജോലിയായിരുന്നില്ല. ത്രിയേക ദൈവവുമായുള്ള സ്നേഹ സംസർഗ്ഗമായിരുന്നു. ആരെങ്കിലും ഒരു പ്രാർത്ഥനാ നിയോഗം ഏൽപ്പിച്ചാൽ അത് സ്വന്തം ആവശ്യം എന്ന രീതിയിൽ കണ്ട് ഏറെ ത്യാഗത്തോടെ ആ നിയോഗത്തിനുവേണ്ടി അദ്ദേഹം

www.malankaralibrary.com

പ്രാർത്ഥിച്ചിരുന്നു. കൃത്യമായ നോമ്പാചരണം, ഉപവാസം, മുടക്കം വരാത്ത ധ്യാനം, മൗനപാലനം, വചന പാരായണം, പ്രായശ്ചിത്ത പ്രവൃത്തികൾ എന്നിവയാൽ അച്ചന്റെ ആത്മീയ ജീവിതം സമ്പന്നമായിരുന്നു. ഈ ഉറച്ച ആത്മീയ അടിത്തറയാണ് ബഥനിയുടെ തീക്ഷ്ണമതിയായ ഒരു സന്ന്യാസാചാര്യനായി ജോഷ്വാ അച്ചനെ മാറ്റിയത്. "ഞാൻ ഏകാന്തതയിൽ ദൈവത്തിന്റെ അടുക്കൽ പാർക്കണമെന്ന് യേശു ആഗ്രഹിക്കുന്നു. അപ്പോൾ അവൻ എന്നോട് സംസാരിക്കും" എന്ന ഈവാനിയോസ് പിതാവിന്റെ വാക്കുകൾ അച്ചൻ ജീവിതത്തിൽ അന്വർത്ഥമാക്കിയിരുന്നു. ശിഷ്യരെ പ്രാർത്ഥനയിൽ വളർത്തുന്നതിന് പര്യാപ്തമായ ഉപദേശങ്ങളും പ്രാർത്ഥനയ്ക്കും ധ്യാനത്തിനും പുതിയ രീതികളും അച്ചൻ അഭ്യസിപ്പിച്ചിരുന്നു. പ്രാർത്ഥനയിൽ വളരെ അഭിവൃദ്ധി നേടിയ അച്ചൻ തന്റെ ഒപ്പം ഉള്ളവരെ പ്രാർത്ഥനയിൽ വളരാൻ സഹായിച്ചിരുന്നു. നവശിഷ്യരായ ഞങ്ങൾ പ്രാർത്ഥനാ ജീവിതത്തിൽ ആഴപ്പെട്ട വ്യക്തിത്വം രൂപീകരിക്കുന്ന കാര്യത്തിൽ ജോഷ്വാ അച്ചൻ ബദ്ധശ്രദ്ധനായിരുന്നു.

**ഉത്തമ ബഥാന്യൻ**

ദൈവൈക്യം, ലളിത ജീവിതം, കൂട്ടായ്മാ ജീവിതം, കായികാധ്വാനം എന്നിവയാൽ സമ്പന്നമായ ഒരു ജീവിതം അച്ചൻ പടുത്തുയർത്തി. സംസാരത്തിലും, പ്രവൃത്തിയിലും, ജീവിതരീതിയിലും, ഇടപെടലിലും ബഥാന്യൻ ലാളിത്യശൈലി അച്ചൻ രൂപപ്പെടുത്തി. അദ്ദേഹം സംലഭ്യനും ഏവർക്കും സമീപസ്ഥനുമായിരുന്നു. രോഗികളെ സന്ദർശിക്കാനും ആവശ്യക്കാരെ സഹായിക്കാനും സന്നദ്ധനായിരുന്ന അച്ചൻ ആശ്രമത്തിലെ എല്ലാ പൊതുപരിപാടികളിലും സാന്നിധ്യം കൊണ്ടും ഇടപെടലുകൾ കൊണ്ടും മാതൃകയായിരുന്നു. പൊതുപ്രാർത്ഥനകളിൽ പങ്കെടുക്കുക, ഒന്നിച്ചു ഭക്ഷണം കഴിക്കുക, ഉല്ലസിക്കുക എന്നിങ്ങനെ സമൂഹ ജീവിതത്തിന്റെ അടിസ്ഥാന കാര്യങ്ങളിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും അദ്ദേഹം തയ്യാറായിരുന്നില്ല. കുടുംബ ഭാവനയാണ് സന്ന്യാസത്തിന്റെ തനിമ എന്ന് അച്ചൻ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു. അനുശാസന സംഘം (Chapter of faults), സത്സംഗം എന്നിങ്ങനെ സമൂഹ ജീവിതത്തെ ബലപ്പെടുത്തുന്ന പങ്കുവയ്ക്കലുകളിൽ അദ്ദേഹം സജീവമായി പങ്കെടുത്തിരുന്നു. അസ്വാരസ്യങ്ങളും, ഭിന്നാഭിപ്രായങ്ങളും കൂട്ടായ്മാ ജീവിതത്തെ ബാധിക്കാതിരിക്കുവാൻ ജോഷ്വാ അച്ചൻ ശ്രദ്ധിച്ചിരുന്നു. ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം എന്നീ വ്രതങ്ങൾ അരൂപിയിലും അക്ഷരാർത്ഥത്തിലും പാലിച്ചിരുന്ന അച്ചൻ ഒരു പ്രവാചക ശബ്ദമായി എന്നും നിലകൊണ്ടിരുന്നു. കായികാദ്ധ്വാനിയും, കർഷകനും ആയിരുന്ന അദ്ദേഹം ഈ മേഖലയിൽ നന്നായി പരിശ്രമിക്കുന്നവരെ പ്രത്യേകം പ്രോത്സാഹിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു.

www.malankaralibrary.com

കൃഷിക്കാര്യത്തിൽ തൽപരനായിരുന്ന എന്നെ 'കൃഷി ഡയറക്ടർ' എന്ന് വിളിച്ച് അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു. നന്മയെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കുകയും തെറ്റുകളും, വീഴ്ചകളും തിരുത്തി തരുകയും ചെയ്തിരുന്നു. ആരോടും പ്രത്യേക സ്നേഹമോ, പക്ഷം ചേരലോ കാണിക്കാത്ത നിഷ്പക്ഷമായ അദ്ദേഹത്തിന്റെ നിലപാടുകൾ മാതൃകാപരമായിരുന്നു. വീടിനോടും ബന്ധുക്കളോടും സന്ന്യാസോചിതമായ ഒരു അകലവും നിസ്സംഗതയും പുലർത്തിയിരുന്ന ജോഷ്വാ അച്ചൻ യുവതലമുറയ്ക്ക് പ്രസ്തുത കാര്യത്തിൽ വളരെ വെല്ലുവിളി ഉയർത്തുന്ന ബഥാന്യനാണ്. "സന്ന്യാസിക്ക് ദൈവസ്നേഹം മാത്രമെ ജീവിതോദ്ദേശ്യമായിട്ടുണ്ടാകാവൂ" എന്ന ഈവാനിയോസ് പിതാവിന്റെ ദർശനം ഉൾക്കൊണ്ട ഫാ. ജോഷ്വാ കലർപ്പില്ലാത്ത ആധികാരികതയുള്ള ഒരു ഉത്തമ ബഥാന്യനായിരുന്നു.

**പ്രേഷിത ജീവിതം**

"സുവിശേഷപ്രചരണം വാക്കുകളാലോ വാക്യങ്ങളാലോ മാത്രമല്ല, സുകൃത നടപടികളാലും പരോപകാരാർത്ഥമായ സ്നേഹവ്യാപാരങ്ങളാലും നിർവ്വഹിക്കപ്പെടേണ്ടവയാണ്" എന്ന ഈവാനിയോസ് പിതാവിന്റെ പ്രേഷിത ദർശനം ജോഷ്വാ അച്ചൻ ഉൾക്കൊണ്ടിരുന്നു. സ്നേഹത്തോടെയുള്ള സംഭാഷണവും, കരുതലോടെയുള്ള ഇടപെടലുകളും, ദൈവാശ്രയത്തോടെയുള്ള പ്രവർത്തനങ്ങളും ജോഷ്വാ അച്ചന്റെ പ്രേഷിത ജീവിതത്തിന്റെ സവിശേഷതയായിരുന്നു. കൂദാശകളും, ആത്മീയ ശുശ്രൂഷകളും ദൈവജനത്തിന് മുടങ്ങരുതെന്ന് അച്ചന് പ്രത്യേകം നിർബന്ധമുണ്ടായിരുന്നു. പ്രേഷിത പ്രവർത്തനം ഒരു പുരോഹിതന്റെ കടമ എന്നതിലുപരി ദൈവജനത്തിന്റെ അവകാശവും, ആവശ്യവുമാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. വാർദ്ധക്യകാലത്തു പോലും പ്രേഷിത ശുശ്രൂഷകൾക്ക് അദ്ദേഹം സംലഭ്യനായിരുന്നു. പ്രത്യേകിച്ച്, നാലാഞ്ചിറ ആശ്രമത്തിൽ ജീവിച്ചിരുന്ന കാലത്ത് ആശ്രമ ചാപ്പൽ ഇടവകയായി പ്രവർത്തിച്ചിരുന്നു. വിശ്വാസികൾക്ക് ആത്മീയ കാര്യങ്ങൾ നടത്തിക്കൊടുക്കുന്നതിൽ വികാരി അച്ചന് സഹായം വാഗ്ദാനം ചെയ്യുകയും ഞായറാഴ്ചകളിൽ വി.കുർബാനയും കുമ്പസാരവും നടത്തിക്കൊടുക്കുകയും ചെയ്യുമായിരുന്നു. ദൈവസ്നേഹത്തെ പ്രതി പരനന്മക്കായി ചെയ്യുന്നതെന്തും പ്രേഷിത പ്രവർത്തനമാണ് അവിടെ ദൈവം മഹത്വപ്പെടുന്നു എന്ന വലിയ ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു.

**ഓഡിറ്റർ**

"ഒരു കാശു ധനമുള്ള സന്ന്യാസി ഒരു കാശ് വിലയുള്ളവനല്ല അതിനാൽ ധന സംബന്ധമായ കാര്യങ്ങൾ വളരെ സൂക്ഷ്മതയോടെ നിവർത്തിക്കണം" എന്ന ഈവാനിയോസ് പിതാവിന്റെ വാക്കുകൾ ഈദൃശ കാര്യങ്ങളിൽ

www.malankaralibrary.com

അദ്ദേഹത്തിന് കൂടുതൽ വ്യക്തത നൽകിയിരുന്നു. ഗണിത ശാസ്ത്രത്തിൽ ശ്രദ്ധേയമായ പ്രാവീണ്യം ഉണ്ടായിരുന്ന ജോഷ്വാ അച്ചൻ സമൂഹത്തിലെ എല്ലാ ഭവനങ്ങളുടെയും auditor ആയി സേവനം അനുഷ്ഠിച്ചിരുന്നു. ധനസംബന്ധ കാര്യങ്ങളിൽ കൃത്യതയും സുതാര്യതയും അനുകരണീയമാം വിധം അച്ചൻ പുലർത്തിയിരുന്നു. ഒരിക്കൽ രണ്ടു പൈസ നഷ്ടപ്പെടുത്തിയ ഒരു നവസന്ന്യാസിയെ പണം കൈകാര്യം ചെയ്യുന്ന കാര്യത്തിൽ അതീവ സൂക്ഷ്മത ഉള്ളവനായിരിക്കണമെന്ന് ഉപദേശിക്കുകയും നഷ്ടപെട്ട പൈസ കണ്ടെത്താൻ ആവശ്യപ്പെടുകയും ചെയ്തത് ഇത്തരുണത്തിൽ ഓർക്കുന്നു. സാമ്പത്തിക കാര്യങ്ങൾ നിർവഹിക്കുന്നതിനുള്ള അച്ചടക്കം നമ്മുടെ ജീവിതത്തിന് കൂടുതൽ സൂക്ഷ്മതയും, ശ്രദ്ധയും, പൂർണ്ണതയും നൽകുന്ന മേഖലയായി അദ്ദേഹം മനസ്സിലാക്കിയിരുന്നു. അതിലുള്ള കൃത്യത സന്ന്യാസജീവിതത്തിന്റെ സമസ്ത മേഖലകളിലും കൃത്യതയും, അച്ചടക്കവും പാലിക്കുവാൻ നമ്മെ സഹായിക്കുന്നു. കണക്കിൽ കളങ്കമില്ലാത്ത സന്ന്യാസിക്ക് ജീവിത വിശുദ്ധി നേടാനെളുപ്പമാണെന്നായിരുന്നു അദ്ദേഹത്തിന്റെ ബോധ്യം.

**ഉത്തമ ഗുരുനാഥൻ**

തന്റെ ഉത്തരവാദിത്വത്തിന് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന സന്ന്യാസികളുടെ ആത്മാക്കളുടെ മേൽനോട്ടക്കാരനാണ് താൻ എന്ന ഉത്തമ ബോധ്യം ജോഷ്വാ അച്ചനുണ്ടായിരുന്നു. ദൈവവിളി ദൈവത്തിന്റെ അമൂല്യ ദാനമാണ് അത് ഒരിക്കലും മാതൃകാ ദോഷം കൊണ്ടോ, തന്റെ തെറ്റായ തീരുമാനം കൊണ്ടോ നഷ്ടമാകാതിരിക്കാൻ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. സന്ന്യാസ ജീവിതത്തിന്റെ അടിസ്ഥാന ഘടകങ്ങളായ വ്രതബദ്ധ ജീവിതം, പ്രാർത്ഥന, ജോലി, വിശ്രമം, മൗനാനുഷ്ഠാനം, ഏകാന്തത, ഭക്താഭ്യസങ്ങൾ, ദൈവകാര്യവിചിന്തനം, പ്രായശ്ചിത്ത പ്രവൃത്തികൾ എന്നിവ കൃത്യമായി അനുഷ്ഠിക്കാനും ജീവിക്കാനും തന്റെ ശിഷ്യരെ പരിശീലിപ്പിക്കാൻ അദ്ദേഹം സർവാത്മന പരിശ്രമിച്ചിരുന്നു. ആത്മീയ വായന, ഡയറി പരിശോധന, personal conference, പ്രായശ്ചിത്ത നടപടികളുടെ സ്ഥിരത ഇവയെല്ലാം കൃത്യമായി അച്ചൻ അവലോകനം ചെയ്തിരുന്നു. സന്ന്യാസജീവിതം ശരിയായി അഭ്യസിക്കുന്നതിനാവശ്യമായ തിരുത്തലുകൾ നൽകിയിരുന്ന ജോഷ്വാ അച്ചൻ ജീവിതത്തിൽ പരിവർത്തനം വരുത്താത്തവർ സന്ന്യാസ ജീവിതാഭിമുഖ്യമില്ലാത്തവരാണെന്ന് വിവേചിച്ചറിയുകയും അവർക്ക് യോജിച്ച പന്ഥാവ് വിവേചിച്ചറിയാൻ അവരെ സഹായിക്കുകയും ചെയ്തിരുന്നു. അർത്ഥികളെ ആ കാര്യം ബോധ്യപ്പെടുത്തി അച്ചന്റെ സ്വതസിദ്ധമായ ശൈലിയിൽ ആ കാര്യം അവതരിപ്പിച്ചിരുന്നത് ഇപ്രകാരമാണ് “കൈയും കാലും മുഖവും തേച്ചു കഴുകി മുറിയിലേക്കു വരുക.” ഇതിനർത്ഥം

www.malankaralibrary.com

ആശ്രമത്തോടു യാത്ര പറഞ്ഞ് വീട്ടിലേക്ക് പോകാൻ തയ്യാറായിക്കൊള്ളുക എന്നായിരുന്നു.

സന്ന്യാസപരമായ നിഷ്ഠകൾക്ക് മുൻതൂക്കം നൽകിയിരുന്ന ജോഷ്വാ അച്ചൻ, എന്തിനു വേണ്ടിയാണ് നിഷ്ഠകൾ പാലിക്കേണ്ടത് എങ്ങനെയാണ് അവ പാലിക്കപ്പെടേണ്ടത് എന്നിങ്ങനെ അവയുടെ ആവശ്യവും പ്രയോജനവും മനസ്സിലാക്കി തരുമായിരുന്നു. ഇപ്രകാരം അർത്ഥം ഗ്രഹിച്ച്, കാരണം മനസ്സിലാക്കി ചെയ്തിരുന്നതിനാൽ എല്ലാ അർത്ഥികൾക്കും നിഷ്ഠാ ജീവിതത്തിന്റെ ആവശ്യകതയും, നന്മയും സന്ന്യാസ പരിശീലനത്തിന്റെ ആരംഭത്തിൽ തന്നെ മനസ്സിലാക്കുവാൻ സാധിച്ചിരുന്നു. സന്ന്യാസികൾ ഒരു പുതിയ വ്യക്തിത്വം ഉള്ളവരായി മാറുന്നു എന്ന് മനസ്സിലാക്കാൻ അവർക്ക് വ്രതവാഗ്ദാന സമയത്ത് പുതിയ പേര് നല്കുന്ന പാരമ്പര്യം ആശ്രമത്തിൽ ഉണ്ടായിരുന്നു. പേര് മാറ്റാൻ താത്പര്യം ഇല്ലാതിരുന്ന ഞാൻ പ്രസ്തുത അപേക്ഷയുമായി അച്ചനെ സമീപിച്ചു. എന്റെ ആവശ്യം കേട്ട അച്ചൻ ഇങ്ങനെ പ്രതികരിച്ചു: “ശെന്താ ചെയ്യുക, ഞാൻ ഒരു പേര് തന്നിട്ടില്ലേ. കുര്യാക്കോസ്. അതു മതി.” കുര്യൻ എന്ന വിളിപ്പേരുണ്ടായിരുന്ന എന്നെ കുര്യാക്കോസ് എന്നേ അദ്ദേഹം വിളിച്ചിരുന്നുള്ളു. എന്റെ നാമഹേതുകനായ വിശുദ്ധ കുര്യക്കോസിനെപ്പറ്റി എനിക്ക് പറഞ്ഞു തന്നു. വാസ്തവത്തിൽ അന്നു മുതലാണ് ഞാൻ വിശുദ്ധ കുര്യാക്കോസിനെക്കുറിച്ച് പഠിക്കുകയും അദ്ദേഹത്തോട് ഭക്ത്യാദരവുകൾ പ്രകടിപ്പിക്കുകയും ചെയ്യുന്നത്.

ആശയടക്കം, ആത്മസംയമനം, ക്ഷമ എന്നീ പുണ്യങ്ങൾ അഭ്യസിപ്പിക്കുന്നതിന്റെ ഭാഗമായി പല കാര്യങ്ങളും അച്ചൻ ചെയ്തിരുന്നു. എല്ലാവരെയും ഇളിഭ്യരാക്കിയ ഒരനുഭവം ഇപ്പോഴും ഓർമ്മയിലുണ്ട്. ആ സംഭവം ഇങ്ങനെയായിരുന്നു:

ഒരു വിനോദയാത്രയ്ക്ക് തയ്യാറാകുവാൻ ‘ഗുരുഅച്ചൻ’ ഞങ്ങളോടാവശ്യപ്പെട്ടു. അതനുസരിച്ച് ഞങ്ങൾ എല്ലാവരും വളരെ സന്തോഷത്തോടെ കുളിച്ചൊരുങ്ങി നല്ല വേഷമൊക്കെ ധരിച്ച് ആശ്രമാങ്കണത്തിൽ എത്തി. “നമുക്ക് വിനോദയാത്ര തുടങ്ങാം” എന്ന് പറഞ്ഞ് അച്ചൻ ഞങ്ങളെ പറമ്പു മുഴുവൻ ചുറ്റി നടത്തി തിരികെ ആശ്രമ ചാപ്പലിൽ എത്തിച്ച് ചെറു പ്രാർത്ഥനയും നടത്തി മുറിയിലേക്ക് തിരിച്ചയച്ചു.

ദാരിദ്ര്യവ്രത പാലനത്തിന്റെ ഭാഗമായി നല്കിയിരുന്ന പരിശീലനവും ഞാൻ ഓർക്കുന്നു. എല്ലാ കാര്യങ്ങളിലും മിതത്വം പാലിക്കാൻ ഞങ്ങൾക്ക് ശിക്ഷണം നല്കിയിരുന്നു. ഭക്ഷണത്തിനാവശ്യമായ വസ്തുക്കൾ കൃഷി ചെയ്ത് വിളയിച്ചിരുന്നു. വളരെ അത്യാവശ്യമുള്ളപ്പോൾ മാത്രമേ വില കൊടുത്തു വാങ്ങിയ വസ്തുക്കൾ ഉപയോഗിക്കാറുണ്ടായിരുന്നുള്ളൂ. അതും മിതമായി മാത്രം. സ്റ്റേഷനറി വസ്തുക്കൾ ഉപയോഗിക്കുന്നതിലും പ്രത്യേക

www.malankaralibrary.com

നിഷ്ക്കർഷ ഉണ്ടായിരുന്നു. ആഴ്ചയിൽ മൂന്നു ദിവസം അതായത് കഠിനമായ കായികാദ്ധ്വാനം ചെയ്തിരുന്ന ദിനങ്ങളിൽ മാത്രമാണ് കുളിക്കാൻ സോപ്പ് ഉപയോഗിച്ചിരുന്നത്. തുച്ഛമായ സാധനങ്ങൾ (1 ഇൻലൻഡ്, സൂചി, ടൂത്ത് പേസ്റ്റ് മുതലായവ) മാത്രമാണ് ഉപയോഗത്തിന് നൽകിയിരുന്നത്.

ഭൗതിക വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ഉപയോഗ ക്ഷമത (maximum utility) ഞങ്ങൾ അഭ്യസിച്ചിരുന്നു. ഉദാഹരണമായി, കോട്ടൺ തുണി കാവി മുക്കിയാണ് അന്ന് ഞങ്ങൾ ഉപയോഗിച്ചിരുന്നത്. നിറം മങ്ങുമ്പോൾ വീണ്ടും കാവി നിറം മുക്കി ഉപയോഗിച്ചിരുന്ന അച്ചന്മാരുമുണ്ടായി രുന്നു. സന്ന്യാസ കുപ്പായം നിറം മങ്ങുകയോ, കീറുകയോ ചെയ്യുമ്പോൾ കീറൽ തയ്ച്ച് അനൗദ്യോഗിക സന്ദർഭങ്ങളിൽ (അക്കാലത്ത് സന്ന്യാസികൾ എപ്പോഴും കുപ്പായം ധരിക്കണമായിരുന്നു) ഉപയോഗിച്ചിരുന്നു. അതിനു ശേഷം കളിക്കുന്ന സമയത്തും ജോലി ചെയ്യുമ്പോഴും ധരിക്കാൻ അത് ഉപയോഗിച്ചിരുന്നു. അങ്ങനെയും സാധിക്കാതെ വരുമ്പോൾ ആ വസ്ത്ര ത്തിൽ പല കഷണങ്ങളും മുറിച്ച് കഴുകി സൂക്ഷിച്ചു വയ്ക്കുമായിരുന്നു. ആയുധങ്ങൾ ഉപയോഗിച്ച് അദ്ധ്വാനിക്കുന്ന കാലമായിരുന്നതിനാൽ മുറിവ് ഉണ്ടാവുക സ്വാഭാവികമായിരുന്നു. അപ്പോൾ അവ മുറിവ് വച്ചു കെട്ടുന്നതിന് ഉപയോഗിച്ചിരുന്നു. പഴയ തുണിക്കഷണങ്ങൾ ഉപയോഗിച്ചുകൊണ്ടായിരുന്നു ബഞ്ച്, മേശ, കസേര, വിളക്ക് എന്നിവ വൃത്തിയാക്കിയിരുന്നത്. ചുരുക്കത്തിൽ ഭൗതിക വസ്തുക്കൾ കൈകാര്യം ചെയ്യുന്ന കാര്യത്തിലും ആദ്ധ്യാത്മികത അടങ്ങിയിട്ടുണ്ടെന്ന തിരിച്ചറിവ് സന്ന്യാസ പരിശീലനത്തിൽ നിന്ന് ലഭിച്ചു.

അനുസരണവ്രതം അഭ്യസിക്കുന്നതിന്റെ ഭാഗമായി ഗുരു അച്ചന്റെ മുറിയിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും മുട്ടുകുത്തി കൈമുത്തണം എന്ന രീതി ഉണ്ടായിരുന്നു. ജോഷ്വാ അച്ചന്റെ സന്ന്യാസ തീക്ഷ്ണതയും വിശുദ്ധ ജീവിതം നയിക്കുന്നതിൽ പ്രദർശിപ്പിച്ചിരുന്ന ആത്മാർത്ഥതയും ഞങ്ങളെ ഏറെ സ്വാധീനിച്ചിരുന്നതിനാൽ ഈ കാര്യങ്ങൾ ഞങ്ങൾ സന്തോഷത്തോടെ യാണ് ചെയ്തിരുന്നത്. അച്ചൻ ഒരു വ്യക്തിയെക്കുറിച്ചും മോശമായി ചിന്തിക്കു കയോ, സംസാരിക്കുകയോ ചെയ്തിരുന്നില്ല. അദ്ദേഹത്തിന്റെ ശിഷ്യന്മാർ ഈ കാര്യങ്ങളിൽ പൂർണരും, സഹാനുഭൂതിയും പരസ്നേഹവും ഉള്ളവരും ആയിരിക്കണം എന്ന് അച്ചൻ ആഗ്രഹിച്ചിരുന്നു. അധികാരികളോട് പ്രത്യേ കിച്ച് സഭാധികാരികളോട് അദ്ദേഹം എന്നും വിധേയത്വം പുലർത്തിയിരുന്നു. ദൈവത്താൽ ഭരമേൽപ്പിക്കപ്പെട്ട അധികാരത്തെ വിമർശിക്കുവാനോ വിധിക്കു വാനോ പാടില്ല എന്ന് അച്ചൻ വിശ്വസിക്കുകയും ഞങ്ങളെ പഠിപ്പിക്കുകയും ചെയ്തിരുന്നു.സന്ന്യാസ സമർപ്പണത്തിലും ജീവിത വിശുദ്ധിയിലും തന്റെ ശിഷ്യർ തന്നേക്കാളധികം വളരണമെന്നാഗ്രഹിച്ച ഗുരുഭൂതനായിരുന്നു ഫാ. ജോഷ്വാ.

www.malankaralibrary.com

**ഉപസംഹാരം**

"സർവസംഗ പരിത്യാഗികളും യഥാർത്ഥ ദൈവസ്നേഹവും ദൈവ ഭക്തിയും നിറഞ്ഞവരുമായ നിസ്വാർത്ഥരെക്കൊണ്ടു മാത്രമേ സുവിശേഷ ഘോഷണം ശക്തിയുക്തം നടത്തുന്നതിനും ഫലം കൈവരുത്തുന്നതിനും സാധിക്കുകയുള്ളൂ" എന്ന ഈവാനിയോസ് പിതാവിന്റെ വാക്കുകൾ കാച്ചിക്കുറുക്കിയ ജീവിതമായിരുന്നു ബഥനിയിലെ ഈ സന്ന്യാസാചാര്യ ന്റേത്. സന്ന്യാസം കാലഹരണപ്പെട്ടു പോകുന്നു ഇകഴ്ത്തപ്പെടുന്നു എന്നൊക്കെ പരിതപിക്കുമ്പോൾ ജനഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്ന ജോഷ്വാ അച്ചനെ പോലുള്ളവരുടെ ജീവിതം ധ്യാനമാക്കേണ്ടത് അത്യന്താ പേക്ഷിതമാണ്. ദൈവസ്നേഹം, പരസ്നേഹം എന്നീ പുണ്യങ്ങൾ അഭ്യസി ക്കുന്നതിൽ സന്ന്യാസത്തിന്റെ ചൈതന്യവും, നിഷ്ഠയും കോർത്തിണക്കി ക്കൊണ്ട് സംതൃപ്തിയോടെ അച്ചൻ ജീവിതം പൂർത്തിയാക്കി. പൂർവ്വസൂരി കളുടെ വിശ്വാസത്തിന്റെയും സന്ന്യാസനിഷ്ഠയുടെയും അദ്ധ്വാനത്തിന്റെയും ത്യാഗോജ്ജ്വലമായ സമർപ്പണത്തിന്റെയും വ്യത്യസ്ത ഭാവങ്ങളിലേക്കിറങ്ങി ച്ചെന്ന് ജീവിതത്തെ കരുപിടിപ്പിക്കുവാൻ ബഥനി തയ്യാറാകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇപ്രകാരം മാതൃകയാക്കാവുന്നതും മാതൃകയാക്കേ ണ്ടതുമായ ബഥനിയുടെ തീക്ഷ്ണമതിയായ ജോഷ്വാ താവളത്തിലച്ചന്റെ ദീപ്ത സ്മരണകൾക്കു മുൻപിൽ പ്രണാമം അർപ്പിക്കുന്നു.

□

എന്റെ പരിശുദ്ധ മാലാഖാ, അന്ത്യസമയത്ത് എന്റെ ഹൃദയം അനുഭവിക്കാനിടയുള്ള മരണവേദനയെയും ദാരുണമായ ഭയത്തെയും അല്പമൊന്ന് ശമിപ്പിക്കുന്നതിന് ദിവ്യരക്ഷകൻ കുരിശിൽ ചിന്തിയ കണ്ണുനീർ കണങ്ങളിലൊന്ന് എനിക്ക് പ്രാപിച്ചു തരണമേ. കുരിശിൽ കിടന്ന ദിവ്യസുതന്റെ മേൽ പരിശുദ്ധ മാതാവ് പതിപ്പിച്ച സഹതാപ കടാക്ഷങ്ങളിലൊന്ന് എന്റെ മേൽ പതിപ്പിക്കുവാൻ പരിശുദ്ധ മാതാവിനോടും അപേക്ഷിക്കണമേ. ഓ, വിലമതിയാത്ത കണ്ണുനീർ കണങ്ങളെ! പരമമായ സ്നേഹവും സങ്കടവും സമ്മേളിച്ചിരുന്ന കടാക്ഷമേ!

(ഫാ. ജോഷ്വാ, പേജ് 85)

www.malankaralibrary.com



# ബഥനിയിലെ ജോഷ്വാ അച്ചൻ ചില പുതിയ ഓർമ്മകൾ

ഫാ. വില്ല്യം നെടുമ്പുറത്ത് ഒ.ഐ.സി.

1. 1971–72 – ഞങ്ങളുടെ നോവിഷ്യേറ്റ് കാലഘട്ടം. അന്നൊക്കെ മുടിവെട്ട് നോവീസസ് തമ്മിലും ഗുരുവച്ചന്റെ മുടി വെട്ടുന്നത് നോവിസസുമായിരുന്നു. ഞാനൊരു "അംഗീകരിക്കപ്പെട്ട" മുടി വെട്ടുകാരനായിരുന്നു. ആയതിനാൽ ഗുരു അച്ചന്റെ (ജോഷ്വാ അച്ചൻ) മുടിവെട്ട് എന്റെ അവകാശമായിരുന്നു. ഒരു ദിവസം മുടിവെട്ട് പകുതിയാക്കി ഇടതുവശം തീർന്നപ്പോഴേക്കും കോളിംഗ് ബെൽ മുഴങ്ങി കേട്ടു. അച്ചൻ മുടി വെട്ടുകാരനോട് പറഞ്ഞു "നിർത്ത്... ഞാൻ പോയി ആരാ മണി അടിച്ചെതെന്ന് നോക്കിയിട്ട് വരാം." അച്ചൻ പകുതി വെട്ടിയ മുടിയുമായി എഴുന്നേറ്റൊരു പോക്ക്. ഞാൻ കത്രികയും ചീപ്പും പിടിച്ച് ഒരൊറ്റ നിൽപ്പ്. കുറെ കഴിഞ്ഞ് തിരിച്ചു വന്ന് സ്റ്റൂളിൽ ഇരുന്ന് പറഞ്ഞു. "ബാക്കി വെട്ടിക്കോ ബ്രദറെ."

തന്റെ രൂപം വികൃതമായി തോന്നിയാലും കാണാൻ വന്നയാളെ വെയിറ്റ് ചെയ്യിപ്പിച്ച് മുഷിപ്പിക്കരുതല്ലൊ. (ജോഷ്വാച്ചന്റെ മാനുഷിക പരിഗണന!)

2. മറ്റൊരു ദിവസം അത്താഴം കഴിഞ്ഞ് ഉല്ലാസ മുറിയിലേക്ക് പോകുന്ന വഴി നടന്ന സംഭവം. ആശ്രമത്തിൽ 'കൂസ്' എന്ന് നീട്ടി തുമ്മുന്ന ഒരു വല്യച്ചനുണ്ടായിരുന്നു. അച്ചന്റെ 'കൂസ്' ആശ്രമത്തിന്റെ ഏതു ഭാഗത്തു നിന്നാലും കേൾക്കാമായിരുന്നു. അന്ന് ഞങ്ങൾ രാത്രിയിൽ അത്താഴം കഴിഞ്ഞ് ഉല്ലാസ മുറിയിലേക്ക് പോകുമ്പോഴാണ് ആ പതിവ് 'കൂസ്' കേട്ടത്. തമാശ തോന്നിയ എനിക്ക് അതൊന്ന് അനുകരിക്കണമെന്ന് തോന്നി. ഉല്ലാസത്തിന് പോവുകയായിരുന്നതിനാൽ അതും ഒരു പ്രേരണയായി. ഞാൻ നീട്ടിയടിച്ചു. 'കൂ...ശ്...' ആശ്രമം മുഴുവൻ കിലുങ്ങി. അച്ചന്മാരുടെ ഉല്ലാസ മുറിയിലും എന്റെ 'കൂശ്' എത്തി. ഗുരുവച്ചൻ ഞങ്ങളുടെ ഉല്ലാസ മുറിയിൽ വരാറുണ്ടായിരുന്നു. അന്ന് ഗുരുവച്ചൻ വന്നത് അല്പം ഗൗരത്തിലാണ്. അച്ചൻ ചോദിച്ചു. "ഇന്ന് ആരാ ആ 'കൂസ്' അടിച്ചത്? കൈയൊന്നു പൊക്കിക്കെ" എന്റെ നെഞ്ചിടിപ്പ് കൂടി കൂടി വന്നു. ഉള്ള ധൈര്യം സംഭരിച്ച് സത്യം മറച്ചുവയ്ക്കാതെ എന്റെ കൈയ് ചെറുതായിട്ടൊന്നു പൊങ്ങി. വല്യച്ചനെ കളിയാക്കിയ തെറ്റ് സമ്മതിച്ചതു കൊണ്ടാവാം. ഗുരുവച്ചന്റെ രോഷം ശമിച്ചതുപോലെ തോന്നി. അദ്ദേഹം പറഞ്ഞു: "എന്തായാലും അത് അത്ര ശരിയായില്ല. ഇനി നമുക്കത് വേണ്ട."

(ശിക്ഷയും ശിക്ഷണവും എങ്ങനെയായിരിക്കണമെന്ന് ഗുരുവച്ചൻ കോഴ്സ് നടത്തിയതുപോലെ....)

www.malankaralibrary.com

3. ഒരു ദിവസം ജോഷ്വാ അച്ചൻ രാവിലെ പച്ചക്കറി തോട്ടത്തിൽ ആരോടോ സംസാരിക്കുന്നത് പോലെ. ശ്രദ്ധിച്ചപ്പോൾ കേൾക്കുന്നത് ഒരു പ്രോത്സാഹന പ്രകടനമായിരുന്നു. "കേറി വാ വെണ്ടേ... കേറി വാ... കേറിവാ.. വെണ്ടേ... പ്രോത്സാഹനം ലഭിച്ച വെണ്ട നന്നായി കായ്ച്ചു എന്നാണ് പറയപ്പെടുന്നത്!

(സസ്യങ്ങളോടും മൃഗത്തോടുമൊക്കെ സംസാരിച്ചിരുന്ന അസ്സീസിയിലെ പുണ്യവാനെ ഓർത്തുപോയി)

4. കണക്ക് എഴുത്തിൽ വിദഗ്ധനായ ജോഷ്വാ അച്ചൻ ഒരു ദിവസം കണക്കു ബുക്കുമായി മൽപ്പിടുത്തം നടത്തുന്നതാണ് കണ്ടത്. ഇടയ്ക്കിടയ്ക്ക് എന്തൊക്കെയോ മുറുമുറുക്കുന്നുണ്ട്. "എന്നാലും അവൻ എവിടെപ്പോയി... എവിടെ പോയി...?" അന്നത്തെ കണക്ക് എഴുതി തീർന്നപ്പോൾ കൈയ്യിലുള്ള ബാക്കി പണവുമായി തട്ടിച്ചു നോക്കിയപ്പോൾ പത്ത് പൈസ 'റ്റാലി' ആവുന്നില്ല. അത് കണ്ടുപിടിക്കാനുള്ള തത്രപ്പാടിലായിരുന്നു അച്ചൻ.

(ജോഷ്വാ അച്ചന്റെ കണക്കിലുള്ള വിശ്വസ്തത).

5. ഇത് സംഭവിക്കുന്നത് പൂനെ വൈദിക വിദ്യാർത്ഥികൾ താമസിക്കുന്ന ആശ്രമത്തിലാണ്. റെക്ടറിന്റെ അഭാവത്തിൽ ആത്മീയ ഗുരുവായ ജോഷ്വാ അച്ചനാണ് ഞങ്ങളുടെ ചാർജ്. ഗണപതി ഉത്സവമാണ് അന്ന്. നാടെല്ലാം ഉത്സവത്തിമിർപ്പിൽ. ഗണപതി വിഗ്രഹങ്ങൾ കെട്ടി അലങ്കരിച്ച് പൂജകഴിഞ്ഞ് എടുത്തു ഘോഷയാത്രയായി അടുത്ത ഒഴുക്ക് വെള്ളത്തിൽ മുക്കുക എന്ന തായിരുന്നു ഉത്സവത്തിന്റെ പ്രധാന ചടങ്ങ്. ഈ ചടങ്ങുകളും അലങ്കാരങ്ങളും കാണാൻ വൈദിക വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും അനുവാദം ഉണ്ടാ യിരുന്നു. ചെറു കൂട്ടമായി നടന്നു പോകാം. രാത്രിയിലാണ് സംഭവം. രാത്രി യിൽ ഒരു നിശ്ചിത സമയത്ത് ആശ്രമത്തിൽ എത്തിച്ചേരണം എന്നായിരുന്നു നിർദ്ദേശം. 'കറിയാച്ചനും' (സഖറിയ ബ്രദർ) കൂട്ടരും ഗുരുവച്ചന്റെ നിർദ്ദേശം ശിരസ്സാ വഹിച്ച് സമയത്ത് തന്നെ തിരിച്ചെത്തി. എന്നാൽ കുറെ 'വിദ്വാന്മാർ' കാഴ്ച കണ്ടു കണ്ട് പോയി സമയം പാലിക്കുന്നതിൽ പരാജയപ്പെട്ടു. തിരിച്ചെത്തിയപ്പോൾ നേരം വെളുക്കാറായിരുന്നു. കുറെ പേർ താമസിച്ചാണ് തിരിച്ചെത്തിയത് എന്ന ന്യൂസ് അച്ചന്റെ ചെവിയിലെത്തി. രാവിലെ കാപ്പികുടി കഴിഞ്ഞ് അച്ചൻ എല്ലാവരെയും നിരത്തി നിർത്തി വിചാരണ ചെയ്തു. താമസിച്ചു വന്നവർ രക്ഷപ്പെടാൻ വേണ്ടി പറഞ്ഞുപിടിപ്പിച്ചു: "ഈ വർഷം ഗണപതി ലക്ഷ്മി റോഡിലെ ഉണ്ടായിരുന്നുള്ളൂ. ലക്ഷ്മി റോഡ് ടൗണിലാണ്." ഗുരുവച്ചൻ തിരിച്ചടിച്ചു! "കറിയാച്ചൻ പറഞ്ഞല്ലോ ഗണപതി രാംവാഡിയിലുണ്ടായിരുന്നെന്ന്. പറ്റിക്കാൻ നോക്കണ്ട.'' രാംവാഡി തൊട്ടടുത്ത ജംഗ്ഷനാണ്. അങ്ങനെ കറിയാച്ചന്റെയും ഗരുവച്ചന്റെയും മുമ്പിൽ നിയമം തെറ്റിച്ച വിദ്വാന്മാർ നിഷ്പ്രഭരായിപ്പോയി.

(ശിക്ഷണത്തിൽ ജോഷ്വാൻ ഉപയോഗിച്ച ലവ് മെതേഡ്.) □

www.malankaralibrary.com

# മഹാത്യാഗിയായ ബ. ജോഷ്വാ അച്ചൻ



ഫാ. ഇഗ്നേഷ്യസ് കടിയംകുന്നിൽ ഒ.ഐ.സി.

നിഷ്ഠയിൽ സന്ന്യാസവും സന്ന്യാസത്തിൽ വിശുദ്ധിയും പ്രായോഗികമാക്കി ജീവിതം ദൈവത്തിനായി സമർപ്പിച്ച ഒരു ഉത്തമ സന്ന്യാസി വൈദിക ശ്രേഷ്ഠൻ.

ബ. ജോഷ്വാ താവളത്തിൽ ഒ.ഐ.സി. അച്ചൻ ബഥനിയുടെ സന്ന്യാസ നിഷ്ഠയുടെ നിറകുടമായിരുന്നെന്ന് പറഞ്ഞാൽ അതിൽ അതിശയോക്തി ഇല്ല. അതായത് നിഷ്ഠയിൽ വിട്ടുവീഴ്ചയില്ലാതെ സന്ന്യസ്തരെ പരിശീലിപ്പിക്കുന്നതിൽ സ്വയം മാതൃകയായി അതീവശ്രദ്ധയുള്ള ഒരു സന്ന്യാസ ശ്രേഷ്ഠനായിരുന്നു അദ്ദേഹം. ബഥനിയുടെ സന്ന്യാസ വളർച്ച നിഷ്ഠയായ ഒരു ജീവിത ശൈലി ആവണം എന്നു ധൈര്യസമേതം നിരന്തരം കാണിച്ചുതന്ന ഒരു ഗുരുഭൂതനെയാണ് അദ്ദേഹത്തിന്റെ ശിഷ്യന്മാർക്ക് നവശിഷ്യ പരിശീലനത്തിന് ലഭിച്ചിരുന്നത്. നിഷ്ഠ വേണം എന്ന് നവശിഷ്യരെ നിരന്തരം ഗൗരവമായി ഉപദേശിക്കാറുണ്ടായിരുന്ന ബ. ജോൺ കുഴിനാപ്പുറത്ത് ഒ.ഐ.സി. അച്ചനെക്കാൾ ഒരു പക്ഷേ ഒരു പടി മുമ്പിലായിരുന്നു ബ. ജോഷ്വാ അച്ചൻ.

കുറച്ചുകാലം മാത്രമെ ബ. ജോഷ്വാ അച്ചനെ ഞങ്ങൾക്ക് നവശിഷ്യ ഗുരുവായി ലഭിച്ചിട്ടുള്ളുവെങ്കിലും അക്കാലവും പിന്നീട് ആശ്രമത്തിൽ അദ്ദേഹത്തോടൊപ്പം ജീവിച്ചപ്പോഴും അദ്ദേഹത്തെ ഒരു ദിവ്യതേജസ്സായി കണ്ടിരുന്നു. സന്ന്യാസത്തിന്റെ ശ്രേഷ്ഠമായ മനോഭാവം എപ്പോഴും കാത്തു സൂക്ഷിച്ചിരുന്ന ശ്രേഷ്ഠാചാര്യനായിരുന്നു ബ. ജോഷ്വാ അച്ചൻ. പരിശീലനഘട്ടത്തിൽ കൃത്യവും സൂക്ഷ്മവുമായ നിർദ്ദേശങ്ങൾ നല്കി അനുദിനം ക്രമപ്പെടുത്തുന്ന ഒരു ജീവിത ശൈലി, ഊടും പാവും നല്കി ക്രമീകരിച്ചിരുന്ന പരിശീലനമായിരുന്നു ബ. ജോഷ്വാ അച്ചനിൽ നിന്നും ലഭിച്ചിരുന്നത്. സന്ന്യാസ നിഷ്ഠയുടെ കാഠിന്യം ചിലർക്കെങ്കിലും ഒരു പക്ഷേ അനുഭവപ്പെട്ടിരിയ്ക്കാമെങ്കിലും ആ വഴിയെ കടന്നു വന്നവരാരും പിൽക്കാലത്ത് നഷ്ടധൈര്യരാകേണ്ടി വന്നിട്ടില്ല.

പ്രഭാതം മുതൽ പ്രദോഷം വരെ നടക്കുന്ന എഴ് യാമ പ്രാർത്ഥനകൾ നാലു സമയങ്ങളിലായി എങ്ങനെ ചിട്ടയായി നടത്തണമെന്നും അതിനായി എങ്ങനെ ഒരുങ്ങണം, പങ്കുകൊള്ളണം എന്നും നിർദ്ദേശങ്ങൾ നല്കി ഞങ്ങളെ പരിശീലിപ്പിച്ചിരുന്നു. വി. കുർബാനയോടുള്ള അദ്ദേഹത്തിന്റെ

www.malankaralibrary.com

ഭക്തിനിർഭരമായ സമീപനം ഓരോ നവശിഷ്യനേയും ഭക്തിയുടെ ശ്രേണിയിലേയ്ക്ക് കൈ പിടിച്ചു നടത്തിയിരുന്നു. അതിരാവിലെ ശിഷ്യന്മാരെക്കാൾ മുന്നിൽ ബ. ജോഷ്വാ അച്ചൻ ഉണർന്നു അഞ്ചുമണിക്കുള്ള പ്രഭാതമണിയുടെ ശബ്ദം കേട്ടുണരാത്ത നവശിഷ്യരുടെ തൗനയുടെ വാതിലിൽ വന്നു കതകിൽ തട്ടിവിളിച്ചിരുന്നത് നിഷ്ഠയുടെ ഭാഗമായി കാണാം. പ്രഭാതമണി അടിക്കുമ്പോൾ കട്ടിലിനു 'തീപിടിച്ചു' എന്ന വിധത്തിൽ എഴുന്നേൽക്കണമെന്നാണ് നിർദ്ദേശം. എല്ലാവരും പ്രഭാതകൃത്യങ്ങൾക്കു ശേഷം കൃത്യസമയത്തിന് അല്പം മുമ്പ് നിരയായി ക്രമത്തിൽ നിന്നശേഷം നവശിഷ്യരുടെ നേതാവു മുന്നിൽ നിന്നു നിർദ്ദേശം നല്കി കഴിയുമ്പോഴാണ് പള്ളിയിലേക്ക് നിരയായി നീങ്ങേണ്ടിയിരുന്നത്. അതിനു മുമ്പ് എല്ലാ ക്രമീകരണങ്ങളും നടത്തിയിരിക്കണം. ഇന്നത്തെപ്പോലെ എല്ലാ വൈദിക ശ്രേഷ്ഠരും ചേർന്നുള്ള സമൂഹബലി ആയിരുന്നില്ല അന്ന്. പ്രധാന ബലിപീഠ ത്തിനു ഇരുവശങ്ങളിലും രണ്ട് അൾത്താരകളുൾപ്പെടെ മൂന്ന് അൾത്താര കളിൽ ഒരേ സമയം വി. ബലി അർപ്പിച്ചിരുന്നു. ഈ ബലിയർപ്പണത്തിനുള്ള എല്ലാ ഒരുക്കങ്ങളും നവശിഷ്യർ നടത്തിയിരുന്നു. ധൂപകലശം ഉൾപ്പെടെയുള്ള ക്രമീകരണവുമായി മൂന്ന് സ്ഥലങ്ങളിലും ശുശ്രൂഷകർ ഉണ്ടായിരുന്നു. കൃത്യമായി ഈ ക്രമീകരണങ്ങൾ നടത്തിക്കൊടുക്കുവാനുള്ള പരിശീലനം ബ. ജോഷ്വാ അച്ചൻ നല്കിയിരുന്നു. വളരെ എളുപ്പത്തിലും ഭക്തിയിലും നിർവ്വഹിക്കുന്നതിനുള്ള പരിശീലനമായിരുന്നു അത്. പ്രാർത്ഥനയിൽ നവശിഷ്യർ യാതൊരു മുടക്കവും വരുത്താതെ കൃത്യമായ സ്ഥാനങ്ങളിൽ എത്തിേയിരുന്നു.

പൂന്തോട്ടം വെച്ചുപിടിപ്പിക്കൽ, പച്ചക്കറിത്തോട്ടം, കായ്കനിയുള്ള മരങ്ങളുടെ സംരക്ഷണം തുടങ്ങിയ കായിക അദ്ധ്വാനം ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. തൽഫലമായി പൂന്തോട്ടങ്ങൾ കൊണ്ട് മനോഹരമായ ഉദ്യാനമായിരുന്നു ആശ്രമത്തിനു ചുറ്റുമുള്ള മുറ്റവും സ്ഥലവും. ഗുരു അച്ചൻ കൂടെയുള്ളപ്പോൾ നവ്യശിഷ്യർ ഉത്സാഹത്തോടെ ജോലിയിൽ ഏർപ്പെട്ടിരുന്നു. അത് സന്തോഷമുള്ള അനുഭവമായിരുന്നു.

ഏതുകാര്യത്തിലും ലഭ്യതയിൽ കുറഞ്ഞ ഉപയോഗ ശൈലി ബ. ജോഷ്വാ അച്ചന്റെ വ്യക്തിപരമായ വീക്ഷണമായിരുന്നു. അതായത്, എന്തെല്ലാം ന്യായമായ രീതിയിൽ ലഭിക്കുമോ അതെല്ലാം 'മിനിമം' അഥവാ ആവശ്യത്തിലും കുറഞ്ഞ ഉപയോഗം മതി. ലഭിക്കു മെന്നുള്ളതുകൊണ്ട് ധാരാളിത്തമോ; ന്യായമായതുകൊണ്ട് ആയികൊള്ളട്ടെ എന്ന ചിന്താഗതിയോ അദ്ദേഹത്തിന് ഇല്ലായിരുന്നു. എല്ലാറ്റിനുമൊരു മിതത്വം–അത് സംസാരം മുതൽ – അദ്ദേഹത്തിൽ ദൃശ്യമായിരുന്നു. ഈ മിതത്വം കൊണ്ടുതന്നെ 'മഹാത്യാഗി' എന്ന വിശേഷണം അർഹിക്കുന്ന ശ്രേഷ്ഠമായൊരു മനസ്സ് അദ്ദേഹത്തിനുണ്ടായിരുന്നു.

www.malankaralibrary.com

മഹാത്യാഗിയായ ബ. ജോഷ്വാ അച്ചൻ വസിച്ചിരുന്ന തൗന (മുറി) മേൽ പറഞ്ഞ കാര്യങ്ങൾക്കെല്ലാം സാക്ഷ്യം വഹിച്ചിരുന്നു. ആവശ്യത്തിനു മാത്രം പുറത്തിറങ്ങുന്ന ഒരു തൗനാ സ്നേഹി ആയിരുന്നു അദ്ദേഹം. സന്ന്യാസ നിഷ്ഠയോടു ഈ മഹാത്യാഗത്തെ വിലയിരുത്തിയാൽ വ്രതങ്ങളുടെ കാർക്കശ്യ നിലപാടുകൾ അദ്ദേഹത്തെ മഹാത്യാഗി എന്നു വിശേഷിപ്പിക്കാൻ തീർത്തും ഉതകുന്നതാകും! ഉദാഹരണത്തിനു ബ്രഹ്മചര്യ വ്രതം ഒന്നാം സ്ഥാനത്തായിരുന്ന ശൈലിക്ക് ഒട്ടും അയഞ്ഞ സമീപനമായിരുന്നില്ല അദ്ദേഹം പുലർത്തിയിരുന്നത്. അദ്ദേഹത്തിന്റെ തൗനയിൽ (മുറി) ആർക്കും കയറിയിറങ്ങുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ആരെയും സ്വീകരിച്ച് ആനയിക്കുന്ന ഇന്നത്തെ വിശാല വീക്ഷണമൊന്നും ബ. ജോഷ്വാ അച്ചനിൽ കണ്ടിരുന്നില്ല. ബ്രഹ്മചര്യവ്രതം ഒരു നിഷ്ഠയായ അനുഷ്ഠാനത്തിലുപരി ജീവിത തപസ്യയും ചര്യയുമായി അദ്ദേഹം കണ്ടിരുന്നു. ആർക്കും അനുകരണീയമായ മാതൃകയായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപാടുകൾ. രണ്ടാമത്തെ വ്രതനിഷ്ഠയായ അനുസരണത്തിനു അദ്ദേഹം പ്രഥമസ്ഥാനം നല്കിയിരുന്നു എന്നു കരുതത്തക്കവിധം വിധേയത്വവും, ശാന്തതയും, വിനയവും പാലിച്ചിരുന്നു. അധികാരത്തെക്കാൾ ഉപരി ആർജ്ജവത്വം ഏതു സ്ഥാനത്തും അദ്ദേഹം കണ്ടിരുന്നു. സന്ന്യാസത്തിൽ 'അധികാരമല്ല' കാര്യങ്ങളുടെ ആർജ്ജവത്വമാണ് ആവശ്യമെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. കാർക്കശ്യ മനോഭാവമായിരുന്നെങ്കിലും കരുതലുള്ള വ്യക്തിയായിരുന്നു അദ്ദേഹം. ദാരിദ്ര്യവ്രത നിഷ്ഠയിൽ ഒരു സന്ന്യാസിയെന്നതിലുപരി ഒരു മഹാത്യാഗിയെ തന്നെ അദ്ദേഹത്തിൽ കാണാം. 'മിനിമം' കൊണ്ട് തൃപ്തനാവുക, ലഭിക്കാവുന്നതിലും കുറഞ്ഞ രീതിയിൽ വസ്ത്രം, പാർപ്പിടം (തൗന) ഭക്ഷണം എന്നീ അടിസ്ഥാന ആവശ്യങ്ങൾകൊണ്ട് അദ്ദേഹം സംതൃപ്തനായിരുന്നു. വെള്ളത്തുണി കൊണ്ട് കുപ്പായം തുന്നി (അതും ആശ്രമത്തിൽ തയ്യക്കാരൻ വന്ന് തുന്നി) കാവി മണ്ണ് കലക്കി മുക്കി എടുത്ത കുപ്പായമാണ് മറ്റുള്ളവരെപ്പോലെ അദ്ദേഹവും ധരിച്ചിരുന്നത്. ഈ കാവി പ്രയോഗം നവശിഷ്യരെ നന്നായി പരിശീലിപ്പിച്ചിരുന്നു. വസ്ത്രത്തിന്റെ പഴക്കം കൊണ്ട് ഉപേക്ഷിക്കുകയോ, നശിപ്പിക്കുകയോ ചെയ്തിരുന്നില്ല. വീണ്ടും ഉപയോഗപ്പെടുത്തുവാൻ തക്കവിധം-കുപ്പായം മുട്ടിനു സമം മുറിച്ച് തുന്നി 'കുട്ടികുപ്പായം', 'കളികുപ്പായം', 'വേലകുപ്പായം' തുടങ്ങി വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ ശിഷ്യരെ ഉപദേശിച്ചിരുന്നു. ഇന്നത്തെ പോലെ മേൽത്തരം പാന്റ്സ് ആയിരുന്നില്ല നവ്യശിഷ്യരും സന്ന്യാസികളും ഉപയോഗിച്ചിരുന്നത്. പകരം 'കളസം' ധരിക്കുവാൻ പഠിപ്പിച്ചിരുന്നു. അതൊരു 'ഗാന്ധിയൻ' മാർഗ്ഗത്തിനു പരിശീലനമായിരുന്നു. 'തൗന' വെടിപ്പും ശുചിത്വവും ഉള്ള ലളിതമായ പാർപ്പിടമായിരുന്നു. വളരെ അത്യാവശ്യത്തിനുള്ള സാധന

www.malankaralibrary.com

സമഗ്രികളൊഴിച്ച് ഒന്നും തന്നെ അവിടെ ഉണ്ടായിരുന്നില്ല. ഇന്നത്തെ അത്യാധുനിക മുറികളിലെ സംവിധാനം പോലെ ലഭിക്കാവുന്ന സാധന സാമഗ്രികൾ കൊണ്ടുള്ള ഒരു 'കുന്നുകുഴി' ആയിരുന്നില്ല എന്നു ചുരുക്കം. ഒരർത്ഥത്തിൽ സ്വയം ശൂന്യവൽക്കരണത്തിന്റെ പ്രതീകമായിരുന്നു സ്വന്തം തൗനാ. ഭക്ഷണ ക്രമീകരണത്തിലെ നിഷ്ഠ മരണം വരെയും ശീലിച്ചുപോന്നു. തനിയ്ക്കായൊന്നും പ്രത്യേകിച്ച് കരുതിയിരുന്നില്ല. എന്തെല്ലാം ലഭ്യമാക്കാമെന്നു ചിന്തിക്കാതെ, പരിമിതമായ അത്യാവശ്യ ഭക്ഷണ സാധനങ്ങൾ മാത്രം കൊണ്ടു തൃപ്തനായിരുന്നു അദ്ദേഹം. ഒരു സാധനവും നഷ്ടപെടുന്നതിനു സമ്മതിച്ചിരുന്നില്ല. നവ്യശിഷ്യനായിരുന്ന സമയത്തെയൊരു അനുഭവം ഓർത്തു പോകുന്നു. നോവിഷ്യേറ്റ് മന്ദിരത്തിന്റെ വടക്കു വശത്തുള്ള മാവ് (ഇപ്പോഴും അതുണ്ട്) നിറയെ മാങ്ങ കായ്ച്ച് പഴുത്തു തുടങ്ങുമ്പോൾ ആവശ്യം പോലെ കഴിയ്ക്കാമെന്നു കരുതിയാൽ തെറ്റി! വീഴുന്ന അഥവാ സംഭരിക്കുന്ന മാമ്പഴം നല്ലതും ചീത്തയുമായി തിരിച്ച് നല്ലത് അടുത്ത സ്റ്റോറിൽ എത്തിയ്ക്കും. രണ്ടാം തരം മാമ്പഴം വൈകിട്ട് കളി കഴിഞ്ഞു വരുമ്പോൾ കഴിക്കാനായി മാറ്റിവെയ്ക്കും. ബ. ജോഷ്വാ അച്ചനും എത്തും. മോശമായ മാമ്പഴം ഓരോന്നായി മുറിച്ച് കേടുള്ള ഭാഗം ചെത്തി മാറ്റി, പുഴുവുള്ള ഭാഗം ചെവിത്തോണ്ടി സമാനമുള്ള ഒരു കൊച്ചു പിച്ചാത്തി കൊണ്ട് ചെത്തി കളയും. നല്ല കഷണങ്ങൾ ഞങ്ങൾക്ക് തരും. മനസ്സില്ലാ മനസ്സോടെ വാങ്ങി അമൃതു പോലെ ഭക്ഷിക്കും; ബ. ജോഷ്വാ അച്ചൻ കാണാതെ പുറം കൈയിൽ സൂക്ഷിച്ച് എറിഞ്ഞു കളയുന്നവരും അക്കൂട്ടത്തിലുണ്ടായിരുന്നു. ഏതെങ്കിലും തരത്തിൽ കണ്ടു പിടിക്കപ്പെട്ടാൽ രാവിലെ അഞ്ച് മണിക്ക് 'ചൂട്ടു' കത്തിച്ച് സ്ഥലം കാലിയാക്കിയതു തന്നെ! എത്രമാത്രം ഫലമൂലാദികൾ ഉണ്ടായിരുന്നാലും 'മിതത്വം' പാലിക്കുവാൻ കടപ്പെട്ടവരായിരുന്നു. ശിഷ്യന്മാർ. അദ്ദേഹത്തിന്റെ നിഷ്ഠ, ത്യാഗത്തിന്റെ മാറ്റ് കൂട്ടിയിരുന്നു.

ശ്രേഷ്ഠമായ സന്ന്യാസ നിഷ്ഠ പരിശീലനത്തിലിരിക്കുന്നവർക്ക് മാത്രമായിട്ടുള്ളതായിരുന്നില്ല. ഒരു പക്ഷേ അത്ര എളുപ്പം അനുകരിയ്ക്കാനാവാത്ത വിധം ജോഷ്വാ അച്ചൻ ഈ കാര്യങ്ങളെല്ലാം സ്വായത്തമാക്കിയിരുന്നു. അതുകൊണ്ടു തന്നെ ഒരു 'മഹാത്യാഗിയും ശ്രേഷ്ഠ സന്ന്യാസിയുമായിരുന്നു' ബ. ജോഷ്വാ അച്ചൻ.

ബ. ജോഷ്വാ അച്ചന്റെ അവസാന നാളുകളിൽ അദ്ദേഹത്തോടുകൂടെ ആയിരിയ്ക്കുവാനുള്ള ഭാഗ്യം എനിക്കു ലഭിച്ചത് ഒരു വലിയ ജീവിത അനുഭവമായി ഞാൻ കരുതുന്നു. മരണം മുന്നിൽ കണ്ടുകൊണ്ടുള്ള ദിനങ്ങളിൽ എപ്പോഴും കാവ്യരൂപത്തിൽ ആവർത്തിച്ചു ഉരുവിട്ടിരുന്ന ഒരു കീർത്തനം കേട്ടിട്ടുണ്ട്. മനസ്ഥാപ പ്രകരണം- 'എല്ലാവസ്തുക്കളെക്കാൾ' എന്ന പ്രാർത്ഥന ഈണത്തിൽ ഒരു കീർത്തനമായി ഉരുവിട്ടുകൊണ്ടിരുന്നു.

www.malankaralibrary.com

മരണദിവസം രാവിലെ മുതൽ അവശനായി കാണപ്പെട്ട അദ്ദേഹം ശാന്തനായി ദൈവത്തിങ്കലേയ്ക്ക് മടങ്ങി പോയത് കൃത്യമായി ഓർക്കുന്നു. ഞങ്ങൾ പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ അദ്ദേഹം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. മഹാത്യാഗിയായ, സാത്വികനായ ഗുരു അച്ചൻ ദൈവത്തിങ്കലേയ്ക്ക് മടങ്ങിയെങ്കിലും, അദ്ദേഹം കാട്ടിതന്ന നല്ല വഴിയെ സുരക്ഷിതമായി ദൈവത്തിങ്കലേയ്ക്ക് എത്തിചേരുവാൻ നിർഭയനായ ഒരു സന്ന്യാസിക്ക് കഴിയുമെന്നു അദ്ദേഹം പഠിപ്പിച്ചു.

ബ. ജോഷ്വാ അച്ചൻ ബഥനി സന്ന്യാസ സമൂഹത്തിൽ ഉത്തരവാദപ്പെട്ട പദവികളെല്ലാം വഹിച്ചിട്ടുണ്ടെങ്കിലും അതിന്റെ ഗാഭീര്യമൊന്നും ഒരിക്കലും പ്രകടിപ്പിച്ചിരുന്നില്ല. അങ്ങനെയൊക്കെയുള്ള പദവികൾ വഹിച്ചിരുന്നുവെന്നു പോലും അദ്ദേഹം പറഞ്ഞിരുന്നില്ല. ഉത്തരവാദിത്വപൂർണ്ണമായ സന്ന്യാസ നിഷ്ഠയുടെയും ഉദാത്തമായ അനുഷ്ഠാനത്തിന്റെയും പരമകാഷ്ഠ യായിരുന്നു ജോഷ്വാച്ചൻ. വിടു വിട്ടിറങ്ങിയത് പുതിയ മേച്ചിൽ തേടിയോ ഉന്നത ശ്രേണികളിൽ വിരാജിക്കുവാനോ ആണെന്ന് അദ്ദേഹം ഒരിക്കലും ധരിച്ചിരുന്നില്ല. സ്വന്തം കഴിവ് കൊണ്ട് ഒരു പ്രപഞ്ചം സൃഷ്ടിക്കുന്ന പ്രപഞ്ച സ്രഷ്ടാവും ആയിരുന്നില്ല ബ. ജോഷ്വാ അച്ചൻ. അതിൽ നിന്നെല്ലാം വ്യത്യസ്തനായ ഒരു പരിശുദ്ധനും നിർമ്മലനുമായ സന്ന്യാസി ആയിരുന്നു. കണക്കു പുസ്തകത്തിൽ 3 പൈസ കാണാതായാൽ വിധവയുടെ ചില്ലുകാലികാശു പോലെ തപ്പിനടന്ന ദാരിദ്ര്യ മനോഭാവവും പൂർണ്ണ അച്ചടക്കത്തോടുള്ള ബ്രഹ്മചര്യനിഷ്ഠയും വിനയാന്വിതനായി അനുസരണ സുകൃതവും അദ്ദേഹം അഭ്യസിച്ചിരുന്നു. പൂർണ്ണതയിൽ ദൈവത്തോടുകൂടി ആയിരിക്കുന്ന ത്യാഗിയും ശ്രേഷ്ഠ സന്ന്യാസിയും ആയിരുന്ന ബ. ജോഷ്വാ അച്ചനു ഒരായിരം പ്രണാമങ്ങൾ അർപ്പിക്കുന്നു. □

നാല്പതാം ദിവസം ദൈവാലയത്തിൽവച്ചു നടത്തിയ സമർപ്പണത്തെ ഭാവി ജീവിതത്തിൽ എത്ര വിശ്വസ്തതയോടെ അവിടുന്ന് നിറവേറ്റി യെന്ന് ചിന്തിക്കുക. അവിടുത്തെ ജീവിതം ഒരു നിരന്തര ബലിയായി രുന്നു. അങ്ങയുടെ മനസ്സിന്റെ ഓരോ നിസ്സാര ചലനവും ഈ അർപ്പണ ത്തിന്റെ നിർവ്വഹണമായിരുന്നു. ദൈവത്തിന് സ്വീകാര്യ ബലികളായി ത്തീരുവാൻ നാം നമ്മെത്തന്നെ ദൈനംദിനം ശുദ്ധീകരിക്കണം.

(ഫാ. ജോഷ്വാ, പേജ് 29)

www.malankaralibrary.com

# ബഥനിയിലെ വിശുദ്ധിയുടെ പരിമളം

**ഫാ. ഡോ. വർഗ്ഗീസ് വിജയാനന്ദ് ഒ.ഐ.സി.**



നെടുമങ്ങാട് തൃപ്പാദം ബഥനിയിലെ പതിവുപോലുള്ള ഒരു സായാഹ്നം. അത്താഴത്തിനുശേഷം നടന്ന സംഭാഷണത്തിൽ വന്ദ്യ ഗബ്രിയേൽ തൈക്കടവിൽ അച്ചൻ സമൂഹസ്ഥാപകനായ മാർ ഈവാനിയോസ് പിതാവിന്റെ ജീവിത വിശുദ്ധിയെപ്പറ്റി വാചാലനായി. ഈ അവസരത്തിൽ ഞാൻ തൈക്കടവിൽ അച്ചനോട് യാദൃശ്ചികമായി ഒരു ചോദ്യം ഉന്നയിച്ചു "അച്ചാ, മാർ ഈവാനിയോസിനുശേഷം ബഥനിയിൽ ഒരു വിശുദ്ധനുണ്ടോ?" സ്വതസിദ്ധമായ ശൈലിയിൽ ഗബ്രിയേൽ അച്ചൻ എനിക്ക് മറുപടി തന്നു, "അച്ചാ, ബഥനിയിലെല്ലാവരും സന്ന്യാസികളാവുന്നത് വിശുദ്ധരാകുവാനാണ്. സമൂഹസ്ഥാപകനുശേഷം ബഥനിയിൽ ആരുടെയെങ്കിലും നാമകരണ പ്രക്രിയ ആരംഭിക്കുന്നുണ്ടെങ്കിൽ ആദ്യമത് താവളത്തിൽ വന്ദ്യ ജോഷ്വാ അച്ചന്റേതായിരിക്കും." ഞാൻ സന്ന്യാസാർത്ഥിയായി ബഥനി ആശ്രമത്തിൽ പ്രവേശിക്കുന്നതിന് ഒരു മാസം മുമ്പ് നിത്യതയിൽ ചേർക്കപ്പെട്ട വന്ദ്യ ജോഷ്വാ താവളത്തിൽ അച്ചനെപ്പറ്റി കേൾക്കുന്നതിന് അന്നു മുതൽ എനിക്ക് താല്പര്യമുണ്ടായിരുന്നു. ഞാൻ ആരിൽ നിന്നെല്ലാം ബഹു.ജോഷ്വാ അച്ചനെപ്പറ്റി കേട്ടുവോ അവരെല്ലാം വന്ദ്യ ജോഷ്വാ അച്ചന്റെ ജീവിത വിശുദ്ധിയെപ്പറ്റിയാണ് കൂടുതലും വാചാലരായിരുന്നത്. അനുഭവസ്ഥരായ ബഥാന്യർക്ക് ജോഷ്വാ അച്ചന്റെ ജീവിത വിശുദ്ധിയെപ്പറ്റി വിവരിക്കുവാൻ അനേക കാര്യങ്ങളുണ്ട്. ജോഷ്വാ അച്ചനെപ്പറ്റി അവർ പറഞ്ഞിട്ടുള്ള മൂന്ന് സവിശേഷതകൾ ഇവിടെ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

### വിളിയിൽ വിശ്വസ്തനായിരുന്ന വന്ദ്യ ജോഷ്വാ അച്ചൻ

പറുദീസായുടെ ആദിനൈർമ്മല്യത്തിൽ ഒരുവൻ ചേർക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളിൽ പ്രധാനം വിശ്വസ്തതയാണ്. 'വിശ്വസ്തനും വിവേകിയുമായ ഭൃത്യാ' എന്നുള്ള സംബോധന സ്വർഗ്ഗരാജ്യോന്മുഖമായ ജീവിതത്തിൽ അതിപ്രാധാന്യമുള്ള ഒന്നാണ്. വന്ദ്യ ജോഷ്വാ താവളത്തിൽ അച്ചനെപ്പറ്റി അനുഭവസാക്ഷ്യങ്ങൾ പങ്കുവയ്ക്കുന്ന എല്ലാ ബഥാന്യരും പറഞ്ഞിരുന്നു 'തന്റെ സന്ന്യാസ പൗരോഹിത്യ വിളിയിൽ അതീവ വിശ്വസ്തനായിരുന്നു ജോഷ്വാ താവളത്തിൽ ഒ.ഐ.സി. അച്ചനെന്ന്.'

പ്രസിദ്ധമായ മാക്കാംകുന്ന് കൺവെൻഷനിൽ വച്ച് മഹാവിശുദ്ധനായ മാർ ഈവാനിയോസിന്റെ പ്രസംഗം ശ്രവിച്ച താവളത്തിൽ കുടുംബത്തിലെ അഭ്യസ്തവിദ്യനായ യുവാവിന്റെ ഹൃദയത്തിൽ സന്ന്യാസത്തെപ്പറ്റിയുള്ള പ്രഥമ ചിന്ത കടന്നുകൂടി. മാർ ഈവാനിയോസിന്റെ പ്രസംഗത്തിന്റെ

www.malankaralibrary.com

സംക്ഷിപ്തരൂപം, 'ജീവിതത്തിന് ഒരു ലക്ഷ്യമുണ്ട്, ആ ലക്ഷ്യപ്രാപ്തിക്കായി സർവ്വാത്മനാ പ്രവർത്തിക്കണം' എന്ന ആഹ്വാനം, ആ യുവാവിന്റെ ഹൃദയത്തിൽ ആവർത്തിച്ച് പ്രതിധ്വനിച്ചിരിക്കണം! മാർ ഈവാനിയോസിന്റെ ഈ സന്ദേശത്തിൽ ഞാൻ രണ്ട് ഭാഗങ്ങൾ കാണുന്നു. ഒന്നാമതായി ജീവിതത്തിനൊരു ലക്ഷ്യമുണ്ട്. ക്രിസ്തീയ ജീവിതലക്ഷ്യം പരിശുദ്ധി തന്നെയായ ദൈവത്തിൽ വിലയം പ്രാപിക്കുക എന്നതാണ്. ഇതൊരു ബോധ്യമാണ്, ബോധോദയമാണ്. ആ ലക്ഷ്യബോധം ഒരുവനെ വിശുദ്ധോന്മുഖനായ സാധകസഞ്ചാരിയായി രൂപപ്പെടുത്തും. രണ്ടാമതായി, ലഭിച്ച വിളിക്ക് യോഗ്യമായ രീതിയിൽ സഞ്ചാരി യാത്ര ചെയ്യണം. 'പൂർണമായ വിനയത്തോടെ, ശാന്തതയോടെ, ദീർഘക്ഷമയോടെ, അന്യോന്യം സഹിഷ്ണതയോടെ (എഫേ 4:2) ജീവിക്കുമ്പോൾ ആദ്യം കണ്ട ലക്ഷ്യപ്രാപ്തിക്കായി സാധകസഞ്ചാരിക്ക് ജീവിതയാത്ര ചെയ്യുവാൻ കഴിയും. വിനയം, ശാന്തത, ദീർഘക്ഷമ, സമൂഹജീവിതത്തിലെ സഹിഷ്ണുത എന്നിത്യാദി ഗുണങ്ങൾ വന്ദ്യ ജോഷ്വാ താവളത്തിൽ അച്ചന്റെ വാക്മയചിത്രം രചിക്കുവാൻ യോജ്യമായ നിറക്കൂട്ടുകളാണെന്ന് ശിഷ്യനായിരുന്ന ഗബ്രിയേൽ അച്ചന്റെ വാക്കുകളിൽ നിന്ന് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. ഗബ്രിയേൽ അച്ചന്റെ ജന്മപ്രദേശമായ നിരണത്ത് താവളത്തിൽ അച്ചൻ വികാരിയായിരുന്നതിനാൽ ആ ദേശവാസികൾ അച്ചനെപ്പറ്റി ഒപ്പിയെടുത്ത ചിത്രീകരണമായി കൂടി ഗബ്രിയേൽ അച്ചന്റെ വാക്കുകൾ നമുക്ക് മനസ്സിലാക്കാം. മുകളിൽ വിവരിച്ച വിശുദ്ധിയുടെ ജീവിത നിറങ്ങൾകൊണ്ട് ചാലിച്ചെടുത്ത ജീവിതം അദ്ദേഹത്തിന്റെ വിളിയോടുള്ള വിശ്വസ്തതയ്ക്ക് തെളിവാണ്.

**ലോകത്തോടുള്ള നിർമ്മമത്വം**

